# പുലിയൂർ ഗ്രാമ പഞ്ചായത്ത്

## •സമഗ്രവികസനരേഖ•



ഒൻപതാം പദ്ധതി ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്

42-5



" സൃഷ്ടി പരമായ പ്രവർത്തനം എന്നാൽ ജനങ്ങ
ളിൽ സ്വാശ്രയ ബോധവും ഇച്ഛാശക്തിയും
വളർത്തി അവരുടെ കഴിവും ശക്തിയും
വളരണം. അധികാര കേന്ദ്രങ്ങളെ
നിയന്ത്രിക്കനും ജനങ്ങൾ
ശക്തിയാർജ്ജിക്കണം "

ഗാന്ധിജി.

" ചോരതുടിക്കും ചെറുകയ്യുകളെ
പേറുക വന്നി പന്തങ്ങൾ "

വൈലോപ്പള്ളി


ആലപ്പുഴ ജില്ല →
പുലിയൂർ
പഞ്ചായത്ത്

# പുലിയൂർ ഗ്രാമപഞ്ചായത്ത് സമഗ്രവികസനരേഖ
# വികസന റിപ്പോർട്ട് തയാറാക്കിയവർ

എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ

ഗണേഷ് പുലിയൂർ (ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്)

ജോജി ചെറിയാൻ

സി. ജി. രാധാകൃഷ്ണൻ

കെ. ബാലചന്ദ്രൻനായർ

ഫിലിപ്പ് ജോൺ

കെ. രാജപ്പൻനായർ

തുളസീധരക്കുറുപ്പ്

ഡി. നാഗേഷ്കുമാർ

സാം പരിയാരത്ത്

അനിൽകുമാർ വി. വി

സി. പി. മനോഹരൻ

മുഖചിത്രം

പ്രീമിയർ സ്റ്റുഡിയോ, ചെങ്ങന്നൂർ

ഡി. റ്റി. പി, ടൈപ്പ്സെറ്റിങ്ങ് & ലേഔട്ട്

കമ്പ്യൂട്ടർ ട്യൂഡെ, മാന്നാർ

# അധികാരം ജനങ്ങളിലേക്ക്

## പുലിയൂർ ഗ്രാമപഞ്ചായത്ത്
## ഭരണസമിതി



ശ്രീ. ഗണേഷ് പുലിയൂർ
പ്രസിഡന്റ്



ശ്രീ. ജോജി ചെറിയാൻ
വൈസ് പ്രസിഡന്റ്



സി.ജി. രാധാകൃഷ്ണൻ
സ്റ്റാൻഡിംഗ് കമ്മിറ്റിചെയർമാൻ



ബി. തുളസിദേവി
സെക്രട്ടറി



ശ്രീ. പി.സി. കരുണാകരൻ
മെമ്പർ



ജോൺ മാത്യു
മെമ്പർ



കെ. ബാലചന്ദ്രൻ നായർ
മെമ്പർ



ശ്രീമതി. ആനിമത്തായി
മെമ്പർ



ശ്രീമതി. സുമാസ്റ്റീഫൻ
മെമ്പർ



ശ്രീമതി. ശാന്തമ്മ
മെമ്പർ

# ആമുഖം

നമ്മുടെ രാഷ്ട്രപിതാവ് മഹാത്മജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്ന മഹനീയ സങ്കല്പം ഇന്ന് യാഥാർത്ഥ്യമാകുന്നു.

നമ്മുടെ രാജ്യത്തിന്റെ വികസനം ഗ്രാമങ്ങളിലൂടെ മാത്രമേ സാദ്ധ്യമാകു എന്നുള്ള ആഹ്വാനം അരനൂറ്റാണ്ടിന് ശേഷം നാം പ്രാവർത്തികമാക്കുമ്പോൾ നമ്മുടെ സങ്കല്പം സാക്ഷാല്കരിക്കപ്പെടുന്നു.

മുൻ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി പ്രവർത്തിപഥത്തിലേക്ക് കൊണ്ടുവന്ന അധികാരം ജനങ്ങളിലേക്ക് എന്ന ആശയം കേരളത്തിൽ 1993 ഓടെ ഭരണഘടനയ്ക്കനുസരിച്ച് അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റെണി നടപടികൾ ആരംഭിച്ചു. തുടർന്ന് തിരഞ്ഞെടുപ്പ് നടത്തി 1995 ഒക്ടോബർ 2 ന് തെരഞ്ഞെടുക്കപ്പെട്ട സമിതി അധികാരത്തിൽ വന്നു. 9 ാം പദ്ധതി ഒരു ജനകീയ പദ്ധതിയാക്കിതീർക്കുവാനുള്ള ആസൂത്രണ പ്രസ്ഥാനത്തിന് നേതൃത്വം നൽകുന്നു.

ഇൻഡ്യൻ ഭരണഘടനയുടെ 73 ാം ഭേദഗതിയിലൂടെ നിലവിൽവന്ന പഞ്ചായത്തീരാജ് നിയമം, അധികാര വികേന്ദ്രീകരണത്തിന് കൂടുതൽ ശക്തി പകർന്നിരിക്കുന്നു. നിലവിലുണ്ടായിരുന്ന ഭരണസംവിധാനത്തിന്റെ പരിമിതികളും അതുമൂലം ജനങ്ങൾക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളും മനസ്സിലാക്കിക്കൊണ്ട് ക്രിയാത്മകമായി ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകേണ്ടിയിരിക്കുന്നു. മുൻകാലങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നതും നടത്തിയിരുന്നതും കേന്ദ്രസംസ്ഥാന തലത്തിൽ മാത്രമായിരുന്നു.

ഇതിന്റെ ഫലമായി നയരൂപീകരണവും നിർവ്വഹണവും മുകൾത്തട്ടിലുള്ള ഒരു നിശ്ചിതവിഭാഗങ്ങളായ മന്ത്രിമാരിലും, ഉദ്യോഗസ്ഥ പ്രമുഖരിലും കേന്ദ്രീകരിച്ചു. ജനങ്ങളുടെ കാതലായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് പ്രതിനിധികളുടെ കുറവും ഒരു പോരായ്മയായി നിലനിന്നിരുന്നു. നിലവിലുണ്ടായിരുന്ന സംവിധാനത്തിൽ ത്രിതലപഞ്ചായത്തുകളിൽ നിർവ്വഹണ അധികാരങ്ങൾ നിയന്ത്രിച്ചു പോകുന്നത് ഉദ്യോഗസ്ഥൻമാരായിരുന്നു. ജനോപകാര പ്രദമായ പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിക്കുന്നതിൽ അനൗപ്വചാരികതയുടെ മറവിലുള്ള അനേകം തടസ്സങ്ങൾ നേരിടേണ്ടിവന്നു. ഇങ്ങനെയുള്ള അവസരത്തിൽ അഴിമതിയും, സ്വജനപക്ഷപാതവും വളരുന്നതിന് വളരെ സാദ്ധ്യതയുണ്ടായിരുന്നു. ഇതെല്ലാം കേന്ദ്രീകൃതമായ ഭരണത്തിന്റെ പരിണിതഫലമാണന്ന് മനസ്സിലായപ്പോൾ അധികാരങ്ങൾ താഴേത്തട്ടിലേക്ക് കൈമാറിക്കൊണ്ട് കൂടുതൽ ജനകീയമാക്കുകയായിരുന്നു. അധികാര വികേന്ദ്രീകരണ പ്രക്രീയയിലൂടെ ആരംഭിച്ചത്.

ഇങ്ങനെ തുടങ്ങിയ പഞ്ചായത്തീരാജ് ഭരണസംവിധാനത്തിലെ " ഗ്രാമപഞ്ചായത്തുകൾ " എല്ലാ അർത്ഥത്തിലും ഒരു അധികാര ഭരണ നിർവ്വഹണ കാര്യാലയമായി മാറിയിരിക്കുന്നു.

ഈ അധികാര കൈമാറ്റത്തിന് ശേഷം അതതു ഗ്രാമങ്ങളുടെ വികസനപ്രവർത്തനങ്ങൾ എന്താണന്നും അവ എങ്ങനെ നടപ്പിലാക്കാമെന്നും തീരുമാനിക്കുകയും അവ നടപ്പിലാക്കുന്നതിനുള്ള പദ്ധതികളാക്കി മാറ്റുകയും ചെയ്യുന്ന പ്രക്രീയയാണ് " 9 ാം പദ്ധതി ജനകീയപദ്ധതി " എന്നപേരിൽ നടന്നു കൊണ്ടിരിക്കുന്നത് ഇതിന് തുടക്കമായി വിശേഷാൽ ഗ്രാമ സഭകളും അവിടെനിന്നും ലഭിച്ച ഗ്രൂപ്പ് ചർച്ചകളുടെ റിപ്പോർട്ടും സ്ഥിതിവിവരക്കണക്കുകളും, പഠനപര്യടനത്തിലൂടെ ലഭിച്ച വിവരങ്ങളും ചേർത്താണ് വികസന റിപ്പോർട്ടായി തയ്യാറാക്കിയിട്ടുള്ളത് ഈ സംവിധാനത്തിൽ സ്ത്രീകൾക്കുള്ള പങ്കാളിത്തം കൂടുതൽ ഉറപ്പുവരുത്തി എന്നുള്ളതും പ്രത്യേകതതന്നെ.

9 ാം പഞ്ചവത്സര പദ്ധതിക്കുവേണ്ടി തയ്യാറാക്കിയ ഈ റിപ്പോർട്ട് വരുന്ന 5 വർഷത്തെ വികസന പ്രവർത്തനത്തിന് അടിസ്ഥാന രേഖയായി മാറുന്നു. എന്നുള്ളത് അഭിമാനകരമാണ്. നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിന് പര്യാപ്തമായ സമഗ്ര വികസന രേഖ നാടിന്റെ പ്രീയപ്പെട്ടവർക്ക് മുമ്പാകെ സന്തോഷപൂർവ്വം സമർപ്പിച്ചു കൊള്ളുന്നു.

## ഗ്രാമസഭയുടെ വിവരങ്ങൾ

| വാർഡ് നമ്പർ | ഗ്രാമസഭനടന്ന തീയതി | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|---|
| 1 | 21.09.96 | 64 | 7 | 71 |
| 2 | 21.09.96 | 95 | 21 | 111 |
| 3 | 28.09.96 | 176 | 85 | 261 |
| 4 | 28.09.96 | 68 | 21 | 89 |
| 5 | 02.10.96 | 110 | 42 | 152 |
| 6 | 02.10.96 | 100 | 25 | 125 |
| 7 | 29.09.96 | 99 | 28 | 127 |
| 8 | 22.09.96 | 114 | 28 | 142 |
| 9 | 23.09.96 | 69 | 42 | 111 |
| **ആകെ** | | **895** | **299** | **1194** |



# പഞ്ചായത്ത് പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | :- പുലിയൂർ ഗ്രാമ പഞ്ചായത്ത് |
| പഞ്ചായത്തിന്റെ സ്ഥാനം | :- ഫസ്റ്റ്ഗ്രേഡ് |
| പഞ്ചായത്തിന്റെ കാറ്റഗറി | :- കുന്നിൻപ്രദേശം സമതലം |
| ഉൾപ്പെടുന്ന വില്ലേജ് | :- പുലിയൂർ വില്ലേജ്,ആലാ വില്ലേജ് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | :- പുലിയൂർ, മുളക്കുഴ, പാണ്ടനാട് |
| ബ്ലോക്ക് പഞ്ചായത്ത് | :- പുലിയൂർ |
| താലൂക്ക് | :-ചെങ്ങന്നൂർ |
| ജില്ല | :- ആലപ്പുഴ |
| അസംബ്ലി മണ്ഡലം | :- ചെങ്ങന്നൂർ |
| വിസ്തീർണ്ണം | :- 11.92 ചതു കിലോമിറ്റർ |
| വടക്ക് | :-പാണ്ടനാട് പഞ്ചായത്ത് |
| കിഴക്ക് | :-ചെങ്ങന്നൂർ മുൻസിപ്പാലിറ്റി |
| തെക്ക് | :- ആച്ചൻകോവിലാറ്, ചെറിയനാട് |
| പടിഞ്ഞാറ് | :- ബുധനൂർ ഗ്രാമ പഞ്ചായത്ത് |
| ജനസംഖ്യ | :- 16011 (91 ലെ സെൻസസ്) |
| സ്ത്രീകൾ | :- 8236 |
| പുരുഷൻമാർ | :- 7775 |
| പട്ടികജാതി കുടുംബങ്ങൾ | :- 2778 |
| പട്ടികവർഗ്ഗം | :- 28 |
| വാർഡുകൾ | :- 9 |
| അടുത്തറയിൽവേസ്റ്റേഷൻ | :- ചെങ്ങന്നൂർ |
| പ്രസിഡന്റ് | :- ഗണേഷ് പുലിയൂർ |
| വൈസ് പ്രസിഡന്റ് | :- ജോജി ചെറിയാൻ |
| സ്റ്റാന്റിംഗ് കമ്മറ്റി | :- രാധാകൃഷ്ണൻ സി. ജി. |

# ചരിത്രം



പുലിയൂർ പഞ്ചായത്തിൽ ഉൾപ്പെടുന്ന ഇന്നത്തെ ഭൂപ്രദേശം ചരിത്രത്തിൽ എന്നെങ്കിലും ഒരു ഭരണ യൂണിറ്റായി നിലനിന്നിരുന്നുവോ എന്നു സംശയമാണ്. എന്നാൽ ഈ ഭൂപ്രദേശം ചരിത്രത്തിനും സംസ്കാരത്തിനും നൽകിയിട്ടുള്ള സംഭാവനകൾ തികച്ചും അഭിമാനാർഹമാണ്. പാരമ്പര്യത്തിന്റെ ഈ അറിവാണ് നമ്മുടെ ഭാവനയെ ദീപ്തമാക്കുന്നത്. ഭാവിയെ രൂപപ്പെടുത്തുന്നത്.

## അല്പം ചരിത്രം

വളരെ പ്രാചീനമായ കാലം മുതൽക്കു തന്നെ ഈ പ്രദേശത്ത് മനുഷ്യവാസം ഉണ്ടായിരുന്നു ഇതിന് വേണ്ടത്ര തെളിവുകളുണ്ട്. പുലിയൂർ ഗണപതിയാം മലയ്ക്കു സമീപം മലമണ്ണെടുത്തപ്പോൾ ലഭിച്ച തെളിവുകൾ വളരെ പ്രാചീന കാലം മുതൽ തന്നെ ഇവിടെ മനുഷ്യവാസം ഉണ്ടായിരുന്നുവെന്ന വസ്തുതയിലേയ്ക്ക് വിരൽ ചൂണ്ടുന്നു. വളരെ പ്രബലമായ ഒരു ബ്രാഹ്മണ സമൂഹം പുലിയൂരുണ്ടായിരുന്നെന്നും ഏതാണ്ട് ക്രിസ്തുവർഷം 6ാം നൂറ്റാണ്ടിനു മുമ്പുതന്നെ തൃപ്പുലിയൂർ ക്ഷേത്രം സ്ഥാപിതമായെന്നുമുള്ളതിന് തെളിവുകളുണ്ട്.

നമ്മാഴ്‌വാരും തിരുമകൈ ആൾവാരും തൃപ്പുലിയൂർ ദേവനെ പാടിസ്തുതിച്ചപ്പോൾ പുലിയൂരിൻെറ പ്രകൃതി രമണീയമായ ചിത്രം നൽകുകയായിരുന്നു. അങ്ങനെ ചരിത്രത്തിൻെറ താളുകളിൽ പുലിയൂർ പണ്ടേസ്ഥാനം പിടിച്ചുകഴിഞ്ഞു.

ഭാരതത്തിലെ ഏറ്റവും പ്രധാനപ്പെട്ട 108 വൈഷ്ണവക്ഷേത്രങ്ങളിൽ ഒന്നായി തൃപ്പുലിയൂർ ക്ഷേത്രത്തിന് ഇന്നും വൈഷ്ണവരുടെ ഇടയിൽ പ്രത്യേക പ്രാധാന്യമുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള വൈഷ്ണവ തീർത്ഥാടകരുടെ ഒരു പുണ്യ സങ്കേതമാണ് ഇന്നും പുലിയൂർ.

ആര്യന്മാരുടേതെന്ന് ആരോപിച്ചു പോരുന്ന ഇത്തരം ക്ഷേത്രസങ്കേതങ്ങൾ ഉണ്ടാകുന്നതിന് മുമ്പുതന്നെ ഇവിടെ നിലനിന്നിരുന്ന ആരാധനാ കേന്ദ്രങ്ങളായിരുന്നത്രേ കാവുകൾ. ഇത്തരം കാവുകളുടെ കാര്യത്തിലും പുലിയൂർ പഞ്ചായത്ത് ധന്യമാണ്. വളരെ പ്രാചീനമെന്നു വിശ്വസിച്ചു പോരുന്ന വള്ളിക്കാവും പുലിയൂർ ദേശത്തിൻെറ നാലതിർത്തിയിലുള്ള കാവും ഈ പ്രദേശത്തിൻെറ ചരിത്രപ്പഴമയിലേക്കാണ് വിരൽചൂണ്ടുന്നത്.

## ജനാധിപത്യത്തിൻെറ പ്രാചീനമുഖം

പ്രാചീനകാലത്ത് ചില പ്രദേശങ്ങൾ പൂർണ്ണമായും ചിലക്ഷേത്രങ്ങളുടെ കീഴിലായിരുന്നു. ആ പ്രദേശത്തിന്റെ ഭരണം പൂർണ്ണമായും അവിടെയുള്ള നാട്ടുകൂട്ടത്തിന്റെ കീഴിലായിരുന്നു. അവിടെ ശക്തരായ രാജാക്കന്മാർക്ക്പോലും അധികാരമൊന്നുമില്ല. ഇത്തരം "സ്വതന്ത്ര റിപ്പബ്ലിക്കുകൾ" കേരളത്തിൽ പണ്ടു കാലത്തുണ്ടായിരുന്നു. അങ്ങനെ ദേശാധിപത്യമുള്ള ക്ഷേത്രത്തിന്റെ കീഴിലുള്ള പ്രദേശത്തെ "മുക്കാൽ വട്ട" മെന്നാണ് പറയുന്നത്. പുലിയൂർ ഒരു മുക്കാൽ വട്ടമായിരുന്നു. ഒരു സ്വതന്ത്ര റിപ്പബ്ലിക്ക് ചുരുക്കത്തിൽ നാട്ടുകൂട്ടത്തിന്റെ ഭരണപാരമ്പര്യമുള്ള പുലിയൂർ ഗ്രാമത്തിന് പഞ്ചായത്ത് രാജ് ചേർന്നതുതന്നെ.

ഭരണ സമ്പ്രദായത്തിന്റെ കാര്യത്തിലും ചരിത്രത്തിന് പുലിയൂരിന്റെ സംഭാവന ചെറുതല്ല. മദ്ധ്യ തിരുവിതാംകൂറിലുള്ള പഞ്ചപാണ്ഡവ ക്ഷേത്രങ്ങൾ തൃച്ചിറ്റാറ്റ്, തൃപ്പുലിയൂർ, തിരുവാറിൻമുള, തിരുവൻവണ്ടൂർ, തൃക്കൊടിത്താനം എന്നീ സ്ഥലങ്ങളുമായി ഈ പ്രദേശത്തിന് അഭേദ്യമായ ബന്ധമുള്ളതായി കാണുന്നു.

## കലയും സംസ്കാരവും

മതേതരത്വത്തിന്റെയും മാനവ സ്നേഹത്തിന്റെയും മഹനീയ മാതൃക പുലർത്തുന്ന ഈ ഗ്രാമം അതിന്റേതു മാത്രമായ തനിമയാർന്ന ഒരു കലാരൂപവും വികസിപ്പിച്ചെടുത്തിട്ടുണ്ട്. പഴയ യുദ്ധ രംഗങ്ങളെ ഓർമ്മിപ്പിക്കുന്ന — 'വേലകളി' പുലിയൂരിന്റെ സംഭാവനയാണ്. മദ്ധ്യതിരുവിതാംകൂറിൽ പുലിയൂർ മാത്രമാണ് ഇന്ന് ഇത് ഉള്ളത്. അതേപോലെതന്നെ പുലിയൂരിന്റെ ഒരു പ്രാദേശിക ഉത്സവമാണ് പുലിയൂർ ക്ഷേത്രത്തിലെ കാവടിയാട്ടം (ജനുവരി. 14 മകര സംക്രമദിവസം) ഈ ദിവസം പുലിയൂരിലെ എല്ലാവിഭാഗം ജനങ്ങളും ഇത് കൊണ്ടാടുന്നു. വിദൂര സ്ഥലത്തു നിന്നുപോലും ജനങ്ങൾ ഇത് കാണുന്നതിനായി എത്തുന്നു. കേരളത്തിലെ ഏറ്റവും അഴകുള്ള ഈ ഉൽസവം പുലിയൂരിന്റെ സംഭാവനയാണ്.

പണ്ട്കാലത്ത് ഒരു ദേശത്തിന്റെ കലാ സാംസ്കാരിക പ്രവർത്തനങ്ങളുടെ സിരാകേന്ദ്രം ക്ഷേത്രങ്ങളായിരുന്നു. പുലിയൂർ പഞ്ചായത്തിന്റെ ധാർമ്മിക, സംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദിയായി വർത്തിച്ചിരുന്ന ക്ഷേത്രമാണ് പുലിയൂർ ക്ഷേത്രം. പേരൂർകുളങ്ങര ക്ഷേത്രം, തൃക്കയിൽ ക്ഷേത്രം, പഴയാറ്റിൽ ക്ഷേത്രം തുടങ്ങിയവ ഇവിടെ നിലകൊള്ളുന്നു.

## ഐതീഹ്യം

പരമ്പരാഗതമായി ജനങ്ങൾക്ക് വാമൊഴിയിൽ കൂടി പകർന്നു കിട്ടിയ കഥകളാണ് ഐതീഹ്യങ്ങൾ. പലതിലും യുക്തിഭംഗം കാണാമെങ്കിലും അന്തിമമായി മതപരവും, സാമൂഹ്യവും സാമുദായികവും ആയ പഴയ ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും വിശദാംശങ്ങളുടെയും ഒരേകദേശ രൂപം ഇവയിൽ ലയിക്കുന്നു. കൂടാതെ ഇവയ്ക്ക് ചരിത്രസത്യങ്ങളുമായി സാമ്യമുണ്ട്.

## പേരിന്റെ പൊരുളും ഐതീഹ്യത്തിന്റെ ലോകവും

"പുലിയൂരെന്ന പേരിന്റെ ഉത്ഭവം എങ്ങനെ ആയിരിക്കും?" വ്യാഘ്ര പാദമഹർഷി തപസ്സു ചെയ്തിരുന്ന സ്ഥലമായിരുന്നതു കൊണ്ടാണെന്ന് ചിലർ പറയുന്നു. മറിച്ച് പുലിയുടെ താവളമായിരുന്നതു കൊണ്ടാണെന്ന് മറ്റുചിലർ.

'പുലി-ഊര്' (പുലിയെ കണ്ട ഊര് അഥവാ നാട്) എന്ന പദത്തിൽ നിന്നാണ് പുലിയൂർ എന്ന നാമധേയം ഉണ്ടായതെന്ന് ജനങ്ങൾ വിശ്വസിക്കുന്നു. കൂടാതെ സമീപസ്ഥലങ്ങളായ പ്രദേശങ്ങളിലും ഊര് എന്ന നാമധേയത്തിലാണ് അറിയപ്പെടുന്നത്. ബുധനൂർ, തിരുവൻവണ്ടൂർ, ചെങ്ങന്നൂർ തുടങ്ങിയവ ഉദാഹരണങ്ങൾ.

എന്നാൽ ചില വിമർശകർ അഭിപ്രായപ്പെടുന്നത് ഇത് പണ്ട് ബുദ്ധമതത്തിന്റെ കേന്ദ്രമായിരുന്നുവെന്നും പാലി ഭാഷയിൽ ഊര് എന്ന് പറയുന്നുണ്ടെന്നും വാദിക്കുന്നു. ഇതിന് ഉപോൽബലകമായി അവർ ചൂണ്ടിക്കാണിക്കുന്നത് ഈ ഗ്രാമത്തിന്റെ എല്ലാ കവലകളിലുമുള്ള വിഗ്രഹങ്ങളില്ലാത്ത ആൽ വൃക്ഷങ്ങളെയാണ്. ഇതൊക്കെയാണെങ്കിലും ഈ ഗ്രാമത്തിന് "വ്യാഘ്രപുരം" എന്ന് സംസ്കൃത നാമധേയം ഉണ്ടെന്നും യഥാർത്ഥത്തിൽ പുലിയൂരല്ല, തൃപ്പുലിയൂർ ആണെന്നതും ചില രേഖകളിൽ കാണുന്നു. എങ്കിലും ദേശനാമത്തിന്റെ ഉത്ഭവം ഇന്ന തരത്തിലാണെന്ന് പലപ്പോഴും ഖണ്ഡിച്ചു പറയുക പ്രയാസമാണ്. ഇവിടെയും മറിച്ചല്ല സ്ഥിതി.

## പുലിയൂരിനെ സംബന്ധിച്ച ഐതീഹ്യം

കേരളത്തിലങ്ങോളമിങ്ങോളം നിറഞ്ഞു നിൽക്കുന്ന ഒരു ഐതീഹ്യമുണ്ട് "പറയി പെറ്റ പന്തിരുകുലം" ആ പന്തിരു കുലത്തിന്റെ കഥകൾ ഏതു മലയാളിക്കും സുപരിചിതം. അതുപോലെ പുലിയൂരിനും മറക്കാൻ കഴിയാത്ത ഒരൈതീഹ്യമുണ്ട്.

പുലിയൂർ ക്ഷേത്രത്തിൽ 28 ഊരാൺമക്കാർ, 27 ബ്രാഹ്മണ കുടുംബക്കാരും 1 നായർ കുടുംബവും നായർ കുടുംബം വരയന്നൂർകുടി. ഈ 28 കുടുംബം ആണ് ക്ഷേത്രഭരണം നടത്തിയിരുന്നത്. നായർ വന്നാൽ ബ്രാഹ്മണർ വെള്ളയും കരിമ്പടവും വിരിച്ച് ഓച്ഛാനിച്ച് നിന്ന് സ്വീകരിക്കണം. അത്രയ്ക്കു ണ്ടായിരുന്നു നായരുടെ പ്രതാപം. ബ്രാഹ്മണർക്ക് ഇതിൽ നാണക്കേട് തോന്നി. അവർ ഒരിക്കൽ വെള്ളയും, കരിമ്പടവും വിരിച്ചപ്പോൾ അടിയിൽ നാരായം നാട്ടി നിർത്തിയാണ് വരയന്നൂർ കുടിയിയെ സ്വീകരിച്ചത്. അദ്ദേഹം ഒന്നും അറിയാതെ നാരായത്തിന്മേൽ ഇരിക്കാൻ ഇടയാവുകയും മരിച്ചു പോവുകയും ചെയ്തു. അദ്ദേഹത്തിന്റെ അനന്തിരവർ പതിനാറടിയന്തരം കേമമായി നടത്താൻ തീരുമാനിച്ചു. തൃപ്പുലിയൂർ ക്ഷേത്രത്തിൽ വെച്ചാണ് സദ്യ നടത്തിയത്. മറ്റു ദേശക്കാർക്ക് ആദ്യം സദ്യ നൽകി, അതിനുശേഷം ഊരാണ്മ കുടുംബക്കാരെ മുഴുവൻ സദ്യയ്ക്കായി

നാലമ്പലത്തിൽ കയറ്റി വാതിൽ ബന്ധിച്ചു. അനന്തിരവർ ആബാലവൃദ്ധം ബ്രാഹ്മണരേയും വെട്ടിക്കൊന്നു. ആർക്കും അതിൽ നിന്നും രക്ഷപ്പെടാൻ കഴിഞ്ഞില്ല. ആ അനന്തിരവർ അങ്ങനെ അതിനിഷ്ഠൂരമായ തരത്തിൽ പകവീട്ടി. ഈ ഊരാണ്മ കുടുംബക്കാരിൽ ഒരു ഊരാണ്മക്കാർ മാത്രം അവശേഷിച്ചു യാദൃശ്ചികമായി ആ ഇല്ലത്തെ അന്തർജ്ജനം അടിയന്തരത്തിൽ പങ്കെടുക്കാതിരുന്നതിനാലാണ് രക്ഷപ്പെട്ടത്.

ഐതിഹ്യമെന്നു പറയാറുണ്ടെങ്കിലും ഇത് ഐതിഹ്യമല്ല ചരിത്രമാണ്. ഇതൊരു ദേശത്തിന്റെ ചരിത്രം മാത്രമല്ല കേരളത്തിന്റെ പൊതുവെ നിലനിന്നിരുന്ന സാമുദായിക ബന്ധത്തെയും അതിനുണ്ടായിക്കൊണ്ടിരുന്ന പരിവർത്തനത്തേയും ഇത് സ്പഷ്ടമാക്കുന്ന സൂചകം കൂടിയാണ്.

ചരിത്രം ഒളിച്ചു സൂക്ഷിക്കുന്ന ഐതിഹ്യങ്ങളുടെ രത്നപേടകത്തിലേക്ക് പുലിയൂരിന്റെ സംഭാവന.

ഐതിഹ്യത്തിന്റെ മായികതയും ഭൂതത്തിന്റെ അവ്യക്തതയും ഒഴിവാക്കി പുലിയൂരിന്റെ മുഖം ഒന്നു നോക്കൂ. ആയുർവ്വേദാശുപത്രി, മൃഗാശുപത്രി, ഗവ. ഹെൽത്ത് സെൻറർ, വില്ലേജ് ആഫീസ്, ബ്ലോക്ക് ഓഫീസ്, പഞ്ചായത്ത് ആഫീസ്, പോസ്റ്റ് ഓഫീസ്, ഹൈസ്ക്കൂളുകൾ, കൃഷിഭവൻ എന്നു വേണ്ട വികസനത്തിന്റെ മറ്റൊരു മുഖമാണ് നാമിവിടെ കാണുന്നത്. ഈ പഞ്ചായത്തിന്റെ നാളത്തെ മുഖച്ഛായ എങ്ങനെയായിരിക്കണമെന്നുള്ളത് നാമാണ് തീരുമാനിക്കേണ്ടത്. അതിനുളള ദൃഢനിശ്ചയവും കർത്തവ്യബോധവും നമുക്കുണ്ടായാൽമതി.

മതേതരത്വത്തിന്റെ മകുടോദാഹരണമാണിഗ്രാമം. മറ്റുദേശങ്ങളിൽ അഹിന്ദുക്കൾക്ക് പ്രവേശനം നിഷിദ്ധമായിരിക്കുന്ന ഈ കാലയളവിന് എത്രയോ മുമ്പുതന്നെ ഒരു അഹിന്ദു (ക്രൈസ്തവനായ ആറ്റിപ്പറമ്പിൽ തോമസ് ഇടിക്കുള) പുലിയൂർ ക്ഷേത്രത്തിൽ ഭരണാധികാരിയായി പ്രവർത്തിച്ചിട്ടുണ്ട്. പുലിയൂരിന്റെ മദ്ധ്യഭാഗത്തായി ഒരിക്കലും വറ്റാത്ത ഒരു ജലാശയം സ്ഥിതി ചെയ്യുന്നു. താമരപൂക്കൾ നിറഞ്ഞ 11 ഏക്കറോളം വിസ്തൃതമായ താമരച്ചാൽ എന്ന പേരിലറിയുന്ന ഇത് പുലിയൂരിന്റെ മാറ്റ് വർദ്ധിപ്പിക്കുന്നു. എതാണ്ട് കഴിഞ്ഞ മൂന്നുനൂറ്റാണ്ടായി പുലിയൂർ പ്രദേശത്തിന്റെ കലാസാംസാക്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ തങ്ങളുടേതായ ഒട്ടേറെ വിലപ്പെട്ട സംഭാവനകൾ നല്കിയ ഒരു വിഭാഗമാണ് ക്രിസ്ത്യാനികൾ. ഇവിടെ ഓരോ ക്രൈസ്തവ ദേവാലയത്തിനും അതിന്റേതു മാത്രവും പുലിയൂരുമായി ബന്ധപ്പെട്ട ചരിത്രവും സംസാക്കാരവുമുണ്ട്. ഇവ ആരാധനാ കേന്ദ്രങ്ങളെന്ന നിലയ്ക്കുപരിയായി ക്രൈസ്തവാശയങ്ങളെ യഥാർത്ഥമായി പ്രതിഫലിപ്പിക്കുന്നതിൽ മാനവ സ്നേഹത്തിന്റേയും മതേതരത്വത്തിന്റേയും പ്രവാചകരെന്ന നിലയിൽ ഈ പ്രദേശത്തുള്ള പങ്ക് സുവിദിതമാണ്.

## പേരിശ്ശേരി സെന്റ് മേരീസ് പള്ളി

മുന്നൂറു ഴർഷങ്ങൾക്കു മുമ്പ് ചെങ്ങന്നൂർ പള്ളിയിലെ വൈദികരിലൊരാൾ അവിടെയുണ്ടായ അഭിപ്രായ ഭിന്നതകൾ നിമിത്തം അന്നത്തെ നാടുവാഴിയായിരുന്ന പേരിശ്ശേരി ഇടമന തമ്പുരാന്റെയടുക്കൽ എത്തുകയും അങ്ങനെ കരവൊഴുവായി കൊടുത്ത സ്ഥലത്ത് ഇന്നീ കാണുന്ന പള്ളി സ്ഥാപിക്കുകയും ചെയ്തു സ്ഥാപക വൈദികന്റെ അന്ത്യാഭിലാഷ പ്രകാരം ഇദ്ദേഹത്തിനെ പള്ളിയുടെ വടക്കു ഭാഗത്ത് കബറടക്കുകയും ചെയ്തു. " ഈ പള്ളീലപ്പൂപ്പന്റെ" കബറിങ്കൽ നേർച്ച കാഴ്ചകൾ അർപ്പിച്ച് പ്രാർത്ഥിക്കുന്നത് ഉദ്ദിഷ്ടകാര്യം സാദ്ധ്യമാകുമെന്ന് എല്ലാ വിഭാഗം ജനങ്ങളും വിശ്വസിക്കുന്നു.

## പുലിയൂർ ബേത്‌ലഹേം മലങ്കര കാത്തോലിക്കാ പള്ളി

പുലിയൂർ പഞ്ചായത്തിലെ ഏറ്റവും ഉയർന്നതും മനോഹരവുമായ സ്ഥലത്തു സ്ഥിതി ചെയ്യു ന്ന ഈ ദേവാലയം സ്ഥാപിത നാൾ മുതൽ ഇന്നാട്ടിലെ എല്ലാ വിഭാഗം ജനങ്ങളുടേയും അദ്ധ്യാത്മിക സാമൂഹ്യ സംസാക്കാരിക വളർച്ചക്കും വികസനത്തിനുമായി ഇത് പ്രവർത്തിക്കുന്നു.

' വേലയ്ക്കു ഭക്ഷണം ' എന്ന പദ്ധതി പ്രകാരം ഒരു മാറ്റത്തിന് വഴിതെളിയിച്ച ഈ കത്തോലിക്കാ പള്ളി കാർഷിക, വിദ്യാഭ്യാസ, സാമ്പത്തിക, സാമൂഹിക, സന്നദ്ധ രംഗത്തെ ജാതിമതഭേദമന്യേ പരത്തിയ വിപ്ലവകരമായ മാറ്റങ്ങൾക്ക് മറ്റ് ആരാധനാലയങ്ങളും മാതൃകയാക്കേണ്ടതാണ്. ഒരു പ്രൈമറി സ്ക്കൂളും, ബധനി സന്യാസ സമൂഹത്തിന്റെ കോൺവെന്റും ഇവിടെ പ്രവർത്തിക്കുന്നു.

## പുലിയൂർ സെന്റ് തോമസ് മാർത്തോമാ പള്ളി

ആദ്യകാലങ്ങളിൽ ആലാ, ചെറിയനാട്, പുലിയൂർ മേഘലയിൽ നിന്നും പൂർവ്വികർ നിരണത്തും പിന്നീട് ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിലുമാണ് പോയിരുന്നത്. തങ്ങളുടെ സൗകര്യം പരിഗണിച്ച് ഇവർ കുളിയ്ക്കാം പാലത്ത് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ആരാധന കഴിച്ചിരുന്നു.

എന്നാൽ എ. ഡി. 1887 ലെ അബ്രഹാം മൽപാൻ അച്ചന്റെ ക്രൈസ്തവ നവീകരണത്തിന്റെ ഭാഗമായി മതേതരത്വത്തിന്റെ പ്രതീകമായി മരന്നൂർ കേശവകാർണവർ നൽകിയ 40 സെന്റ് സ്ഥലത്ത് ഒരു ഷെഡ്ഡ് സ്ഥാപിച്ച് 1896 മാർച്ച് 29 ന് ഓശാന ദിവസം ആദ്യ കുർബാനയ്ക്ക് തീരുമാനിച്ചു. ഇതിനോട് എതിർപ്പുള്ളവർ തലേ ദിവസം ഈ ഷെഡ്ഡ് തള്ളിയിട്ടു എങ്കിലും സമീപവാസികളായ എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണത്തിന്റെ ഭാഗമായി നേരത്തേ നിശ്ചയിച്ച ദിവസം തന്നെ കുർബാന അർപ്പിക്കുകയും ചെയ്തു. മതേതരത്വത്തിന്റെ നിറകുടമായ ഈ പള്ളി ശതാബ്ദി ആഘോഷിക്കുന്ന ഈ വേളയിൽ വിഭാഗീയതകൾ ഇല്ലാതെ 10 നിർദ്ധനരായ കുടുംബങ്ങൾക്ക് വീടു വച്ച് നൽകുകയും പാവപ്പെട്ടവരുടെ പെൺമക്കളുടെ വിവാഹത്തിന് സഹായിക്കുന്നതിന് ഒരു വിവാഹസഹായ നിധി രൂപീകരിക്കുകയും ചെയ്തു. ക്രൈസ്തവ ആശയങ്ങളെ യഥാർത്ഥമായ രീതിയിൽ പ്രചരിപ്പിക്കുന്ന കേരളത്തിലെ മറ്റെല്ലാ ദേവാലയങ്ങൾക്കും മാതൃകയായ ഈ പള്ളി വിവിധ ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നു.

## പേരിശ്ശേരി ഈസ്റ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി

" രണ്ടാം പരുമല " എന്നറിയപ്പെടുന്ന ഈ പള്ളി എ. ഡി. 1890 ൽ പരിശുദ്ധ പരുമല തിരുമേനിയാൽ സ്ഥാപിതമായി. കാടും മേടും പിടിച്ച് കിടന്ന ദുർഘടമായ സ്ഥലത്ത് തിരുമേനി വന്നെത്തുകയും പള്ളി സ്ഥാപിക്കുകയും ചെയ്തു സാമ്പത്തിക പരാധീനതമൂലം അന്ന് ഈ പള്ളി കൽതൂണിലാണ് ഉയർത്തിയിരുന്നത്. പള്ളി പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടു പോകവേ പ്രത്യക്ഷ രക്ഷാദൈവ സഭാ സ്ഥാപകനായ പൊയാകയിൽ യോഹന്നാൻ ഉപദേശി മുതലായവരുടെ സംയുക്ത ആക്രമണം ഉണ്ടാവുകയും പുതു ക്രിസ്ത്യാനികൾ തങ്ങളുടെ മാതൃദേവാലയത്തിനെ ഉപേക്ഷിച്ചതിനാൽ ക്രമേണ ഈ പള്ളി ജീർണ്ണിച്ചു പോവുകയുണ്ടാ ചെയ്തു.

ഈ പള്ളിയിൽ ഉപയോഗിച്ചു കൊണ്ടിരുന്ന വലിയ മാമോദീസാ കല്ലാണ് പ്രസിദ്ധമായ പരുമല പള്ളിയിൽ ഇന്ന് കാണുന്നത്. രണ്ടാം പരുമല എന്നറിയപ്പെടുന്ന ഈ പള്ളി മാനവ സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും മകുടോദാഹരണമാണ്.

## കളിപ്പിൽ ദേവീ ക്ഷേത്രം

ഈ ക്ഷേത്രം കേന്ദ്രീകരിച്ച് സാമൂഹിക പരിഷ്കർത്താക്കളായ ശ്രീമാൻ. അയ്യൻകാളിയും സംഘവും വന്ന് ക്യാമ്പ് ചെയ്യുകയും സാധുജന പരിപാലന സംഘത്തിന്റെ പരിപാടികൾ നടത്തുകയും ചെയ്തിട്ടുണ്ട്. കാളകെട്ട് പ്രസിദ്ധമായ ഈ ക്ഷേത്രം പുലയരുടെ ഒരു പ്രസിദ്ധ ക്ഷേത്രം കൂടിയാണ്.

മൂന്നു വലിയ സർപ്പക്കാവുകൾ ഉൾപ്പെടെ പത്തോളം ഹൈന്ദവദേവാലയങ്ങളും പത്തോളം തന്നെ ക്രൈസ്തവ ദേവാലയങ്ങളും സ്ഥിതിചെയ്യുന്നു. ശംഖധ്വനികളുടേയും മണി നാദത്തിന്റേയും കേളീരംഗമായ പുലിയൂർ ഗ്രാമത്തിന്, മറ്റൊരു ഗ്രാമത്തിനും അവകാശപ്പെടാനില്ലാത്ത ചാരുതയും മനോഹാരിതയും സായുക്തമത്രേ. വൈവിദ്ധ്യങ്ങളിൽ ഏകത്വം പുലർത്തുന്ന ശുദ്ധഹൃദയരായ ഇന്നാട്ടുകാർ നിഷ്ക്കളങ്കതയുടെ പ്രതീകമാണ്. സേവനതത്പരരും സഹായ മനോഭാവമുള്ള ഇന്നാട്ടിലെ ജനങ്ങളുടെ ആശയാഭിലാഷങ്ങൾ മൂർത്ത രൂപമാകുന്ന ഈ വേളയിൽ നമുക്കൊരു നവ സംസ്ക്കാരത്തിനായി ഒന്നിക്കാം. ഏകാഗ്രതയോടെ അചഞ്ചലമായ വിശ്വാസത്തോടെ ദൃഢനിശ്ചയത്തോടെ നമുക്ക് മുൻപോട്ട് പോകാം. ഒരു നല്ല നാളേക്കായി ....... പുതിയ വികസന സംസ്ക്കാരത്തിനായി .......

## പഞ്ചായത്തു രൂപീകരണത്തിനു മുൻപുള്ള ഭരണ സംവിധാനം

പുലിയൂരിന്റെ ചരിത്രത്തിൽ ഭരണസംവിധാനത്തെക്കുറിച്ച് പറയുമ്പോൾ ചെങ്ങന്നൂർ താലൂക്ക് ഉൾപ്പെടെ എട്ട് ദേശവഴികളുടെ അധികാരം പെരിയചേരി (പേരിശ്ശേരി) ഇടമനമഠത്തിന് അവകാശപ്പെട്ടതാണ്. രക്ഷിക്കാനും ശിക്ഷിക്കാനുമുള്ള അവകാശം ഇടമനമഠത്തിൽ തമ്പുരാന് തിരുവിതാംകൂർ മഹാരാജാവ് നൽകുകയുണ്ടായി. പുലിയൂർ പഞ്ചായത്തിലെ എൺപതുശതമാനം വസ്തുവകകളും ( ഉരിയ കുറച്ച് തൊള്ളായിരപ്പറ നിലം (ബാക്കി 20 ശതമാനം) തൃപ്പുലിയൂർ ക്ഷേത്രംവക ആയിരുന്നു)

ഈ തമ്പുരാന്റെ കീഴിൽ ആയിരുന്നു.

ക്രൈസ്തവ ദേവാലയങ്ങളും ആരാധനാ ക്ഷേത്രങ്ങളുമായി പേരിശ്ശേരി പൂക്കലക്കാട്, തോനയ്ക്കാട് സാൽവേഷൻ ആർമി എന്നീ ആരാധനാ സ്ഥലങ്ങളും നമ്മുടെ ഗ്രാമത്തിലുണ്ട്. ശ്രീനാരായണ പ്രസ്ഥാനത്തിന്റെ ആരാധനാകേന്ദ്രവും പ്രവർത്തനവും നമ്മുടെ ഗ്രാമത്തിന്റെ തിലകക്കുറിയായി പരിലസിക്കുന്നു. മറ്റ് അറിയുന്നതും അറിയപ്പെടാത്തതുമായ ആരാധനാലയങ്ങളെ ഈ അവസരത്തിൽ സ്മരിക്കുന്നു.

ക്ഷേത്ര പ്രവേശന വിളംബരത്തിനു വളരെ മുമ്പുതന്നെ പൊതു ആരാധനയ്ക്കായി പേരിശ്ശേരി പഴയാർകരയ്ക്ക്സ്ഥാപിച്ച പേരിശ്ശേരി പഴയാറ്റിൽ ദേവീക്ഷേത്രം നിർമ്മിച്ചു നൽകി. ഈ ദേവത ഇവരുടെ ആരാധനാ മൂർത്തിയുമാണ്.

അതുപോലെ ഭൂപരിഷ്ക്കരണം നടപ്പിലാക്കുന്നതിനു മുമ്പുതന്നെ പുലിയൂർ പ്രദേശത്തെ ഭൂമിപതിച്ചു നൽകിയിരുന്നു എന്നതിന് തെളിവുണ്ട്. സാമൂഹിക സംസ്ക്കാരികരംഗത്ത് നാം എപ്പോഴും ഒരു പടി മുന്നിലാണന്നാണ് ഇത് തെളിയിക്കുന്നത്. ഇന്നത്തെ മൗണ്ടൻ മിസ്റ്റ് തോട്ടവും (ഏകദേശം രണ്ടായിരത്തി അഞ്ഞൂറേക്കർ വസ്തു) ഇവിടുത്തേതാണ്. ഇത് 99 വർഷത്തേക്ക് പാട്ടം നൽകിയത് ഏകദേശം 13 വർഷം കൂടി കഴിയുമ്പോൾ അത് തിരികെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കോടതിയിൽ പോകുന്നതിൽ നിന്നും ഈ മഠത്തിനെ ഒഴിവാക്കുകയും ഈശാന കിരിയർ എന്ന സ്ഥാനപ്പേര് കല്പിച്ചു കൊടുക്കുകയും ചെയ്തു. ഒരിക്കൽ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ എഴുന്നുള്ളത്തു സമയത്ത് വിളക്ക് കാണിക്കാൻ നിയോഗിക്കപ്പെട്ടത് അന്നീ രാജ്യത്തെ ഏറ്റവും വലിയ വ്യവസായി ആയ പേരൂർകാവിൽ തരകൻ എന്നയാളെയാണ് ഏൽപ്പിച്ചത്. അദ്ദേഹം വെള്ളിത്താലത്തിൽ വജ്രങ്ങൾ ഉപയോഗിച്ച് വെളിച്ചം കാണിച്ചുകൊടുത്തു എന്നും വിശ്വസിക്കുന്നു. കുറ്റം ചെയ്തവരെ കൊണ്ടുവന്നു തല വെട്ടിയിരുന്ന പ്രദേശമാണ് ഇപ്പോൾ കൊലപ്പറമ്പ് എന്ന് അറിയപ്പെടുന്നത്. ഇപ്പോഴത്തെ തമ്പുരാൻ ഈശാനകിരിയർ മനോമോഹനൻ ഭണ്ടാരത്തിൽ ആണ്.

## ആതുര ശുശ്രൂഷ

ജ്യോതിഷരംഗത്ത് ഒരേ പോലെ പരിലസിച്ചിരുന്ന ഒരു കുടുംബമായിരുന്നു വാഴമാവേലിമഠം. മഹാകവി ഉള്ളൂരിന്റെ സാഹിത്യ ചരിത്രത്തിലും കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതീഹ്യമാലയിലും ഈ മഠത്തെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ഭാഷാനൈഷധം ചമ്പു എന്ന കൃതിയിലൂടെ പ്രസിദ്ധനായ മഴമംഗലം നമ്പൂതിരി ഈ കുടുംബത്തിലെ ശിഷ്യനാണ്. ചെങ്ങന്നൂർ ക്ഷേത്രത്തിലെ വൈദിക ചടങ്ങുകൾക്ക് മുഹൂർത്തം കുറിച്ചിരുന്ന ജ്യോതിഷരംഗത്ത് വിഖ്യാതി നേടിയ ഈ കുടുംബം ആതുര ശുശ്രൂഷാ രംഗത്തും തലമുറകളുടെയും പാരമ്പര്യം അവകാശപ്പെടുന്നു.

## വിദ്യാഭ്യാസ രംഗം

പുലിയൂർ വിദ്യാഭ്യാസപരമായി പിന്നോക്കം നിന്ന കാലയളവിൽ തിരുവിതാംക്കൂർ മഹാരാജാവിന്റെ 42 പ്രവൃത്തി പള്ളിക്കൂടങ്ങളിൽ ഒന്നായും പുലിയൂർ ഗ്രമത്തിലെ ആദ്യത്തെ ഒരു പള്ളിക്കൂടം എന്ന പേരിൽ (ഇന്നത്തെ U.P.S. പേരിശ്ശേരി) നിർമ്മിക്കാൻ മുൻകൈയെടുത്തതും പേരിശ്ശേരിക്കാരാണ്. പേരിശ്ശേരിയെ ക്ഷേത്രങ്ങളുടെ നാട് എന്ന് വേണമെങ്കിൽ വിശേഷിപ്പിക്കാം.

തൃക്കയിൽ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, പഴയാറ്റിൽദേവി ക്ഷേത്രം സോമശേഖരപുരം അയ്യപ്പക്ഷേത്രം, പഴയാർ ശാസ്താക്ഷേത്രം,തൃപ്പേരൂർ കുളങ്ങര സുബ്രമണ്യക്ഷേത്രം തുടങ്ങിയവ ഇതിനുദാഹരണമാണ്. കാരണം ഈ പെരിയാ ചേരിയിൽ താമസമുറപ്പിച്ചത് അന്ന് 8 മഠങ്ങൾ ആയിരുന്നതിലാവണം.

## ദേശീയ പ്രസ്ഥാനം

കലാ സാമൂഹ്യസാംസ്കാരിക നഭോമണ്ഡലങ്ങളിൽ തിളങ്ങി നിന്ന പുലിയുർ രാഷ്ട്രീയ ദേശീയ കാർഷിക സമര രംഗത്തും തനതായ വ്യക്തിമുദ്രപതിപ്പിച്ചു.

സ്വാതന്ത്ര്യ സമര ചരിത്രത്തിന്റെ ഭാഗമായി ചെങ്ങന്നൂർ മിൽസ് മൈതാനം (ഇന്നത്തെ K.S.R.T.C. Bus Stand ) ത്തിൽ വെച്ചുണ്ടായ വെടിവെയ്പിലെ രക്തസാക്ഷിയും ഈ പഞ്ചായത്തിൽ നിന്നു തന്നെയാണ്. പേരിശ്ശേരി കുടിലിൽ ജോർജ്ജ് എന്നാണ് അദ്ദേഹത്തിന്റെ പേര് .

പക്ഷേ ചരിത്രത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലോ വ്യക്തമായ

തെളിവുകളുടെ അഭാവത്തിലോ മറ്റു പല സ്വാതന്ത്ര്യ സമര സേനാനികളേയും ഇതിലുൾപ്പെടുത്തിയിട്ടില്ല.

## കാർഷിക സമരം

പുലിയൂരിന്റെ തനതായ സംസ്ക്കാരത്തിന്, ചരിത്രത്തിന് പ്രസിദ്ധിനൽകിയ ഈ ഗ്രാമത്തിന്റെ മടിത്തട്ടിൽ ജനിച്ചുവളർന്ന പുലിയൂരിന്റെ അഭിമാന സ്തംഭങ്ങളായ പ്രതിഭകളെ നമ്മുക്ക് പരിചയപ്പെടാം. തങ്ങളുടെ കഴിവും വീര്യവും പുലിയൂരിന് പകർന്നുതന്ന ഈ കൊച്ചു ഗ്രാമത്തിനെ സമ്പന്നമാക്കിയ മൺമറഞ്ഞുപേയവരും ജീവിച്ചിരിക്കുന്നതുമായ പുലിയൂരിന്റെ മക്കളെ അടുത്തറിയാം

## ബ്രഹ്മശ്രീ വിദ്വൻമണി പുരുഷോത്തമൻ നമ്പൂതിരിപ്പാട് (18691959)

ജ്യോതിശാസ്ത്രം, സംസ്കൃതം, സാഹിത്യം ഇത്യാദി വിഷയങ്ങളിൽ അഗാധമായ പാണ്ഢിത്യം ഉണ്ടായിരുന്നു. ഇദ്ദേഹം തൃപ്പുലിയൂർ ക്ഷേത്രത്തിന് കിഴക്കുവശത്തുള്ള പെരുവേലി മഠത്തിൽ ജനിച്ചു. മഹാകവി ഉള്ളൂർ പോലും ചില അവസരങ്ങളിൽ സംശയം നിവൃത്തിച്ചിരുന്നത് ഇദ്ദേഹത്തിനോടായിരുന്നു. പ്രശസ്ത പണ്ഢിതനും നിരൂപകനും സാഹിത്യകാരനുമായ ശ്രീ. ശൂരനാട് കുഞ്ഞൻ പിള്ളയടക്കം അനേകം ശിഷ്യസമ്പത്ത് ഇദ്ദേഹത്തിനുണ്ടായിരുന്നു. ജ്യോതിശാസ്ത്രത്തിൽ ആദ്യമായി രചിക്കപ്പെട്ട പഞ്ചാംഗം ഇദ്ദേഹത്തിന്റെ വകയായിരുന്നു. ആര്യഭടീയം ഉൾപ്പെടെയുള്ള പല കൃതികൾക്കും ഇദ്ദേഹം വിവർത്തനം ചെയ്തിട്ടുണ്ട്.

## റ്റി. പി. വേലായുധൻ പിള്ള.

ചെങ്ങന്നൂരിന്റെ വികസനപ്രക്രിയയിൽ ചുക്കാൻ പിടിച്ച തിരുവിതാംകൂർ ദിവാൻ സർ. സി. പി. യുടെ മാനസ പുത്രനായ റ്റി. പി. പുലിയൂരിൽ അമ്പാട്ട് വീട്ടിൽ ജനിച്ചു. തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭയിൽ തുടർച്ചയായി 18 വർഷം സേവനമനുഷ്ടിച്ച ഇദ്ദേഹം ചെങ്ങനൂരിന്റെ മുഖച്ഛായ തന്നെമാറ്റി. ചെങ്ങന്നൂർ ആറാട്ടുകൊലക്കേസ് വിചാരണ ചെയ്യാനായ് കോടതി സ്ഥാപിച്ചതും, ചെങ്ങനൂരിൽ താലൂക്ക് രൂപീകരിക്കുന്നതിനും താലൂക്കാശുപത്രിക്ക് അടിസ്ഥാനമിട്ട റ്റി. പി. യുടെ കാലയളവിൽ പുലിയൂരിൽ ദേശീയ സമരം നന്നേ കുറവായിരുന്നു. എൻ. എസ്. എസ്. ഡയറക്ടറാ യിരിക്കെ ഭൂപരിഷ്ക്കരണ നയത്തിനെതിരെ ഇന്ത്യൻ പ്രധാനമന്ത്രി നെഹ്റുവിനെ കണ്ട് നിവേദനം നൽകിയതും ഇദ്ദേഹമത്രേ.

## രാമക്കണിയാൻ

" കാണുന്നപാടെ പറയുന്ന " ശീലമുള്ള ഇദ്ദേഹം പുലിയൂർ കൊമ്പുങ്കൽ ഭവനത്തിൽ ജനിച്ചു. വൈദ്യരംഗത്തെ പ്രാഗത്ഭ്യത്തിന് ഇദ്ദേഹത്തെ തിരുവിതാംകൂർ മഹാരാജാവ് ശ്രീമൂലം തിരുനാൾ പട്ടും വളയും നൽകി ആദരിച്ചിട്ടുണ്ട്.

## ഡോ. രാഘവൻപിള്ള.

മികച്ച വാഗ്മി, തത്വചിന്തകൻ, നിരൂപകൻ, ഗവേഷകൻ, പ്രശസ്ത ഭാഷാ പണ്ഢിതൻ എന്നീ നിലകളിൽ പ്രശസ്തനായ ഇദ്ദേഹം ജനിച്ചത് പുലിയൂർ മഠത്തിലേത്ത് കുടുംബത്തിലാണ്. ലണ്ടൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് എടുത്ത ഇദ്ദേഹം വിവിധ വിദേശ സർവ്വകലാശാലകളിൽ അധ്യാപകനായും ഓറിയന്റൽ മാനുസ്ക്രിപ്റ്റ് റിസേർട്ട് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

വിശ്വസാഹിത്യകാരനായ എലിയട്ടുമായുള്ള ബന്ധവും വിമോചന സമരത്തെ തുടർന്ന് നിർത്തിവെച്ച ചൈന സന്ദർശനവും പ്രസിദ്ധമത്രേ.

സാർത്രിന്റെ അസ്തിത്വ ദർശന, മിസ്റ്റിസവും ഋഷീശ്വരന്മാരും, ഭഗവദ്ഗീതയും അസ്തിത്വവാദവും തുടങ്ങി 50 ഓളം കൃതികൾ രചിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ അനന്തരവനാണ് പ്രശസ്ത സാഹിത്യകാരനായ ഡോ. റ്റി. ആർ. ഗോപിനാഥൻ നായർ.

## പുലിയൂർ കൃഷ്ണൻകുട്ടി.

സുപ്രസിദ്ധ കവിയും അതിലുപരി ഒരു മനുഷ്യ സ്നേഹിയുമായിരുന്ന കൃഷ്ണൻകുട്ടിയുടെ വിയോഗം നമ്മുടെ ഗ്രാമത്തിനേറ്റ ഒരു പ്രഹരമാണ്. പ്രശസ്ത തിരക്കഥാകൃത്തും കവിയുമായ ശ്രീകുമാരൻ തമ്പി, പ്രശസ്ത മാന്ത്രിക നോവലിസ്റ്റ് പി. വി. തമ്പി (ഇവർ സഹോദരങ്ങൾ) പുലിയൂർ രവീന്ദ്രൻ തുടങ്ങിയവർ ഇന്നാടിന്റെ, സംസ്ക്കാരത്തിന് ഊടും പാവും നകിയവരത്രേ.

## കെ. എൻ. ശ്രീധരൻപിള്ള.

ആദ്യത്തെ പഞ്ചായത്ത് തിരഞ്ഞെടുപ്പു മുതൽ

മൽസരിക്കുകയും ജയിക്കുകയും, പഞ്ചായത്തിന്റെ വൈസ് പ്രസിഡന്റായും ശ്രീധരൻപിള്ള പ്രവർത്തിച്ചി രുന്നു. തികച്ചും ഒരു സാമൂഹ്യ പരിഷ്കർത്താവും, മലയാളവും സംസ്കൃതവും വശമുണ്ടായിരുന്നു. വക്കീൽ ഗുമസ്ഥനായി പ്രവർത്തനം ആരംഭിച്ചു. അദ്ദേഹം പുലിയൂരിലെ ജനതയ്ക്കുവേണ്ടി ചെയ്ത കാര്യങ്ങൾ വിസ്മരിക്കാൻ കഴിയില്ല. നാം ഇന്നു കാണുന്ന ആയൂർവേദ ആശുപത്രി അങ്ങനെ ഒരു സാമൂഹ്യ പ്രവർത്തകൻ എന്നീ നിലയിൽ അദ്ദേഹത്തെ ജനങ്ങൾ മുതലാളി എന്നു വിളിച്ചിരുന്നു.

## മാണിക്കശ്ശേരിൽ പാപ്പി.

മദ്ധ്യതിരുവിതാംകൂറിലെ മാത്രമല്ല കേരളത്തിലെ തന്നെ ഏറ്റവും വലിയ വിഷകാരി ആയിരുന്ന മത്തായി വറുഗീസ് ഈ പഞ്ചായത്തിലാണ് ജീവിച്ചിരുന്നത്. എന്നാൽ ഇദ്ദേഹത്തിന്റെ കാലശേഷം പരമ്പരാഗതമായി കിട്ടിയ ഈ അമൂല്യഅറിവ് അനന്തരാവകാശികൾ ഏറ്റെടുത്ത് നടത്താത്തതിനാൽ പഞ്ചായത്ത് അത് വേണ്ടവിധം പ്രയേജനപ്പെടുത്തുന്നതിൽ ശ്രമി ക്കേണ്ടതാണ്.

## എം. ആർ. മാധവവാര്യർ. (1891-1950)

ആദ്യകാല കോൺഗ്രസ്സ് സ്ഥാപക നേതാക്കളിൽ പ്രമുഖനും സ്വാതന്ത്ര്യ സമര സേനാനിയുമായിരുന്ന 'എം. ആർ' പുലിയൂരിൽ പേരിശ്ശേരിൽ വാര്യത്ത് വീട്ടിലാണ് ജനിച്ചത്. പ്രമുഖ പത്ര പ്രവർത്തകൻ, നിയമജ്ഞൻ, നിരൂപകൻ എന്നീ നിലകളിലെല്ലാം പ്രശസ്തനായ ഇദ്ദേഹത്തിന്റെ പേരിൽ മികച്ച പത്ര പവർത്തകർക്കുള്ള പുരസ്ക്കാരം നൽകിവരുന്നു.

ഭൂതകാലത്തിലേക്കുള്ള കൂർമ്മാന്വേഷണങ്ങൾ ഇനിയും ഏറെ കയറേണ്ടിയിരിക്കുന്നു. നഷ്ടൈശ്വര്യങ്ങളുടെയും പഴയ പ്രതാപത്തിന്റെയും കഥകൾ കാലചക്രത്തിനിടയിൽ നഷ്ടമായിരുന്നു.

അന്വേഷണങ്ങൾ ക്കിടയിൽ പലതും നഷ്ടപ്പെട്ടിട്ടുണ്ടാവാം. എങ്കിലും കണ്ടത്തിയ മുത്തുകളെ ഇണക്കി ചേർക്കുന്നതിൽ ശ്രമിച്ചിരിന്നു. പഴമയുടെ ശീലുകൾ തേടുമ്പോൾ കാണുന്ന മുത്തുകളെ പെറുക്കിവെച്ച് തേച്ചുമിനുക്കി എടുക്കുവാൻ അതിലൂടെ ഒരുപുതിയ സംസ്ക്കാരത്തിന് മാർഗ്ഗനിർദ്ദേശം നല്കുവാൻ ഇനിയും നമ്മുക്ക് കഴിയുമെങ്കിൽ പുലിയൂരിന്റെ വരദാനമായ രത്നങ്ങളെ കണ്ടെത്താൻ പരമാവധി ശ്രമിക്കാം.

ആദ്യമായി രൂപപ്പെട്ട പുലിയൂർ ബുധനൂർ വില്ലേജ് സഭയ്ക്കുശേഷം 1955-56 ൽ തിരഞ്ഞെടുക്കപ്പെട്ട കമ്മറ്റി. ശ്രീ. റ്റി. പി. അച്ചുതൻപിള്ള, കെ. എൻ. ശ്രീധരൻപിള്ള, കെ. ജോൺചെറിയാൻ, എം. ജി. മത്തായി, പി. എസ്സ്. ശങ്കർ, രാഘവൻ, രാമൻശങ്കർ എന്നിവരെ അന്നത്തെ ഏഴു വാർഡുകളിൽ നിന്നായി തിരഞ്ഞെടുത്തു. ഇതിൽ ഒരു വനിത ഇല്ല എന്നുള്ളത് ശ്രദ്ധേയമാണ്.

ശ്രീ. റ്റി. പി. അച്ചുതൻപിള്ളയെ പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡന്റായി തിരഞ്ഞെടുത്തു, എന്നാൽ ഇദ്ദേഹവും ശ്രീ. എം. ജി. മത്തായിയും രാജിവെച്ച ഒഴുവിലേക്ക് ശ്രീ. കെ. ഗോപാലകൃഷ്ണൻ നായർ, എം. കെ. ഭാസ്കരകാർണ്ണവർ എന്നിവരെ തിരഞ്ഞെടുത്തു. കെ. ഗോപാലകൃഷ്ണൻ നായർ സ്ഥാനം ഏറ്റെടുക്കാത്തതു കാരണം 1957 ൽ ശ്രീ. എം. കെ. ഭാസ്കരൻ നായരെ എതിരില്ലാതെ തെരഞ്ഞെടുത്തു. ഈ കമ്മറ്റിയുടെ കാലാവധി 1964 ഒക്ടോബർ വരെ ഏതാണ്ട് ഒൻപത് വർഷത്തോളം നീണ്ടുപോയി.

## 1964 ൽ രണ്ടാമത്തെ തെരഞ്ഞെടുക്കപ്പെട്ട കമ്മറ്റി.

ശ്രീ. റ്റി. സി. കൃഷ്ണദാസ് എം. കെ. ഭാസ്ക്കര കാർണവർ കെ. എൻ. ശ്രീധരൻ പിള്ള, കെ. ഭാസ്കരൻ നായർ, എ. ജി അലക്സാണ്ടർ, കെ. ജോൺ ചെറിയാൻ രാഘവൻ എന്നിവരെ തെരഞ്ഞടുക്കുകയും കെ.ശാരദ എന്ന വനിതയെ ഗവൺമെന്റ് നോമിനേറ്റ്ചെയ്യുകയും ചെയ്തു. ഈ തിരഞ്ഞടുപ്പിലും ഒരു വനിതയെ തിരഞ്ഞെടുത്തില്ല എന്നുള്ളത് ശ്രദ്ധേയമാണ്.

ശ്രീ റ്റി. സി. കൃഷ്ണദാസ് രാജിവെച്ച ഒഴിവിലേക്ക് കെ. എം. മാത്യുവിനെ തെരഞ്ഞടുത്തു. കെ.ഭാസ്കരൻ നായരെ പ്രസിഡന്റായും കെ. എൻ.ശ്രീധരൻ പിള്ളയെ വൈസ് പ്രസിഡന്റായും തിരഞ്ഞെടുത്തു. കെ. എൻ. ഭാസ്കരൻ നായരെ അവിശ്വാസ പ്രമേയം പാസ്സാക്കി പ്രസിഡന്റു സ്ഥാനത്തു നിന്നു നീക്കി. ശ്രീ എ.ജി അലക്സാണ്ടറെ പ്രസിഡന്റായി തിരഞ്ഞെടുത്തു. ഈ കമ്മിറ്റിയുടെ കാലാവധി ഉദ്ദേശം 17 വർഷം നീണ്ടുപോയി. പഞ്ചായത്താഫീസ് പുലിയൂർ മേടയിൽ ബിൽഡിംഗിൽ പരിമിതമായ സൗകര്യ ത്തോടുക്കൂടി പ്രവർത്തിച്ചു. ഇപ്പോൾ അഫീസ് പ്രവർത്തിക്കുന്ന സ്ഥലം റെയിൽവേ വകുപ്പിൽ നിന്നും വിലയ്ക്കു വാങ്ങിയത് ഈ ഭരണസമിതിയുടെ കാലത്താണ്.

## 1972 ൽ മൂന്നാമത്തെ തെരഞ്ഞെടുപ്പ്.

മൂന്നാമത്തെ തെരഞ്ഞടുപ്പിൽ ഒരു വാർഡ് കൂടി കൂടുകയും സി. കെ. ജോർജ്ജ്, എം.കെ. രാമചന്ദ്രൻപിള്ള, ശ്രീ ശിവൻപിള്ള, എൻ. പുരുഷോത്തമപണിക്കർ, സി. കേശവൻ എന്നിവരെ തെരഞ്ഞടുത്തു. കക്ഷിബന്ധങ്ങളുടെ അടിസ്ഥാനത്തിലുള്ള ഇതിൽ ശ്രീ സി. കെ. ജോർജിനെ പ്രസിഡന്റായും എൻ. പുരുഷോത്തമ പണിക്കരെ വൈസ് പ്രസിഡന്റായും തിരഞ്ഞടുത്തു. ദീർഘനാളായി പണി പൂർത്തിയാകാതെ കിടന്ന ഇന്നു കാണുന്ന ആഫീസ് കെട്ടിടം ഈ കമിറ്റിയുടെ ശ്രമഫലമായി പൂർത്തികരിച്ച് ഉദ്ഘാടനം ചെയ്ത് പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു.

## 1988 ൽ നാലാമത്തെ തെരഞ്ഞെടുപ്പ്.

നാലാമത്തെ തെരഞ്ഞടുപ്പായപ്പോഴേക്കും വാർഡ് ഒൻപതായി കൂടുകയും നേരത്തേയുണ്ടായിരുന്ന വാർഡുകൾക്ക് മാറ്റം സംഭവിച്ച് ഇന്നത്തെ സ്ഥിതി വരികയും ചെയ്തു. ഈ കമ്മറ്റിയുടെ ഭരണ കാലത്ത് പഞ്ചയാത്തീരാജ് നിയമം അംഗികരിച്ചതിനാൽ പ്രഥമ ഗ്രാമ പഞ്ചായത്ത് കമ്മറ്റി എന്ന അവകാശം ഈ കമ്മറ്റിക്കാണ്.

ശ്രീ ലാലികുമാർ മാത്യു, ശ്രീമതി വിജയമ്മ സുശീലൻ ശ്രീ .പി.ബി രാധകൃഷ്ണ കാർണ്ണവർ, ശ്രീ, കെ. രാജപ്പൻ നായർ, ശ്രീമതി രാധാമണിയമ്മ ജോൺസി ഏബ്രഹാം, കെ. ഹരികുമാർ, കെ. വി. സുകുമാരൻ, വി. റ്റി. പൊടിയൻ എന്നിവർ തെരഞ്ഞെടു ക്കപ്പെടുകയും ഗ്രാമപഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റായി കെ. രാജപ്പൻ നായരും, വൈസ് പ്രസിഡന്റായി വിജയമ്മ സുശീലനെ തിരഞ്ഞെടുക്കുകയും ചെയ്തു. രണ്ട് വനിതകൾ ഭരണരംഗത്ത് എത്തി എന്നുള്ളത് ഇവിടെ പ്രത്യകം പറയേണ്ട വസ്തുതയാണ്. പിന്നീട് ജോൺസി ഏബ്രഹാം ഇവിടെ നിന്നും വിദേശത്തു പോയതിനാൽ അദ്ദേഹത്തെ ഒഴിവാക്കുകയും ചെയ്തു. എന്നാൽ ആ വാർഡിൽ തിരഞ്ഞെടുപ്പ് നടത്തിയില്ല.

## അഞ്ചാമത്തെ തെരഞ്ഞെടുപ്പ് (1995)

വനിതകൾക്ക് 1/3 സംവരണം ഏർപ്പെടുത്തുകയും ഗ്രാമസ്വരാജ് എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനായി സമ്പൂർണ്ണ അധികാരം പ്രസിഡന്റിന് ലഭിച്ചതും ഈ കാലയളവിലാണ്. പ്രസിഡന്റിനെയും വൈസ് പ്രസിഡന്റിനെയും കൂടാതെ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ എന്ന പദവികൂടി ഈ പഞ്ചായത്ത് സമിതിക്ക് ലഭിക്കുകയും ചെയ്തു. ഈ ഭരണസമിതിയാണ് ഇപ്പോൾ ഭരിക്കുന്നത്.

*" സ്വന്തം ശ്രമം കൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്താമെന്ന് എപ്പോൾ ജനസാമാന്യത്തിന് തോന്നുന്നുവോ അപ്പോൾ മാത്രമാണ് ഭാരതത്തിൻ പൂർണ്ണ സ്വാതന്ത്ര്യം."*

ഗാന്ധിജി.

*" അസൂയയും അഹങ്കാരവും ത്യജിക്കുക, യോജിച്ചു നിന്ന് അന്യർക്കു വേണ്ടി പ്രവർത്തിക്കുവാൻ പഠിപ്പിക്കുക. അതാണ് ഇന്ന് നമ്മുടെ രാജ്യത്തിന്റെ ആവശ്യം"*

വിവേകാനന്ദ സൂക്തങ്ങൾ

# ഭൗതിക സവിശേഷതകൾ



## പഠനപര്യടനം

**പു**ലിയൂർ ഗ്രാമ പഞ്ചായത്തിലൂടെ പഠന പര്യടന സംഘം തലങ്ങും വിലങ്ങും സഞ്ചരിച്ച് പഞ്ചായത്തിലെ ഭൂപ്രകൃതി, മണൽതരം, കൃഷി, പരിസ്ഥിതി പ്രശ്നങ്ങൾ, ജലലഭ്യത എന്നിവയെ ക്കുറിച്ച് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ,

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്ത് കുന്നിൻപ്രദേശം, താഴ്വാരം, ചെറിയചരിവ്, സമതലം, തട്ട് പ്രദേശം, തീരസമതലം, എന്നിങ്ങനെ 6 ഭാഗങ്ങളായി കാണുന്നു.

## കുന്നിൻ പ്രദേശം

നമ്മുടെ ഗ്രാമത്തിലെ ഏറ്റവും ഉയർന്ന കുന്നിൻ പ്രദേശമാണ് നൂറ്റവൻ പാറ, ഐതീഹ്യ പ്രശസ്തവും വിനോദ സഞ്ചാര കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന പാണ്ഡവൻ പാറയോട് തൊട്ടുരുമി സ്ഥിതിചെയ്യുന്നു. നൂറ്റവൻ പാറയുടെ നെറുകയിൽ ജി. റ്റി. സ്റ്റേഷൻ സ്ഥാപിച്ചിരിക്കുന്നു. ഇവിടെ നടപ്പാക്കിയ ശുദ്ധജല വിതരണ പദ്ധതിയാണ് ശുദ്ധജലത്തിനുള്ള മാർഗ്ഗം. ഈ പദ്ധതികൊണ്ട് പ്രദേശത്തെ ജനങ്ങൾക്ക് പൂർണ്ണതോതിൽ പ്രയോജനം ലഭിക്കുന്നില്ല. പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമ മാക്കേണ്ടിയിരിക്കുന്നു.

തെങ്ങ്, റബ്ബർ, വാഴ, മരച്ചീനി, മറ്റ് ഇടവിളകളും കൃഷികളായിട്ടുണ്ട്. മഴക്കാലത്ത് മണ്ണ് ഒലിപ്പ് രൂക്ഷമാണ്.

## താഴ്വാര

താഴ്വരയിൽ പശിമരാശി മണ്ണാണ്. നെല്ലും, വാഴയും കൃഷി ചെയ്യുന്നു. ജലക്ഷാമം അനുഭവപ്പെടുന്നു. താഴ്വാരയിലൂടെ ഒഴുകുന്ന ജലസ്രോതസായ തോടും, ഓർക്കോട്ട് ചാലും, ജലസേചനത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്. ചാലിന് ചുറ്റുമുള്ള വിസ്തൃതമായ ഭാഗം കൃഷിചെയ്യാതെ ചതിപ്പുനിലമായി കിടക്കുന്നു.

## ചെറിയചരുവ്

ഈ ഭാഗത്ത് ഭൂമിയുടെ ഉപരിതലം ഗ്രാവൽമണ്ണും, വെട്ടുകല്ലുമായി കാണുന്നു. റബ്ബർ, തെങ്ങ്, വാഴ, മരച്ചീനി, ചേന, കാച്ചിൽ, ചേമ്പ് മുതലായവ കൃഷിചെയ്യുന്നു. ജല ലഭ്യത കുറവാണ്. മഴക്കാലത്ത് രൂക്ഷമാകുന്ന മണ്ണ് ഒലിപ്പ് ഭൂമിയുടെ ഘടനയെത്തന്നെ ബാധിക്കുന്നു.

## സമതലം

സമതലപ്രദേശം കൃഷിയോഗ്യമായ ചെളിമണ്ണാണ്. നെല്ല്, തെങ്ങ്, വാഴ, മരച്ചീനി, ഇടവിളകൾ എന്നിവ കൃഷിചെയ്യുന്നു. ചില പാടശേഖരം തരിശായി കിടക്കുന്നു. ജലം ഒഴിഞ്ഞുപോകാതെ കെട്ടികിടക്കുന്നു. ചിലഭാഗത്ത് ജലലഭ്യത കുറവാണ്. നീരൊഴുക്ക് തോടിന്റെ സംരക്ഷണ കുറവുകൊണ്ട് കൃഷിചെയ്യുവാൻ കഴിയുന്നില്ല.

## തട്ടുപ്രദേശം

തട്ടുകളായി ഭൂമി ഗ്രാവലും, വെട്ടുകല്ലും, ചെമ്മണ്ണും, നിറഞ്ഞമണൽതരം ചിലഭാഗത്ത് കട്ടിയായ ചീങ്കൽപ്പാറയും കാണുന്നു. ജലക്ഷാമം ഉണ്ട്, ഭൂമി കൈയ്യാലകെട്ടി സംരക്ഷിക്കുന്നു, തെങ്ങ്, മരച്ചീനി, ഇടവിളകൾ, വാഴ, ഇവ കൃഷിയായും. തേക്ക്, മാഞ്ചിയം,

സുഗന്ധ ചെടികൾ എന്നിവയും വളരുന്നു. ജലക്ഷാമം അനുഭവപ്പെടുന്നു. കിണറുകളിൽ ശുദ്ധജലം ലഭ്യമല്ലാത്തസ്ഥിതിയുണ്ട്. ഒരു കോളനി പ്രദേശത്ത് ശുദ്ധജലത്തിന് പ്രധാനമായും ആശ്രയിക്കുന്നത് നീരുറവയാണ്. കുന്നിൻ പ്രദേശത്തിന്റെ പാർശ്വ ഭാഗങ്ങളിൽനിന്നും ലക്ഷ്യബോധമില്ലാതെ മണ്ണ് എടുത്തുമാറ്റിയതിന്റെ ഭലമായി കിണറുകളിലെ ജലനിരപ്പ് താണുപോയി. മഴക്കാലത്ത് മലയിടിച്ചിൽ ഭീഷണിയുണ്ട്. മഴക്കാലത്ത് ജലം കെട്ടി കിടക്കുന്നതുകൊണ്ട് ആ പ്രദേശത്തെ താമസക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നു.

## തീരസമതലം

നെൽകൃഷിയാണ് ഈ പ്രദേശങ്ങളിലെ പ്രധാനവിള. പച്ചക്കറി കൃഷിയും ചിലഭാഗങ്ങളിൽ ഉണ്ട്. വയലുകളുടെ കരഭാഗങ്ങളിൽ തെങ്ങ്, ഇടവിളകൾ എന്നിവയും കൃഷിചെയ്യുന്നു. ജലസേചനത്തിനുള്ള നീരൊഴുക്ക് തോടുകളുടെ വീതികൂട്ടി ആഴം വർദ്ധിപ്പിച്ച് കൃഷിക്ക് പ്രയോജന പ്പെടുത്തേണ്ടതാണ്. കോളനികളിലും പരിസര പ്രദേശത്തും മണ്ണൊലിപ്പ ഉണ്ട്. അശാസ്ത്രീയമായ രീതിയിൽ നിലങ്ങളിൽ നിന്ന് മണ്ണ് ഇഷ്ടിക നിർമ്മാണത്തിന് എടുത്തുമാറ്റിയതു കാരണം ഒരു വലിയ പാടശേഖരം കൃഷിയോഗ്യ മല്ലാതെ വെള്ളം കയറി കിടക്കുന്നു. ഇലഞ്ഞിമേൽ, തോനയ്ക്കാട് ഭാഗത്ത് മണൽ ചേരുവ കൂടുതലുള്ള മണ്ണ് ഒഴുകി വയലുകളിലും, തോടുകളിലും, ആറ്റിലേക്കും പോകുന്നു. പച്ചക്കറി കൃഷിയും ഉല്പാദനവും ഏറ്റവും കൂടുതലുള്ള പ്രദേശം തോനയ്ക്കാടും പൂഴിച്ചിറയുമാണ്. അച്ചൻ കോവിലാറിന്റെ പാർശ്വഭാഗങ്ങളിൽ നിന്ന് മണ്ണും, ചരലും നീക്കം ചെയ്യുന്നതു കാരണം വെള്ളപ്പൊക്ക സമയത്ത് ആറിന്റെ ഗതിതന്നെ മാറി ഒഴുകുവാൻ സാദ്ധ്യതയുണ്ട്. ആയതിന് പരിഹാരം എന്ന നിലയിൽ ആറിന്റെ പാർശ്വങ്ങൾ കരിങ്കൽ ഭിത്തികെട്ടി സംര ക്ഷിക്കേണ്ടതാണ്.

പൊതുവേ സൂചിപ്പിക്കുമ്പോൾ ഭൂമിയുടെ കിടപ്പ് കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ചരുവ് കാണുന്നു. പുരയിടങ്ങൾ, തകിടി, താഴ്ന്ന നെല്പാടങ്ങൾ, ഇരുപ്പുകൃഷിയിടങ്ങൾ, പുഞ്ചപ്പാടങ്ങൾ എന്നിങ്ങനെ 5 തട്ടുകളായി കിടക്കുന്നു. പുഞ്ചപ്പാടങ്ങളിൽ മഴക്കാലത്ത് വെള്ളം കയറി മുങ്ങിക്കിടക്കുന്നു.

## സസ്യങ്ങൾ

തെങ്ങ്, പ്ലാവ്, മാവ്, കശുമാവ്, പുളി, ആഞ്ഞിലി, കമുക്,തേക്ക്, മാഞ്ചിയം, റബ്ബർ, മഹാഗണി തുടങ്ങിയവ.

## കാലാവസ്ഥ

തെക്കുപടിഞ്ഞാറൻ മൺസൂൺ ജൂൺമുതൽ ആഗസ്റ്റ് വരെയും, വടക്കുപടിഞ്ഞാറൻ കാലവർഷം ഒക്ടോബർ നവംബർ മാസങ്ങളിലുമാണ്. ഡിസംബർ മുതൽ മാർച്ച് വരെ വർഷപാതത്തിന്റെ സ്ഥിതി തീരെ കുറവാണ്. ശരാശരി പെയ്യുന്ന മഴ 2250 mm നും 2500 mm നും മദ്ധ്യയാണ്. ഏപ്രിൽ, മെയ് മാസങ്ങളിൽ അന്തരീക്ഷ ഊഷ്മാവ് കൂടുതലാണ്. മുൻ കാലങ്ങളെ അപേക്ഷിച്ച് കാലാവസ്ഥയിൽ ഗണ്യമായ മാറ്റം കണ്ടുവരുന്നു.

## ജലസ്രോതസ്സുകൾ

പ്രധാനപ്പെട്ടവ 6,7,8 വാർഡുകളിൽ കൂടി കടന്നുപോകുന്ന ഇല്ലിമലതോട് 8,9,7,6,4 വാർഡുകളിൽ കൂടി ഒഴുകി പാണ്ടനാട് അതിർത്തിയിൽ എത്തുന്ന തോട്, കരികുളം, തുലാക്കുഴി, മൂണ്ടുയാൽ തോട്, മാളിയേക്കൽ, തെക്കിടത്തുതാഴെ തോട്, ഒഴാട് കൂട്ടുമ്മേൽ തോട്, താമരചാൽ, മൂണ്ടുചാൽ, കുരണ്ടിചാൽ തോട്, തുണ്ടിയിൽ കുളം, പി. ഐ. പി. കനാൽ തോട്, ഓർക്കോട് തുണ്ടംതറ ചിറ്റാറ്റുവേലി തോട്, പൊതുചാലുകളും, കുളങ്ങ്ളും ധാരാളം നമ്മുടെ ഗ്രാമത്തിലുണ്ട്. ഇവയുടെ സംരക്ഷണം അത്യാവശ്യമാണ്.

## ജില്ലാ പരിശീലകരുടെ പൊതു നിർദ്ദേശങ്ങൾ

പുലിയൂർ ഗ്രാമ പ്രദേശത്തിന് പൊതുവായി പൊതുജനങ്ങൾക്ക് വളരെ പ്രയോജനം ചെയ്യുന്ന ക്ഷേമപ്രവർത്തനങ്ങളെ സംബന്ധിച്ച് താഴെചേർക്കുന്നു.

## സഞ്ചരിക്കുന്ന മാവേലി സ്റ്റോർ

പുലിയൂരിലെ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ തന്നെ പദ്ധതിയുടെ തുടർ വർഷം തന്നെ സഞ്ചരിക്കുന്ന മാവേലിസ്റ്റോർ ആരംഭിക്കണം,ആയതിന് വാഹനം, ബങ്ക്ലേൺ ആയി വാങ്ങാവുന്നതും നിത്യോപയോഗ സാധനങ്ങൾ, സിവിസപ്ലൈസ് കോർപ്പറേഷൻ വഴി ശേഖരിക്കാവുന്നതാണ്. അങ്ങനെ പൊതുജനങ്ങളെ സഹായിക്കുവാൻ കഴിയും,അതിലൂടെ 3 പേർക്ക് തൊഴിൽ ആവസരം ഉണ്ടാക്കുവാനും കഴിയും അവരിൽ നിന്ന് ഡിപ്പോസിറ്റ് വാങ്ങി പഞ്ചായത്ത് കമ്മറ്റിക്ക് നിയമിക്കുവാനും കഴിയും.

## I.T.C. [ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ]

പുലിയൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് പൊതു മേഘലയിൽതന്നെ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സാങ്കേതിക വിദ്യാഭ്യാസം സ്ഥാപിക്കണം, ഇത് ഒരു പ്രത്യേക കമ്മറ്റിയുടെ കീഴിൽ കൊണ്ടു വരികയും ആയതിന് ഗവൺമെന്റിന്റെ അനുമതി വാങ്ങി സ്ഥാപിക്കണം, ആയതിന് ചില വ്യക്തികളെ കൂടി കൂട്ടി യോജിപ്പിച്ചു കൊണ്ട് ആരംഭിക്കാം. അങ്ങനെ ഭൂമി വിട്ടുതരുവാൻ തയ്യാറാവുന്ന വ്യക്തിക്ക് അതിന്റെ പ്രതിഫലം ലഭിക്കത്തക്കരീതിയിൽ ഘടന തയ്യാറാക്കണം, ഈ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പ്രയോജനം പഞ്ചായത്തിലെ ആകെ സാങ്കേതിക വിദ്യാഭ്യാസത്തിന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രയോജനമായിരിക്കും. കാർപെന്റർ, ബ്ലാക്ക് സ്മിത്ത്, പ്ലംബർ, വെൽഡർ, ടർണ്ണർ, ഇലക്ട്രീഷ്യൻ, അലുമിനിയം ഫാബ്രിക്കേഷൻ ect. ആയത് മുന്തിയ പരിഗണന വേണ്ടതാണ്.

## മിനി സിവിൽസ്റ്റേഷൻ

പുലിയൂർ ഗ്രാമ പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്ന പ്രദേശത്ത് ഗ്രൗണ്ടിന്റെ വടക്കു കിഴക്ക് ഭാഗത്തായി ഇരുനിലകളോട് കൂടിയ കെട്ടിടം നിർമ്മിക്കേണ്ടതും ആയതിന്റെ താഴത്തെ ചില ഭാഗങ്ങൾ കച്ചവട സ്ഥാപനങ്ങൾക്ക് വാടകയും ഡിപ്പോസിറ്റും വാങ്ങി കൊടുക്കാവുന്നതാണ്. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ചിതറികിടക്കുന്ന ഗവൺമെന്റ് ഓഫീസുകളും സ്ഥാപനങ്ങളും ഈ മിനി സിവിൽസ്റ്റേഷനിലേക്ക് മാറ്റി സ്ഥാപിക്കുകയും, P.W.D തീരുമാനിക്കുന്ന വാടക ഈ ഓഫീസുകൾക്ക് ലഭിക്കുക കൂടി ചെയ്യുമ്പോൾ പഞ്ചായത്തിന് വരുമാനം കൂടും, തുക ഒന്നായി മുടക്കുകയോ, റൂറൽ ഹൗസിംഗ് ബോർഡിൽ നിന്ന് ലോൺ വാങ്ങുകയോ ചെയ്യാവുന്നതാണ്.

ഇങ്ങനെ ഒരു സ്ഥാപനം ഒരു സിവിൽസ്റ്റേഷന്റെ കീഴിൽ കൊണ്ടുവന്നാൽ പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായിരിക്കും. ഒരു സ്ഥലത്തുവന്നാൽ മനുഷ്യന്റെ ഡിപ്പാർട്ട്മെന്റെ കാര്യങ്ങൾ സാധിച്ചുപോകാൻ കഴിയും. കൃഷി ഓഫീസ്, പോസ്റ്റോഫീസ്, മൃഗാശുപത്രി ect.,

## ഔഷധ ചെടിത്തോട്ടം

പഞ്ചായത്തിന്റെ ഏതെങ്കിലും പ്രദേശത്ത് കൃഷിക്കാരന്റെ ഭൂമി തന്നെ കേന്ദ്രമാക്കി എടുത്ത് ഔഷധ ചെടികൾ വെച്ചുപിടിപ്പിക്കണം. ഔഷധങ്ങൾ ശേഖരിക്കുന്ന വിവിധ ഏജൻസികൾ ഉണ്ട്. അവ വിലക്ക് കൊടുക്കാം. അതിന് സ്ഥലവും സൗകര്യവും ഉള്ള കർഷകനെ കണ്ടെത്തി ആവശ്യമായ പ്രോത്സാഹനവും, ധന സഹായവും നൽകി സഹായിക്കണം. ക്രമേണ ഔഷധചെടികളുടെ തൈകൾ മറ്റ് പ്രദേശങ്ങളിലേക്കും, സ്ഥലത്തേക്കും കൊടുക്കുവാൻ കഴിയുന്ന ഒരു തൊഴിലാണ്. ഈ കാര്യവും സെമിനാറിന്റെ പരിഗണനക്ക് പൊതു നിർദ്ദേശമായി അവതരിപ്പിക്കുന്നു.

## ചെടികളുടെ ഉത്പാദനവും വിതരണവും

നമ്മുടെ ഗ്രാമപ്രദേശത്തും ധാരാളം കുടുംബങ്ങൾ ധാരാളം പണം മുടക്കി ചെടികൾ വാങ്ങി വീടുകളുടെ മുറ്റത്തും ടെറസ്സിലും വെയ്ക്കാറുണ്ട്. അന്വേഷണത്തിൽ വളരെ വിലകൂടിയ ചെടിത്തരങ്ങളും ഈ കൂട്ടത്തിലുണ്ട്. ഈ മാതിരി ചെടികൾ നമ്മുടെ ഗ്രാമത്തിൽ തന്നെ താല്പര്യമുള്ള ഏതെങ്കിലും വ്യക്തികൾക്കോ? ഗ്രൂപ്പായോ? ഉത്പ്പാദിപ്പിക്കുവാൻ കഴിഞ്ഞാൽ പുറത്തുനിന്ന് വാങ്ങുന്നതിനേക്കാൾ വിലകുറച്ച് കൊടുക്കുവാൻ കഴിയും.

ഇതിന്റെ തൈകൾ നൽകുന്ന ക്ലബുകളോ, ഏജൻസികളോ ഉണ്ട്. അവരുമായി ബന്ധപ്പെട്ട് നഴ്സറി ഉണ്ടാക്കുകയും അവിടെനിന്നും ആവശ്യക്കാർക്ക് വിറ്റഴിക്കുവാനും കഴിഞ്ഞാൽ ആദായകരമായ ഒരു തൊഴിലാണ്. വ്യക്തികൾക്കോ, ഗ്രൂപ്പുകൾക്കോ മാത്രമല്ല ചില താല്പര്യമുള്ള സന്നദ്ധ സംഘടനകൾക്കും ഈ പ്രവർത്തനം ഏറ്റെടുക്കാവുന്നതാണ്, വനിതാ സംഘടനകൾക്കും ആകാം.

## വൃക്ഷതൈകൾ, ഉല്പാദനം, വിതരണം നഴ്സറി

നമ്മുടെ ഗ്രാമത്തിൽത്തന്നെ മേൽത്തരം വൃക്ഷതൈകൾ ഉല്പാദിപ്പിച്ച് ആകേന്ദ്രത്തിൽ നിന്നും വിതരണം ചെയ്യുന്നതിന് കഴിയുന്ന ഒരു യൂണിറ്റ് ഉണ്ടാകണം, തെങ്ങിൻതൈകൾ, കമുക്, കശുവണ്ടി, തുടങ്ങിയവ കൊടുക്കുവാൻ കഴിയും ആയതിലേക്ക് പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു യൂണിറ്റ് എന്ന നിലയിൽ രൂപീകരിക്കണം, അതുപോലെ തന്നെ മേൽത്തരം പച്ചക്കറിയുടെ വിത്തിനങ്ങൾ വിതരണം ചെയ്യുവാനും കഴിയണം.

## മാർക്കറ്റിംഗ് സൊസൈറ്റി

പുലിയൂർ പഞ്ചായത്തിൽ കൃഷിക്കാർ

ഉല്പാദിപ്പിക്കുന്ന നെല്ല്,നാണ്യവിളകൾ, ഇവ കർഷകരിൽ നിന്ന് നേരിട്ട് ശേഖരിക്കുവാനും വിതരണം നടത്തുവാനും കഴിയുന്ന സൊസൈറ്റിക്ക് രൂപം നൽകണം ഈ സംഘം രൂപീകൃതമായാൽ കർഷകന്റെ ഉല്പന്നങ്ങൾക്ക് ന്യായമായ വിലലഭിക്കുവാനും കഴിയും, ഈ മേഖലയിൽ കൂടുതൽ ഉല്പാദനം ഉണ്ടാവുകയും ചെയ്യും.

### കമ്പ്യൂട്ടർ സെന്റർ

പുലിയൂർ ഗവൺമെന്റ് ഹൈസ്ക്കൂൾ കേന്ദ്രീകരിച്ച് കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ സ്ഥാപിക്കണം. ഈ കാലഘട്ടത്തിൽ ധാരാളം തൊഴിൽ സാദ്ധ്യതയുള്ള ഈ സാങ്കേതിക വിദ്യാഭ്യാസം ആരംഭിക്കുന്നത് ആവശ്യമാണ്.

പദ്ധതി വിഹിതത്തിൽ നിന്ന് തുകമാറ്റി വെയ്ക്കാതെ തന്നെ ഈ സെന്റർ ആരംഭിക്കുവാൻ കഴിയും, ഗ്രാമ പഞ്ചായത്തിന്റെ പൂർണ്ണ നിയന്ത്രണത്തിൽ തന്നെ പുറത്തുള്ള മറ്റ് ഏജൻസികളുമായി ബന്ധപ്പെട്ടാൽ സ്ഥലവും സൗകര്യവും ഉണ്ടാക്കികൊടുത്താൽ കമ്പ്യൂട്ടർ സെന്റർ ആരംഭിക്കുവാൻ താല്പര്യമുള്ളവർ ഉണ്ടാകും.

### വിമുക്ത ഭടന്മാരുടെ പ്രശ്നം

നമ്മുടെ ഗ്രാമത്തിൽ ആകെയുള്ള കുടുംബങ്ങളിൽ 25 ശതമാനത്തിൽ കൂടുതൽ വിമുക്ത ഭടന്മാർ ഇന്ന് ഉണ്ടാകും. രാജ്യത്തിനുവേണ്ടി സേവനം നടത്തിയവരായി ഇന്നുള്ള വിമുക്ത ഭടന്മാരെപ്പറ്റി ചിന്തിക്കണം ഇവരുടെ അനുഭവങ്ങളും, കഴിവുകളും ഉപയോഗിച്ച് ഗ്രാമത്തിന്റെ വികസനമേഖലകളിൽ വളരെ കൂടുതൽ സംഭാവന ചെയ്യുവാൻ കഴിയും ഇവരുടെ സംഘടനകളുമായി ആലോചിച്ച് നിർമ്മാണപ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്കുവഹിക്കുവാനും അങ്ങനെയുള്ള മനുഷ്യശേഷി ഈ ഗ്രാമത്തിന്റെ സമഗ്ര വികസനത്തിനും അതിലൂടെ ഈ വിഭാഗത്തിന് തൊഴിലവസരവും ഉണ്ടാക്കുവാൻ ബോധപൂർവ്വം പ്രവർത്തിക്കണം.



# കൃഷിയും ജലസേചനവും



പുലിയൂർ, "നമ്മുടെ ഗ്രാമം" തികച്ചും ഒരു കാർഷിക ഗ്രാമമാണ്. മൂന്നു കുന്നിൻ പ്രദേശങ്ങളും അവയുടെ താഴ്‌വാരങ്ങളിലുള്ള നെൽ വയലുകളും, പ്രധാന നീരൊഴുക്ക് തോടുകളും, ചാലുകളും, കുളങ്ങളും, അച്ചൻകോവിലാറിനോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളും അടങ്ങിയതാണ് പുലിയൂർ ഗ്രാമ പഞ്ചായത്ത് ഭൂപ്രദേശം.

ഭൂരിപക്ഷം ജനങ്ങളുടേയും മുഖ്യതൊഴിൽ കൃഷിയാണ്. നെല്ല്, തെങ്ങ് മറ്റ് ഇടവിളകളായി കിഴങ്ങു വർഗ്ഗങ്ങൾ, വാഴ, പച്ചക്കറി ചില സ്ഥലങ്ങളിൽ ഇഞ്ചി, മഞ്ഞൾ തുടങ്ങിയ കൃഷിയും ചെയ്തു വരുന്നു. മുൻ കാലങ്ങളിൽ ജനങ്ങളുടെ ജീവിതോപാധി കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റ് തൊഴിൽ മേഖലകളും ആയിരുന്നു.

ഭൂപ്രദേശത്തിന്റെ ചരിവ് അടിസ്ഥാനപ്പെടുത്തിനോക്കുമ്പോൾ കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ചരിവുള്ളതായികാണാം. സമുദ്രനിരപ്പിൽ നിന്ന് വളെ ഉയരമുള്ള നൂറ്റവൻ പാറ എന്ന പ്രദേശമാണ്. കൂടാതെ ഐതീഹ്യ പ്രസിദ്ധമായ "പാണ്ഡവൻ പാറ" എന്ന പ്രദേശവും, ഈ പഞ്ചായത്തിലെ ഉയർന്ന പ്രദേശവുമായി തൊട്ടുരുമ്മി നിൽക്കുന്നു. പഞ്ചായത്തിന്റെ പടിഞ്ഞാറു മദ്ധ്യഭാഗവുമായിട്ടുള്ള പ്രദേശങ്ങൾ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് സമ നിരപ്പിലാണ്. പഞ്ചായത്തിലെ വിവിധ തോടുകൾ നെൽ പാടങ്ങളിലൂടെ കടന്ന് പോകുന്നു. ഇവയിലൂടെ ഒഴുകുന്ന ജലം പമ്പയാറ്റിലും, അച്ചൻകോവിലാറ്റിലും സന്ധിക്കുന്നു.

ഒരു മീറ്ററിൽ താഴെയുള്ള പ്രദേശങ്ങൾ വയലുകളും, കരപ്രദേശവും (പുരയിടം) കൂടി 1168 ഹെക്ടർ വരും ഭൂരിഭാഗം ഭൂ ഉടമകളും. 1/2 ഹെക്ടറിൽ താഴെമാത്രം കൈവശമുള്ളവരാണ്.

## കൈവശഭൂമിയുടെ വിസ്തീർണ്ണം

| വാർഡ് | നാമമാത്ര കർഷകർ (1 ഹെക്ടർ) | ചെറുകിട കർഷകർ (2 ഹെക്ടർ) | വൻകിട കർഷകർ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | - 311 - | - 47 - | - 2 - |
| 2 | - 347 | 53 | -------- |
| 3 | - 405 | 62 | -------- |
| 4 | - 402 | 41 | -------- |
| 5 | - 369 | 56 | -------- |
| 6 | - 383 | 58 | -------- |
| 7 | - 409 | 42 | -------- |
| 8 | - 368 | 56 | -------- |
| 9 | - 316 | 48 | 2 |

നെൽകൃഷി മഴയെ ആശ്രയിച്ചാണ് നടത്തുന്നത്, തോടുകൾ, ചാലുകൾ, കുളങ്ങൾ എന്നീ നീർമറി കേന്ദ്രങ്ങൾ. കൃഷിക്കു വേണ്ടി ജലം ഉപയോഗപ്പെടുത്തുവാൻ ഇനിയെങ്കിലും ശ്രമിക്കേണ്ടതാണ്.

ആകെ ഭൂമിയുടെ 55.3 ശതമാനം നെൽകൃഷി

ചെയ്യുന്ന വയലുകളാണ്. കൃഷി ഭൂമിയുടെ ഉടമസ്ഥർ പ്രധാനമായും ചെറുകിട, ഇടത്തര കർഷകരാണ്. പലവിധത്തിലുള്ള നെൽ വിത്തുകളാണ് കൃഷിചെയ്തുവരുന്നത്. ജ്യോതി, ത്രിവേണി, അരണ, ആന്ധ്രാജ്യോതി, 1285, നന്ത്യാർവട്ടം, ഇവകൾ അത്യുല്പാദനശേഷിയുള്ള ഇളവിത്തുകളും ചേരാടി, വൈക്കത്താര്യൻ, മുതൽ വിത്തുകളും കൃഷിചെയ്തുവരുന്നു. രാസവളങ്ങളുടെ പ്രയോഗം 1975 മുതലാണ് ഉപയോഗിച്ചു തുടങ്ങിയത്. പുതിയ വിത്തിനങ്ങൾ വന്നപ്പോൾ മുതലും ജൈവ വളങ്ങൾ ഉല്പാദിപ്പിക്കുന്നതിനും അതിന്റെ പ്രയോഗവും കുറഞ്ഞു. കൂലി ചെലവു വർദ്ധിച്ചതും തൊഴിലാളികളുടെ ലഭ്യത കുറവുമാണ് രാസവളം കൂടുതലായി ഉപയോഗിക്കുവാൻ കാരണം.

പമ്പാ ജലസേചന പദ്ധതിയുടെ കനാലുകൾ, പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങൾക്കും പ്രയോജനം ചെയ്യുന്നുണ്ട്. കനാൽ കടന്നു പോകുന്നത് പറമ്പിലൂടെയും വയലിലൂടെയുമാണ്.

വരൾച്ച ഉണ്ടാകുന്ന സമയത്ത് കനാലിൽകൂടി തുറന്നു വിടുന്ന ജലം വളരെ പ്രയോജനം ചെയ്യുന്നു. ഇവയുടെ ജലചോർച്ച കർഷകർക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ചില പാടശേഖരങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്നതു കാരണം കൃഷിചെയ്യുവാൻ സാധിക്കുന്നില്ല. ഇത് ഉൽപ്പാദന രംഗത്ത് മുരടിപ്പും, തൊഴിലവസരങ്ങൾ, നഷ്ടപ്പെടുകയും ചെയ്യുന്നു.

ഭൂപരിഷ്ക്കരണ നിയമം കേരള സംസ്ഥാനത്തും അതിന്റെ ഭാഗമായി നമ്മുടെ ഗ്രാമപ്രദേശത്തും വളരെയധികം പ്രയോജനം ഉണ്ടായിട്ടുണ്ട്. പാട്ടവും, വാരവും, കൊടുത്ത് തകർന്നുകൊണ്ടിരുന്ന കർഷകർക്ക് ഈ നിയമം സഹായകരമായി. ധാരാളം കുടുംബങ്ങൾ ഭൂമിയുടെ ഉടമകളായിമാറി അങ്ങനെ ഭൂമിയുടെ വികേന്ദ്രീകരണത്തിന് തുടക്കം കുറിച്ചു. ജന്മിമാരുടേയും ദേവസ്വത്തിന്റേയും ഭൂമികൾ കൈവശക്കാർക്ക് ലഭിച്ചു. ലഭിച്ച ഭൂമിയിൽ അദ്ധ്വാനിക്കുവാൻ തയ്യാറായി. ഉൽപ്പാദനം വർദ്ധിച്ചു.

നെൽകൃഷി നഷ്ടമായതിനാൽ നെൽപ്പാടങ്ങൾ, നികത്തി തെങ്ങും, കൊക്കോയും, തേക്കും, മാഞ്ചിയവും, മറ്റ് നാണ്യവിളകൾ നടുന്നതിനും വയലുകൾ നികത്തുന്നതിനുള്ള മണ്ണ് സമീപ സ്ഥലങ്ങളിൽ നിന്ന് ലഭിക്കുന്നതിനുള്ള സാഹചര്യവും, നികത്തിയെടുത്ത സ്ഥലത്തിന് നല്ലവില ലഭിക്കുകകൂടി ചെയ്തപ്പോൾ ചില കർഷകരും ആ വഴിക്കു നീങ്ങി. ഇഷ്ടിക നിർമ്മാണത്തിനായി നെൽ വയലുകൾ കുഴിച്ച് മണ്ണ് എടുത്ത് മാറ്റിയതുകൊണ്ട് പല പ്രദേശങ്ങളും തരിശായി കിടക്കുന്നു. ഭക്ഷ്യോല്പാദന രംഗത്ത് കുറവ് ഉണ്ടായതിനോടൊപ്പം വയലുകൾ നികത്തിയത് വെള്ളപ്പൊക്കം ഉണ്ടാകുന്നതിനും ഇടയാകുന്നു.

ജലസേചനത്തിനും, നിർഗ്ഗമനത്തിനും മുൻകാലത്ത് ഉണ്ടായിരുന്ന തോടുകൾ പലതും നികത്തിയതും നിലവിലുള്ളവയുടെ വീതികുറച്ചതും ആഴം കുറഞ്ഞതും കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. ചാലുകളും, കുളങ്ങളും വർദ്ധിച്ച പ്രാധാന്യത്തോടുകൂടി സംരക്ഷിക്കപ്പെടണം.

| വിള | വിസ്തീർണ്ണം ഹെക്ടർ | മൊത്തം ഉല്പാദനം (ഹെക്ടർ) | ഉല്പാദനക്ഷമത ഹെക്ടറിൽ മൊ. ടൺ |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | - 105 ' | - 345.5 " | - 5,25 " |
| നെല്ല് (രണ്ടാംവിള) | - 275 " | - 907.5 " | - 1375 " |
| നെല്ല് (മൂന്നാംവിള) | - 168 " | - 823.2 " | - 1176 " |
| പയർ | - 30 " | - 45 " | - 3.2 " |
| എള്ള് | --- | --- | --- |
| പച്ചക്കറി-കൾ | - 44 | - 122 " | - 176 " |
| തെങ്ങ് | - 490 | - 16,1108 (എണ്ണം) | - 4920000 (എണ്ണം) |
| വാഴ | - 55 | - 2325 - | -2750 - |
| മരച്ചീനി | - 110 | - 1980 - | - 2750 - |
| കുരുമിളക് | - 6 - | - 3 - | - 4.5 - |
| പ്ലാവ് | - 5 - | - 7.5 - | - 7.5 - |
| കശുമാവ് | - 5 - | - 1.5 - | - 2.5 - |
| മാവ് | - 3 - | - 20 m.7 - | - 45 - |
| റബ്ബർ | - 10 - | - 8.2 - | - 9 - |
| കമുക് | - 6 - | - 28000 (എണ്ണം) | - 1250000 |
| ഇഞ്ചി മഞ്ഞൾ | - 5 - | - 30 m7 - | - 75 - |
| കിഴങ്ങ് വർഗ്ഗങ്ങൾ | - 42 - | -656 - | - 840 |

## ഭൂമിസംബദ്ധിച്ച വിവരങ്ങൾ
## അടിസ്ഥാന വിവിര രജിസ്റ്റർ

| ഇനം | വിസ്തീർണ്ണം |
|---|---|
| പുരയിടം | 473 ഹെക്ടർ |
| നിലം | 646 ഹെക്ടർ |
| പുറംപോക്ക് | 30 ഹെക്ടർ |
| കൃഷിയോഗ്യതരിശ് | 19 ഹെക്ടർ |
| കൃഷിയോഗ്യമല്ലാത്ത തരിശ് | ...... |
| ആകെ | 1168 ഹെക്ടർ |

## കാർഷിക ഉപകരണങ്ങൾ

| വാർഡ് | ഉഴവ്ഉപകരണങ്ങൾ | | മരുന്നുതളി ഉപകരണങ്ങൾ | | | മറ്റുള്ളവ | മെതി യന്ത്രം | തെങ്ങു കയറ്റ യന്ത്രം | പോർട്ടബിൾ പമ്പ് സെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | കലപ്പ | റോക്ക് സ്പ്രെയർ | സ്പ്രെയർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | --- | --- | 1 | 2 | 6 | --- | --- | --- | 4 |
| 2 | --- | --- | 1 | 1 | 5 | --- | --- | --- | 4 |
| 3 | 2 | --- | 1 | 1 | 4 | --- | --- | --- | 5 |
| 4 | 1 | --- | 1 | 1 | 4 | 1 | --- | --- | 4 |
| 5 | --- | --- | 1 | --- | 6 | --- | --- | --- | 6 |
| 6 | 1 | 1 | 1 | 2 | 5 | --- | --- | --- | 8 |
| 7 | --- | --- | 1 | 1 | 2 | --- | --- | 1 | 2 |
| 8 | --- | 1 | 1 | 1 | 4 | --- | --- | --- | 2 |
| 9 | --- | --- | --- | 2 | 5 | -- - | --- | --- | 5 |

## വളം.

സഹകരണ മേഖലയിലുള്ള 2 ഡിപ്പോയും സ്വകാര്യ മേഖലയിലുള്ള 3 ഉം ഉൾപ്പെടെ 5 വളവിപണന കേന്ദ്രങ്ങളാണുള്ളത്. 85 ശതമാനം രാസവളങ്ങളാണ് കൃഷിക്കു ഉപയോഗിക്കുന്നത്. ശാസ്ത്രീയമായ രീതിയിലല്ല കൃഷിപ്പണികൾ നടന്നു വരുന്നത്. അതുകൊണ്ടുതന്നെ കൃഷിച്ചെലവുകൾ വർദ്ധിക്കുന്നു. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്നില്ല. ജൈവവളങ്ങൾ വിരളമായി മാത്രമാണ് ഉപയോഗിക്കുന്നത്. ആവശ്യമായ ചാണകം ലഭിക്കുവാനുണ്ടെങ്കിലും അവയുടെ കൂലിച്ചെലവ് കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. കൃഷിയെടുത്തു കഴിഞ്ഞാൽ ഇടയ്ക്കുള്ള സമയത്ത് ചണം, പയർ മുതലായവ വിതച്ച് നിശ്ചിത സമയത്ത് ഉഴുത് മറിച്ച് ജൈവവള പ്രയോജനം ഉണ്ടാക്കാവുന്നതാണ്.

### വളത്തിന്റെ ഉപയോഗം

| No. | സ്ഥാപനത്തിൻെ പേര് | 1993 / 94 | | | 94 / 95 | | | 95 / 96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | | കി.ഗ്രാം | ദ്രാവം | വാതം. | കി.ഗ്രാ | ദ്രാവം | വാത | കി.ഗ്രാം | ദ്രാവം | വാത |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | സഹകരണം | 164 MT | 76 LN | 581 Kg | 153 MT | 51 LN | 380 Kg | 189 MT | 47 LN | 373 Kg |
| 2 | സ്വകാര്യം | 300 MT | 152 LN | 1160 Kg | 212 LN | 315 LN | 715 Kg | 272 MT | 101 LN | 765 Kg |

## കീടനാശിനികൾ.

തെങ്ങ്, നെല്ല്, വാഴ, പച്ചക്കറികൾ എന്നിവകൾക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിച്ചു വരുന്നത്. കീടനാശിനികൾ പ്രയോഗിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലോ ശാസ്ത്രീയമായ രീതിയോ പരിഗണിച്ചു കാണാറില്ല. ഭൂരിപക്ഷം കൃഷിക്കാരുടെ ധാരണക്കുറവാണ് ഇതിനൊരു കാരണം.

## കാർഷികോപകരണങ്ങൾ.

1987 കൃഷിഭവൻ നിലവിൽ വന്നതിനു ശേഷം വിവിധ പാടശേഖര കമ്മറ്റികൾക്കായി നൽകിയ

കാർഷികോപകരണങ്ങൾ ചേർക്കുന്നു.

## പാടശേഖര കമ്മറ്റികൾ.

1 താമരച്ചാൽ പാടശേഖരം
2 ഒഴാട്
3 പുലിയൂർ ആല
4 കരികുളം
5 കരിപ്പുറം പുഞ്ച
6 വടപുറം
7 ചിറ്റാറ്റു വയൽ
8 നരച്ചമുട്ടം മുണ്ടകൻ
9 കീച്ചേരി പാടശേഖരം
10 നെടുമംഗലം പാടശേഖരം
11 പടനിലം
12 നരച്ചമുട്ടം പുഞ്ച
13 കൊട്ടാരത്തിൽ പടി
14 നെടുമംഗലം വെസ്റ്റ്

മുൻകാലങ്ങളിൽ കൃഷിപ്പണിക്കും കൃഷിയാവശ്യങ്ങൾക്കുമായി പരമ്പരാഗതമായി ഉപയോഗിച്ചു പോന്നിരുന്ന കൃഷി ഉപകരണങ്ങളും, കൃഷി രീതികളും അപ്രത്യക്ഷമായി ക്കൊണ്ടിരിക്കുന്നു. യന്ത്രവൽക്കരണത്തിന്റെ കടന്നു കയറ്റം ഇതിനു കാരണമായിരിക്കുന്നു. കന്നും, കലപ്പ ഉപയോഗിച്ചുള്ള ഉഴവും അറയും, ചക്രവും ഉപയോഗിച്ചുള്ള ജലസേചനവും നിർഗ്ഗമനവും ഇന്ന് ചുരുക്കമായിരിക്കുന്നു. ഈ നിലയിലുള്ള കൃഷി സമ്പ്രദായങ്ങൾ ഇന്നും അനുവർത്തിക്കാൻ കഴിയുന്നതാണ്.

## കൂലിനിരക്ക്

കാർഷികമേഖലയിലെ തൊഴിലെടുക്കുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റങ്ങൾ കൃഷിയോടുള്ള ആഭിമുഖ്യകുറവ് തുടങ്ങിയവയും ഇതിന്റെ കാരണങ്ങളിൽ പെടുന്നു. കൂലിനിരക്കിൽ ഏകീകരണമില്ലാതെ നിലനിൽക്കുന്നു............ കർഷക കുടുംബത്തിൽ 350 കുടുംബങ്ങൾ മാത്രമേ കൃഷി മുഖ്യ ഉപജീവന മാർഗ്ഗമായി ആശ്രയിക്കുന്നുള്ളു, ഏകദേശം 2778 കർഷക തൊഴിലാളികളാണ് പഞ്ചായത്ത് പ്രദേശത്ത് അധിവസിക്കുന്നത്. നിലവിലുള്ള കൂലി നിരപ്പ് വിവിധ തരത്തിൽ നിലനില്ക്കുന്നു. അത് കർഷകർക്ക് പ്രയാസമുളവാക്കുന്നു.

## കാർഷിക വായ്പ

ഒരു ഷെഡ്യൂൾ ബാങ്ക് S. B. T, ഒരു സഹകരണ ബാങ്കും മാത്രമാണ് പഞ്ചായത്തിലുള്ളത്. വാർഡുകളുടെ സർവ്വീസ് ഏരിയ അനുസരിച്ച് I.R.D.P മുതലായ മറ്റ് വായ്പകളും, ചുരുക്കമായി കൊടുക്കുന്നു. നമ്മുടെ ഗ്രാമത്തിൽ നിന്നുതന്നെ പുറം നാടുകളിൽ ജോലിചെയ്തു ലഭിക്കുന്ന പണത്തിന്റെ ഒരുനല്ലഭാഗം ഷെഡ്യൂൾ ബാങ്കുകളിൽ N.R.I അക്കൗണ്ടിലൂടെ വന്നുചേരുന്നു. ഇങ്ങനെ ലഭിക്കുന്ന തുകയുടെ 5 ശതമാനം പോലും ഗ്രാമപ്രദേശത്തെ ജനങ്ങളുടെ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നില്ല. ഈ രംഗത്ത് ഇന്നുള്ള രീതിക്ക് മാറ്റം വരുത്തിയാൽ കൃഷിക്കാർക്ക് ബുദ്ധിമുട്ട് ഒഴിവാക്കി ലോൺ നല്കി സഹായിക്കുവാനും ബാങ്കുകൾ തയ്യാറാകണം.

### ബാങ്ക് വായ്പാസംബന്ധിച്ച വിവരങ്ങൾ

| വർഷം | എത്രപേർക്ക് | ഏതിനംവായ്പ | നൽകിയതുക |
|---|---|---|---|
| 1992/93 | ഒരാൾക്ക് | കൃഷി | 10,300/- |
| 1995/96 | ഒരാൾക്ക് | കൃഷി | 11,750/- |
| 1995/96 | ഒരാൾക്ക് | പശു് തൊഴുത്ത് | 18,500/- |
| 1996/97 | 5 പേർക്ക് | കൃഷി മണ്ണിട്ട് നികത്തൽ | 1,07,000/- |

## ജലസേചനം

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ച് കൃഷിനടത്തുന്ന നമ്മുടെ പഞ്ചായത്തിൽ രണ്ട് ഘട്ടങ്ങളിലായി ആണ് ണഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷവും, സെപ്തംബർ, ഒക്ടോബർ മുതൽ കിട്ടുന്ന തുലാവർഷവും, പമ്പാജലസേചനവും, മാത്രമാണ് ഇന്ന് പ്രയോജനപ്പെടുന്നത്.

### തോടുകൾ, കുളങ്ങൾ

പഞ്ചായത്ത് പ്രദേശത്ത് ചെറുതും വലുതുമായ ചില തോടുകളും ഉണ്ട്. കരികുളം തുലാക്കുഴിവഴി, മൂണ്ടച്ചാൽ തോട്, തുണ്ടംതറപ്പടി, ചിറ്റാറ്റുവേലി വഴി

## പുലിയൂർ ഗ്രാമപഞ്ചായത്ത് പണിപൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികളുടെ വിവരങ്ങൾ

| നമ്പർ | പ്രവർത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ്തുക | അയക്കട്ട് വിസ്തീർണ്ണം(ഹെ) | മറ്റ്‌വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | പുലിയൂർ പഞ്ചായത്തിൽ 8 ഉം 9 ഉം വാർഡിൽ ഹാച്ചറി ജംഗ്ഷന് പടിഞ്ഞാറുവശം കുരയിൽ ഓർക്കോട് ചാലിന്റെ ആറ്റകുറ്റ പണികളും ബണ്ടിന്റെ നിർമ്മാണവും | 93 / 94 | 94 | 8,15,000/- | 40.23 Ha | |
| 2 | പുലിയൂർ ചെറിയനാട് പഞ്ചായത്തിൽ അൻടക്കോട് പാലംമുതൽ വള്ളിക്കാവ് വരെതോടിന്റെ സംരക്ഷണവും ബണ്ടിന്റെ പണികളും (മൂന്നാം റീച്ച്) | 94 / 95 | 95 | 84,000/- | 40.65 Ha | |
| 3 | പുലിയൂർ പഞ്ചായത്ത് മുണ്ടകൻപാടം ബണ്ടിന്റെ സംരക്ഷണം (രണ്ടാം റീച്ച്) | 94 / 95 | 95 | 33,2948/- | 40.65 Ha | |

## പുലിയൂർ ഗ്രാമപഞ്ചായത്ത്

### നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

| പദ്ധതിയുടെ പേര് | ആയക്കെട്ട് വിസ്തീർണ്ണം(ഹെ) | എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെങ്കിൽ ആടങ്കൽ തുക | ലക്ഷ്യം |
|---|---|---|---|
| 1 | 2 | 3 | 4 |
| പുലിയൂർ പഞ്ചായത്തിൽ കൊരണ്ടിപ്പാലത്തിന് സമീപം ഏത്രവേലിത്തറ ജംഗ്ഷൻ മുതൽ വടക്കോട്ട് വടപുറം പാടം, പടനിലം പാടം, പാണ്ടനാട് പാടം എന്നി നിലങ്ങളിൽ കൂടി കടന്നുപോകുന്ന അഗ്രികൾച്ചർ ബണ്ടിന്റെ നിർമ്മാണവും കലുങ്ക് നിർമ്മാണവും (നബാഡ് സ്കീം) | | 56,14,973.00 | |

ഇല്ലിമല തോട്. മാളേയേക്കൽ തോട്, ഉതുങ്കുഴി പാലം, ചിറയിൽപടി, ചിറ്റാറ്റുവേലി താമരച്ചാൽ, കളീയ്ക്കൽ കുളം, പാണ്ടനാട് അതിർത്തി മാളേയേക്കൽ, കൂട്ടുമ്മേൽ തോട്, തുണ്ടിയിൽ കുളം, P. I. P. കനാൽ ഇവയും ധാരാളം ഉപതോടുകളും ഇന്ന് നിലവിലുണ്ട്.

ജലസംഭരണികളായി പ്രയോജനപ്പെടു ത്താവുന്ന 14 ചാലുകളും, 12 കുളങ്ങളും നമ്മുടെ ഗ്രാമ പഞ്ചായത്തിലുണ്ട്. ഇവയെ യഥാവിധി സംരക്ഷിക്കുകയോ കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യുന്നില്ല. മുൻകാലങ്ങളിൽ ചില തോടുകളുടെ ഭാഗത്ത് നെക്കൃഷിക്കായും, പച്ചക്കറി കൃഷിക്കായും ഉപയോഗിച്ചിരുന്നു. തോടുകളിൽ ചില ഭാഗങ്ങളിൽ ചീപ്പ് സ്ഥാപിച്ചിരുന്നു. മിക്കതോടുകളിലും പായലുകളും, ചപ്പ്, മുള്ള് ഇവകൊണ്ട് നിറഞ്ഞിരിക്കുകയാണ്. വേണ്ടത്ര ആഴം ഇല്ലാത്തതിനാൽ വേനൽകാലത്ത് ജലം ലഭിക്കുന്നില്ല. കുളങ്ങൾ ഈ സമയത്ത് വറ്റി വരണ്ട്പോകുന്നു.

തുണ്ടിയിൽ കുളം, കളീയ്ക്കൽകുളം, കാഞ്ഞിക്കാട്ടിൽ കുളം, പനയത്ത് കുളം, ഇല്ലത്ത് കുളം, സോമശേഖരപുരത്ത് കുളം, ചാക്കപ്പൂട്ടിൽ കുളം, പുലിപ്രകുളം, ചരുവക്കുളം, ഊരുമഠത്തിൽ കുളം, തുണ്ടംതറകുളം, കാഞ്ഞിക്കാട്ടിൽ കുളം, മുണ്ടുചാൽ, കരികുളം, മുതലക്കുഴി, നരച്ചമുട്ടം, നെടുംചാൽ, മങ്കുഴിചാൽ, കാപ്പുചാൽ, പുതുകുളങ്ങരചാൽ, ആലംപള്ളിചാൽ, ഓർക്കോട്ടുചാൽ, താമരചാൽ, തുലാക്കുഴിചാൽ, കുരണ്ടിചാൽ

## ജലസേചന സംവിധാനം

| വാർഡ് നമ്പർ | പൊതു കിണർ | കുഴൽ കിണർ | ക്രോസ് ബാർ | അയക്കട്ട് ഹെക്ടർ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | - | - | PIP കനാൽ | 40 |
| 2 | - | - | കനാൽ | 25 |
| 3 | - | - | 1 കനാൽ | 35 |
| 4 | - | - | കനാൽ | 60 |
| 5 | - | - | കനാൽ | 47 |
| 6 | 1 | 1 | 1 കനാൽ | 26 |
| 7 | - | - | 1 കനാൽ | 25 |
| 8 | - | 2 | - | 20 |
| 9 | - | - | കനാൽ | 22 |

## മണ്ണ്, ജലസംരക്ഷണം

മുൻകാലങ്ങളിൽ നമ്മുടെ പറമ്പുകളിൽ മുരിപ്പ് എടുത്തും അതിർത്തികളിൽ മരങ്ങൾ വെച്ചുപിടിപ്പിച്ചും നാനാതരത്തിലുള്ള കൃഷിചെയ്യുന്നതു മൂലം പറമ്പുകൾ കിളച്ചു മറിച്ചുമാണ് മണ്ണ്, ജലം, സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ജീവിത ക്രമത്തിലുണ്ടായ പരിവർത്തനങ്ങളും ഭൂമി ചെറു തുണ്ടു, തുണ്ടുകളായതും, കാർഷികാഭിവൃദ്ധിയോട് ഉണ്ടായിട്ടുള്ള വിമുഖതയും, പറമ്പുകളിൽ ജോലിചെയ്യുന്നതിനുള്ള തൊഴിലാളികളെ ലഭിക്കാത്തതു മൂലവും പല ഭാഗങ്ങളിലും ഭൂമി തരിശായി കിടക്കുന്നതു മൂലം ലഭ്യമാകുന്ന ജലം പാഴായിപോകുന്നു.

വിശ്വാസത്തിന്റെ പേരിലാണെങ്കിലും എല്ലാപ്രദേശങ്ങളിലും ചെറുതും വലുതുമായ കാവുകൾ കാണാം. പരിമിതമായ തോതിലാണെങ്കിലും മണ്ണ്, ജല സംരക്ഷണത്തെ ഇത് സഹായിക്കുന്നുണ്ട്. സോഷ്യൽ ഫോറസ്റ്ററി പ്രവർത്തനം ഇതിന് സഹായകരമായിട്ടുണ്ട്.

## നടീൽവസ്തുക്കൾ

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993/94 | 1994/95 | 1995/96 |
| തെങ്ങ് | 695 | 300 | 585 |
| കശുമാവ് | - | - | - |
| പയർ | 208 | 282 | 120 |
| കുരുമുളക് | 750 | 3000 | 8500 |
| കമുങ്ങ് | 500 | 175 | 500 |
| ഫലവർഗ്ഗങ്ങൾ | 107 | 109 | - |
| ഇഞ്ചി | - | 60 | - |
| മഞ്ഞൾ | - | 45 | - |
| കിഴങ്ങ് വർഗ്ഗങ്ങൾ | 12 | 12 | - |
| പച്ചക്കറി വിത്ത് | 1560 | 1553 | 1173 |

## നഴ്സറികൾ

പഞ്ചായത്തിൽ നഴ്സറികൾ യാതൊന്നും ഇതുവരെ ആരംഭിച്ചിട്ടില്ല. അത്യുല്പാദന ശേഷിയുള്ള നാണ്യവിളകളുടെ തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും അത് കർഷകർക്ക് പ്രയോജനം ചെയ്യുന്ന തരത്തിൽ സ്വകാര്യ മേഖലയിലോ കൃഷിഭവന്റെ

ചുമതലയിലോ നഴ്സറി തുടങ്ങിയാൽ കൃഷിക്കാർക്ക് പ്രയോജനമായിരിക്കും.

## കൃഷിഭവൻ

1987 സെപ്റ്റംബർ മാസത്തോട്കൂടി സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും കൃഷിഭവനുകൾ നിലവിൽ വന്നു. ഇത് തികച്ചും കാർഷിക മേഖലയ്ക്ക് ഉത്തേജനം നൽകി. എന്നാൽ ഇതിന്റെ പ്രവർത്തനം കുറെക്കൂടി ഫലപ്രദമാക്കേണ്ടതുണ്ട്. ഒരു കൃഷി ഓഫീസറും 3 അസിസ്റ്റന്റുമാരും ഉള്ള ഓഫീസിന്റെ പ്രവർത്തനം പൂർണ്ണമായ തോതിൽ കൃഷിക്കാർക്ക് ലഭിക്കുവാൻ ശാസ്ത്രീയവും, നൂതനവുംമായ പ്രവർത്തനം ആവിഷ്ക്കരിച്ച് നടപ്പാക്കുകയും ചെയ്യണം. ആയതിന്റെ നിയന്ത്രണം ഗ്രാമപഞ്ചായത്തുകൾക്ക് കൈവന്നിരിക്കുന്നു.

## ദുരിതാശ്വാസ വിതരണം

| പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം | | | | | | |
|---|---|---|---|---|---|---|
| വർഷം | വെള്ളപ്പൊക്കം | വരൾച്ച | കൊടുംകാറ്റ് | ഉരുൾപൊട്ടൽ | ധനസഹായ ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993/94 | - | - | - | - | - | - |
| 1994/95 | 1,90,000 (390 ഹെക്ടർ) | - | - | - | 574 | 1,90,000 |
| 1995/96 | 5 ഹെക്ടർ | - | - | | | 11 2,000 (പട്ടികജാതി) |
| 1995/96 | 3ഹെക്ടർ | - | - | - | 44 | 1,500 |

## തെങ്ങ്കൃഷി വിവരണം

| വാർഡ് നമ്പർ | തെങ്ങ് എണ്ണം | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങ് കൃഷി വിസ്തീർണ്ണം ഹെക്ടർ | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ടുവിൽറ്റ് | ലീഫ്റോട്ട് | ബസ്റൂട്ട് | സ്റ്റൈബ്ലീസിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 50 | 3000 | 4500 | 7500 | 4200 | 375 | 450 | 225 | 825 | 6025 |
| 2 | 54 | 3240 | 4860 | 8120 | 4536 | 405 | 486 | 243 | 891 | 6561 |
| 3 | 38 | 2280 | 3420 | 5700 | 3192 | 285 | 342 | 171 | 627 | 4617 |
| 4 | 70 | 4200 | 6300 | 10500 | 5880 | 525 | 630 | 315 | 1155 | 8505 |
| 5 | 50 | 3000 | 4500 | 7500 | 4200 | 375 | 450 | 225 | 825 | 6075 |
| 6 | 55 | 3300 | 4950 | 8250 | 4620 | 412 | 495 | 247 | 508 | 6282 |
| 7 | 52 | 3120 | 4680 | 7800 | 4368 | 390 | 468 | 243 | 858 | 6327 |
| 8 | 60 | 3600 | 5400 | 9000 | 5040 | 450 | 450 | 270 | 554 | 6854 |
| 9 | 61 | 3660 | 5490 | 9150 | 5124 | 457 | 549 | 274 | 1006 | 7410 |

## കാർഷിക പ്രശ്നങ്ങൾ

കൃഷി രംഗത്ത് കർഷകർക്ക് പൊതുവെ സങ്കീർണ്ണമായ പ്രശ്നങ്ങളാണ് നേരിടേണ്ടി വരുന്നത്.

1. ഉല്പാദന ചിലവിൽ വരുന്ന വർദ്ധനവ്
2. തൊഴിലാളികളുടെ എണ്ണക്കുറവ്
3. ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തത്
4. വളത്തിന്റേയും, കീടനാശനികളുടെയും വില വർദ്ധനവ്
5. ജലസേചന സൗകര്യക്കുറവ്
6. കാലവർഷ വ്യതിയാനങ്ങൾ

കൃഷി ഉപജീവനമായി കാണുകയും വർഷത്തിൽ 3 പൂവ് വരെ കൃഷി ചെയ്തിരുന്ന വയലുകളിൽ ഒരു പ്രാവിശ്യമെങ്കിലും കൃഷി ചെയ്യുന്നതിന് തയ്യാറാകുവാൻ കർഷകർക്ക് കഴിയാത്തതിനാൽ നെൽകൃഷി ഉല്പാദനം കുറയുവാൻ കാരണമായി. കൂടാതെ നെൽകൃഷി ചെയ്യുന്നതിന് ആവശ്യമായ വിത്തും വളവും കൊണ്ടുപോകുന്നതിനും ആവശ്യമായ റോഡുകൾ ഇല്ലാത്തതും കൃഷിയെ സാരമായി ബാധിക്കുന്നുണ്ട്.

മുഖ്യകൃഷിയായ തെങ്ങ് ആകട്ടെ ചിലഭാഗങ്ങളിൽ മെച്ചപ്പെട്ട ഉല്പാദനം ഉണ്ടായിരുന്നെങ്കിലും കഴിഞ്ഞകാല സ്മരണകളായി നിൽക്കുന്നു. ജലസേചനത്തിന് സൗകര്യമുള്ള സ്ഥലങ്ങളിൽ മാത്രമാണ് തെങ്ങിന് പരിമിതമായ തോതിലെങ്കിലും ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിയു.ന്നുള്ളു ഈ കാലയളവിൽ നാളികേരത്തിന് സാമാന്യം വില ലഭിക്കുന്നുണ്ടെങ്കിലും സ്ഥിരമായ വില ഉറപ്പുവരുത്തുവാൻ കഴിയാത്ത സ്ഥിതിയും, വർദ്ധിച്ചുവരുന്ന പാർപ്പിട പ്രശ്നങ്ങൾ, തെങ്ങിനുണ്ടാകുന്ന രോഗങ്ങൾ, നല്ലയിനം തൈകൾ ലഭിക്കാതിരിക്കുക, ഇവയൊക്കെ നാളീകേര ഉല്പാദനത്തെ സാരമായി ബാധിച്ചു. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ വളപ്രയോഗവും ജലസേചനവും നൽകിയാൽ ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിയുമെന്ന് കരുതുന്നു. അമിതമായ രാസവളപ്രയോഗം മണ്ണിന്റെ ഘടനയെ തന്നെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ജൈവ വളത്തിന്റെ ലഭ്യത കുറവും വർദ്ധിച്ച കൂലി ചിലവും കാരണം ഈ വളപ്രയോഗം സാധാരണ കൃഷിക്കാർ ഉപേക്ഷിച്ചതായി കാണുന്നു.

മുൻ വർഷങ്ങളിൽ പരിശോധനയ്ക്കായി വിവിധ സ്ഥലങ്ങളിൽ നിന്ന് മണ്ണിന്റെ സാമ്പിൾ ശേഖരിച്ചിട്ടുണ്ട്. തെങ്ങിന്റെ രോഗം കർഷകർക്ക് ഒരു ഭീഷണിയായി തീർന്നിരിക്കുന്നു. കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി, മണ്ടചീയൽ, മഞ്ഞളിപ്പ്, കാറ്റ്‌വീഴ്ച, തെങ്ങോലപ്പുഴു, വെള്ളയ്ക്കാ കൊഴിച്ചിൽ, കൂമ്പ് ചീയൽ തുടങ്ങിയ രോഗങ്ങൾ മിക്ക സ്ഥലങ്ങളിലും കണ്ടുവരുന്നു. ഇവയെ ഫലപ്രദമായി നേരിടുന്നതിന് യാതൊരു പരിഹാര മാർഗ്ഗവും ലഭ്യമായിട്ടില്ല. തെങ്ങിന് മരുന്ന് തളിക്കുകയും മറ്റ് സാധ്യമായ പ്രവർത്തനങ്ങൾ ചെയ്യുന്നു എങ്കിലും ഫലം കിട്ടുന്നില്ല. രോഗം വന്ന തെങ്ങ് വെട്ടിമാറ്റുന്നതിനും, പുതിയ തെങ്ങുംതൈകൾ വെച്ച് പിടിപ്പിക്കുന്നതിന് സമഗ്രമായ നാളീകേര പദ്ധതി അനുസരിച്ച് സഹായം ലഭിക്കുന്നുണ്ട്. എങ്കിലും ചെങ്ങന്നൂർ താലൂക്കിൽ ഈ പദ്ധതി നടപ്പിലായിട്ടില്ല.

നെൽകൃഷിക്ക് കണ്ടുവരുന്ന രോഗങ്ങൾ മുഞ്ഞ, പോള രോഗം, മുട്ടുപുഴു, മഞ്ഞളിപ്പ്, ഓലചുരുട്ടി, ചാഴി, ഇലമുറിയൻ ഇവകൂടാതെ എലിയുടെ ശല്യവും ഒരു വലിയ വിപത്തായി മാറിയിട്ടുണ്ട്. വയലിലേയും, പറമ്പിലേയും കൃഷിയെ എലി നശിപ്പിക്കുന്നു. നെൽകൃഷി ചെയ്യുകയും ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടത് സമൂഹത്തിൻെറ ആവശ്യമാണ്. ചില പ്രദേശങ്ങളിൽ കനാൽ ചോർച്ച മൂലവും മറ്റും കൃഷി ഇറക്കാതെ തരിശായി കിടക്കുന്നു. ഉദാഹരണത്തിന് കൊട്ടാരത്തിൽ പടി, ചിറ്റാറ്റുവേലി, തോനയ്ക്കാട്, കരികുളം ഈ ഭാഗങ്ങളിൽ കൃഷി ഇറക്കാതെ കിടക്കുന്നു. കൂടാതെ അവിടെ നിന്നും വെള്ളം ഒഴിഞ്ഞുപോകുന്നതിനുള്ള തോട് നിർമ്മിക്കുകയും ചെയ്യാത്തതിനാൽ ആ പ്രദേശങ്ങളിൽ കൃഷി ചെയ്യുവാൻ സാധിക്കാതെ വന്നിരിക്കുന്നു. കോട്ടത്തറ കിഴക്ക് ഇഷ്ടിക നിർമ്മാണത്തിനു വേണ്ടി മണ്ണെടുത്തതു കാരണം ഒരു പാടശേഖരമാകെ തരിശായി കിടക്കുന്നു. കൃഷിക്കാരുടെ യോജിച്ചുള്ള പ്രവത്തനങ്ങളിലൂടെ ഈ രംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ കഴിയണം. കൃഷിഭവൻെറ പ്രവർത്തനവും ശ്രദ്ധയും പഞ്ചായത്തിന്റെ വിവിധ ഉല്പാദന മേഖലകളിലേക്കും വ്യാപിപ്പിക്കുകയും വേണം. ആവശ്യമായ എല്ലാ സന്ദർഭങ്ങളിലും അത്യുല്പാദന ശേഷിയുള്ള സങ്കരയിനം വിത്തുകൾ ലഭ്യമാകാതിരിക്കുക, കൃഷിരീതിയെക്കുറിച്ചുള്ള വിദഗ്ദ്ധ ഉപദേശങ്ങൾ നൽകാൻ കഴിയാതിരിക്കുക, ആനുകൂല്യങ്ങളെ പറ്റിയുള്ള അജ്ഞത ഇവയെല്ലാം കൃഷിയുടെ പുരോഗതിയെ ബാധിക്കുന്നു.

അമിതമായ കീടനാശിനി പ്രയോഗം പരമാവധി ഒഴിവാക്കി കൃഷിചെയ്യുന്നതിന് കർഷകർ ശ്രമിക്കേണ്ടതാണ്. കീടനാശിനികളുടെ പ്രയോഗം മൂലം ധാരാളം ദോഷഫലങ്ങൾ ഉണ്ടാകുന്നതായി കാണാൻ കഴിയും.

പമ്പാ ജലസേചന പദ്ധതിയുടെ പ്രയോജനം ലഭ്യമല്ലാത്ത ചില പാടശേഖരങ്ങളിലേക്ക് പ്രത്യേക കമ്മറ്റി

റെജിസ്റ്റർ ചെയ്തുകൊണ്ട് കാഡാ പദ്ധതിപ്രകാരം ജലസേചനത്തിന് തോടുകൾ നിർമ്മിച്ചിട്ടുണ്ട്. ആവശ്യമായ ഭാഗങ്ങളിലേയ്ക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കണം.

## ബോണസ്സ്

ഗവൺമെന്റിൽ നിന്നും നെൽകൃഷിചെയ്യുന്നതിന് ബോണസ്സ് നൽകിവരുന്നു. നടപ്പു സാമ്പത്തിക വർഷം തന്നെ 77,191 രൂപാ പഞ്ചായത്തിലൂടെ വിതരണം ചെയ്തു. അംഗീകരിച്ച് ലഭിച്ചിരിക്കുന്ന തുക ഇനിയും പല കർഷകരും ഏറ്റുവാങ്ങാൻ എത്തിച്ചേർന്നിട്ടില്ല. ഒരു സെന്റ് നിലത്തിന് ഒരു രൂപാ എന്ന തോത് വളരെ അപര്യാപ്തമാണ്. ഇത് വർദ്ധിപ്പിച്ചു നൽകുന്നതിനുള്ള നടപടിയും പദ്ധതിക്കാലത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു.

## കൃഷി സാധ്യതകൾ

1. തരിശ്ശു ഭൂമി കൃഷി യോജ്യമാക്കാനുള്ള പരിപാടികളും പേരുകളും തയ്യാറാക്കുക.
2. പദ്ധതിയുടെ ആദ്യ വർഷം എത്ര ഏക്കർ തരിശ്ശു നിലം കൃഷിയോഗ്യ മാക്കുവാൻ കഴിയും.
3. പുതിയ ജലസേചന പ്രോജറ്റുകൾ എങ്ങനെ ബഹുജന പങ്കാളിത്തത്തോടു കൂടി നടപ്പാക്കാം.
4. പാടങ്ങൾ നികത്തുന്നതിന് നിയന്ത്രണങ്ങൾ കൊണ്ടുവരിക, സാമൂഹ്യ സംമ്മർദ്ദം ഉയർത്തുക.
5. നിലവിലുള്ള ജലസേചന പദ്ധതികൾ അത്യാവശ്യമായും റിപ്പയർ ചെയ്യേണ്ടതാണ്.
6. വിവിധയിനം കൃഷികൾക്ക് നേഴ്സറികൾ ആരംഭിക്കുക.
6. മണ്ണൊലിപ്പ് തടയുന്നതിന് പ്രാധാന്യം നൽകി ഈടു കയ്യാലകൾ കർഷക പങ്കാളിത്തത്തോടു കൂടി നടപ്പാക്കുക.
7. ആവശ്യമായ യന്ത്രോപകരണങ്ങൾ ലഭ്യമാക്കുന്നതിലേക്ക് കൃഷിഭവന്റേയും മറ്റ് ധനകാര്യ ഏജൻസികളുടേയും സഹായം തേടുക.
8. കർഷകർക്കു കുറഞ്ഞപലിശ നിരക്കിൽ വായ്പ ലഭ്യമാക്കുക.
9. രാസവളത്തിന്റേയും, കീടനിശിനികളുടേയും വില കുറച്ചുകൊണ്ടുവരിക.
10. കാർഷിക യന്ത്രോപകരണങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.
11. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് തോടുകളുടെ നിർമ്മാണത്തിന് ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തുക.

## ഗ്രാമസഭാനിർദ്ദേശങ്ങൾ

പുലിയൂർ പഞ്ചായത്തിൽ കൃഷിയോഗ്യമായ ഉദ്ദേശം 50 ഹെക്ടർ തരിശ് നിലങ്ങൾ കൃഷിചെയ്യാതെ കിടക്കുന്നു. ഇതിൽ 25 ഹെക്ടർ എങ്കിലും ആദ്യ പടിയായി കൃഷിചെയ്യുന്നതിന് കർഷകരുടേയും കർഷക തൊഴിലാളികളുടേയും, കൃഷി വകുപ്പിന്റേയും സംയുക്തമായ സംരംഭം ഇക്കാര്യത്തിൽ ആവശ്യമാണ്. ഇതുകൊണ്ട് ഉല്പാദനം വർദ്ധിപ്പിക്കുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യാൻ സാധിക്കും. തരിശായി കിടക്കുന്ന എല്ലാ കൃഷിയോഗ്യ നിലങ്ങളും ഘട്ടംഘട്ടമായി കൃഷിചെയ്യുവാൻ ഒരു തീവ്രയത്ന പരിപാടി തന്നെ ആവിഷ്ക്കരിക്കണം.

ഇലഞ്ഞിമേൽ ഭാഗത്തുനിന്നും ചെന്നിത്തലയ്ക്ക് പോകുന്ന P.I.P കനാലിന്റെ തെക്കിടത്തു താഴെ പാലത്തിന്റെ കിഴക്കുവശം പൈപ്പ് ലൈൻ പുഞ്ചയ്ക്ക് സമന്തരമായി സ്ഥാപിച്ചിരിക്കുന്നതിനാൽ വെള്ളം പമ്പു ചെയ്ത് മാറ്റുന്നതിനോ, പൈപ്പു ലൈന്റെ ചോർച്ച മൂലം 50 ഏക്കറിൽ കൂടുതൽ പുഞ്ച നിലത്തിലെ വെള്ളം വറ്റിച്ച് കൃഷിചെയ്യാൻ സാധിക്കുന്നില്ല. P.IP. വകുപ്പുമായി ബന്ധപ്പെട്ട് പ്രസ്തുത പൈപ്പ് ഉയർത്തി സ്ഥാപിക്കേണ്ടതാണ്.

ഇലഞ്ഞിമേൽ കൂട്ടുമെൽ പാലം മുതൽ P.I.P കനാൽ വരെ ഉണ്ടായിരുന്ന തോട് 2 മീറ്റർ വീതിയിലും, 1 മീറ്റർ താഴ്ചയിലും വീണ്ടും വെട്ടി ജലം കയറ്റുവാനും ഇറക്കുവാനുമുള്ള സൗകര്യവും ഉണ്ടാക്കിയാൽ ഒഴാട്, കോട്ടാത്തറ കിഴക്ക്, പഴക്കിനാംപറം പാടശേഖരങ്ങൾ വീണ്ടും കൃഷി ചെയ്യാൻ സാധിക്കും. P.I.P കനാലിന്റെ സ്ലൗട്ട് ൽ സന്ധിപ്പിക്കേണ്ടതാണ്. ഈ തോടിന് ഉദ്ദേശം 1 1/2 കി. മി. നീളം വേണ്ടിവരും താമരച്ചാലിൽ നിന്നും P.I.P കനാൽ വഴി കളീയ്ക്കൽ കുളം വഴി നെടുംചാൽ, മുണ്ടുചാൽ വഴി കൂരിത്തോട് വരെയുള്ള തോടിന്റെ ആഴം കൂട്ടുകയും 2 ഭാഗങ്ങളും കരിങ്കൽ ഭിത്തി കെട്ടി ആവശ്യമായ ഭാഗത്ത് ചീപ്പ് സ്ഥാപിച്ച് കളീയ്ക്കവരമ്പിലെ കലുങ്ക് പൊളിച്ച് പണുത് ജലസേചനത്തിന് യോഗ്യമാക്കേണ്ടതാണ്.

കരികുളം ചാലിന്റെ 4 ഭാഗവും കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കുക.

കരികുളം ചാൽ മുതൽ വടക്കോട്ട് തുലാക്കുഴി ചാൽ വഴി മൂന്നാം കലിങ്കുവഴി മുണ്ടു ചാലിൽ ചേരുന്ന തോട് ആവശ്യമായ ഭാഗങ്ങളിൽ സംരക്ഷണ ഭിത്തി കെട്ടി ചീപ്പ് സ്ഥാപിച്ച് ജലസേചനത്തിന് സൗകര്യപ്പെടുത്തുക. ഈ തോടിന്റെ പുനരുദ്ധാരണം കൊണ്ട് 300 ഏക്കർ തിലത്തിൽ ജലസേചനം സാധ്യമാകും.

ആലാ പുലിയൂർ പാടശേഖരങ്ങളിലെ നെൽകൃഷിക്കുവേണ്ടി വെള്ളം കയറ്റുവാനും ഇറക്കുവാനും പൂവണ്ണാമുറി കിഴക്കു വശത്തു നിന്നും തുടങ്ങി P.I.P കനാലിന് കുറുക്ക് കിഴക്കോട്ട് കരിപ്പാലത്തറപ്പടി വരേയും അവിടെ നിന്ന് നിലവിലുണ്ടായിരുന്ന ഉതിരാം തോട് നിർമ്മിച്ച് ജലസേചനത്തിന് സൗകര്യപ്പെടുത്തേണ്ടതാണ്. ഇതിന് ഉദ്ദേശം 2 കി. മി. നീളവും 1 മീറ്റർ വീതിയും 1 മീറ്റർ താഴ്ച്ചയും വേണ്ടിവരും. ഈ തോട് അവസാനിപ്പിക്കേണ്ടത് ആലാ റെൽവേ കുഴി (രണ്ടാം പാലം) തോട്ടിലേയ്ക്കാണ്. ഈ പദ്ധതി കൊണ്ട് പുലിയൂർ ആലാ പാടശേഖരങ്ങൾക്ക് ഇന്ന് അനുഭവപ്പെടുന്ന ജല ക്ഷാമം പരിഹരിക്കാൻ കഴിയും.

തോട്ടംകര ഇല്ലിമല തോടിന്റെ ഉതുംകുഴി പാലം മുതൽ ചിറയിൽപടി അമ്പാട്ട് പാലത്തിന്റെ ഭാഗത്തുചേരുന്ന തോട് ജലസേചനത്തിന് ഉപയോഗപ്രദമാക്കുന്നതിന് ആവശ്യമായ ഭാഗത്ത് വീതികൂട്ടിയും ആഴം വർദ്ധിപ്പിച്ചും പാർശ്വഭിത്തി കെട്ടിയും ജലസേചനത്തിന് സൗകര്യപ്പെടുത്തേണ്ടതാണ്. ഈ തോട് മുൻകാലങ്ങളിൽ നമ്മുടെ കൃഷിക്കാർ കാർഷിക ഉപകരണങ്ങളും മറ്റും കൊണ്ടുപോകുന്ന തോടായി ഉപയോഗിച്ചിരുന്നു. ഇപ്പോൾ പലസ്ഥലത്തും വളരെ വീതി കുറഞ്ഞും ആഴം കുറഞ്ഞും ജലസേചനത്തിന് പൂർണ്ണമായ സൗകര്യമില്ലാത്ത അവസ്ഥയായിരിക്കുന്നു. ഈ തോടിന്റെ പുനരുദ്ധാരണ പ്രവർത്തനം നടത്തിയാൽ പൂഴിച്ചിറ പടനിലം കരികുളം പാടശേഖരങ്ങളിലെ നിലങ്ങൾക്ക് പ്രയോജനപ്രദമായിരിക്കും. പ്രസ്തുത തോട് ഭൂമലതുണ്ടും തറപടി വഴി കടന്നുവരുന്ന പ്രധാനപ്പെട്ട ജലനിർഗ്ഗമന തോടാണ്.

ചരക്കത്തിൽ പാലംമുതൽ ചിറ്റാറ്റുവേലി പുഞ്ചവഴി അമ്പാട്ട് പടി വഴി മൂലേതോടുമായി സന്ധിക്കുന്ന ഭാഗത്ത് ചിറ്റാറ്റുവേലി പുഞ്ചയിലൂടെ കടന്നുപോകുന്ന തോടിന്റെ പുറം ബണ്ടുകൾ കരിങ്കൽ ഭിത്തികെട്ടി നിർമ്മിച്ചും പുഞ്ചയുടെ കിഴക്കുഭാഗത്തുള്ള ചീപ്പ് പുനരുദ്ധാരണം ചെയതും അമ്പാട്ടുപടിക്കലുള്ള മോട്ടോർ തറ കരിങ്കൽകെട്ടി ബലപ്പെടുത്തിയും 30 H. P ഉള്ള മോട്ടോറും പെട്ടിയും സ്ഥാപിച്ചു ജലനിർഗ്ഗമനത്തിന് സൗകര്യപ്പെടുത്തേണ്ടതാണ്. ഒരുപ്പുമാത്രം കൃഷിചെയ്യുന്ന ചിറ്റാറ്റുവേലി പുഞ്ചയിൽ ഈ പദ്ധതി നടപ്പാക്കുന്നതോടെ ഇരിപ്പുകൃഷി ചെയ്യുവാൻ കഴിയും. കൃഷിനിലങ്ങൾ തരിശിടുന്ന അവസ്ഥ ഉണ്ടാതിരിക്കും.

പമ്പാ ഇറിഗേഷൻ കനാലിന്റെ ചോർച്ചമൂലം എല്ലാസമയത്തും വെള്ളം കെട്ടികിടക്കുന്ന കൊട്ടാരത്തിൽ പടി പാടശേഖരം നാളുകളായി കൃഷിചെയ്യാതെ കിടക്കുന്നു. ജലം ഒഴുകി പോകേണ്ടതോട് പലഭാഗങ്ങൾ മണ്ണ് കയറി നിറഞ്ഞു ജലസേചനത്തിന് മാർഗ്ഗമില്ലാതായിരിക്കുന്നു. ഇല്ലിമല തോടിന്റെ തുണ്ടും തറപടിനെടുംതറപടി വഴി കടന്തോട്ടിൽ പാലത്തിന് അടിയിലൂടെ ഒഴുകുന്ന തോട് പുനരുദ്ധാരണ പ്രവർത്തനം നടത്തേണ്ടത് അത്യാവിശ്യമാണ്. ഈ തോടിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതോടെ വലിയൊരു പാടശേഖരം കൃഷിയോഗ്യമാക്കാൻ കഴിയും. ഇതിനോട് ചേർന്നുള്ള കൈത്തോടുകൾ ആയ ഭൂമലമൂഴിക്കൽ തോട് മയിലംതറ പേഴേതോട് എന്നിവയുടെ വീതിയും ആഴവും കൂട്ടി വെള്ളം ഒഴിഞ്ഞുപോകാൻ സൗകര്യം ഉണ്ടാക്കേണ്ടതാണ്. മടവീഴച ഉണ്ടാകുന്ന സ്ഥലങ്ങളിൽ ബണ്ട്നിർമ്മിക്കുകയും വേണം.

ഓർക്കോട്ട് ചാലിൽനിന്ന് ചെറുകോട്ട വരെ ഉദ്ദേശം 250 മീറ്റർ നീളത്തിൽ 4 മീറ്റർ വീതിയിലും തോടിന് ബണ്ട്കെട്ടി ബലപ്പെടുത്തേണ്ടതാണ്.

ഓർക്കോട്ട് ചാലിൽനിന്ന് നെടുംതറ കടന്തോട്ട് പാലം വഴിയുള്ള തോട് നിയമപ്രകാരമുള്ള വീതി കണ്ടുപിടിച്ച് വീതികൂട്ടിയും ആഴം വർദ്ധിപ്പിച്ചും സംരക്ഷണ ഭിത്തികെട്ടിയും ജലസേചനത്തിന് യോഗ്യമാക്കേണ്ടതാണ്.

പേരിശ്ശേരി അമ്പാട്ടുപാലത്തിന് പടിഞ്ഞാറുവശ ത്തുള്ള മൂലയിൽ തോടിന്റെ ഭാഗത്ത് മുൻപുണ്ടായിരുന്ന മോട്ടോർ സ്ഥാപിക്കുന്നതോടെപ്പം തന്നെ 1957 ൽ ഗവൺമെന്റിൽ നിന്നു പൊന്നിൽ വിലക്കുവാങ്ങിയ സ്ഥലം ഉപയോഗിച്ച് മൂലയിൽതോട് ചങ്ങനാട്ടുതറ പടി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കേണ്ടതാണ്. മൂലയിൽ തോട്ടിൽ 15 H.P യുള്ള മോട്ടോറും, പെട്ടിയും പറയും സ്ഥാപിച്ച് ജലസേചനത്തിന് സൗകര്യം ഉണ്ടാക്കേണ്ടതാണ്. വിസ്തൃതമായ ഒരു പാടശഖരം എന്നനിലയിൽ ഗ്രൂപ്പുഫാമിംഗിൽ ഉൾപ്പെടുത്തി പടനിലം പാടം എന്നറിയപ്പെടുന്നു. ഈ പാടശേഖരത്ത് പലപ്പോഴും കൃഷിക്ക് ജല ലഭ്യത കുറവുകൊണ്ട് ഉണങ്ങിപോകാറുണ്ട് പ്രസ്തുത തോട് 6 മീറ്റർ വീതിയിലും 1 കി. മി. നീളത്തിലും തോട് നിർമ്മിക്കേണ്ടതാണ്. ടി തോട്ടിൽ നിന്നും കോറോൺ ഭാഗത്തേക്ക് ഒരു കൈത്തോടും ഇതിന്റെ ഭാഗമായി നിർമ്മിക്കേണ്ടതാണ്. മെയിൻതോടിൽ കുറുകെ കണ്ണങ്കര പടിക്കൽ ഒരു പൈപ്പും കൾവർട്ടും സ്ഥാപിക്കേണ്ടതാണ്.

പേരിശ്ശേരി കാപ്പുചാലും, തേവേരിച്ചാലും, പുതുകുളങ്ങരച്ചാലും ജലസംഭരണത്തിനായി രൂപപ്പെടുത്തി ചുറ്റും ബണ്ട്കെട്ടി സംരക്ഷിക്കുക. ഈ ചാലുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന തോട് വീതികൂട്ടി താഴ്ത്തി ജലസേചന യോഗ്യമാക്കുക. തൻമൂലം ചിറ്റാറ്റു വേലി പുഞ്ചയും ചേർന്നു കിടക്കുന്ന വാര്യത്തു വടക്കുവശത്തുള്ള പാടശേഖരവും പലസ്ഥലങ്ങളിലും കൃഷിയോഗ്യമല്ലാതെ കിടക്കുന്നു. അധിക

ജലം കെട്ടിക്കിടക്കുന്നതാണ് കൃഷിചെയ്യാത്തതിന്റെ കാരണം. ഈ ജലം ഒഴുകി പോകുന്നതിനും കൃഷിക്ക് ആവശ്യമുള്ളപ്പോൾ ജലം കയറ്റികൊണ്ടു വരുന്നതിനും കഴിഞ്ഞാൽ ഈ പാടശേഖരങ്ങളിൽ കൃഷി ചെയ്യുവാൻ കഴിയും.

പേരിശ്ശേരി, ചുനക്കരകടവ്, കണ്ണാട്ടു തെക്കേതിൽ പടി പാടശേഖരത്ത് 3 മീറ്റർ വീതി 200 മീറ്റർ നീളംബണ്ടു നിർമ്മിച്ച് നിലവിലുള്ള തോടിന്റെ മിഖത്ത് 25 H.P. മോട്ടറും പെട്ടിയും പറയും സ്ഥാപിക്കുക.

പേരിശ്ശരി ഓർക്കോട്ടു ചാലിൽ നിന്നും നെടുന്തറ കടന്തോട്ടുപാലം വഴിയുള്ള തോട് വീതികൂട്ടി താഴ്ത്തി വെട്ടുന്നതോടൊപ്പം പേഴത്ത് മുക്കിൽ നിന്നും പടിഞ്ഞാറോട്ട് വരമ്പിനകം വരെയുള്ള തോടും തോനയ്ക്കാട്, മുതലക്കുഴി ചാലിൽനിന്ന് തെക്കോട്ട് ആറ്റിലേക്കുള്ള തോട് നിലങ്ങളെക്കാൾ താഴ്ന്ന് കിടക്കുന്നതിനാൽ ജലസേചനത്തിന് തീരെ സൗകര്യം ലഭിക്കുന്നില്ല. ആയതിനാൽ നിലങ്ങൾക്ക് സമാന്തരമായി തോടിന്റെ അടിനിരപ്പ് ഉയർത്തി ജലസേചനത്തിന് സൗകര്യം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

ഇലഞ്ഞിമേൽ, തടത്തിൽ പാടം, ഒഴാട്ടിൽ പാടം എന്നീ പാടങ്ങൾകൂടി 1 മീറ്റർ വീതിയിലും, 300 മീറ്റർ നീളത്തിലും തോട് നിർമ്മിക്കുക. ഇത് നിമിത്തം ജലസേചനത്തിനും, അധിക ജലം വറ്റിക്കുന്നതിനും കഴിയും. ഈ പണികൾ പൂർത്തീകരിച്ചാൽ 100 പറ നിലങ്ങളിലെങ്കിലും കൃഷി ചെയ്യുവാൻ കഴിയും.

വാഴക്കൂട്ടം ഭാഗത്തുകൂടി കടന്നുപോകുന്ന പൈപ്പ് സബ്കനാലിന്റെ നിലവിലുള്ള സ്ലോട്ടിൽനിന്നും പെരിയാംതറ കളപ്പുരപടിക്കു കിഴക്കുവശത്തുള്ള കിഴക്കുവശത്തുള്ള പാടശേഖരങ്ങൾക്ക് ജലസേചന സൗകര്യം വർദ്ധിപ്പിക്കുക. ഇപ്പോൾ ഈ പാടശേഖടത്ത് വിരിപ്പുകൃഷിയാണ് ചെയ്തുവരുന്നത്. വരൾച്ചസമയത്ത് നെൽച്ചെടികൾ കരിഞ്ഞുപോകാറുണ്ട്. ഈ പദ്ധതി നടപ്പാക്കിയാൽ ജലസേചന സൗകര്യം ഉണ്ടാക്കിയെടുക്കുവാൻ കഴിയും.

തുലാക്കുഴി ചാലിൽനിന്നും കിഴക്കോട്ട് 1 മീറ്റർ വീതിയിലും 50 സെ. മീ. താഴ്ച്ചയിലും തോട് വെട്ടി പൈപ്പ് കനാലിന്റെ ചീപ്പുള്ളഭാഗത്ത് യോചിപ്പിക്കുക. ഇതുമൂലം കരികുളം പാടശേഖരത്ത് നെൽകൃഷിക്ക് പ്രയോജനപ്രദമായിരിക്കും. തരിശായി കിടക്കുന്ന നിലങ്ങൾ കൃഷിചെയ്യുവാനും ഉല്പാദനം വർദ്ധിപ്പിക്കുവാനും കഴിയും.

താമരച്ചാൽ പാടശേഖരത്തിലെ കൃഷിക്ക് വളരെയധികം ബുദ്ധിമുട്ടായി ഇന്നുനിലനിൽക്കുന്ന പ്രശ്നം ചാലിന്റെ കരയ്ക്കുകൂടി കടന്നുപോകുന്ന പൈപ്പ് കനാലിന്റെ വെള്ളച്ചോർച്ചയാണ്. രണ്ടുപൂകൃഷി ചെയ്യാൻ കഴിയുന്ന ഈ പാടശഖരം വെള്ളം കെട്ടികിടക്കുന്നതു കാരണം ഒരുപ്പൂകൃഷി ചെയ്യുവാൻ പോലും ബുദ്ധിമുട്ടാവുന്നു. പൈപ്പ് കനാലിന്റെ ചോർച്ച അവസാനിപ്പിക്കുന്നതോടൊപ്പം തന്നെ താമരച്ചാലിന്റെ നിലവിലുള്ള ബണ്ടിൽ 10 കുതിരശക്തിയുള്ള മോട്ടോർ സ്ഥാപിച്ച് വെള്ളം പമ്പ്ചെയ്ത് കളയേണ്ടതാണ്.

കൊച്ചി പറമ്പ് റെയിവേക്രോസ് വഴി ഓവർ ബ്രിഡ്ജിന്റെ എടുത്തുള്ള വലിയ തോട്ടിൽ എത്തിക്കുക. ഈ തോട് 5 എടി താഴ്ച്ചയിലും 2 മിറ്റർ വീതിയിലും നിർമ്മിക്കേണ്ടതാണ്.

തോനയ്ക്കാട് കുറ്റിപ്പുറം മാലിയിൽ അവസാനിക്കുന്ന ചാത്തമേൽ കുറ്റിയിൽ നിന്നും പടിഞ്ഞാറോട്ട് കീച്ചേരിപ്പാടത്തേക്ക് ജലസേചനത്തിന് സബ്കനാൽ നിർമ്മിക്കുന്നതായിട്ടുണ്ട് ജലസേചനത്തിന് ഈ പദ്ധതി നടപ്പാക്കുന്നതാണെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

ഇലഞ്ഞിമേൽ പഴക്കിനാമ്പാറപാടത്തിന് തെക്കുവശം തടത്തിൽ പാട ശേഖരം, കോട്ടാത്തുപാടശേഖരം, ഈ പാട ശേഖരങ്ങളുടെയും കൃഷിചെയ്യുന്നതിന്, തടത്തിൽ പാടത്തിന്റെ പടിഞ്ഞാറേ അറ്റത്തുകൂടി തെക്കോട്ട് കോട്ടാത്തു പാടത്തു കൂടി താഴോട്ട് മണ്ണഞ്ചേരിൽ തോട്ടിൽ അവസാനിപ്പിക്കുന്ന തോട് ആവശ്യമായ ആഴത്തിലും വീതിയിലും വെട്ടി മണ്ണഞ്ചേരി ഭാഗത്ത് ഒരു പെട്ടിയും പറയും മോട്ടറും സ്ഥാപിച്ച് ജലസേജനത്തിന് ഉപയോഗപ്രദമാക്കണം.

പാ്ലച്ചുവട് കൊരണ്ടി ചാലിന്റെ വടക്കുഭാഗത്ത് നിലവിലുള്ള മോട്ടോർ തറ ബലപ്പെടുത്തിയും മേൽക്കൂരസ്ഥാപിച്ചും, 15 HP യുള്ള മോട്ടോർ സ്ഥാപിക്കുകയും നരച്ചമുട്ടം, നെടുംചാൽ ഭാഗത്തെ ജലം വറ്റിച്ച് പുഞ്ചകൃഷിക്ക് സൗകര്യമുണ്ടാക്കിക്കൊടുക്കുക.

കരികുളം ചാലിൽ നിന്ന് വടക്കോട്ട് തുലാകുഴിചാലിൽ എത്തുന്ന തോട് മുഖത്ത് ജലസേജനത്തിനും നിർഗ്ഗമനത്തിനും മോട്ടറും പമ്പ് സെറ്റും സ്ഥാപിക്കുകയും മണിയാത്തിൽ പടിക്കൽ നിന്നും കിഴക്കോട്ട് കരികുളം ചാലിന്റെ തോട്ടിലേക്ക് കൈത്തോട് നിർമ്മിക്കണം. ആയതിന് ഉദ്ദേശം 300 മീറ്റർ നീളത്തിൽ നിർമ്മിക്കണം.

ആലാ, പുലിയൂർ, പാടശേഖരത്ത് മഴക്കാലത്ത് അധികമായി കെട്ടിക്കിടക്കുന്ന ജലം റെയിൽവേ പാലത്തിന്റെ അടിയിലൂടെ ചാക്കപ്പൂട്ട് പാലത്തിന്റെ അടിയിൽക്കൂടി

പടിഞ്ഞാറോട്ട് മുൻ കാലങ്ങളിൽ ഒഴുകുമായിരുന്നു. എന്നാൽ കുളിക്കാം പാലം മുതൽ ഇടവങ്കാട് പള്ളി ജംഗ്ഷൻ വരെയുള്ള തോട് നികത്തിയിട്ടുള്ളതിനാൽ വെള്ളം ഒഴിഞ്ഞു പോകുന്നില്ല. അതുകാരണം കിഴക്കുവശത്തുള്ള കൃഷി ലശിക്കുന്നു. പഴയ ആറ് നിലം എന്നറിയപ്പെട്ടിരുന്ന ഈ പ്രദേശം നിലവിലുണ്ടായിരുന്നത് പുനസ്ഥാപിച്ച് ജലസേജനത്തിന് സൗകര്യമുണ്ടാക്കേണ്ടതാണ്.

പുലിയൂർ റെയിൽവേ പാലത്തിനു വടക്കുവശത്തുനിന്ന് നിർമ്മിച്ചിട്ടുള്ള തോട് കോയിത്തറവഴികടന്ന് കരികുളം ചാലിൽ നിന്നുള്ള തോടുമായി ബന്ധിക്കുന്നു. പ്രസ്തുത തോടിന്റെ 6 ാം വാർഡ് ഭാഗമായ കോട്ടാത്തറ വടക്ക് റോഡിന് കുറുകെ ഒരു കൽവർട്ട് (കലുങ്ക്) നിർമ്മിക്കേണ്ടതാണ്. ടി തോടിന്റെ വീതികുറഞ്ഞ ഭാഗം വീതികൂട്ടിയും, ആഴം വർദ്ധിപ്പിക്കുകയും ഉദ്ധാരണ ജോലികളും നടത്തേണ്ടതാണ്.

പേരിശ്ശേരി ഇഞ്ചക്കലോടിൽ തെക്കുഭാഗത്തുള്ള PIP കനാലിൽ നിന്ന് ചിറ്റാറ്റുവേലി പുഞ്ചയിലേക്ക് വെള്ളം ഒഴുക്കിവിടുന്നതിന് സൗകര്യപ്രദമായ രീതിയിൽ നിലവിലുള്ളതോട് വീതികൂട്ടി, ആഴം വർദ്ധിപ്പിച്ച് ജലസേജനയോഗ്യമാക്കുക. ബണ്ട് കെട്ടി പുഞ്ചയിലേക്ക് പോകുന്നതിന് വഴിയുണ്ടാക്കുക.

പേരിശ്ശേരി നെടുമംഗലം, നെടുമംഗലം വെസ്റ്റ് എന്നീ പാട ശേഖരങ്ങൾ ഏകദേശം 100 ഹെക്ടർ നിലം അനവസരത്തിലുള്ള കനാൽ ജലം മൂലം കൃഷി ചെയ്യുവാൻ കഴിയാത്ത അവസ്ഥയിൽ തരിശുകിടക്കുകയാണ്. ഈ ജലം ഒഴിഞ്ഞു പോകുന്നതിനുള്ള തോട് കടത്തോട്ടിൽ പാലത്തിന് അടിയിലൂടെയാണ്, ആയതുകൊണ്ട് കടത്തോട്ടു പാലം മുതൽ മുല്ലേലി കടവ് വരെയുള്ള തോടിന്റെ ഭാഗം പാർശ്വഭിത്തി കെട്ടിയും നിലത്തിന് സമാന്തരമായി കിടക്കുന്ന അധിക ജലം ഒഴുക്കി കളയുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകേണ്ടതാണ്.

ഓർക്കോട്ടു ചാലും, ആലംപെള്ളിചാലും, ജലസംഭരണികൾ എന്ന നിലയിൽ ചാലുകളുടെ ഉൾഭാഗങ്ങൾ സംരക്ഷണഭിത്തി കെട്ടി വെള്ളം നിറച്ചുനിർത്തി പാടശേഖരത്തെ കൃഷിക്ക് പ്രയോജനപ്പെടുത്തണം.

തുണ്ടംതറ കുഴിക്കു കുറുകെ 50 മീറ്റർ നീളത്തിൽ ബണ്ട് കെട്ടി ബണ്ടിനോടു ചേർന്ന് 10 HP മോട്ടറും പമ്പും സ്ഥാപിച്ച് ജലം പമ്പു ചെയ്തു കളഞ്ഞാൽ കൃഷിചെയ്യാതെ കിടക്കുന്ന പാടത്ത് കൃഷി ഇറക്കുവാൻ കഴിയും, കൂടാതെ തോട്ടിലൂടെ ഒഴുകുന്ന ജലം നിലത്തിലേക്ക് ഒഴുകാതെയും സംരക്ഷിക്കാം.

തോനയ്ക്കാട് തെക്കിടത്തു താഴെ മാളയേക്കൽ, തലച്ചേരിതെക്ക് എന്നീ പാട ശേഖരങ്ങൾ ജലസേജനത്തിന് നിർഗ്ഗമനത്തിനുമായി മോട്ടർ തറ സ്ഥാപിക്കുക. കൂടാതെ തറയിൽ തെക്കുവശത്തുള്ള ചീപ്പിന്റെ ഫൗണ്ടേഷൻ നിലവിവുള്ളതിൽ നിന്ന് കിളത്തി ആവശ്യമായിട്ടുള്ള ഷട്ടറുകൾ സ്ഥാപിക്കണം.

ഈ പണികൾ പൂർത്തീകരിക്കുന്ന തോട്, തറയിൽ തെക്കുഭാഗത്തുള്ള നിലങ്ങളിലെ ജലസേജനത്തിന് സൗകര്യമുണ്ടാക്കും. ഇപ്പോൾ ചീപ്പിന്റെ ഷട്ടറുകൾ താഴ്ന്നു കിടക്കുന്നതുകൊണ്ട് നിലത്തിൽ കയറ്റി നിർത്തിന്ന ജലം ആറ്റിലേക്ക് ഒഴുകിപോകുന്നു.

തറയിൽ തെക്കേപടി മുതൽ വടക്കോട്ട് മുതലക്കുഴിചാൽ കടന്ന് മാളിയേക്കൽ ചാലിൽ എത്തുന്ന തോടും, ബ്രാഞ്ചു തോടും, പോളചാൽ, ആലും കീഴ് തോടും ജലസേജനത്തിന് വെട്ടുക. തോടിന്റെ പാർശ്വങ്ങൾ പിച്ചിംഗ് കെട്ടിയും, ആഴം കൂട്ടിയും ഉപയുക്തമാക്കുക. കൃഷി ആവശ്യങ്ങൾക്കുള്ള വിത്തും വളവും മറ്റും എത്തിക്കുന്നതിന് തോടിന്റെ അരികിൽ ബണ്ട് കെട്ടി സ്ലാബ് സ്ഥാപിക്കുക.

കരിയേറ്റിൽ പുഞ്ചപാടത്ത് 200 മീറ്റർ തോട് വെട്ടി മോട്ടർ തറയും, മോട്ടറും, പമ്പും സ്ഥാപിച്ചാൽ പാടശേഖരം തരിശിടാതെ കൃഷിചെയ്യുവാൻ കഴിയും.

പൂപ്പുഴ ഭാഗത്ത് തോടു നിർമ്മിച്ച് ജലസേജനസൗകര്യം ഏർപ്പെടുത്തിയാൽ ഈ പ്രദേശത്ത് ഇരിപ്പൂവ് കൃഷി ചെയ്യാവുന്നതാണ്. പുലിയൂർ, നരച്ചമുട്ടം, നെടുംചാൽ പാടശേഖരങ്ങളിലെ കൃഷി ചെയ്യുന്നതിന് ആവശ്യമായ ഭാഗത്ത് കൈതോട് നിർമ്മിച്ച് ജലസേജലത്തിന് സൗകര്യം ഉണ്ടാകുന്നതോട് ഈ പാട ശേഖരങ്ങളിൽ കൃഷി വിജയകരമായി നടത്താൻ കഴിയും.

വാഴകൂട്ടം കലുങ്കിന് തോക്കുവശം (വില്ലത്തിൽ പടിക്ക് കിഴക്ക്) ഒരു ഷട്ടർ സ്ഥാപിച്ച് നെടും ചാൽ പാടത്തേക്ക് ഒഴുകുന്ന അധിക കനാൽ ജലം തടയുക. ഇതിലൂടെ നെൽച്ചെടികൾക്കുണ്ടാകുന്ന രോഗങ്ങൾ കുറെ ഒഴിവാക്കുവാൻ കഴിയും, ജലം കെട്ടികിടക്കുന്നതു കാരണം പലതരത്തിലുള്ള കീടങ്ങൾ നെൽചെടികളെ ബാധിക്കുന്നു. പുലിയൂർ ഓർക്കോട്ട് ചാൽ മുതൽ കുരണ്ടി ചാൽ വരെ തോട് വെട്ടുക. തോടിന്റെ ആവശ്യമായ ഭാഗങ്ങൾ കരിങ്കൽ സംരക്ഷണ ഭിത്തി കെട്ടുക. ഇങ്ങനെ നിർമ്മിക്കുന്ന തോടിന്

കുറുകെ ടാക്ടറും മറ്റു വാഹനങ്ങളും പാടശേഖരങ്ങളിൽ എത്തുന്നതിന് ആവശ്യമായ കോൺക്രീറ്റ് സ്ലാബ് സ്ഥാപിക്കണം. ഇപ്പോൾ ഈ പാടത്ത് കൃഷിചെയ്യുന്നതിനോ ചെയ്ത കൃഷിയുചെ വിളവ് എടുക്കുവാനും വളരെ ബുദ്ധി മുട്ടുന്നു. വാഹനം കടന്നു ചെല്ലുവാനുള്ള ബുദ്ധിമുട്ടാണ് കാരണം. ഇതു കാരണം കൃഷിച്ചിലവ് വളരെ കൂടി പോകുന്നു.

കുരണ്ടി ചാൽ മുതൽ വടക്കോട്ട് പാണ്ടനാട് പഞ്ചായത്ത് അതിർത്തിവരേയും, അവിടെനിന്ന് പാണ്ടനാട് പഞ്ചായത്ത് തോട് നിർമ്മിച്ച് കൂരിതോട്ടിൽ എത്തിച്ചാൽ വടപുറം പാടശേഖരം ഗ്രൂപ്പുഫാമിംഗ് കൃഷി വിജയകരമായി നടത്താൻ കഴിയും, കുരണ്ടിചാലിൽ നിന്ന് പുലിയൂർ പഞ്ചായത്തിന്റെ ഭാഗം ഉദ്ദേശം ഒരു കി. മി. ദൂരം വരും. ഈ തോടിന്റെ ആവശ്യമായ ഭാഗത്ത് സൈഡ് കെട്ടി സംരക്ഷിക്കണം. തോടു നിർമ്മാണം പൂർത്തിയാകുമ്പോൾ തോടിന്റെ ഇരു വശങ്ങളിലേക്കും ട്രാക്ടറും, വിത്തും വളവും മറ്റു എത്തിക്കുന്നതിന്, വാഹനങ്ങൾ കടന്നു പോകുന്നതിനും കോൺക്രീറ്റ് സ്ലാബ് സ്ഥാപിക്കണം.

പുലിയൂർ താമരചാലിന് ചുറ്റും വർഷങ്ങൾക്ക് മുമ്പ് ബണ്ട് നിർമ്മിച്ചിട്ടുള്ളതും, കാലപഴക്കവും, സംരക്ഷണകുറവും, മൽസ്യം പിടിക്കുന്നവരുടെ ഉപദ്രവവും കാരണം പല ഭാഗങ്ങളും ഇന്ന് പൊളിഞ്ഞ് പോയിട്ടുള്ളതും ആണ്. ചാലിന് ചുറ്റുമുള്ള 35 ഏക്കറോളം വരുന്ന പുഞ്ചപാടം കൃഷിചെയ്യുവാൻ ബുദ്ധിമുട്ട് ആയിരുക്കുന്നു. അതുകൊണ്ട് പഞ്ചായത്ത് അധീനതയിലും ഉടമസ്ഥതയിലുമുള്ള ചാലിന്റെ പുറം ബണ്ട് നിർമ്മിക്കേണ്ടതാണ്. ഈ പണി പൂർത്തിയാകുമ്പോൾ ഈ പാട ശേഖരത്തെ അധിക ജലം ചാലിന്റെ ബണ്ടിൽ സ്ഥാപിക്കുന്ന മോട്ടർ ഉപയോഗിച്ച് ചാലിലേക്ക് വിടുവാനും കഴിയും.

പുലിയൂർ പാടശേഖരത്ത് (പടിഞ്ഞാറ്റും തറ) നിർമ്മിച്ചിട്ടുള്ള തോട് വടക്കോട്ട് പൊതുകുളമായ തുണ്ടിയിൽ കുളവുമായി സംയോജിപ്പിക്കുക. ഇതിന് ഉദ്ദേശം 150 മീറ്ററിൽ കൂടുതൽ ദൈർഘ്യം ഉണ്ടാകില്ല. തുണ്ടിയിൽ കുളങ്ങരെ ആവശ്യമായ ശക്തിയുള്ള മോട്ടറും പമ്പു സെറ്റും സ്ഥാപിക്കുക. ഈ തോട് മുൻ നിദ്ദേശത്തിൽ ഉള്ള പൂവണ്ണാമുറി കിഴക്ക് ഭാഗത്തുനിന്നും തുടങ്ങുന്ന കൈ തോടുമായി ചേരുന്നതാണ്.

പുലുയൂർ കരിപ്പാലത്തറ പടിക്ക് വടക്കുവശമുള്ള PIP സബ് കനാലിൽ നിന്ന് ഉള്ള സ്വൗട്ടിൽ നിന്ന് തോട് നിർമ്മിച്ച് ചിറയ്ക്കകത്തുകൂടി തെക്കോപടിവരെ ഒരു തോട് നിർമ്മിക്കുക. ചിറയ്ക്കകത്തു പാടത്ത് വരൾച്ച സമയത്ത് ജലം ലഭ്യമല്ല എന്നുള്ള ബുദ്ധി മുട്ട് കാലങ്ങളായി നിലനിൽക്കുന്നു. ആയതിന് പരിഹാരമാർഗ്ഗമായി തോടു നിർമ്മാണം ആവശ്യമാണ്.

ആലാ, പാണ്ടനാട്, സബ് കനാലിന്റെ പുലിയൂർ സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ചിന്റെ പടിഞ്ഞാറുഭാഗത്ത് റോഡ് കുറുകെ പോകുന്ന ഭാഗത്ത് കനാലിന് കിഴക്കോട്ടൊരു സ്വൗട്ട് നിർമ്മിച്ച് മണലിതറ മല്ലെപ്പെള്ളി പടി റോഡിന്റെ വടക്കുവശം അരികിലൂടെ ജലം കൊണ്ടു പോകാവുന്നതാണ്. ഈ കനാലിന്റെ കുറച്ചു ഭാഗത്ത് ലവൽ അല്ലാതെ പണികഴിപ്പിച്ചതു കാരണം താഴോട്ടു വെള്ളം ഒഴുകാതെ ഇരുവശങ്ങളിലേക്കും പോകുന്നു. ഇതിനു പരിഹാരം കാണേണ്ടതാണ്.

പുലിയൂർ പാടത്തുകൂടി കടന്ന് ഇടശ്ശേരിപടി, കരിക്കുളം, ചിറയിൽ പടിക്കൽ പോകുന്ന PIP സബ് കനാലിന്റെ പടിഞ്ഞാറും തറയ്ക്ക് തെക്കുവശത്തുനിന്നും തുണ്ടിയിൽ കുളത്തിലേക്ക് നിർമ്മിച്ചിട്ടുള്ള തോടിന്റെ അവശേഷിക്കുന്ന കോൺക്രീറ്റ് പണികൾ പൂർത്തീകരിക്കുക.

പുലിയൂർ പഞ്ചായത്തിലെ വിസ്തൃതമായ പാടശേഖരത്തിലെ കൃഷിക്ക് ആവശ്യമായി വരുന്ന അത്യുല്പാദന ശേഷിയുള്ള നെൽ വിത്തുകളും, കീടനാശിനികളും, രാസവളങ്ങളും, കളനാശിനിയും, കീടനാശിനിതളിക്കുന്നതിനുള്ള പമ്പ് എന്നിവയും കൃഷി ഭവൻ വഴി അർഹതപ്പെട്ടവർക്ക് സൗജന്യനിരക്കിൽ കൊടുക്കേണ്ടതാണ്.

പുലിയൂർ ഗ്രമ പ്രദേശത്തെ നാളികേര കൃഷിക്കാരെ വളരെ ദോഷകരമായി ബാധിച്ചിരിക്കുന്നത് തെങ്ങിന്റെ രോഗമാണ്. പഞ്ചായത്തിൽ ധാരാളമായി നാളികേരകൃഷി മുഖ്യതൊഴിലായി സ്വീകരിച്ചിരിക്കുന്ന കർഷകർ ഉണ്ട് തെങ്ങിന്റെ രോഗം മൂലം നാളികേര ഉല്പാദനം ഗണ്യമായി കുറഞ്ഞു വരുന്നു. രോഗം ബാധിച്ച് കായ്ഫലം ഇല്ലാത്ത തെങ്ങുകൾ വെട്ടിമാറ്റുന്നതിന് നഷ്ടപ്രതിഫലമായി ഓരോതെങ്ങിനും 500 രൂപാ വീതവും, രോഗം വരാതിരിക്കുവാൻ നാളികേര ഗവേഷണകേന്ദ്രത്തിന്റെ സഹായത്തോടു കൂടി കീടനാശിനിപ്രയോഗം നടത്തേണ്ടതാണ്. അതിനാവശ്യമായ പമ്പ് സെറ്റ് കേരസംരക്ഷണസമിതി വിതരണം ചെയ്യേണ്ടതാണ്.

പ്രകൃതിക്ഷോഭം മൂലം, വിളകൾ നശിച്ചുപോയാൽ നഷ്ടപരിഹാരം ലഭിക്കുന്നതിന് യഥാസമയം പ്രീമിയം കൃഷിക്കാരെക്കൊണ്ട് അടപ്പിച്ച് വിളകൾ നിബന്ധമായും ഇൻഷ്വർ ചെയ്യിക്കേണ്ടതാണ്. ആയതിന് ആവശ്യമായ പ്രചരണപ്രവർത്തനവും, നിർദ്ദേശങ്ങളും കൃഷിഭവൻ വഴി നൽകേണ്ടതാണ്.

പഞ്ചായത്തിലെ പാടശേഖരങ്ങൾ കൃഷി യോഗ്യമാക്കി ഉഴുന്നതിന് പാടശേഖര സമിതിക്ക് സബ്സിഡിയോടുകൂടി ഒരു ട്രാക്ടർ ആവശ്യമാണ്. വർദ്ധിച്ചു വരുന്ന കൂലിച്ചിലവും, പൂട്ടു കൂലിയും എല്ലാം കൂടി കർഷകൻ ബുദ്ധിമുട്ടുന്നു. പാടശേഖര സമിതിയുടെ പേരിൽ ഒരു ട്രാക്ടർ ലഭിച്ചാൽ ഇന്നു നൽകികൊണ്ടിരിക്കുന്ന കൂലിയിൽ നിന്ന് കുറെ ആശ്വാസം ലഭിക്കും. ആയതു കൊണ്ട് പേരിശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ലഭിക്കുന്നതുനുള്ള നടപടി സ്വീകരിക്കണം.

കൊട്ടാരം പാട ശേഖരത്തിനു ചുറ്റുമുള്ള നിലങ്ങൾക്കും ജലസേജനത്തിനായി നിലവിലുള്ള PIP കനാലിൽ നിന്നും സബ് കനാൽ നിർമ്മിക്കുക. ഇതിന്റെ നിർമ്മാണം പാടശേഖര കമ്മറ്റി രൂപീകരിച്ച് കാഡാ പദ്ധതി അനുസരിച്ച് നിർമ്മിക്കുക.

തരിശായികിടക്കുന്ന ചിറ്റാറ്റുവേലി പുഞ്ച കൃഷി ചെയ്യുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും അതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉള്ള നടപടി പദ്ധതി കാലത്ത് മുൻഗണനനൽകി നടപ്പാക്കണം. തരിശുനിലം കൃഷി ഇറക്കുന്നതിന് കർഷക സമിതിയും കാർഷിക വികസന സമിതിയും തൊഴിലാളികളുമായി കൂട്ടായി ആലോചിച്ച് ഉചിതമായ തീരുമാനത്തിൽ എത്തിച്ചേരണം. ആയതിലേക്ക് പഞ്ചായത്തു കമ്മിറ്റി ആവശ്യമായ നടപടി സ്വീകരിക്കണം.

നെടുമംഗലം വെസ്റ്റ് നെല്ലുല്പാദന സമിതിയിൽപ്പെട്ട റെയിൽവേകോളനിക്കു കിഴക്കുവശം വരമ്പിനകം വിസ്തൃതമായ പാടശേഖരം കൃഷിചെയ്യാൻ കഴിയാതെ പായലും, കരിംകൂവളവും വളർന്ന് കയറിയിട്ടുള്ളതിനാലും, നിലത്തിലൂതെയുള്ള തോട് നിലത്തിനേക്കാൾ ഉയർന്ന് ഒഴുകുന്നതാണ് പ്രധാനകാരണം. പേരേത്ത് ജംഗ്ഷനിൽനിന്നും വരമ്പിനകം നിലം വരെ തോട് ആഴവും വീതിയും കൂട്ടുക. പേരിശ്ശേരി ചെറുകോട്ട പാടശേഖര മാക്കുക. ഈ പാടത്ത് ഇപ്പോൾ കൃഷി ഇറക്കിയാൽ വരൾച്ച ഉണ്ടാകുമ്പോൾ കൃഷി നഷ്ടമാകുന്ന സ്ഥിതി വിശേഷം നിലനിൽക്കുന്നു. അത് ഒഴിവാക്കപ്പെടേണ്ടതാണ്. കുറഞ്ഞ ചിലവിൽ ഇവിടെ ജലസേചന സൗകര്യം ഉണ്ടാക്കുവാൻ കഴിയും.

പാണ്ടനാട് P.I.P ബ്രാഞ്ച് കനാലിലെ വടക്കോട്ടുള്ള പാണ്ടവൻപാറ ഉപകനാൽ 400 മീറ്റർ നീളത്തിലും ആവശ്യമായ വീതിയിലും കിഴക്കോട്ട് നീട്ടി കൃഷിക്ക് ജലം ലഭ്യമാക്കാവുന്നതാണ്. ഈ ജലസേചന നിർമ്മാണ പ്രവർത്തനം കാഡ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്നതാണ്.

പേരിശ്ശേരി നെടുത്തറ പടിക്കലും പാറപ്പട്ടു മുക്കിലും ഓരോ ഇലക്ട്രിക്ക് മോട്ടോറുകൾ സ്ഥാപിച്ച് ചുറ്റുമുള്ള പാശേഖരത്തിന് ജലസേചന സൗകര്യം വർദ്ധിപ്പിക്കേണ്ടത് പദ്ധതിക്കാലത്ത് ആവശ്യമാണ്.

ഇലഞ്ഞിമേൽ പുലിയൂർ പ്രദേശമായ 2,3,4,5 വാർഡുകളുമായി ബന്ധപ്പെട്ട് 5000 പറ പുഞ്ചയും, വിരിപ്പുമായിട്ടുള്ള നിലം കൃഷിക്ക് ഉപയുക്ത മാക്കുന്നതിലേക്കുള്ള താമരച്ചാൽ കൃഷി ജലസേചന പദ്ധതിപ്രദേശത്ത് P.I.P പ്രോജക്റ്റ് കനാൽ, കൈത്തോട് നിർമ്മിക്കൽ, ചാലുകളുടെ ചുറ്റു ബണ്ട് നിർമ്മിക്കൽ, മെയിൻ തോട് അറ്റകുറ്റ പണികൾ തീർക്കുക, മോട്ടോർ സ്ഥാപിക്കുക, ചീപ്പുകൾ സ്ഥാപിക്കുക.

പുലിയൂർ കുളിക്കാം പാലം ഭാഗത്തു കൂടി പദ്ധതി പ്രദേശത്തിന്റെ കിഴക്കു വടക്ക് അതിർത്തിയിൽക്കൂടി കടന്നു പോകുന്ന ഝ.ഘ.ഝ കനാലിലൂടെ കടത്തിക്കൊണ്ടു പോകുന്ന വെള്ളം ഏതാണ്ട് 50 ശതമാനവും പദ്ധതി പ്രദേശങ്ങളിലെ പുഞ്ച നിലങ്ങളിലെ കൃഷികൾ നശിപ്പിക്കുന്ന സ്ഥിതിയാണ് ഉണ്ടായികൊണ്ടിരിക്കുന്നത്. വിരിപ്പു നിലങ്ങളിലൂടെ കടന്നു പോകുന്ന തോട് അശാസ്ത്രീയമായ രീതിയിലാണ് പണികഴിപ്പിച്ചിട്ടുള്ളത്. നിലങ്ങളിലെ ജലസേചനത്തിന് നിർമ്മിച്ചതോട് നിലത്തിനേക്കാൾ വളരെ താഴ്ന്ന് ഒഴുകുന്നു. കൃഷിക്ക് വെള്ളം ലഭ്യമല്ലാത്തതിനാൽ കർഷകർ ബഹുഭൂരിപക്ഷവും, നിലങ്ങൾ തോണ്ടി കിളത്തി തെങ്ങുകൾ വെച്ചിരിക്കുന്നു. ഇതിനുപരിഹാരം ഇനിയുമെങ്കിലും കണ്ടെത്തേണ്ടത് അത്യാവശ്യമാണ്. ടി പദ്ധതി പ്രദേശത്ത് താമരചാലിന്റെ തെക്കു കിഴക്കേഭാഗത്തുനിന്ന് 2 അടി വീതിയിൽ 3 അടി താഴ്ചയിൽ ഒരു കൈതോട് വെട്ടി വടക്കു പടിഞ്ഞാറ് മുടക്കിൽ ഭാഗത്തുവരെ നിർമ്മിക്കുകയും, ടി തോടിന്റെ ഇരുവശങ്ങളും കോൺക്രീറ്റ് ചെയ്തു ബലപ്പെടുത്തുകയും വേണം.

പുഞ്ച നിലങ്ങളിൽ കൊള്ളുന്ന വെള്ളം താമരചാലിൽ കൊള്ളിക്കുവാൻ സാധിക്കും ആയതിലേക്ക് താമരചാലിന്റെ ചുറ്റുമുള്ള ബണ്ട് കെട്ടി സംരക്ഷിക്കണം. പടിഞ്ഞാറോട്ട് ചാക്കപ്പൂട്ടിൽ ഭാഗത്തേക്ക് നിർമ്മിച്ചിട്ടുള്ള തോടിന്റെ മുന്തിക്ക് (ചാലിൽ നിന്ന് തുടങ്ങുന്ന ഭാഗത്ത്) നിലവിലുള്ള മോട്ടർ തറ സംരക്ഷിച്ചും, മോട്ടർ വെച്ചും തോടിന്റെ അറ്റ കുറ്റ പണികൾ തീർത്തും, മെയിൻ തോട്ടിലൂടെ, ആറുനിലം ഭാഗത്തും, പുത്തൂർ ഭാഗത്തും ഓരോ ചീപ്പും നിർമ്മിച്ചും, നെടും ചാലിലും, നരച്ചമുട്ടം ഭാഗത്തുകൂടി കടന്നു പോകുന്ന തോട്ടിലൂടെ കുരണ്ടിചാലിലും അവിടെനിന്നും

മൂങ്ങാചാലിലൂടെ പാണ്ടനാട് അതിർത്തിയായ കൂരിതോട്ടിലേക്ക് ജലം എത്തിക്കുക. ഈ പദ്ധതി നടപ്പാക്കുന്നതോടെ 5000 പറ നിലം പൂർണ്ണമഅയും കൃഷിക്ക് ഉപയുക്തമാക്കി മാറ്റുവാൻ കഴിയും. ഉദ്ദേശം 1000 കർഷക കടുംബങ്ങൾക്കും 400 തൊഴിലാളികൾക്കും കൂടുതൽ തൊഴിലവസരവും വർദ്ധിപ്പിക്കുന്നതിനും, ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കഴിയും. ചെറിയ പദ്ധതികളുടെ നിർദ്ദേശിച്ചിരിക്കുന്ന ആവശ്യങ്ങൾ ഒരു പദ്ധതിയായിട്ടാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് ആവർത്തനം തോന്നാം.

തോനക്കാട്ടു് വിരുപ്പു് നിലത്തിൽ പച്ചക്കറി കൃഷിചെയ്യുവാൻ ജലസേചനത്തിനു വേണ്ടി പമ്പു സെറ്റോ മറ്റ് ജലസേചന സൗകര്യങ്ങളോ ചെയ്തുകൊടുക്കണ്ടതാണ്. ഏറ്റവും കൂടുതൽ പച്ചക്കറി കൃഷി ചെയ്തുവരുന്ന പ്രദേശമെന്ന നിലയിൽ ഈ പ്രദേശത്തിന് പ്രാധാന്യം നല്കി ജലസേജനത്തിന് ആവശ്യമായ പദ്ധതി നടപ്പിലാക്കണം.

വോണാട്ടു ചിറ കണിയേചാൽ പാടശേഖരത്ത് വെള്ളകെട്ട് ഉള്ളതിനാൽ ഇപ്പോൾ കൃഷി സാദ്ധ്യമല്ല. ഈ പ്രദേശത്ത് കെട്ടികിടക്കുന്ന അധിക ജലം ഒഴുക്കിവിടുന്നതിനും ഈ പാടത്ത് കൃഷി നടത്തുന്നതിനും സൗകര്യം ചെയ്തുകൊടുക്കണ്ടതാണ്.

തോനയ്ക്കാട്ടു് പള്ളിയുടെ കിഴക്കുഭാഗത്തു നിന്ന് കിഴക്കോട്ടു് മാളയേക്കൽ കുഴിവരെ റോഡിന്റെ അരികിലൂടെ ചെറിയ കനാലോ പൈപ്പോ സ്ഥാപിക്കണം.

കരിപ്പുറം മാലിയിൽ നിന്ന് പേരുരേത്ത് ഭാഗത്തേയ്ക്ക് ഒരു ചെറിയ തോടു് നിർമ്മിക്കുന്നത് ഇരിപ്പൂവു് കൃഷിക്കും ഇതര കൃഷിക്കും ആവശ്യമാണ്.

മാളിയേക്കൽ കുഴിയിൽ നിന്നും തെക്കോട്ടും പടിഞ്ഞാറോട്ടും നിലവിലുള്ള ജലസേചന തോട്ടിൽ കോൺക്രീറ്റ് സ്ലാബു് സ്ഥാപിക്കണ്ടത് ആവശ്യമാണ്.

പൊതുചാലിൽ നിന്നും, കണ്ണാട്ടിൽ കിഴക്കുവശം നിലവിലുള്ള തോടിന്റെ വീതികൂട്ടണം.

തെക്കിടത്തുതാഴെ പാലത്തിന് പടിഞ്ഞാറുവശമുള്ള തോട് നികന്നു പോയതിനാൽ തെക്കിടത്തു താഴെ നിന്നും മോട്ടോർ സ്ഥാപിച്ച് വെള്ളം പമ്പ് ചെയ്തു ഒഴുക്കുന്നതിന് തടസമായിരിക്കുന്നു. ബുധനൂർ പഞ്ചായത്തിന്റെ ഭാഗം കൂടി വരുന്ന തോടിന്റെ ഭാഗവും ആഴം വർദ്ധിപ്പിക്കണ്ടതായുട്ടുണ്ട്.

ഇലഞ്ഞിമേൽ കാടൻമാവിന് വടക്കവശമുള്ള നിലത്തിൽ കൃഷിചെയ്യാതെ കിടക്കുന്നു. ആയത് ജലസേചനത്തിനുള്ള ബുദ്ധിമുട്ടാണ്. കാടമ്മാവിലുള്ള പൊതുകുളം താഴ്ത്തി ജലസേചത്തിന് സൗകര്യമുണ്ടാക്കി കൊടുക്കണ്ടതാണ്.

ഇലഞ്ഞിമേൽ പ്രദേശത്തെ പാട ശേഖരങ്ങൾ ഒഴാട്ടു്, പഴിക്കിനാംപറ,കോട്ടത്തറ കിഴക്ക് ഗ്രൂപ്പ് ഫാവിങ്ങ് നടപ്പാക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു.

കർഷകർക്കും കർഷക ത്തൊഴിലാളികൾക്കുമായി കുറ്റിമുല്ല കൃഷി ചെയ്യുവാൻ ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യൂ. 2 സെന്റ് മുതൽ 10 സെന്റ് വരെ ഭൂമി ഉള്ളവരെ തെരഞ്ഞെടുക്കുക. ആയതിന് 2 ാം വാർഡിൽ തന്നെ തല്പരരായ 20 കുടുംബങ്ങളെ തെരഞ്ഞെടുത്ത് ആവശ്യമായ നിർദ്ദേശങ്ങളും, ചെടിയും, പരിശീലനവും നൽകണം. പച്ചക്കറി, എള്ള്, പയറ്, നിലക്കടല, എന്നീ മൂന്നാം വിളകളുടെ നല്ലയിനം വിത്തുകൾ കൃഷിഭവനിലൂടെ സൗജന്യമായി കൃഷിക്കാർക്ക് വിതരണം ചെയ്യണം.

സബ്സിഡി നിരക്കിൽ നല്ലയിനം തെങ്ങും തൈകൾ വിതരണം ചെയ്യേണ്ടതാണ്. പുലിയൂർ പാലച്ചുവട് ജ്ഞാന പ്രദായിനി ഗ്രന്ഥശാലയുടെ മുൻവശത്തുകൂടി വടക്കോട്ട് ചരുവപ്പടിക്കൽ പുത്തൻവീടുവരെയുള്ള 300 മീറ്റർ നീളത്തിൽ കിഴക്കു ഭാഗം സൈഡ് കെട്ടി വടപുറം പാടശേഖരത്തിലേയ്ക്ക് കൃഷി ആവശ്യത്തിന് വാഹനത്തിൽ സാധനങ്ങൾ എത്തിക്കുന്നതിന് റോഡ് നിർമ്മിച്ച് യാത്രാ സൗകര്യം ഉണ്ടാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ചുമതലയിലും നിയന്ത്രണത്തിലുള്ള കാഞ്ഞിൽക്കാട്ടിൽ കുളം ആഴം കൂട്ടിയും, മുൻകാലത്ത് കെട്ടിയിരുന്ന കരിങ്കൽ ഭിത്തികൾ ഇടിഞ്ഞുപോയിട്ടുള്ളതിനാൽ അവയുടെ പുനരുദ്ധാരണം നടത്തിയും, കുളത്തിനോട് ചേർന്നുകിടക്കുന്ന പാടശേഖരങ്ങൾക്ക് ജലസേചനത്തിന് സൗകര്യം വർദ്ധിപ്പിക്കാം. കുളത്തിന്റെ വടക്കു ഭാഗത്തുള്ള തോടും വെട്ടി വൃത്തിയാക്കുക. കുളത്തിന്റെ പടിഞ്ഞാറ് അരികിലൂടെ വടക്കുവശത്തുള്ള പാടശേഖരത്തിലേക്ക് യാത്രാ സൗകര്യം ഉണ്ടാക്കണം. പാടശേഖരത്തിലേക്ക് വിത്തും, വളവും, ട്രാക്ടറും കൊണ്ടുപോകുന്നതിന് സൗകര്യം ഇല്ല.

പുലിയൂർ വടപുറം പാടശേഖരത്തിലെ കർഷകരുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് മുൻപ് പൊതുജന സഹകരണത്തോടു് M.P. ഫണ്ട് ഉപയോഗിച്ചും ഭാഗീകമായി പൂർത്തീകരിച്ചിരിക്കുന്ന ബണ്ട് ആ പ്രദേശത്തെ

കൃഷിക്കാർക്ക് വളരെ സഹായകരമാണ്. എന്നാൽ ഇപ്പോൾ മഴക്കാലത്ത് വെള്ളം കയറി ബണ്ട് മുങ്ങുന്നതുകൊണ്ട് യാത്രാ സൗകര്യം ഇല്ല. അതുകൊണ്ട് ബണ്ട് മണ്ണിട്ട് കിളത്തുകയും ആവശ്യമുള്ള ഭാഗത്ത് കലിങ്ക് സ്ഥാപിക്കുകയും വേണം. ഈ ബണ്ടിന് 950 മീറ്റർ നീളം വരും. ബണ്ടിന്റെ പൂർത്തീകരണം പുലിയൂർ, ബുധനൂർ, പാണ്ടനാട് പഞ്ചായത്തിലെ കർഷകർക്ക് പ്രയോജനപ്രദമായിരിക്കും. ഈ പദ്ധതി നടപ്പാക്കുന്നതിലേക്ക് ചെങ്ങന്നൂർ ഇറിഗേഷൻ ആഫീസിൽ നിന്ന് 56,14973 രൂപായുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കഴിഞ്ഞിരിക്കുന്നതായി മനസ്സിലാക്കുന്നു. നബാഡ് (Nabad) ആണ് ഈ പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതു നടപ്പാക്കുവാൻ പഞ്ചായത്ത് ശ്രദ്ധിക്കണം.

പുലിയൂർ 5 ാം വാർഡ് കർഷക സമിതിക്ക് ഒരു ട്രാക്ടർ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ആയതിലേക്ക് കൃഷിഭവനിൽ നിന്ന് സബ്സിഡിയോട് കൂടി ലഭിക്കണം. കൃഷിഭവനിൽ നിന്ന് ആവശ്യമായ മാർഗ്ഗനിർദ്ദേശവും സഹായവും ലഭിക്കണം.

ആയുർവേദ ആശുപത്രി ജംഷനിൽ നിന്നും കിഴക്കോട്ടുള്ള വഴി ചെന്ന് അവസാനിക്കുന്നത് P.I.P കനാലിലേക്കാണ്. കനാലിന്റെ കിഴക്കു ഭാഗത്ത് പുലിയൂർ പാടശേഖരവും ആലാ പഞ്ചായത്തിന്റെ ഭൂരിഭാഗവും വരുന്നതും ആണ്.

കർഷകർ കൃഷിക്കുള്ള സാധനങ്ങൾ എത്തിക്കുന്നത് ഇപ്പോൾ തലച്ചുമടായിട്ടാണ്. ഇത് വളരെ കൂലിച്ചിലവ് ഉണ്ടാക്കുന്നു. ഇത് ഒഴിവാക്കുവാൻ കനാലിന് കുറുകെ വാഹനങ്ങൾക്ക് പോകത്തക്കതുപോലുള്ള കോൺക്രീറ്റ് സ്ലാബ് സ്ഥാപിക്കണം. പദ്ധതിക്കാലത്തുതന്നെ ഈ പാടങ്ങളിൽക്കൂടി ആലായ്ക്ക് റോഡ് വെട്ടുവാൻ കർഷകർ ആലോചിക്കുന്നു. ആയതിനെ സഹായകരമായി സ്ലാബ് സ്ഥാപിക്കുന്നത് മുൻകരുതലായിരിക്കും.

പഞ്ചായത്തിൽ കേടുവന്ന ഉദ്ദേശം 10,000 തെങ്ങുകൾ വെട്ടിമാറ്റി പകരം തെങ്ങുകൾ വെയ്ക്കേണ്ടതായിട്ടുണ്ട്. രോഗവ്യാധ ഉണ്ടായപ്പോൾ മരുന്നു തളിക്കുകയും കൃഷി ഓഫീസിൽ നിന്നുള്ള എല്ലാ നിർദ്ദേശങ്ങളും സ്വീകരിച്ചുകൊണ്ട് പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടും രോഗം പൂർണ്ണമായും ഒഴിവാക്കുവാൻ കഴിയുന്നില്ല. അങ്ങനെയുള്ള തെങ്ങുകൾ വെട്ടിമാറ്റുകയല്ലാതെ മറ്റു മാർഗ്ഗമില്ല. കർഷകർക്കുണ്ടാവുന്ന നഷ്ടപ്രതിഫലമായി തെങ്ങ് ഒന്നിന് 500 രൂപാ ക്രമത്തിലും പകരം നല്ലയിനം തെങ്ങുംതൈകൾ കൃഷിഭവൻ വിതരണം ചെയ്യേണ്ടതാണ്. ആലാ, പുലിയൂർ പഞ്ചായത്തിലൂടെ നിർമ്മിച്ചിട്ടുള്ള P.I.P പാണ്ടനാട് ബ്രാഞ്ച് കനാലിന്റെ പുലിയൂർ പാടത്തേയ്ക്ക് കൊടുത്തിട്ടുള്ള സ്പൗട്ടുകൾ എല്ലാം ഇപ്പോൾ നെൽകൃഷിക്ക് ഉപയോഗ ശൂന്യമാണ്. കനാലിന്റെ സ്പൗട്ടുകൾ നിർമ്മിച്ചിരിക്കുന്നത് പലതും തെങ്ങിൻ പറമ്പുകളുടെ പാർശ്വങ്ങളിലാണ്. അത് മാറ്റി സ്ഥാപിക്കണം. കൂടാതെ കനാലിന്റെ അരികിൽ നിന്നും മണ്ണ് എടുത്തുമാറ്റുന്നതുകൊണ്ട് ചോർച്ച ഉണ്ടാകുന്നു. കനാൽ സ്ഥലം കൈയ്യേറിതവരുടെ പക്കൽ നിന്നും സ്ഥലം തിരിച്ചെടുക്കേണ്ടതാണെന്നും ഗ്രാമ സഭയുടെ റിപ്പോർട്ടിൽ കാണുന്നു.

തെങ്ങു കൃഷിചെയ്യുന്ന കർഷകർക്ക് കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡിൽ നിന്നും ഇപ്പോൾ നൽകി കൊണ്ടിരിക്കുന്ന ധന സഹായം വർദ്ധിപ്പിക്കുക. കൃഷി ചെയ്യുവാൻ ഉദ്ദേശിക്കുന്ന എല്ലാ കർഷകർക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കണം. ഇതിന്റെ അപേക്ഷ ഇപ്പോൾ ചില ആളുകളിൽ മാത്രം ഒതുങ്ങുന്നു.ഈ സ്ഥിതിക്ക് മാറ്റമുണ്ടാകണം. അപേക്ഷയും അറിയുപ്പും കൃഷിഭവൻ വഴിയോ ഗ്രാമപഞ്ചായത്തുകളിലൂടെയോ യാഥാർത്ഥ കർഷകന് ലഭ്യമാകണം

പഞ്ചായത്തിൽ തെങ്ങ് കൃഷിചെയ്യുന്നതിന് കർഷകർക്ക് ഒരു ഏക്കറിന് 10000 രൂപാവീതം ധനസഹായം ചെയ്യണ്ടതാണ്. ഇങ്ങനെയുള്ള ഗ്രാന്റുകൾ കൃഷിഭവൻ വഴിയോ, പഞ്ചായത്തുകൾ വഴിയോ കർഷകർക്ക് ലഭ്യമാക്കണം.

കാർഷികവികസന ബാങ്കിൽ നിന്ന് ഇതിനുള്ള ലോൺ ലഭിക്കുകയും വേണം. പാടശേഖരങ്ങൾ കുത്തിപൊക്കി കെങ്ങ് വയ്ക്കുന്ന പ്രവണതയും നിരുസാഹപ്പെടുത്തണം.

പേരിശ്ശേരി പല്ലനപ്പടി, കോളനിവഴി അമ്പാട്ടുപടിക്കലേക്ക് ഈ തോട് വീതികൂട്ടിവെട്ടി ജലസേജനത്തിന് സൗകര്യം വർദ്ധിപ്പിക്കണം.

ആഴകത്ത് തോട്ടിൽ നിന്നും ചിന്നാറ്റുവേലി പുഞ്ചയിലേക്ക് ആവശ്യമുള്ള സന്ദർഭത്തിൽ വെള്ളം എത്തിക്കുവാൻ കോട്ടത്തോട്ടിൽ വന്നെത്തുന്ന കൈത്തോട് നിർമ്മിക്കേണ്ടതാണ്.

തോനയ്ക്കാട്ട് മാതുയേക്കൽ കുഴിയുടെ തെക്ക് ഭാഗത്തുള്ള കണിയാൻ വടക്കുവടം വല്ലിത്തറ തെക്ക് ഭാഗത്തു ആറ്റിലേക്ക് ഒഴുകുന്ന തോട് ആഴംകൂട്ടിയും, ജലസേചനത്തിന് സൗകര്യം വർദ്ധിപ്പിക്കണ്ടതാണ്. തോടിന്റെ ആവശ്യമായ ഭാഗത്ത് സ്ലാബ് സ്ഥാപിക്കണം കൃഷിക്ക് ആവശ്യമായ

കാര്യങ്ങൾ എത്തിച്ചുകൊടുക്കുന്നതിന് ഇത് സഹായകമായിരിക്കും.

ചോതുച്ചാലിൽ കനാൽ ജലം ഊർന്ന് ഇറങ്ങുന്നതുകാരണം കൃഷിചെയ്യാതെകിടക്കുന്നു. ഇരു ഭാഗങ്ങളും കര ഭൂമിയും ആണ്. ചാലിന്റെ നടുവിലൂടെ ഉള്ള തോട് വർഷങ്ങളായി മണ്ണ് ഒലിച്ചു് ഇറങ്ങി നികന്നിരിക്കുന്നു. ആയത് താഴ്ത്തി പോളച്ചാലിൽ നിന്നും അധികജലം കിഴക്ക് ഭാഗത്തുള്ള പുഞ്ചതോട്ടിലേക്ക് എത്തിച്ച് അതുവഴി മാതുയേക്കൽകുഴിയിലേക്ക് ഒഴുക്കിവിടാം. ഇങ്ങനെയുള്ള പണിപൂർത്തികത മാൻപോളച്ചാൽ ഇരുപ്പൂവ് കൃഷിചെയ്യുവാൻ കഴിയും.

തോനയ്ക്കാട് 1 ാം വാർഡിൽ തറയിൽ തെക്കേപടി മുതൽവടക്കോട്ട് മുതലക്കുഴി ചാൽ കടന്ന് മാളിയേക്കൽ ചാലിൽ എത്തുന്നു. അതിനോടു് അനുബന്ധിച്ചുണ്ടുകേണു. ബ്രാഞ്ച് തോടു് പോളച്ചാൽ ആലും കിഴ്തോടും എന്നിവ ജലസേജനത്തിനായിവെട്ടുക.

ഇലഞ്ഞിമേൽ കൃഷ്ണൻ ക്ഷേത്രത്തിന് വടക്കുവശത്തുനിന്നും ചെറിയനാട്ടേയ്ക്ക് പോകുന്ന റോഡിന്റെ കയറ്റത്തിന് കിഴക്കുവളത്തായി മെയിൻ കനാലിന് കൊടുത്തിരിക്കുന്ന കൈവഴിയിൽ റോഡിൽക്കൂടി ഉപയോഗശൂന്യമായി ഒഴുകിപോകുന്നവെള്ളം റോഡിന്റെ തെക്ക്വശത്ത് പോകത്തക്കവണ്ണം കനാൽ നീട്ടി കൃഷിക്ക് ജലം ഉപയോഗപ്രദമാക്കാം.

തോനയ്ക്കാട് പള്ളിയുടെ വടക്കുവശത്ത് കിഴക്കോട്ടുപോകുന്നതായ റോഡിൽ കുറ്റിയിലയ്യത്ത് വീടിന് പടിഞ്ഞാറുവശം വെള്ളം കെട്ടികിടക്കുന്നതിനാൽ ആ സൗകര്യം ഉണ്ടാകുന്നതോടോപ്പം രോഗാണുക്കൾ കൊതുക് ഇവ പെരുകുന്നു. ഒഴുകിപ്പോകുന്നതിന് പൈപ്പ് സ്ഥാപിക്കുക.

കീച്ചേരിപാടത്തിന് നെല്ലുല്പാദക സമതി നിലവിലുണ്ട്. ഈ സമിതിക്ക് സ്വന്തമായി ഒരു മോട്ടോർ തറ ആവശ്യമാണ്. ആയത് നിർമ്മിക്കുന്നതിന് നടപടി ഉണ്ടാകണം.

അച്ചൻകോവിൽ ആറിന്റെ അതിർത്തിവരെയുള്ള ഝ.ഘ.ഝ കനാൽ 500 മീറ്റർ കൂടി നീട്ടി നിർമ്മിച്ചാൽ കീച്ചേരിപാടത്തേക്ക് ജലസേജനത്തിന് സൗകര്യമുണ്ടാക്കാം. ഇപ്പോൾ നിലവിലുള്ള ചീപ്പിന്റെ തറനിരപ്പ് ആവശ്യത്തിന് ഉയർത്തി പാടശേഖരത്തിലെ ആവശ്യമുള്ള ജലം ഒഴുകിപോകുന്നത് തടയുവാൻ കഴിയും.

പുലിയൂർ P.I.P കനാലിന്റെ പല ഭാഗങ്ങളും ഇടിഞ്ഞുപോകുകയും തേച്ചിരിക്കുന്ന ഭാഗങ്ങൾ ഇളകിയും പോയിരിക്കുന്നതു കാരണം കനാലിലൂടെ ഒഴുകുന്ന ജലത്തിന്റെ 25% പാഴായിപോകുന്നു. താഴ്ന്ന പ്രദേശങ്ങളിലേക്ക് ഊർന്ന് ഇറങ്ങുന്നു. അടിയന്തിരമായി മെയിന്റെൻസു് നടത്തണം. ഇതുമൂലം പരിസരത്തുള്ള നിലത്തിൽ ജലം കെട്ടികിടക്കുന്നു.

മൂന്നാം വാർഡിൽ പ്രവർത്തിക്കുന്ന കേരസംരക്ഷണ സമതിക്ക് മതിയായ സഹായവും, പ്രവർത്തനത്തിന് മൂലധനവും നല്കി സഹായിക്കണം. തെങ്ങിന്റെ വർദ്ധിച്ചുവരുന്ന രോഗബാധതടയുന്നതിന് പ്രദേശപരമായി പ്രവർത്തിക്കുന്ന കേര സമതികൾക്ക് കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷിഭവനുമായി യോജിച്ച് സഹായങ്ങൾ എത്തിച്ചു കൊടുക്കുന്നതിനും കഴിയും.

പോത്തലക്കാട്ട് കോളനിക്ക് പടിഞ്ഞാറുവശം കാവർത്തിതറയ്ക്ക് വടക്കുവശം, നെടുംചാലിന്റെ തെക്കുവശവുമായികനാലിന്റെ മുകളിലൂടെ യാത്രാ സൗകര്യത്തിന് സ്ലാബ് വാർത്തിടുക,ട്രാക്ടർ, ഉഴവുമാടുകളെയും കൃഷിക്കാവശ്യമായിവരുന്ന എല്ലാ വാഹന സൗകര്യങ്ങൾക്കും ഈ വഴി ആവശ്യമാണ്.

തൊഴിൽ രഹിതരായ അഭ്യസ്ഥവിദ്യരെ സഹായിക്കുന്നതിന് വേണ്ടി ഉപയോഗിക്കുകയും,അവരെ കൃഷിമേഖലയിൽ പ്രവർത്തിക്കുവാൻ സന്നദ്ധരാക്കുകയും ചെയ്യുന്നതിന് വേണ്ടി കൃഷിഭവനിലൂടെ രൂപീകൃതമായിരിക്കുന്ന യുവജന കർഷകസമിതിയ്ക്ക് നിർദ്ദേശങ്ങളും ക്യാമ്പുകളും,സെമിനാറുകളും,പഠന പര്യടനങ്ങളും സംഘടിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നതിന് കാർഷികവികസന സമതിക്ക് ബാദ്ധ്യതയുണ്ട്.

പുലിയൂർ 3 ാം വാർഡിലൂടെ കടന്നുപോകുന്ന കനാലിന്റെ ഭാഗമായ പോത്തലക്കാട്ട് കോളനിക്ക് കിഴക്കുവശം ഒരു ഷട്ടർ സ്ഥാപിക്കണം, ആര്യാട്ടിൽപടിക്കൽ നിർമ്മിച്ചിട്ടുള്ള ഷട്ടർ തുറന്ന് ബുധനൂർ പാടശേഖങ്ങളിലേക്ക് വെള്ളം കൊണ്ടുപോകുന്നത് ഇത് പലപ്പോഴും കർഷകർക്കിടയിൽ അഭിപ്രായ ഭിന്നതക്ക് കാരണമാകുന്നു. ബുധനൂർ പാടത്ത് വെള്ളം ആവശ്യമുള്ളപ്പോൾ പുലിയൂർ പുഞ്ചയ്ക്ക് ജലം വറ്റിക്കുകയായിരിക്കും. കനാലിലൂടെ ഊർന്ന് ഇറങ്ങുന്ന ജലം പുഞ്ചകൃഷിക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ഇവിടെയും കനാലിന്റെ ചോർച്ച അവസാനിപ്പിക്കുവാൻ അടിയന്തിര നടപടി P.I.P. യിൽ നിന്ന് ഉണ്ടാകണം.

പേരിശ്ശേരി തുണ്ടു തറപടി മുതൽ അമ്പാട്ട് പാലം വരെയുള്ള തോട്ടിൽ കൂടി വെള്ളം ഒഴുകുന്നത് തടസ്സമായി നില്കുന്ന കൈതകളും, മറ്റ് ചെടികളും വെട്ടിമാറ്റി ജലസേജനത്തിന് സൗകര്യം ഉണ്ടാക്കണം

ചിറമേൽപ്പടി പാലത്തിന്റെ ഭാഗത്ത് ചീപ്പ് പണികഴിപ്പിച്ച് മുകളിൽ നിന്ന് വരുന്ന വെള്ളം വേനൽകാലത്ത് കരികുളം പാടശേഖരത്തിന് ലഭ്യമാകാത്തക്കരീതിയിൽ നിലവിലുള്ള കനാലിലൂടെ ഒഴുകി കരികുളം പാടത്തിനും പുലിയൂർ ഇടശ്ശേരിപ്പടി നിലത്തിനും പ്രജോജനപ്പെടുത്താവുന്നതാണ്. ആയതിന് കനാലിന്റെ സൈഡുകൾ കെട്ടി ചിലഭാഗങ്ങൾ കിളത്തണ്ടതായിവരും. ഈ പ്രോജക്റ്റ് പൂർത്തീകരിച്ചാൽ

നവീനരീതിയിലുള്ള കൃഷിരീതികൾ നടപ്പാക്കുന്നതിലേക്ക് (ഗ്രൂപ്പ് ഫാമിഗ്) ഉൾപ്പെടെ കൃഷിവകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ സേവനം കർഷകർക്ക് നേരിട്ട് ലഭ്യമാക്കുന്നതിന് ഉള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം.

കൃഷിചിലവ് കുറച്ചുകൊണ്ടുവരുന്നതിലേക്ക് നെൽ പാടങ്ങളിൽ വാഹനം എത്തിചേരുകയും കൃഷി ആവശ്യങ്ങൾക്കുള്ള സാധനങ്ങൾ നിലങ്ങളിൽ എത്തുകയും ഉല്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ കൃഷിക്കാരുടെ വീടുകളിൽ എത്തിക്കുന്നതിനും കഴിയണം. കൃഷി നിലങ്ങളിലേക്ക് കഴിയാവുന്ന ഭാഗങ്ങളിൽ റോഡുകൾ നിർമ്മിക്കണം.

പേരിശ്ശേരിപടിവരെയുള്ള P.I.P. സബ്കനാൽ അമ്പാട്ട് ചാലിലേക്ക് നീട്ടേണ്ടതാണെന്ന് നിർദ്ധേശിച്ചിരിക്കുന്നു. പേരൂർകുളങ്ങര ക്ഷേത്രത്തിന് വടക്കുഭാഗത്തുകൂടി നിർമ്മിച്ചിട്ടുള്ള സബ്കനാൽ ചിറ്റാറ്റുവേലി പുഞ്ചയിലേക്ക് ജലസേചന സൗകൃത്തിനായി അറ്റകുറ്റപണികൾ നടത്തേണ്ടതാണ്. മഠത്തും പടി, കളീയ്ക്കൽപടി P.I.P. സബ്കനാൽ പടനിലം ഭാഗത്തേക്ക് എത്തിച്ച് പണിനടത്തണം, ഇതിന്റെ നിർമ്മാണം കാഡാ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ചിറ്റാറ്റുവേലി പുഞ്ചയിലേക്ക് കാച്ചാണിക്കശ്ശേരി പടിക്കൽ നിന്നുള്ള ഓട മെയിൻതോട്ടിലേക്ക് നീട്ടി നിർമ്മിക്കേണ്ടതാണ്.

പേരിശ്ശേരി ൧൦ം വാർഡിലെ കർഷകരെ യോജിപ്പിച്ച് പാടശേഖര അടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള മാർഗ്ഗനിർദ്ധേശങ്ങളും വിത്തും, വളവും കാലാകാലത്ത് കൃഷിഭവൻ വഴി വിതരണം ചെയ്യുന്നതിന് ഉറപ്പുവരുത്തണം.

## നാണ്യവിളകൾ, പച്ചക്കറി

രോഗംബാധിച്ച തെങ്ങുകൾക്ക് പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടും കേടുമാറാത്ത തെങ്ങുകൾ വെട്ടിമാറ്റുന്നതിനും പകരം തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതിനും റീപ്ലാന്റെ പദ്ധതി പുലിയൂർ ഗ്രാമത്തിൽ നടപ്പാക്കുവാൻ പദ്ധതിയുടെ ആദ്യവർഷത്തിൽ തന്നെ ആരംഭിക്കേണ്ടതാണ്. ഇതിനുള്ള നിർദ്ധേശം എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിരിക്കുന്നു.

പച്ചക്കറി കൃഷിചെയ്യുന്ന കർഷകർക്ക് ആവശ്യമായ വിത്തും, വളവും, കീടനാശിനികളും കൃഷിക്കാർക്ക് സൗജന്യനിരക്കിൽ കൃഷിഭവൻ വഴി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കൃഷിചെയ്യുന്നതിന് കൂടുതൽ ധനസഹായം ലഭിക്കുന്നതിന (ലോൺ, സബ്സിഡി) ഷെഡ്യൂൾ ബാങ്കുകൾ, സഹകരണ ബാങ്ക്, കാർഷിക വികസനബാങ്ക് ഇവയുടെ നിയന്ത്രണങ്ങൾ ലഘൂകരിക്കുക, പലിശകുറയ്ക്കുക. കായംകുളത്തുള്ള തോട്ടവിള കേന്ദ്രത്തിൽനിന്ന് രോഗപ്രതിരോധ ശക്തിയുള്ള തെങ്ങിൻതൈകൾ ക്കൃഷിഭവന്റെ ചുമതലയിൽ കർഷകർക്ക് ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തണം.

ഉല്പാദനശേഷി വർദ്ധിച്ച കമുകിൻതൈകൾ എല്ലാ കർഷകർക്കും വിതരണം ചെയ്യോണ്ടതാണ്. ഇത് സൗജന്യമായി നൽകുന്നതിന് പദ്ധതിയിൽ തുക കണ്ടെത്തേണ്ടതാണ്.

## റബ്ബർകൃഷി

പുലിയൂർ ഞ്ചായത്തിന്റെ 9,8,6,7,5,3,2,1 എന്നീ വാർഡുകളിൽ കൃഷി ചെയ്തുവരുന്നു. തെങ്ങ് കൃഷി ചെയ്തുവരുന്ന പല പ്രദേശങ്ങളും, രോഗം മൂലം വെട്ടിമാറ്റി പകരം റബ്ബർ കൃഷിചെയ്യുന്നുണ്ട്. ഇപ്പോൾ കുറെ ആദായകരമായ കൃഷി എന്നനിലയിൽ കർഷകർ ഈ രംഗത്തേക്ക് കൂടുതൽ താല്പര്യം പ്രകടിപ്പിച്ചുതുടങ്ങിയിരിക്കുന്നു. മാത്രവുമല്ല റബ്ബർ പ്ലാന്റ് ചെയ്യുന്നതിന് റബ്ബർബോർഡിൽ നിന്ന് ധാരാളം സഹായവും ലഭിക്കുന്നു. തൈകളും, വളവും സബ്സിഡിയോട്കൂടി ലഭിക്കുന്നു. ഈ നിലയിലുള്ള സഹായങ്ങൾ റബ്ബർ കൃഷിചെയ്യുവാൻ പ്രോത്സാഹനമാകുന്നു. ഉല്പന്നങ്ങൾക്ക് ന്യായമായ തറവില നിലനിർത്താനും, ഉല്പന്നങ്ങളുടെ സംസ്ക്കരണത്തിന് ആവശ്യനായ അസംസ്കൃതവസ്തുക്കൾ ലഭ്യമാകുകയും ചെയ്യണം

## തെങ്ങ്

തെങ്ങ് കൃഷി ഇപ്പോൾ നിലവിലുണ്ടായിരുന്നതിൽ നിന്ന് ഗണ്യമായി കുറഞ്ഞുവരുന്നു. രോഗം ബാധിച്ച് ഉല്പാദനം കുറഞ്ഞതെങ്ങുകൾ വെട്ടിമാറ്റുന്നതിനുള്ള നിർദ്ധേശവും, നഷ്ടപ്രതിഫലമായി നല്കേണ്ടതും നിർദ്ധേശിച്ചിട്ടുണ്ട്. പരിഹാരം എന്ന നിലയിൽ ആത്യുല്പാദനശേഷിയുള്ളതും, രോഗപ്രതിരോഗശക്തി കൂടുതലുള്ള തൈകൾ വെച്ചുപിടിപ്പിക്കുന്നതിനും. ജലസേചന സൗകര്യം ഏർപ്പെടുത്തുകയും, ജൈവവളങ്ങൾ കൃത്യസമയത്ത് നൽകുകയും ചെയ്താൽ ഇപ്പോഴുള്ളതിൽ കൂടുതൽ ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിയും. അതിനുള്ള ധനസഹായം കർഷകർക്ക് സബ്സിഡി നിരക്കിൽ നൽകുവാൻ കഴിയണം. ഈ പ്രോജക്റ്റ് കൃഷിഭവന്റെ ചുമതലയിൽ ഉറപ്പുവരുത്തുകയും നടപ്പാക്കുകയും വേണം.

## ഇടവിളകൾ

നമ്മുടെ ഗ്രാമത്തിൽ ഇടവിളകളായി മരച്ചീനി, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ വ്യാപകമായി കൃഷിചെയ്തുവരുന്നു. ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ന്യായവിലക്ക് വിറ്റഴിക്കുന്നതിന് പ്രാദേശിക സഹകരണ സംഘങ്ങൾ വഴിയോ, സർക്കാർ ഏജൻസികളിലൂടെയോ ഇതിനുള്ള സംവിധാനം ഉണ്ടാകണം.

## സുഗന്ധവ്യഞ്ജനങ്ങൾ

റിസോഴ്സ് ഗ്രൂപ്പിന്റെ നിർദ്ദേശവും ഗ്രാമസഭകളുടെ റിപ്പോർട്ടിലും എല്ലാ പ്രദേശങ്ങളിലും ചുരുക്കമായിട്ടാണെങ്കിലും ഇഞ്ചി, മഞ്ഞൾ, കാപ്പി, കൊക്കോ, ജാതി, ഗ്രാമ്പൂ, കച്ചോലം, കറുവ കൃഷിചെയ്തു വരുന്നു. വാണിജ്യ ആവശ്യങ്ങൾക്കായി കൃഷിചെയ്യുന്നത്. ഇവയിൽ ചിലതുമാത്രമാണ് കുടുംബാവിശ്യങ്ങൾക്ക് വേണ്ടി കൃഷിചെയ്യുന്നത്. ഇഞ്ചി, മഞ്ഞൾ ഇവയ്ക്ക് കൃഷിഭവൻ സബ്സിഡി നൽകുന്നുണ്ട്. മറ്റ് വ്യജ്ഞനങ്ങൾ കൃഷിചെയ്യുവാൻ പ്രോത്സാഹിപ്പിക്കണം, സബ്സിഡിയും, വളവും നൽകി സഹായിക്കണം.

## പച്ചക്കറികൃഷി

മുൻകാലത്തെ അപേക്ഷിച്ച് ആവശ്യമായ ചിലമാറ്റങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. പ്രത്യക സീസണിൽ ചില നിലത്തിലും തകിടിപ്രദേശങ്ങളിലും വ്യവസായിക അടിസ്ഥാനത്തിൽ കൃഷിചെയ്തുവരുന്നു. തോനയ്ക്കാട്, ചാത്തമേൽ. പൂഴിച്ചിറ, ഇലഞ്ഞിമേൽ, വാഴക്കൂട്ടത്തിന് വടക്കുഭാഗം, മാന്താനത്തുഭാഗം, പൂക്കലക്കാട്ട് എന്നിവിടങ്ങളിലും മറ്റും തകിടിപ്രദേശങ്ങളിലും കൃഷിചെയ്യുവാൻ തയ്യാറാകുന്നു.

വസ്തു പാട്ടത്തിനെടുത്തും മറ്റുമാണ് കൃഷിചെയ്യുന്നത്. നമ്മുടെ സംസ്ഥാനത്തും, പുലിയൂർ പഞ്ചായത്തിലും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന പച്ചക്കറി ക്ഷാമത്തിന് പരിഹാരം എന്ന നിലയിൽ കൂടുതൽ കൃഷിയിടങ്ങളിലേക്ക് വ്യാപിപ്പിക്കണം. ഓരോ ചെറുതുണ്ടു ഭൂമികളിലും താമസങ്ങൾ ഉണ്ടെന്നുള്ളതു കൊണ്ട് ഭവനങ്ങളുടെ ചുറ്റുമുള്ള സ്ഥലത്ത് കഴിയുന്ന പച്ചക്കറികൃഷി ചെയ്യുവാൻ കഴിയണം. ഇതിന് വീട്ടമ്മമാരുടെയും മഹിളാസംഘടനകളുടെയും സേവനം പ്രയോജനപ്പെടുത്തണം. പദ്ധതിക്കാലത്ത് ഈ രംഗത്ത് മുന്തിയ പരിഗണന നൽകണം. ഇപ്പോൾ ചെയ്തുവരുന്ന കൃഷി പാവൽ, പടവലം, വെള്ളരി, മത്തൻ, തടിയൻ, ചിര, വഴുതന, വെണ്ട, പയർ എന്നിവയാണ്. ഈ രംഗത്ത് തല്പരരായിവരുന്ന ആളുകൾക്ക് ആവശ്യമായ വിത്തും, വളവും, കീടനീശിനിയും, ജലസേചനത്തിന് പമ്പ്സെറ്റ് ഇവ സബ്സിഡിയോട് കൊടുക്കുന്നതിന് പദ്ധതിയിൽ തുക വകയിരുത്തുകയും കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുകയും വേണം.

സമഗ്രവികസന പദ്ധതിയിൽ പുലിയൂർ പഞ്ചായത്ത് ഉൾപ്പെടുത്തി സംസ്ഥാന ഗവൺമെന്റ് പുലിയൂർ ഗ്രാമത്തിലെ ഓരോ വീടിന്റേയും സ്വന്തമായ ആവിശ്യത്തിനുള്ള പച്ചക്കറി ഉല്പാദിപ്പിക്കുവാൻ അതത് കുടുംബങ്ങളിൽ കഴിയണം. പഞ്ചായത്ത് അടിസ്ഥാനത്തിലും, നിയോജകമണ്ഡല അടിസ്ഥാനത്തിലും കമ്മറ്റികൾ ഉണ്ടാക്കി ഓരോകുടുംബത്തിനും കിറ്റ് സൗജന്യമായി നൽകണം. ഇതിൽ അത്യുല്പാദനശേഷിയുള്ള വിത്തുവളും, വളങ്ങളും ഉണാകണം. മാത്രമല്ല പൊതുപ്രവർത്തകർ, മഹിളാസംഘടനകൾ വീടുവീടാന്തരം കയറി കൃഷി നിരീക്ഷിക്കാനും, പ്രോത്സാഹിപ്പിക്കുവാനും കഴിയണം. ഈ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെയും, കൃഷിഭവന്റെയും ചുമതലയിൽ നടക്കണം. ഇന്നുള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ കഴിയും

## മണ്ണൊലിപ്പ് നിവാരണ പദ്ധതി

പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ് പരിശോധിക്കുമ്പോൾ മനസ്സിലാകും മഴക്കാലത്ത് നമ്മുടെ ഗ്രാമത്തിൽ ഭൂമിയുടെ ഉപരിതലത്തിൽ നിന്ന് മണ്ണ് ഒഴുകിപ്പോകുന്നത് കാണാം. പഠനപര്യടനത്തിലൂടെ അലുഭവപ്പെട്ട വസ്തുക്കൾ ചൂണ്ടിക്കാട്ടുന്നു. നൂറ്റവൻപാറ,

തിങ്കളാമറ്റം വടക്ക് ഭാഗം, പോങ്ങുനിൽക്കുന്നതിൽ ഭാഗം, മലയിൽകുന്നത്ത് ഭാഗം, ബ്ലോക്ക് ഓഫീസിന് പടിഞ്ഞാറ് വേലംമല, പോത്തലക്കാട്, ഇലഞ്ഞിമേൽ, പടിഞ്ഞാറ്റുംതറ കോളനി, കോയിത്തറ, ഇടയശ്ശേരി കോളനി, പൊറ്റമേൽകോളനി, ഈ പ്രദേശങ്ങളിൽ ചിലസ്ഥലങ്ങളിൽ മുൻകാലം മുതൽ മണ്ണൊലിപ്പ് തടയുന്നതിനുള്ള നടപടി സ്വീകരിച്ചതായി രേഖകളിൽ നിന്ന് മനസിലാക്കുന്നു. കോട്ടാന്തറ കോളനി പ്രദേശവും മണ്ണൊലിപ്പിന്റെ സാഹചര്യം കണ്ടുവരുന്നു. ഇത് പരിഹരിക്കുന്നതിന് സോയിൽ കൺസർവേഷൻ ഓഫീസ് മുഖേന നടപടി പൂർത്തിയാക്കണം. പദ്ധതിവിഹിതത്തിൽ തുക വകയിരുത്തണം. പല രീതിയിൽ മണ്ണൊലിപ്പ് തടയാം, കാലിത്തീറ്റ പുല്ല് അരികുകളിൽ വെച്ച് പിടിപ്പിക്കുക, കയ്യാല പിടിക്കുക, കല്ല് അടുക്കി കയ്യാലപിടിക്കുക, തട്ടുഭൂമികളാക്കിമാറ്റുക, ഭൂമിയുടെ ചരിവുള്ള പ്രദേശങ്ങളിൽ തെങ്ങിന്റെ ഓലകൾ, ചപ്പു ചവറുകളും മറ്റും ഇട്ട് മണ്ണൊലിപ്പ് തടയാം.



# മൃഗസംരക്ഷണം



കഴിഞ്ഞ മൂന്നു ദശാബ്ദ കാലയളവിൽ നമ്മുടെ സംസ്ഥാനത്തുണ്ടായ സാമൂഹിക സാമ്പത്തിക വളർച്ചയ്ക്ക് മൃഗസംരക്ഷണ മേഖല തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്. ആളോഹരി കൃഷിഭൂമിയുടെ ലഭ്യതയിൽ വന്ന കുറവും, വ്യവസായ സംരംഭങ്ങളുടെ മുരടിപ്പ് മൂലം ഉണ്ടായ തൊഴിലില്ലായ്മയും ഈ മേഖലയിലേക്ക് ജനശ്രദ്ധ തിരിയാൻ കാരണമായി. ഏറ്റവും ചുരുങ്ങിയ കാലം കൊണ്ട് കുറഞ്ഞ മുതൽ മുടക്കിൽ, ഏറ്റവും കൂടുതൽ വരുമാനം ഉണ്ടാക്കാവുന്ന മേഖലയെന്നതിനാൽ, ഏറ്റവും കൂടുതൽ തൊഴിൽ രഹിതർക്ക് തൊഴിലും, നാമമാത്ര തൊഴിലുള്ളവർക്കും, കർഷകരും, കർഷകതൊഴിലാളി കുടുംബങ്ങൾക്കുമെല്ലാം തന്നെ വരുമാന വർദ്ധനവിന്റെ ശ്രോതസ്സും തുറക്കുന്ന മേഖലയാണ് മൃഗസംരക്ഷണമേഖല. പോഷകാഹാര പ്രധാനമായ ഭക്ഷണ വസ്തുക്കളായ പാൽ, മുട്ട, മാംസ്യം എന്നിവയുടെ അധിക ഉല്പാദനം വ്യവസായ ആവശ്യത്തിനുള്ള തുകൽ, എല്ല്, ജലാറ്റിൽ, ഒഡീൻ, കൊഴുപ്പ്, ഔഷധനിർമ്മാണത്തിനുള്ള ഹോർമോണുകൾ, പ്രതിരോധ ഔഷധങ്ങളുടെ നിൻമ്മാണം, ബയോഗ്യാസ് പോലുള്ള പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ, ജൈവവളങ്ങൾ, പരിസ്ഥിതിക്കിണങ്ങുന്ന മൃഗ ശക്തി എന്നിവയൊക്കെ മൃഗസംരക്ഷണ മേഖലയുടെ സംഭാവനകളാണ്. പേ വിഷബാധ തുടങ്ങിയ ജന്തുജന്യ രോഗങ്ങളുടെ നിയന്ത്രണം, നിർമ്മാർജ്ജനം, മാംസ്യപരിശോധനയിലൂടെ സംശുദ്ധമായ മാംസോല്പാദനം തുടങ്ങിയ ഈ മേഖല നൽകുന്ന പൊതുജനാരോഗ്യ സേവനങ്ങളാണ്.

സംസ്ഥാനത്തിന്റെ കന്നുകാലി സമ്പത്തിന്റെ 94 ശതമാനവും ഗ്രാമപ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കന്നുകാലി ഉടമകളിൽ ഭൂരിഭാഗവും ചെറുകിട കർഷകരും, കർഷകതൊഴിലാളികളുമാണ്. അതിൽതന്നെ അദ്ധ്വാനത്തിന്റെ 60 ശതമാനവുംഗ്രാമീണ സ്ത്രീകളിൽ നിന്നുമാണ്. ഈ മേഖലയിൽ 5 ശതമാനം തൊഴിൽ വളർച്ചാനിരക്കുണ്ടെന്നാണ് ആസൂത്രണ കമ്മീഷന്റെ മനുഷ്യ വിഭവശേഷി വിഭാഗത്തിന്റെ വിലയിരുത്തൽ. തൻമൂലം മൃഗസംരക്ഷണ മേഖലയിൽ കൈവരിക്കുന്ന ഏതുപുരോഗതിയും ഗ്രാമീണ സമ്പത്ത്ഘടന സുദൃഢമാക്കും. കുറഞ്ഞ വരുമാനക്കാരായ ഗ്രാമീണ സ്ത്രീകൾക്ക് ഇനിയും ഈ മേഖലയിൽ തൊഴിൽ സാദ്ധ്യതകൾ ഉണ്ട്.

മൃഗസംരക്ഷണ മേഖലയിലെ പ്രധാന നേട്ടങ്ങൾ പാലുല്പാദനത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നു (പാലുല്പാദനം. 1964 65; 2.2 ലക്ഷം ടൺ; 1995 96 22.46 ലക്ഷം ടൺ). സമഗ്രമായ ആസൂത്രണത്തിന്റെ പിൻബലമുണ്ടെങ്കിൽ മുട്ട മാംസ്യം ഉല്പാദനത്തിലും വിപ്ലവകരമായ മുന്നേറ്റം കൈവരിക്കാവുന്നതാണ്. അതുപോലെതന്നെ ഉല്പാദനോപാധികൾ വിതരണം ചെയ്യുന്നതോടൊപ്പം ഗുണഫലം പൂർണ്ണമായി ഉല്പാദകർക്കുതന്നെ എത്തിക്കാനും മദ്ധ്യവർത്തികളെ ഒഴിവാക്കാനും കർഷക പ്രാധാന്യമുള്ള സഹകരണസംഘങ്ങൾക്ക് കഴിയും.

വികസനമെന്നത് ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യ പ്രക്രിയയാണെന്നതിനാൽ മൃഗസംരക്ഷണ മേഖലയിലുണ്ടാകുന്ന ഏതുപുരേഗതിക്കും ഗ്രാമീണ സംബദ്ഘടനയെ സമ്പുഷ്ടമാക്കുമെന്ന് വ്യക്തം. കഴിഞ്ഞ രണ്ട് ദശാംബ്ദ കാലയളവിൽ മൃഗസംരക്ഷണ രംഗത്ത് കുറ്റമറ്റ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനയും, ജനിതഗുണമേൻമയ വർദ്ധനയും, ഉല്പാദനവർദ്ധനവും സാദ്ധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. നാമമാത്രമായി ഉഴവുകാളകളും,

പോത്തും ഉണ്ട്. പാൽ ഉല്പാദനത്തിനായി എരുമയേയും വളർത്തുന്നു. വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. താറാവ് വളർത്തൽ തൊഴിലായി സ്വീകരിച്ചിരിക്കുന്ന പല കുടുംബങ്ങളും ഉണ്ട്. മുൻ കാലങ്ങളിൽ വണ്ടിക്കാളകളും ഈ തൊഴിലിലൂടെ കുടുംബജീവിതം നയിച്ചിരുന്ന പല കുടുംബങ്ങളും ഉണ്ടായിരിന്നു. കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് റോഡുകളുടെ സഞ്ചാരണക്കുറവും, മോട്ടോർവാഹനങ്ങൾ വർദ്ധിച്ചതും ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നവരുടെ ജീവിതനിലവാരത്തിലുണ്ടായ ഉയർച്ചയും കാരണം വണ്ടിക്കാളകളും, കാളവണ്ടിയും കുറഞ്ഞു.

സാമൂഹ്യ സാമ്പത്തിക സർവ്വേ പ്രകാരം പ്രതിദിനം....... ലിറ്റർ പാൽ വിവിധ ക്ഷീര സഹകരണ സംഘങ്ങളിൽ നൽകുന്നത്. കൂടാതെ പഞ്ചായത്തിലുള്ള ഗാർഹിക ആവശ്യത്തിനും പാൽ ഉല്പാദിപ്പിക്കുന്നു. കാലിവളർത്തലും, ക്ഷീരോല്പാദനവും തൊഴിലായി സ്വീകരിച്ചിരിക്കുന്ന കുടുംബങ്ങളും നമ്മുടെ ഗ്രാമത്തിൽ കുറവല്ല. 3,4,5,6,7,8 എന്നീ വാർഡുകളിലെ കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ വിറ്റഴിക്കുന്നതിന് ഒരു ക്ഷീര സഹകരണസംഘം നിലവിൽ ഇല്ലാത്തതിന്റെ ബുദ്ധിമുട്ട് അനുഭവിക്കുന്നു.

ഇലഞ്ഞിമേൽ(2 ാം വാർഡ്) കേന്ദ്രീകരിച്ച് ക്ഷീരസഹകരണസംഘം തുറന്ന് പ്രവർത്തനമാരംഭിച്ചു. അതിന്റെ മുഖ്യമായ പ്രയോജനം 1,2 വാർഡുകളിൽ ലഭിക്കുന്നു. പേരിശ്ശേരി കേന്ദ്രീകരിച്ച് വളരെ നാളുകൾക്കുമുമ്പ് പ്രവർത്തനമുണ്ടായിരുന്ന ക്ഷീര സഹകരണസംഘം വർഷങ്ങളായി പ്രവർത്തന രഹിതമായി കിടക്കുന്നു. അടിയന്തിരമായി സംഘത്തിന്റെ പ്രവർത്തനം ആരംഭിക്കേണ്ടതായിട്ടുണ്ട്. കൂടാതെ രണ്ട് ക്ഷീര സഹകരണസംഘങ്ങൾ എങ്കിലും പ്രവർത്തനം തുടങ്ങുന്നത് കർഷകർക്ക് സഹായകരമായിരിക്കും. പഞ്ചായത്തിൽ നിലവിലുള്ള മൃഗാശുപത്രിയുടെ സേവനം മാത്രമാണ് ലഭ്യമാകുന്നത്, എങ്കിലും സ്വന്തമായി കെട്ടിടമില്ല. പേരിശ്ശേരി കിഴക്കുഭാഗത്തുള്ള ആളുകൾ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിലുള്ള മൃഗാശുപത്രിയുടെയും സേവനം ലഭ്യമാക്കുന്നു.

പഞ്ചായത്തിൽ ചിലവീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ രംഗത്ത് നമ്മുടെ കർഷകർക്ക് ബോധവല്ക്കരണം ആവശ്യമാണ്. ഈ നിലയിലുള്ള പ്ലാന്റുകൾ കുടുംബങ്ങളിൽ സ്ഥാപിച്ചാലുണ്ടാകുന്ന ഗുണഫലങ്ങൾ, വൈദ്യുതി ക്ഷാമം അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന നമ്മുടെ സംസ്ഥാനത്ത് അത്യാവശ്യം ലൈറ്റ് കത്തിക്കുവാൻ കഴിയും, മാത്രമല്ല വിറകിന് ക്ഷാമം അനുഭവിച്ചുകൊണ്ടിരിക്കുന്നതിനാൽ, വിറക് ലാഭിക്കുവാനും, മാത്രവുമല്ല പരിസ്ഥിതി പ്രശ്നത്തിനും പരിഹാരമായിതീരും. കന്നുകാലികളെ വളർത്തുന്ന കുടുംബങ്ങൾക്ക് ഈ സേവനം പ്രയോജനപ്പെടുത്തണം.

കോഴിവളർത്തൽ നമ്മുടെ നാട്ടിലും പ്രോത്സാഹിപ്പിക്കണം. ഇന്ന് ആവശ്യമുള്ളതിന്റെ 1/4 പോലും ഉല്പാദിപ്പിക്കപ്പെടുന്നില്ല. മുട്ടയ്ക്കുവേണ്ടിയും, ഇറച്ചിക്കുവേണ്ടിയും കോഴികളെ വളർത്താൻ ആവശ്യമായ പ്രോത്സാഹനം കൊടുക്കണം.

## പ്രധാനപ്രശ്നങ്ങൾ

1. ക്ഷീരവിപണനത്തിനുള്ള സൗകര്യങ്ങൾ നമ്മുടെ ഗ്രാമപ്രദേശത്ത് ഇല്ലായ്മ.
2. കാലിതീറ്റയുടെ അമിതമായ വിലക്കൂടുതൽ.
3. രോഗപ്രതിരോഗത്തിനുള്ള വാക്സിനുകൾ കൃത്യസമയത്ത് ലഭിക്കാതിരിക്കുക.
4. ചികിൽത്സാരീതികളുടെ അപര്യാപ്തത.
5. അലഞ്ഞു തിരിയുന്ന നായ്ക്കളെ യഥാസമയം നശിപ്പിക്കാൻ കഴിയാത്തത്.
6. കാലികളെ വാങ്ങുന്നതിനും, അവയെ വളർത്തുന്നതിനും വേണ്ട സഹായം ബാങ്കുകളിൽനിന്ന് ലഭിക്കാതിരിക്കുക.

## നിർദ്ദേശങ്ങൾ.

1. മൃഗാശുപത്രിക്ക് സ്വന്തമായി സ്ഥലംവാങ്ങി ഒരുകെട്ടിടം നിർമ്മിക്കുക.
2. ദുർബലവിഭാഗങ്ങൾക്ക് ഉൾപ്പെടെ എല്ലാവിഭാഗങ്ങൾക്കും ആട്, പശു, കോഴി ഇവ നൽകുക.
3. കറവപശു, ആട് എന്നിവയെ വിതരണം ചെയ്യുക.
4. കന്നുകാലിതീറ്റ ക്ഷീരസഹകരണസംഘം വഴി വിതരണംചെയ്യുക.
5. ക്ഷീര ഉല്പന്നങ്ങൾക്ക് മാർക്കറ്റും, ന്യായവില ലഭിക്കുന്നതിനുള്ള സംവിധാനം.
6. മൃഗാശുപത്രിയിൽ അത്യാവശ്യാനുസരണം മരുന്നു ലഭ്യമാക്കുക.
7. തീറ്റപ്പുൽ കൃഷിക്കു വേണ്ട സാങ്കേതിക, സാമ്പത്തിക സഹായം നൽകുക.
8. ജൈവവളങ്ങൾക്കുള്ള കമ്പോസ്റ്റ്കുഴി നിർമ്മിക്കുന്നതിന് സഹായം നൽകുക.
9. എട്ടാം വാർഡിൽ ഒരു ഗോസംവർദ്ധന കേന്ദ്രം (ICDP സബ് സെന്റെർ) സ്ഥാപിക്കുക.
10. പാൽ സംഭരണത്തിനായി ഒരു ക്ഷീരോല്പാദക സഹകരണ സംഘം രൂപീകരിക്കുക.

11. കൃഷിക്ക് ആവശ്യമായ ജൈവവളം നിർമ്മിക്കുന്നതിന് കമ്പോസ്റ്റ് പിറ്റ് ഉണ്ടക്കുക.
12. വളർത്തുനായ്ക്കൾക്ക് ലൈസൻസ് എടുക്കുകയും, പേ വിഷബാധക്കെതിരെ കുത്തി വെയ്പ്പിക്കുകയും ചെയ്യുക. ആലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുന്നതിന് നടപടി എടുക്കുകയും ചെയ്യുക.
13. മൃഗാശുപത്രി up grade ചെയ്ത് ഒരുമൊബൈൽ വെറ്റിനറി ഡിസ്പെൻസറി ആരംഭിക്കുക.
14. യുവാക്കൾക്ക് Dog Catching Training കൊടുത്താൽ കുറച്ചൊക്കെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാം.

## സാദ്ധ്യതകൾ

1. പുലിയൂർ പഞ്ചായത്ത് പ്രദേശത്ത് 3,4,5 എന്നീ വാർഡുകൾ കേന്ദ്രീകരിച്ച് ക്ഷീരസഹകരണ സംഘം രജിസ്റ്റർ ചെയ്തു കർഷകരെ അംഗങ്ങളാക്കി പ്രവർത്തനമാരംഭിക്കുക.
2. ഈ സംഘം മുഖേന കുറഞ്ഞ വിലയ്ക്ക് കാലിതീറ്റകൾ വിതരണം ചെയ്യുകയും, കൂടുതൽ പാൽ ഉല്പാദനത്തിനു വേണ്ടിയുള്ള പോഷക പദാർത്ഥങ്ങളും, മരുന്നുകളും നൽകുകയും, തീറ്റപുല്ല് കൃഷിക്ക് വിത്തും, വളവും സൗജന്യനിരക്കിൽ കൃഷിക്കാർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി വിപുലീകരിക്കുക.
3. പശുവിനേയും, ആടിനേയും വളർത്തുന്നതിനും, സംരക്ഷണത്തിനും എരുത്തിൽ നിർമ്മാണത്തിനും ആവശ്യമായ ലോൺ കുറഞ്ഞ പലിശ നിരക്കിൽ നൽകുക. സർവ്വീസ് ഏര്യയിൽ നിർദ്ധേശിക്കപ്പെടുന്ന ആളുകൾക്ക് മതിയായ ധനസഹായം നൽകുക.
4. ജലാശയങ്ങളും, പാടശേഖരങ്ങളും ഉള്ളതുകൊണ്ട് താറാവ് കൃഷിയെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇവയ്ക്ക് ലോൺ, ഗ്രാന്റ് എന്നിവ നൽകി സ്വകാര്യ സ്ഥാപനങ്ങൾ സഹായിക്കുക.

## മൃഗസംരക്ഷണ മേഖലയിൽ സാധാരണയായി കാണുന്ന പ്രശ്നങ്ങൾ.

1. ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും, അനിയന്ത്രിത വിലയ്ക്കും ഗുണനിലവാര നിർമ്മാണ ലാബട്ടറികളുടെ അഭാവം.
2. ഉല്പാദകനു കിട്ടുന്ന പാൽവില ഉല്പാദചിലവിന് അനുസൃതമല്ല. ഉഭഭോക്താവിന് മിതമായവിലക്ക് പാൽ ലഭ്യമാകുന്നില്ല.
3. വിപണനരംഗത്തെ അപര്യാപ്തത.
4. ഭാരിച്ച ചികിൽത്സാചിലവ്.
5. വായ്പ നൽകുന്നതിന് ധനകാര്യസ്ഥാപനങ്ങളുടെ വിമുഖത.
6. ഇൻഷ്വറൻസ് പരിരക്ഷ അപര്യാപ്തത.
7. ചുരുങ്ങുന്ന തീറ്റപ്പുൽ കൃഷി.
8. കർഷകരുടെ ആവശ്യകതയനുസരിച്ച് ഗുണമേന്മയുള്ള പക്ഷി, മൃഗാദികളുടെ ദൗർലഭ്യം.
9. അശാസ്ത്രീയ മാംസ്യ ഉല്പാദന വിപണനരീതികൾ.
10. വിവിധ ഏജൻസികളിലൂടെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രിതമല്ലാതെ കൈകാര്യം ചെയ്യുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ.
11. സാങ്കേതിക പരിശീലനമില്ലാത്തവരുടെ മൃഗ ചികിൽത്സ.
12. ഈ മേഖലയിലുള്ള കുറഞ്ഞ വനിതാ പങ്കാളിത്തം
13. കാലാനുസൃതമായ അടിസ്ഥാന സൗകര്യങ്ങൾപോലും ഇല്ലാത്ത മൃഗാശുപത്രികളും ഇപകേന്ദ്രങ്ങളും.
14. സഗ്ര പേ വിഷനിയന്ത്രണ നയത്തിന്റെ ആസൂത്രിത തുടർപരിപാടിയുടെ അഭാവം.

## പ്രശ്നപരിഹാരങ്ങൾ

1. പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകപണാടിസ്ഥാനത്തിൽ തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കണം. അസംസ്ക്രിത സാധനങ്ങൾക്ക് ന്യായമായ വില ലഭിയ്ക്കുന്നതിനും നിയന്ത്രിത വിലക്ക് ഗുണനിലവാരമുള്ള തീറ്റ ലഭിക്കുന്നതിനും പ്രാദേളികമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് സഹായിക്കും. കുറഞ്ഞ ചിലവിൽ പ്രാദേശികമായ കപ്പ കപ്പയില, തെയിലച്ചണ്ടി, കാപ്പിക്കുരുതോട്, കൊക്കോ തോട് എന്നിവ ഉപയോഗിക്കാം.

കാർഷിക ഉപോല്പന്നങ്ങൾ ചേർത്ത് താരതമ്യേന വിലകുറഞ്ഞ 2 കാലിത്തീറ്റ മിശ്രിതങ്ങൾ

| 1 | | മിശ്രിതം 2. | |
|---|---|---|---|
| കടലപിണ്ണാക്ക് | 15 % | | |
| കപ്പയിലപ്പൊടി | 30% | കടലപ്പിണാക്ക് | 28 % |
| എള്ളിൻപിണ്ണാക്ക് | 10% | റബർക്കുരുപിണ്ണാക്ക് | 10% |
| ഉഴന്നുതവിട് | 10% | അരിതവിട് | 20% |
| ഉണക്കക്കപ്പ | 22% | ഉണക്കക്കപ്പ | 25% |
| ഗോതമ്പുതവിട് | 10% | ഗോതമ്പ് തവിട് | 20% |
| ഉപ്പ് | 1.5 | ഉപ്പ് | 1.5 |
| മിനറൽമിക്സർ | 1.5 | മിനറൽമിക്സർ | 1.5 |
| ആകെ | 100 | | 100 |

മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ ജില്ലാടിസ്ഥാനത്തിൽ കാലിത്തീറ്റ നിർമ്മാണ ഫാക്ടറികൾ സ്ഥാപിക്കുക, കൊപ്രാ സംസ്കരണ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുകയും പിണ്ണാക്ക്, കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. മപച്ചീനി കൃഷിക്കാവശ്യമായ പ്രോത്സാഹമം നൽകുകയും മരച്ചീനിയുടെ സംഭരണവും, സംസ്ക്കരണവും

കാലിത്തീറ്റ ഉല്പാദന ശൃംഖലയുമായി ബന്ധപ്പെടുത്തുക.
2 പഞ്ചായത്ത് പുറംപോക്ക് സ്ഥലങ്ങൾ, പഞ്ചായത്തിലെ ചില ഓഫീസിന്റെ പരിലര പ്രദേശൾ കാടുകയറി കിടക്കുന്നുണ്ട്, ചില പ്രദേശങ്ങൾ തരിശായി കിടക്കുന്നുണ്ട് ഈ പ്രദേശങ്ങളിൽ തീറ്റപ്പുൽ കൃഷി സഹകരണാടിസ്ഥാനത്തിൽ നടത്തുക.

## പ്രശ്നത്തിലെ 1,2,3,4 നും പരിഹാര മാർഗ്ഗം.

പഞ്ചായത്തിൽ ആകെ ഒരു പാൽ സൊസൈറ്റി മാത്രമുള്ളു. പുലിയൂർ പഞ്ചായത്തിലുള്ള കർഷകന്റെ പാലിനുള്ള വിപണല സൗകര്യങ്ങൾ തീരെ കുറവാണ്. തന്നെയുമല്ല സൊസൈറ്റിവഴി പാലിനു വേണ്ടത്ര വില ലഭിക്കുന്നുമില്ല. കാരണം 1 ലിറ്റർ പാലിന് 11 രൂപാ മാത്രമേ കർഷകന് ലഭിക്കുന്നുള്ളു. 1 കു

പിണ്ണാക്കിന് 12 രൂപ കമ്പോള വിലയുമുണ്ട് താനും. പിന്തിരിയാനുള്ള മാർഗ്ഗം, വളരെ കൂടുതലാണ്. അതുകൊണ്ട് പഞ്ചായത്തിൽ ഒരു സഹകരണ സംഘം രൂപീകരിക്കേണ്ടതിന്റെ ആവശ്യകത വളരെ കൂടുതലാണ്. പ്രസ്തുത സഹകരണ സംഘത്തിന്റെ മേലധികാരി പഞ്ചായത്ത് പ്രസിഡന്റും എക്സിക്യൂട്ടീവ് കമ്മറ്റിയും, ഓരോവാർഡിലെയും മെമ്പർമാരും കർഷകരുടെ ഒരു പ്രതിനിധിയും ആയിരിക്കണം. വെറ്റിനറി സർജൻ സംഘത്തിന്റെ കൺവീനറും ആയിരിക്കണം.

പ്രസ്തുത സംഘത്തിൽ ലഭിക്കുന്ന മുട്ട, തീറ്റപ്പുൽ, മാംസ്യം, പാൽ, തീറ്റ എന്നിവ ലഭ്യമാക്കണം. സൊസൈറ്റിയിൽ ലഭ്യമാകുന്ന പാൽ സംഘത്തിലെ തിരഞ്ഞെടുക്കുന്ന തൊഴിലില്ലാത്ത യുവാക്കൾക്ക്, സൈക്കിൾ, മാൽക് ക്യാൻ എന്നിവ സബ്സിഡി നിരക്കിൽ കൊടുത്ത് ആവശ്യമുള്ളവരുടെ വീട്ടിലും ചായ കടകളിലും വിതരണം ചെയ്യുക (അദദീ അാതഗനാീബ).

പുലിയൂർ പഞ്ചായത്തിൽ പ്രതിവർഷം 45000 കി. ഗ്രാം ഇറച്ചി വില്ക്കപ്പെടുന്നു. ഇതിൽ ഉപരിധിയായി ചെങ്ങന്നൂർ ചന്ത, ണദതൗ എൃദീറ്റാ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ഏകദേശം 36000 കി. ഗ്രാം ഇറച്ചി വാങ്ങുന്നവരും ഉണ്ട്. പഞ്ചായത്തിൽ ഒരു വർഷം 81000 കി. ഗ്രാം ഇറച്ചി ഉപയോഗിക്കുന്നുണ്ട്. ഈ ഇറച്ചി പുലിയൂർ പഞ്ചായത്തിലെ കൊല്ലുകടവിൽ നിന്നും 45000 കി. ഗ്രാം വിറ്റഴിക്കുന്നതാണ്. പുലിയൂർ പഞ്ചായത്തിൽ സ്വന്തമായി കശാപ്പുശാലകൾ ഇല്ല. അതുകൊണ്ട് പഞ്ചായത്തിന് സ്വന്തമായി ഒരു കശാപ്പുശാല അത്യാവശ്യമാണ്. ഗുണമേന്മയുള്ള ഇറച്ചി വെറ്റിനറി സർജൻ പരിശോധിച്ചശേഷം ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്. പുലിയൂർ പഞ്ചായത്തിൽ സാങ്കേതിക പരിജ്ഞാനമില്ലാത്തവരെ ഒഴിവാക്കി മൃഗ ചികിത്സ, വെറ്റനറി സർജനെ കൊണ്ടുമാത്രമെ ചെയ്യിക്കാവൂ.

പുലിയൂർ പഞ്ചായത്തിലെ മൃഗാശുപത്രി വാടകകെട്ടിടത്തിൽ നിന്നും മാറ്റി, പഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങളോടുകൂടി സ്ഥാപിക്കുക, കർഷകർക്ക് ബോധവല്ക്കരണത്തിന് ഉള്ള ക്ലാസ്മുറി, 24 മണിക്കൂറും വെറ്റനറി സർജന്റെസേവനം ലഭ്യമാക്കുക, ആശുപത്രിക്ക് ഓപ്പറേഷൻ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുക.

## സമഗ്ര പേ വിഷബാധ നിയന്ത്രണം.

മൃഗങ്ങളിൽ നിന്നും മനുഷ്യനിലേക്ക് പകരാവുന്ന മാരകമായ ഒരു വൈറസു് രോഗമാണ് പേ വിഷബാധ. ഇന്ത്യയിൽ ഈ രോഗം 45% പേ വിഷബാധയേറ്റ നായ്ക്കളുടെ കടി മൂലമാണ്. രോഗലക്ഷണം കണ്ടുകഴിഞ്ഞാൽ ചികിത്സഫലപ്രദമല്ല. പ്രതിവർഷം ലോകജന സംഖ്യയിൽ 35000 പേർ പേ വിഷബാധയേറ്റു മരിക്കുമ്പോൾ 25000 മരണങ്ങൾ ഇന്ത്യയിലാണ് (72% ). എല്ലാ നായ്ക്കളേയും പ്രതിരോധ കുത്തിവയ്പ്പിനും വിധേയമാക്കുകയും, അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്ക്കളെ പാടെ നശിപ്പിക്കുന്നതിനും പഞ്ചായത്തിലെ പ്രശ്നസമിതി ഉണ്ടാക്കി നിയന്ത്രിക്കുക.

## Dog Catching Training

പഞ്ചായത്ത് പ്രസിഡന്റ്, ചെയർമാൻ, വെറ്റിനറി സർജൻ, പഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് മെമ്പർമാർ, ബ്ളോക്ക്, ജില്ലാ, പഞ്ചായത്ത് അംഗങ്ങൾ, സ്ഥാത്തെ മെഡിക്കൽ ഓഫീസർമാർ, കർഷകപ്രതിനിധികൾ, സന്നദ്ധ സംഘടന പ്രതിനിധികൾ അടങ്ങുന്നതായിരിക്കണം പഞ്ചായത്ത് പ്രവർത്തന സമിതി. വാർഡുതോറും പേ വിഷ നിർമ്മാർജ്ജന സ്കോടുകൾ ക്രമീകരിക്കേണ്ടതാണ്.

## ഉല്പാദനമേഖല

### 1. ക്ഷീരോല്പാദനം

ചെറുകിട നാമമാത്രമായ കർഷകരേയും കർഷക തൊഴിലാളികളേയും ഈ മേഖലയിലേക്ക് ആകർശിക്കുക. ഉപതൊഴിലെന്ന രീതിയിലോ, മുഖ്യതൊഴിലെന്ന രീതിയിലോ

പ്രോൽത്സാഹനം നൽകുക. വീട്ടമ്മമാരുടേയും വിദ്യാർത്ഥികളുടേയും ഒഴിവു സമയം ഫലപ്രദമായി വിനിയോഗിക്കുക. പാലിന്റെ ഉൽപാദനവും, ഉപഭോഗവും വർദ്ധിപ്പിക്കുക.

(a) ഒരു വീട്ടിൽ ഒരു പശു : മൂലധനം. 12500/

അറ്റാദായം. 6585.

(b) മൂന്ന് പശുക്കളുടെ യൂണിറ്റ് (മിനി ഡയറി)

ഒരു കർഷകന് ഉപ തൊഴിൽ അല്ലെങ്കിൽ തൊഴിൽ എന്ന രീതിയിൽ തന്നെ നടത്തുവാൻ കഴിയുന്ന പദ്ധതിയാണ് മിനി ഡയറി അഥവാ 3 പശുക്കളുടെ യൂണിറ്റ്.

ചിലവ് ആകെ 44250

അറ്റാദായം 19440

(മൂലധനത്തിന്റെ ഒരു ഭാഗം സബ്സിഡി ആയി നൽകാവുന്നതാണ്).

(c) വനിതാ സംരംഭകർക്കുള്ള പശുവളർത്തൽ

ഗ്രാമീണ വനിതകളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഉപ തൊഴിൽ എന്ന നിലയിൽ ക്ഷീരോല്പാദന മേഖലയിലേക്ക് ആകർഷിച്ച് സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചിരിക്കുന്ന പദ്ധതിയാണ് ഇത്. ഇതുമൂലം സ്ത്രീകളുടെയും, കുട്ടികളുടേയും ഒഴിവു സമയം ഫലപ്രദമായി ഉപയോഗിക്കാം. പദ്ധതിയിൽ 3 പശുക്കളെ വിതരണം ചെയ്യുന്നതിനാൽ ഒരു ഗോബർഗ്യാസ് പ്ലാന്റ് കൂടി ആരംഭിക്കുകയാണെങ്കിൽ കുടുംബത്തിനുള്ള പാചക ഇന്ധനം ലഭ്യമാകും. പഞ്ചായത്തിലെ 15 വനിതകളുടെ ഒരു സംഘമായിരിക്കും ഇതിന്റെ ഗുണഭോക്താക്കൾ, ഈ സംഘത്തിലെ ഒരാൾ കൺവീനറായിരിക്കണം. സംഘത്തിനുവേണ്ടി ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതും ഓഫീസുകൾ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുമായ് ബന്ധപ്പെടുന്നതും കൺവീനർ ആയിരിക്കും. ഈ സംഘം ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ്. **D W C R A** (ഗ്രാമവികസന വകുപ്പ്) പദ്ധതി പ്രകാരം ഇത്തരം സംഘങ്ങൾക്ക് ധനസഹായം ലഭിക്കുവാൻ സാദ്ധ്യതയുണ്ട്. ഓരോ ഗുണഭോക്താവും ക്ഷീര സംഘത്തിൽ അംഗത്വം എടുത്തിരിക്കണം. തൊഴുത്തിന്റെ പണി കഴിഞ്ഞാൽ ആദ്യം 2 കറവ പശുക്കളെയും 6 മാസം കഴിഞ്ഞാൽ അടുത്ത പശുവിനേയും വാങ്ങാം.

## കുറിപ്പ്.

1. ഗുണഭോക്താവ് കറവ ജോലി ചെയ്യുകയാണെങ്കിൽ ഉത്തമം
2. കർഷകന്റെ പറമ്പിൽ നിന്നും മറ്റും ലഭിക്കുന്ന പുല്ല് ഉപയോഗുച്ചാൽ ചിലവ് പരമാവധി കുറയ്ക്കാം.
3. സംഘങ്ങൾ ഒരുമിച്ച് തീറ്റ വാങ്ങുന്നതിനാൽ തീറ്റ വില കുറയ്ക്കുവാൻ സാധിക്കുന്നു.

## കന്നുകുട്ടി പരിപാലന പദ്ധതി.

മേൽത്തരം സങ്കരവർഗ്ഗ പശുകുട്ടികൾക്ക് ഗുണമേന്മയുള്ള കാലിതീറ്റയും ശാസ്ത്രീയ പരിചരണവും നൽകി 30 ാം മാസത്തിൽ ആദ്യ പ്രസവസാദ്ധ്യത, നാലുമാസം മുതൽ 9 മാസം വരെപ്രായമുള്ള സങ്കരവർഗ്ഗം പശുകുട്ടികളെ ഉൾപ്പെടുത്തി 32 മാസം പ്രായമാകുന്നതുവരെയോ, അതിനുമുമ്പായി പ്രസവിക്കുകയാണെങ്കിൽ അതുവരെയോ, 50 ശതമാനം സബ്സിഡി നിരക്കിൽ കാലിതീറ്റ നൽകുക.

## ഗുണഭോക്താവ്

ചെറുകിട/പരിമിത/കർഷകതൊഴിലാളി, കാർഷികേതരവരുമാനം 900 രൂപായ്ക്ക് താഴെ.

## ശാസ്ത്രീയ കറവ പരിശീലനം

ക്ഷീരകർഷകർക്ക് ഏറ്റവുമധികം സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന അകിടുവീക്കം ഒരു പ്രധാനകാരണം മാണ്. ശാസ്ത്രീയമായ കറവപരിശീലനം കൊണ്ട് കറവമെച്ചപ്പെടുത്തുന്നതിന് പുറമേ കുറെപ്പേർക്ക് തൊഴിലവസരം നൽകുന്നതിനു സഹായിക്കും.

പ്രതിമാസവരുമാനം 900 രൂപയിൽകവിയാത്ത തൊഴിൽരഹിത യുവാക്കൾ, ദുർബല വിഭാഗക്കാർ എന്നിവർക്ക് ഈ പരിശീലനത്തിന് മുൻഗണനനൽ കാവുന്നതാണ് പ്രതിദിനം 50 രൂപാ സ്റ്റൈപ്പെന്റോടുകൂടി 20 ദിവസത്തെ പരിശീലന യോഗ്യത മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ സർക്കാർ ഫാമുകൾ എന്നിവിടങ്ങളിൽ നൽകാൻ സാധിക്കും.

## കുറിപ്പ്.

പരിശീലനത്തിന് തെരഞ്ഞെടുക്കുന്നവരിൽ നിന്നും ഒരുവർഷത്തേക്ക് ന്യായമായകൂലി അടിസ്ഥാനത്തിൽ

ക്ഷീരകർഷകരുടെ ആവശ്യപ്രകാരം ജോലിചെയ്യുമെന്ന് സമ്മതപത്രം വാങ്ങേണ്ടതാണ്.

## സമഗ്ര കന്നുകാലി ഇൻഷ്വറൻസ്

പഞ്ചായത്തിലെ എല്ലാ കറവപ്പശുക്കളേയും ഇൻഷ്വറൻസ് നിയമാവലിക്ക് വിധേയമായി മാസ്റ്റർ പോളിസി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുക. ക്ഷീരകർഷകരെയും ഇൻഷ്വർചെയ്യുക.

## അകിടുവീക്ക നിയന്ത്രണ പദ്ധതി.

ക്ഷീരകർഷകർക്ക് എന്നും ഒരു പേടിസ്വപ്നമായിരിക്കുന്നതും, സാമ്പത്തികമായി വൻ നഷ്ടം ഉണ്ടാകുന്ന ഈ രോഗത്തെ ശാസ്ത്രീയമായി നിയന്ത്രിക്കുന്നതിൽ സഹായിക്കാൻ പദ്ധതി.

## അകിടുവീക്ക നിയന്ത്രണകിറ്റ്

ഈ കിറ്റുകൊണ്ട് കർഷകർക്കുതന്നെ രോഗനിർണ്ണയം നടത്താൻ കഴിയുന്നതിനാൽ വേണ്ടസമയം വിദഗ്ദ ചികിത്സ നൽകുവാനുള്ള സാദ്ധ്യത വർദ്ധിക്കുന്നു. (കിറ്റ് ഒന്നിന് 300 രൂപാ)

## താറാവു വളർത്തൽ

കോഴിവളർത്തലിനെ അപേക്ഷിച്ച് താറാവ് വളർത്തലിന് പല മേന്മകളും ഉണ്ട്. താറാവിന്റെ പ്രതിവർഷ മുട്ടയുല്പാദനം കോഴിയുടേതിനെക്കാൾ 40 50 മുട്ടകൾ കൂടുതലാണ്. കോഴികളെക്കാൾ ഉയർന്ന രോഗപ്രതിരോധ ശക്തി താറാവിനുണ്ട്. പുലിയൂർ പഞ്ചായത്തിന്റെ ഭൂപ്രകൃതി താറാവ് കൃഷിക്ക് മെച്ചപ്പെട്ടതാണ്. സ്വഭാവിക താറാവ് തീറ്റ ലഭിക്കുന്ന സ്ഥലങ്ങൾ, കൊയിത്ത്കഴിഞ്ഞ പാടങ്ങളിൽ നിന്ന് ലഭിക്കുന്ന കതിർമണികൾ, ചതുപ്പ് പ്രദേശങ്ങളിലെ കളയരികൾ, ജലസ്യങ്ങൾ, പച്ചപ്പുല്ല്, മത്സ്യക്കുഞ്ഞുങ്ങൾ, ഒച്ച്, വിരകൾ, ചെറിയ പ്രാണികൾ, കൃഷിക്കീടങ്ങൾ എന്നിവയെ പോഷകപ്രധാനവും, സ്വഭാവികവുമായ മുട്ടയും മാംസ്യവുമാക്കി മാറ്റാവുന്ന താറാവുകൾ തീർച്ചയായും പരിഗണന അർഹിക്കുന്നു.

പുലിയൂർ പഞ്ചായത്തിലെ 5 കർഷകർക്ക് 500 താറാവുകളെ വീതം വളർത്തുന്ന യൂണിറ്റുകൾ തുടങ്ങണം.

ആകെ ചിലവ് യൂണിറ്റ് ഒന്നിന് 89,000

ലാഭം ഒരുവർഷം 86,000

ഇത് ഗുണഭോക്താവിന്റെ മുഴുവൻ സമയം തൊഴിലായി ഏറ്റെടുത്ത് നടത്തണം. എല്ലാ താറാവുകളെയും നിർബദ്ധമായും ഇൻഷ്വർ ചെയ്യണം. മുട്ട, തീറ്റ എന്നിവയുടെ വിപണനം കർഷകരുടെ ഒരു സഹകരണ സംഘത്തിന് ഏറ്റെടുക്കാം.

## ക്ഷീരവികസനം, സാധ്യതകൾ, നിർദ്ദേശങ്ങൾ

കൃഷിക്കാർക്ക് പ്രാധാന്യം കൂടുതലുള്ള ഈ പഞ്ചായത്തിൽ മൃഗസംരക്ഷണത്തിന് കൂടുതൽ പ്രാധാന്യമുണ്ട്. കൃഷിയും മൃഗസംരക്ഷണവും പൂരകങ്ങളാണ്. കൃഷിയിൽനിന്ന് കിട്ടുന്ന വൈക്കോൽ, കപ്പകൃഷിയിൽ നിന്നു കിട്ടുന്ന ഇല, തണ്ട് വാഴകൃഷിയിൽ നിന്നു കിട്ടുന്ന മാണം മുതലായവ പ്രാദേശികമായി മൃഗപരിപാലനത്തിന് ഉപയുക്തമാണ്. കൃഷിക്ക് ജൈവവളം വളരെ അത്യാവശ്യമായതിനാൽ മൃഗസംരക്ഷണവും ഈ മേഖലയിൽ വളരെ നിർബന്ധമായും ഒഴിച്ചുകൂടാൻ പാടില്ലാത്തതുമാണ്.

ക്ഷീര വികസനം എങ്ങനെ ലാഭകരമായി നടത്താം എന്നതിനെ സംബന്ധിച്ചുള്ള വിവരങ്ങളും പദ്ധതികളും ചുവടെ ചേർക്കുന്നു.

ഈ പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങളെ സാമ്പത്തിക സഹായംനൽകി ഊർജ്ജിതമാക്കുക. അതിന് ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട് സാങ്കേതിക സാമ്പത്തിക സഹായവും, പഞ്ചായത്തിൽ നിന്നുള്ള സഹായവും ഉപയോഗപ്രദമാക്കുക. കൂടാതെ ഈ പഞ്ചായത്തിൽ മറ്റുസംഘങ്ങളുടെ പ്രവർത്തന പരിധിയിൽ വരാത്ത പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുതിയ സംഘങ്ങൾ രൂപീകരിക്കുന്നതിന് ക്ഷീരവികസന വകുപ്പുമായി സാങ്കേതിക സഹായം തേടുക.

## വനിതകൾക്ക് ക്ഷീരോല്പന്ന നിർമ്മാണയൂണിറ്റ്

തൊഴിലില്ലാത്ത വനിതകൾ 4 പേർ ഒരുയൂണിറ്റായി വനിതാക്ഷീരോല്പന്ന നിർമ്മാണ യിണിറ്റ് തുടങ്ങുക. ആയതിന് സബ്സിഡി ക്ഷീരവികസന വകുപ്പിൽ നിന്നും 22,000 രൂപാ ലഭ്യമാകുന്നതിനും, പേരിശ്ശരി ആറാം വാർഡിൽ പ്രവർത്തനരഹിതമായികിടക്കുന്ന **B.S.S** വനിതാ സമാജം ഉപയോഗിക്കാവുന്നതാണ്. കൂടാതെ വനിതകൾക്കായി **I.R.D.P** പദ്ധതിപ്രകാരം പലഹാരയൂണിറ്റും തുടങ്ങാവുന്നതാണ്.

## പുലിയൂർ ഗ്രാമ പഞ്ചായത്ത്
## 4. 3. വളർത്തു മൃഗ സംഖ്യ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1. | ദഹനസംബന്ധമായവ Digestive disorders | 673 | - | 154 | - | - | 5 | - | - | - |
| 2. | ശ്വാസകോശസംബന്ധം Respiratory diseases | 159 | - | 52 | - | - | 91 | - | - | - |
| 3. | ഉപാപചയസംബന്ധം Metabolic diseases | 138 | - | 5 | - | - | - | - | - | - |
| 4. | ത്വക് രോഗങ്ങൾ skin diseases | 136 | - | 48 | - | - | - | - | - | - |
| 5. | ധാതുലവണങ്ങളുടെ അഭാവം Deficiency diseases | 91 | - | 17 | - | - | - | - | - | - |
| 6. | പദരോഗങ്ങൾ Parasitic diseases | 766 | - | 88 | - | - | 113 | - | - | - |
| 7. | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacological disorders | 341 | - | 46 | - | - | - | - | - | - |
| 8. | വന്ധ്യത Inferility | 196 | - | - | - | - | - | - | - | - |
| 9. | അകിടുവീക്കം Mastitis | 96 | 16 | - | - | - | - | - | - | - |
| 10. | മുടന്തൻ പനി Ephemeral Fever | 152 | - | - | - | - | - | - | - | - |
| 11. | പകർച്ച വ്യാധികൾ Contagion diseases | - | - | - | - | - | - | - | - | - |

## 1994 1995. പുലിയൂർ ഗ്രാമപഞ്ചായത്ത്
## 4.4 പേ വിഷബാധ പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ് നൽകിയവയുടെ എണ്ണം | - | - | - | 223 | - | - |
| കടിയേറ്റതിനുശേഷം കുത്തിവെയ്പു നടത്തിയവരുടെ എണ്ണം | - | - | - | - | - | - |

## പുലിയൂർ ഗ്രാമപഞ്ചായത്ത്
## 4.5 കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തു മൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2- ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 793 | 632 | 161 |
| കിടാരി | 352 | 273 | 79 |
| എരുമ | - | - | - |

## വ്യവസായിക അടിസ്ഥാനത്തിൽ പുൽകൃഷി

ക്ഷീരവികസന വകുപ്പിന്റെ സാങ്കേതിക സാമ്പത്തിക അടിസ്ഥാനത്തിൽ ഒരു ഹെക്ടർ സ്ഥലത്ത് വ്യവസായതലത്തിൽ പുൽകൃഷി നടത്തുക. ആയതിനുള്ള സ്കീം തയ്യാറാക്കുന്നതിന് ക്ഷീരവികസന വകുപ്പിൽ നിന്നും സാങ്കേതിക സഹായം ലഭിക്കും. ഗുണമേന്മയുള്ള പുൽവിത്ത്, സബ്സിഡിയായി വളം, ഇറിഗേഷനു വേണ്ടി പമ്പ്സെറ്റ്, ഓവറേജ് ടാങ്ക്, കൃഷിക്കാവിശ്യമായ കൂലിച്ചിലവ് എന്നിവയ്ക്കായി 26,000 രൂപാ സബ്സിഡി ക്ഷീരവികസന വകുപ്പിൽകൂടി നടപ്പിലാക്കുന്നുണ്ട്. ഈ യൂണിറ്റിൽ ഉല്പാദിപ്പിക്കുന്ന പുല്ല് വിറ്റ് ലാഭം ഉണ്ടാക്കുന്നതിനുള്ള വൈഷമ്യം ഒരു പിധിവരെ പരിഹരിച്ച് കാലിവളർത്തൽ കർഷകരെ സഹായിക്കാം.

## ഇരിപ്പു നിലങ്ങളിൽ രണ്ടാംവിളക്കാലത്ത് ഇടവിളകൃഷി

ഇരിപ്പു നിലങ്ങളിൽ ഇടവിളയായി പയറും, മക്കച്ചോളവും പശുക്കൾക്ക് പുല്ലിനായി നൽകാൻ 65 90 ദിവസങ്ങൾക്കുള്ളിൽ വിളലഭിക്കുന്ന കൃഷിക്കാവശ്യമായ വിത്തും വളവും സൗജന്യമായി ക്ഷീരവികസന വകുപ്പിൽനിന്ന് ലഭ്യമാക്കുവാനുള്ള പദ്ധതി പഞ്ചായത്തിലെ ഒരോ വാർഡിലും പ്രവർത്തിപ്പിക്കാം. പയർവർഗ്ഗം മാത്രം കാലികൾക്കു നൽകിയാൽ പാൽ ഉല്പാദനം വർദ്ധിക്കാനും ആരോഗ്യം കൂടുതൽ മെച്ചപ്പെടുത്തുവാനും ഉപയുക്തമാണ്.

## വൈക്കോലിൽ യൂറിയ സംപുഷ്ടീകരണം.

വൈക്കോലിന് പോഷകങ്ങൾ കുറവായ തിനാൽ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിന് യൂറിയ ചേർത്ത് സംപുഷ്ടീകരിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് ക്ഷീരവികസ നവകുപ്പിൽനിന്നും ധനസഹായവും സാങ്കേതിക സഹായവും ലഭ്യമാക്കുകയും, തുടർന്ന് പഞ്ചായത്തിൽകൂടി പ്രവർത്തിക്കാവുന്നതുമാണ്.

## മതൃകാ കാലിതൊഴുത്തു നിർമ്മാണം.

ഒരോ പഞ്ചായത്തിലും 100 മതൃകാ കാലിതൊഴുത്ത് സംബ്സിഡിയോട്കൂടി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കുക.

## പട്ടികജാതി പട്ടികവർഗ്ഗ പദ്ധതി

പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവർക്ക് മാതൃകാ ഡയറി യൂണിറ്റ് തുടങ്ങുന്നതിന് ഒരുവാർഡിൽ 50 പേർക്ക് 50 ശതമാനം സബ്സിഡിയോടുകൂടി കറവപശുവിനെ വാങ്ങിവളർത്തുന്നതിന് 10,000 രൂപാ വരെയും, തൊഴുത്തിന് 2500 രൂപയും ഇൻഷ്വറൻസ്, കാലിതീറ്റ, പാൽപാത്രം എന്നിവയ്ക്കും വകകൊള്ളിക്കുക.

## താറാവ് വളർത്തൽ വീടുകളിൽ

ഒരു കർഷകന് ഒരുമാസം പ്രായമായ 20 താറാവിൻ കുഞ്ഞുങ്ങളെ നൽകുക. ആവശ്യമുള്ള പ്രധിരോധ കുത്തിവെയ്പ്പ് മൃഗാശുപത്രി വഴി ലഭിക്കുക. താറാവ് കൃഷി വീട്ടമ്മമാർക്ക് നല്ലൊരു ധനാഗമ മാർഗ്ഗമായിരിക്കും. ഒരുദിവസം കിട്ടുന്ന 15 മുട്ടയിൽ 10 മുട്ട വില്ക്കുമ്പോൾ തന്നെ 20 രൂപയുടെ വരുമാനം ലഭിക്കും.

## കോഴിവളർത്തൽ

### മുട്ടക്കോഴി വളർത്തൽ

ഏതാനും വർഷങ്ങൾക്ക് മുമ്പ്വരെ മുട്ടകയറ്റിഅയച്ചിരുന്ന കേരളത്തിൽ ഇന്ന് നാം തമിഴ്നാട്ടിലെ നാമക്കൽ എന്ന സ്ഥലത്തിനെ ആശ്രയിച്ചാണ് ജീവിക്കുന്നത്. അതും നല്ല നിലവാരം കുറഞ്ഞതും ശേഖരിച്ച് പല ദിവസങ്ങൾ കഴിഞ്ഞതുമായിരിക്കും.

45-60 ദിവസം പ്രായമുള്ള 5 മുട്ടക്കോഴികുഞ്ഞുങ്ങളെവീതം നൽകാവുന്നതാണ്. ഈ പദ്ധതി വ്യാപകമാക്കുന്നതിന് യൂണിറ്റൊന്നിന് 100 രൂപാ സഹായത്തോട് 5 യൂണിറ്റുകൾ വരെ ഒരുകുടുംബത്തിന് നൽകാവുന്നതാണ്. പുലിയൂർ പഞ്ചായത്തിൽ 1000 യൂണിറ്റ് ഉണ്ടായിരിക്കണം.

ഒരു യൂണിറ്റിന് വേണ്ടചിലവ് 1555 രൂപാ
ലാഭം 550 രൂപാ

## എഗ്ഗർ നെഴ്സറി

ഗുണമേന്മയുള്ള മേൽത്തരം കോഴികുഞ്ഞുങ്ങളുടെ ദൗർലഭ്യം കേരളത്തിലെ ഗ്രാമങ്ങളിൽ കോഴിവളർത്തൽ പുരോഗമിക്കുന്നതിന് ഒരു വിഘാതമായി നിലകൊള്ളുന്നു. ഇതിനൊരു പരിഹാരം എന്നനിലയിൽ പഞ്ചായത്തിൽ ഒരു എഗ്ഗർ നേഴ്സറി സ്ഥാപിക്കുക. 500 കുഞ്ഞുങ്ങൾ വീതമുള്ള യൂണിറ്റുകൾ ആവശ്യമനുസരിച്ച് തുടങ്ങാം. ഒരുദിവസം പ്രായമുള്ള കോഴികുഞ്ഞുങ്ങളെ 100 ദിവസം വരെ വളർത്തി വിപണനത്തിന് തയ്യാറാക്കുക.

ചിലവ് 17750

## ആധുനിക അറവുശാല സ്ഥാപിക്കൽ

മാസത്തിൽ 100 മാടുകളെ അറവുനടത്തുന്നതിനുള്ള ചെറിയ അറവുശാല പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്.

## മൃഗാശുപത്രി വികസന സമിതി രൂപീകരിക്കണം.

പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, വാർഡിലെ ജനപ്രതിനിധികൾ, കർഷകർ എന്നിവരെ ഉൾപ്പെടുത്തി മൃഗാശുപത്രി വികസന സമിതി രൂപീകരിക്കണം.

## കാറ്റിൽ ഇംപ്രൂവ്മെന്റ് സമിതി

ഈ സമിതിയിലെ അംഗങ്ങൾ മേൽകാണിച്ച പ്രകാരം, ഈ സമതി ആടുമാടുകൾക്ക് ആവശ്യമായി വരുന്ന തീറ്റ, തീറ്റപ്പുൽ ഇവ സബന്ധിച്ച നിരക്കിൽ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

## കർഷകർക്ക് അംഗീകാരം/അവാർഡ്

സാധാരണയായി മൃഗസംരക്ഷണമേഖലയിലെ കർഷകരെ പ്രത്യേകം ആദരിക്കൽ പരിപാടിയോ, പഞ്ചായത്ത്, ജില്ലാ, സംസ്ഥാനതല അവാർഡുകൾ കെടുക്കുന്നതിനോ അംഗീകാരം ലഭിക്കുന്നതിനോ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് കർഷകരെ ആദരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

## കഴിഞ്ഞ പദ്ധതിക്കാലത്ത് പുലിയൂർ മൃഗാശുപത്രിയിൽനിന്നും ലഭിച്ചിട്ടു മറ്റുപദ്ധതികൾ.

1. IHDP കോളനി, പൊറ്റമേൽക്കടവിൽ 36 ഗുണഭോക്താക്കൾക്ക് 2 ആട്ടിൻകുട്ടികളെ വീതം 72 ആടിനെ വിതരണം ചെയ്തു.
2. M.L.B.P സ്കീം അനുസരിച്ച് 540 കോഴികുഞ്ഞുങ്ങളെ(40 -60 ദിവസം പ്രായമുള്ള) വിതരണം ചെയ്തു (സബ്സിഡി നിരക്കിൽ)
3. ഗോരക്ഷാ ക്യാമ്പ് 2 എണ്ണം നടത്തി.
4. കുളമ്പുപനിക്ക് കുത്തിവെയ്പ്പ് 485
5. കോഴികൾക്ക് കുത്തിവെയ്പ്പ് 4325
6. IHDP കോളനി, പൊറ്റമേൽക്കടവിൽ 10 കോഴികുഞ്ഞുങ്ങളേയും (40-60 ദിവസം പ്രായമുള്ള) 5 കിഗ്രാം തീറ്റ വീതം 10 ഗുണഭോക്താക്കൾക്ക് സൗജന്യമായി വിതരണം ചെയ്തു.

## പുലിയൂർ ഗ്രാമ പഞ്ചായത്ത്

### 4. 1. വളർത്തു മൃഗ സംഖ്യ

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത്ത് | കറവ ഇല്ലാ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1 | - | - | - | - | 16 | 6 | 86 | 165 | 2 | 3 | 2 | 87 | 20 | - |
| 2 | - | - | - | - | 5 | 3 | 68 | 128 | 2 | 1 | 4 | 68 | 32 | - |
| 3 | - | - | - | - | 18 | 4 | 92 | 118 | - | 2 | - | 48 | 52 | - |
| 4 | - | - | - | - | 20 | 2 | 67 | 136 | 1 | - | 4 | 82 | 60 | - |
| 5 | - | - | - | - | 18 | 8 | 108 | 202 | 2 | 4 | 2 | 52 | 62 | 1 |
| 6 | - | - | - | - | 18 | 4 | 112 | 172 | 2 | 3 | 6 | 41 | 72 | - |
| 7 | - | - | - | - | 12 | | 1 0 | 58 | 164 | 5 2 | 2 | 42 | 80 | - |
| 8 | - | - | - | - | 18 | 8 | 89 | 170 | 5 | 4 | 2 | 65 | 91 | - |
| 9 | - | - | - | - | 19 | 3 | 100 | 168 | 3 | - | 2 | 72 | 102 | - |

## പുലിയൂർ ഗ്രാമ പഞ്ചായത്ത്
### 4. 2. വളർത്തു മൃഗ സംഖ്യ

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 88 | 210 | 148 | 160 | 640 | - |
| 2 | 86 | 276 | 70 | 110 | 510 | - |
| 3 | 62 | 199 | 49 | - | - | - |
| 4 | 51 | 115 | 90 | 25 | 175 | - |
| 5 | 68 | 163 | 109 | - | - | - |
| 6 | 58 | 138 | 92 | 30 | 90 | - |
| 7 | 58 | 140 | 92 | - | - | - |
| 8 | 56 | 160 | 64 | - | - | - |
| 9 | 86 | 210 | 96 | - | - | - |



# വ്യവസായം



വ്യവസായ രംഗത്ത് കഴിഞ്ഞ കാലഘട്ടങ്ങളിൽ യാതൊരു വിധ മുന്നേറ്റങ്ങളും ഉണ്ടായിട്ടില്ല. നെയ്ത്ത് വ്യവസായത്തിന് ആദ്യകാലത്ത് വളരെ പ്രാധാന്യം കൊടുത്തിരുന്നു. ദേശീയ പ്രസ്ഥാനം ഉടലെടുത്തപ്പോൾ മഹാത്മജിയുടെ ആഹ്വാനപ്രകാരം വിദേശ വസ്ത്രങ്ങൾ ഉപേക്ഷിക്കുകയും സ്വന്തമായി വസ്ത്രങ്ങൾ ഉണ്ടാക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും ചെയ്ത സമയമായിരുന്നു നമ്മുടെ ഗ്രാമങ്ങളിലും നെയ്ത്തിനെ പ്രോത്സാഹിപ്പിച്ചിരുന്നത്. സമീപ പ്രദേശങ്ങളും ഇതുമായി ബന്ധപ്പെട്ടു പോയിരുന്നു. ആദ്യകാലത്ത് നെല്ലുകുത്ത് അനേകം ജനങ്ങൾക്ക് തൊഴിലവസരം നൽകിയിരുന്നു. ഈച്ചാട് കുത്ത് എന്നറിയപ്പെട്ടിരുന്ന ഈ രീതികൾ പിൽകാലങ്ങളിൽ തുടരുന്നതിന് സാധിച്ചില്ല. അതുപോലെ വനിതകൾക്ക് അനേകം തൊഴിലവസരങ്ങൾ നൽകിയിരുന്ന ഖാദി നൂൽനൂൽപ്പ് മൂലം മഹിളാ സംഘങ്ങൾ രൂപീകരിക്കുന്നതിനും സാധിച്ചു. എന്നാൽ ഇത് മറ്റുള്ളവയുടെ പിന്നാലെ നിന്നു പോയി. ഇങ്ങനെ കാര്യമായ വ്യവസായസംരംഭങ്ങൾ ഒന്നും ഇല്ലാതിരിക്കുന്ന ഇവിടെ അനേകം നിർദ്ദേശങ്ങളും സാധ്യതകളും ഉണ്ട്. പരമ്പരാഗത വ്യവസായം എന്ന നിലയിൽ ഈറ്റ, പ്പനമ്പ്, കുട്ട, മുറം. മറ്റ് ഉല്പന്നങ്ങൾ ചുരുക്കം ചില കുടുംബങ്ങൾ മാത്രം കുടിൽ വ്യവസായമായി ചെയ്തു വരുന്നു. പുരാതനമായി ഉണ്ടായിരുന്ന മറ്റേതു തൊഴിൽ ബീഡി തൊറുപ്പ് വ്യവസായം ധാരാളം തൊഴിലാളികൾ ഈ രംഗത്ത് പണി എടുത്തിരുന്നു അതെല്ലാം ഇന്ന് ഒറ്റപ്പെട്ട് രംഗങ്ങളായി കഴിഞ്ഞു. നാളികേരം ശേഖരിച്ച് കൊപ്രാ വ്യവസായവും, കരിമ്പു കൃഷി ഉണ്ടായിരുന്ന ഘട്ടത്തിൽ നാടൻ ചക്ക് ഉപയോഗിച്ച് കരിമ്പാട്ടി ശർക്കരയും ഉണ്ട ശർക്കരയും വ്യവസായം നിലനിന്നിരുന്നു. ഇപ്പോൾ കരിമ്പ് കൃഷി ലാഭകരമല്ലാ എന്നു കാരണത്താൽ കർഷകർ അതിന് തയ്യാറാകുന്നില്ല. പുളിക്കീഴ് പഞ്ചസാര ഫാക്ടറിയുടെ പ്രവർത്തനം നിലച്ചതും കരിമ്പിന് വില ലഭിക്കാത്തതും ഇതിനൊരു കാരണമാണ്.

ഇപ്പോൾ നമ്മുടെ ഗ്രാമത്തിൽ കണ്ടു വരുന്ന സ്വയം തൊഴിൽ കണ്ടെത്തൽ വ്യവസായവും, മൂന്ന് തടി ഡിപ്പോകളും മറ്റ് ചെറിയ വ്യവസായ സ്ഥാപനങ്ങളുമാണ് മൂന്ന് തടി ഡിപ്പോയിലായിട്ട് ഒൻപത് പേർ ജോലി ചെയ്യുന്നു. വ്യവസായ സ്ഥാപനങ്ങളിൽ ഓരോ കുടുംബത്തിലുള്ള അംഗങ്ങൾ തന്നെയും, പണിയെടുക്കുന്നു. കോപ്രാ സംസ്കരണമില്ലുകൾ മൂന്ന് എണ്ണവും

നെല്ല് കുത്തുമില്ലുകക ഏഴ് എണ്ണവും ആണ് ഇന്ന് നിലവിലുള്ളത്. ഒരു സർവ്വീസ് സ്റ്റേഷനും ഏതാനും ഇഷ്ടിക വ്യവസായവും നിലവിലുണ്ട്. ഒരു വയൽ കട്ട് ഇഷ്ടിക നിർമ്മാണ യൂണിറ്റും ഉണ്ട്.

മറ്റൊരു പ്രധാന മേഖല പഞ്ചായത്ത് പ്രദേശത്ത് ഏറ്റവും വിഭവമായ ഒന്നാണ് നൂറ്റവൻ പാറ പ്രദേശത്ത് വ്യാപകമായി ഉള്ള കരിങ്കൽ കോറികൾ. ഇവിടെ ധാരാളം തൊഴിലാളികളും, കോറിയുടെ ഉടമഥരുമുണ്ട്. പതിനഞ്ച് വർഷങ്ങൾക്ക് മുൻപ് വരെ ഈ പ്രദേശത്തെ പാറകൾ പൊട്ടിച്ച് കടലിൽ ഭിത്തി കെട്ടുന്നതിന് പാറ കൊണ്ടുപോയി കൊണ്ടിരുന്നത് ഇവിടെ നിന്നായിരുന്നു. ആ സന്ദർഭങ്ങളിൽ അതിനുള്ള ലൈസൻസു കൊടുക്കുന്നതിനും, വരുമാനവും പഞ്ചായത്തിനായിരുന്നു. ഒരു ഉത്തരവിലൂടെ ഇതിന്റെ ചുമതല ഗവൺമെന്റിൽ നിക്ഷിപ്തമായത് പഞ്ചായത്തിന്റെ വരുമാനം കുറഞ്ഞു.

ഈ പ്രദേശത്ത് പണി എടുക്കുന്നത് തമിഴ്നാട്ടിൽ നിന്നും മറ്റും കുടിയേറിയിട്ടുള്ള തൊഴിലാളികൾ ആണ്. ഒരു സഹകരണ സംഘം തന്നെ രൂപീകരിച്ച് ഏകീകൃതരീതിയിൽ പണിയും, കൂലിയും, ലഭ്യമാക്കുകയും, അപകടകരമായ തൊഴിലിൽ എർപ്പെട്ടുകൊണ്ടിരിക്കുമ്പോൾ മരണപ്പെട്ടാൽ എല്ലാ വിധ ആനുകൂല്യങ്ങളും ഉറപ്പു വരുത്തുകയും വേണം.

## പ്രശ്നങ്ങൾ

1. വ്യവസായം സ്ഥാപിക്കുവാൻ വേണ്ടത്ര താല്പര്യത്തോടുകൂടി ആളുകൾ തയ്യാറാകുന്നില്ല.

2. വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ വളരെ താമസവും പ്രയാസവും.

3. വ്യവസായ സബ്സിഡി യഥാസമയം ലഭിക്കുന്നില്ല.

4. അസംസ്കൃതപദാർത്ഥം വേണ്ടത്ര ലഭിക്കുന്നില്ല.

5. വ്യവസായ സംരംഭങ്ങൾക്ക് യഥാസമയം ലോൺ ലഭിക്കുന്നില്ല.

## സാദ്ധ്യതകൾ

1. പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനത്തിൽ വ്യവസായ വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

2. പഞ്ചായത്തിലെ ഗൾഫ് കുടിയേറ്റക്കാരെ വ്യവസായ രംഗത്ത് കൂടുതൽ മുതൽ മുടക്കുവാൻ പ്രേരിപ്പിക്കുക.

3. വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.

4. പരമ്പരാഗതമായ വ്യവസായങ്ങൾ നവീകരിക്കുന്നതിനുള്ള പരിപാടികൾ തയ്യാറാക്കുക.

## ഗ്രാമസഭാ റിപ്പോർട്ട്, വ്യവസായം

5. പൊതു മാർക്കറ്റ്, ദേശസാൽകൃത ബാങ്ക്, ഹോളോ ബ്രിക്സ്, സിമിന്റ് ഇഷ്ടിക നിർമ്മാണം.

6. വനിതാ വ്യവസായ യൂണിറ്റ് ആരംഭിക്കുക. (പോളിത്തീൻ കവർ നിർമ്മാണം, അച്ചാർ, സോപ്പ്, കൂൺകൃഷി, തേനീച്ച വളർത്തൽ, കുറ്റിമുല്ല, റെഡിമെയ്ഡ്)

7. മന്ദീഭവിച്ചു കിടക്കുന്ന ആറാം വാർഡിലെ വ്യവസായ യൂണിറ്റ് പുനരുദ്ധരിക്കുക.

8. വ്യവസായ യൂണിറ്റിന് ആവശ്യമായ സ്ഥലം പുലിയൂർ ബ്ലോക്കിൽ അക്വയർ ചെയ്യുക.

9. മറ്റു ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുക.

10. ക്ഷീരവികസനത്തിനു വേണ്ട കെട്ടിടവും ഉപകരണങ്ങളും മിൽമാ ബൂത്തും ആരംഭിക്കുക.

11. കോഴി, പശു, ആട് ഇവ വളർത്താൻ ഗവൺമെന്റ് ധനസഹായം കൊടുക്കുക.

12. ഒരു എസ്. എസ്. ഐ. യൂണിറ്റ് ആരംഭിക്കുക. കുറഞ്ഞത് പതിനഞ്ച് തൊഴിൽ രഹിതരായവർക്ക് ജോലി കൊടുക്കുക.

13. ഐ. റ്റി. സി. യൂണിറ്റ് ആരംഭിക്കുക.

14. ഫ്ലവർ മില്ല് (കൂട്ടായ വ്യവസായം) തയ്യലും, റെഡിമെയ്സ് സെന്ററും സ്ഥാപിക്കുക.

ഹോളോ ബ്ലോക്ക്, സ്പ്രേ പെയിന്റിംഗ് യൂണിറ്റ്, കൊപ്രാ വ്യവസായം, പോളിത്തീൻ കവർ നിർമ്മാണം, സോപ്പു നിർമ്മാണ യൂണിറ്റ്, കോഴി വളർത്തൽ, പന്നി വളർത്തൽ, പലചരത്തു വ്യാപാരം, നിലവിലുള്ള സാനിട്ടറി മൊത്ത വ്യാപാരക്കട, പുരോഗമനത്തിന് സാമ്പത്തിക സഹായം, പലചരക്കു കട, ചായക്കട, തയ്യൽ മെഷീൻ, പശു വളർത്തൽ, റെഡിമെയ്ഡ് കട, പുളി, കുരുമുളക് വ്യാപാര ധനസഹായം, സാനിട്ടറി സാധനങ്ങൾ മാറി വിൽക്കുന്നതിന് ധനസഹായം, ഓട്ടോമൊബൈൽ വർക്ക് ഷോപ്പ്, ലെയിത്ത്, അലുമിനിയം ഫാബ്രിക്കേഷൻ, പെയിന്റിംഗ് ഷോപ്പ്, ചെരിപ്പ് (റബർ ഉൽപ്പന്നങ്ങൾ), കാർപ്പെന്റർ ഷോപ്പ്, പ്ലാസ്റ്റിക് കൂടുകൾ മുതലായ വ്യവസായ സംരംഭങ്ങൾ തുടങ്ങിയാൽ നടത്തിപ്പിനായി പൊതുജനങ്ങളിൽ നിന്ന് 2% സമാഹരിക്കുവാൻ കഴിയും.

കോഴി വളർത്തൽ, കന്നുകാലി വളർത്തൽ, കൂൺ കൃഷി നടത്തുന്ന് 25 പേർക്ക് ആവശ്യമായ സാങ്കേതികവും, സാമ്പത്തികവുമായ സഹായം.

കോഴിവളർത്തൽ കേന്ദ്രം പത്ത് വീട്ടുകാരടങ്ങിയ ഒരു യൂണിറ്റ്. താറാവു കൃഷി ഒരു വർഷം ഈ വാർഡിൽ രണ്ട് പേർക്ക്.

കാട കോഴി വളർത്തൽ ഓട്ടോറിക്ഷക്ക് ധനസഹായം, പലചരക്ക് വ്യാപാരത്തിന് ധനസഹായം, തൊഴിൽ രഹിതരായ വനിതകൾക്കും, യുവാക്കൾക്കും വേണ്ടി വസ്ത്ര നിർമ്മാണ വിപണന യൂണിറ്റ്, പശു വളർത്തൽ, കോഴി വളർത്തൽ, തേനീച്ച വളർത്തൽ, ക്ഷീരവികസനം എന്നിവയിൽ ആധുനിക രീതിയിലുള്ള തൊഴിൽ, നോട്ട്ബുക്ക് നിർമ്മാണം, സോപ്പ് നിർമ്മാണം, ടെക്നിക്കൽ യോഗ്യതയുള്ള വർക്ക് (ഇലക്ട്രിക് ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ അസംബ്ളി യൂണിറ്റുകൾ തുടങ്ങുക.

പേരിശേരി റെയിൽവേ കോളനിയിൽ പഞ്ചായത്ത് ഒഴിപ്പിച്ച സ്ഥലത്ത് ആധുനിക രീതിയിലുള്ള ഒരു സംഭരണ തലം. പാചക വാതക ഏജൻസികൾ പുതുതായി അനുവദിക്കുന്നവ പഞ്ചായത്തുകളെ ഏൽപ്പിച്ച് തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുക.

പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന പച്ചക്കറി പഴവർഗ്ഗങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഒരു ശീതികരണ ശാല ഇതോടൊപ്പം, ഒരു ന്യായ വിലക്കട തുടങ്ങുക. ഓട്ടോറിക്ഷായ്ക്ക് ധനസഹായം, മത്സ്യം വളർത്തൽ യൂണിറ്റ്, കൂൺ കൃഷിക്കു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക. ഒരു കൊപ്രാ സംഭരണം.

## വനിതകൾക്ക്

റെഡിമെയ്ഡ് തയ്യൽ യൂണിറ്റ്, ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റ്, കൂൺകൃഷി യൂണിറ്റ്, കറി പൗഡർ നിർമ്മാണ യൂണിറ്റ്, ഭക്ഷ്യോൽപാദന നിർമ്മാണ യൂണിറ്റ്, തഴപായ് നെയ്ത്ത് യൂണിറ്റ്

## പുരുഷന്മാർക്ക്

കോൺക്രീറ്റ്, കട്ടിള, ജനൽ, വെന്റിലേഷൻ, ക്രാസികൾ, കട്ടകൾ ഇവയുടെ യൂണിറ്റ്. മത്സ്യം വളർത്തൽ യൂണിറ്റ്, മുയൽ വളർത്തൽ യൂണിറ്റ്, പുഷ്പ കൃഷി ഔഷധ ചെടി വളർത്തൽ യൂണിറ്റ്, മിൽമാ ബൂത്ത് സ്ഥാപിക്കുക. ഓട്ടോറിക്ഷയ്ക്ക് ധനസഹായം, തയ്യൽ പരിശീലനം നേടിയ അമ്പത് പേർക്ക് തയ്യൽ മെഷീൻ നൽകുക. പത്തു വീട്ടുകാരെ വീതം ഉൾപ്പെടുത്തി അഞ്ച് യൂണിറ്റുകൾക്ക് ഈറ്റ ഉൽപാദനം നിർമ്മാണ യൂണിറ്റ് ഇറച്ചി കോഴി വളർത്തൽ അമ്പത് കോഴി വീതം ഇരുപത്തി അഞ്ച് പേർക്ക്.

പുലിയൂർ ഗ്രാമപഞ്ചായത്ത് ആറാം വാർഡിൽ വ്യവസായം ആരംഭിക്കുന്നതിലേക്കും അതിലൂടെ ഓരോ ഗ്രൂപ്പ് ആയി പല കുടുംബങ്ങൾക്കും തൊഴിൽ അവസരവും, വരുമാനമാർഗ്ഗവും ആകുന്ന കർമ്മ പദ്ധതികളാണ് ചുവടെ ചേർക്കുന്നത്.

ഫർണ്ണിച്ചർ നിർമ്മാണവും, വിപണനവും ഈ രംഗത്ത് പണി എടുക്കുന്ന ധാരാളം കുടുംബങ്ങൾ ഈ വാർഡിൽ ഉണ്ട്. രണ്ട് യൂണിറ്റ് ആരംഭിക്കുന്നതിനും അവർക്ക് ധനസഹായം നല്കുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യ വ്യവസായ രംഗത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഈ വാർഡിലെ ആളുകളെ സഹായിക്കുന്നതിന് ബാങ്ക് വായ്പയും, സബ്സിഡിയും നല്കണം. ക്ലോസെറ്റ്, വെന്റിലേഷൻ നിർമ്മാണം, ലോൺ, ഗ്രാന്റ് നല്കുക.

പരമ്പരാഗത വ്യവസായം, ഓട്, ചെമ്പ് ഇവ ഉപയോഗിച്ച് പാത്ര നിർമ്മാണം ഈ രംഗത്ത് പരിശീലനം ഉള്ള ആളുകൾ ഇവിടെ താമസിക്കുന്നു. ധനസഹായം ലഭിക്കണം. പുകയില്ലാത്ത അടുപ്പ് നിർമ്മിച്ച് പഞ്ചായത്തിൽ ആകെയും പുറമേ പഞ്ചായത്തിലേക്ക് ആവശ്യക്കാർക്ക് കൊടുക്കുന്നതിന് കഴിയുന്ന രീതിയിൽ പരിശീലനം ലഭിച്ചവർക്ക് ആയതിന്റെ നിർമ്മാണത്തിന് ആവശ്യമായ ധനസഹായം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

പച്ചക്കറി കൃഷി ഈ പ്രദേശത്ത് ധാരാളമായി ചെയ്യുന്നുണ്ട്. ഇത് ഒരു വ്യവസായമായി മാറ്റി തീർക്കുവാൻ കഴിയും. ആയതിലേക്ക് കൃഷിക്കാർക്ക് എല്ലാ വിധ പ്രോത്സാഹനവും ധനസഹായവും നല്കുക.

5) ഒരു **F CI Sodium (RLY - Coly-**ക്ക് അടുത്ത പഞ്ചായത്തു സ്ഥലത്ത്)

6) മന്ദീഭവിച്ചു കിടക്കുന്ന ഈ വാർഡിലെ വ്യവസായങ്ങൾ പുനരുദ്ധരിക്കുക.

7. ഒരു മിൽമാ ബൂത്ത് സ്ഥാപിക്കുക.

8. കോഴി വളർത്തൽ

9) കന്നുകാലി വളർത്തൽ

**Ward-I Mettel Crusher (Unit)** വ്യവസായം

കോഴിവളർത്തൽ പത്ത് കുടുംബത്തിന്റെ ഒരുയൂണിറ്റ് ആകെ അഞ്ച് യൂണിറ്റ്. താറാവു കൃഷി പ്രോത്സാഹനം, മത്സ്യ വളർത്തൽ (മുതലക്കുഴി ചാല് ഉപയോഗിക്കാം)

**Ward IV +** കോഴി, കന്നുകാലി വളർത്തൽ

**Ward (vi) (+) FCI - Sodium**

(+) ഒരു മിൽമാ ബൂത്ത് സ്ഥാപിക്കുക.

(+) കോഴിവളർത്തൽ കന്നുകാലി വളർത്തലാആയി പ്രോത്സാഹിപ്പിക്കുക.

**VII.** ഒരു കൊപ്രാ സംഭരണ മില്ല് സ്ഥാപിക്കുക.

**VIII +**തഴപ്പായ് നെയ്ത്ത് യൂണിറ്റ് സ്ഥാപിക്കുക.

(+) ഒരു മിൽമാ ബൂത്ത് സ്ഥാപിക്കുക.

(+) ഒരു **Mettel crusher Unit**

(+) ഒരു ദേശസാൽകൃത ബാങ്ക്

പുലിയൂർ ഗ്രാമപഞ്ചായത്ത് ചെങ്ങന്നൂർ മുൻസിപ്പാലിറ്റിയുമായി ചേർന്നു കിടക്കുന്ന ഭൂപ്രദേശമാണ്. പൊതുവെ പറയുമ്പോൾ സഞ്ചാര സൗകര്യമുള്ള ഒരു ഗ്രാമമാണ്. റോഡ് ഗതാഗതമാണ് പ്രധാന സഞ്ചാര മാർഗ്ഗം. കടത്തു കടവുകളൊ, ബോട്ടു സർവീസോ ഈ ഗ്രാമത്തിലില്ല. ഉദ്ദേശം 17300 മീറ്റർ P. W. D റോഡുകളും 63206 മീറ്റർ പഞ്ചായത്ത് റോഡുകളുമാണ് എൻ. എച്ച് ഈ ഗ്രാമത്തിൽ കൂടി കടന്നു പോകുന്നില്ല.

മുൻകാലത്ത് ഈ ഗ്രാമത്തിലെ ഇലഞ്ഞിമേൽ, ലങ്ക എന്ന പ്രദേശവും തോനയ്ക്കാട്, ചാത്തമേൽ കുറ്റിയും, പേരിശ്ശേരി അമ്പിത്തറയും ഒറ്റപ്പെട്ട ദ്വീപു പ്രദേശങ്ങളായിരുന്നു. ഈ പ്രദേശങ്ങളെല്ലാം ഇന്ന് സഞ്ചാരയോഗ്യമായ റോഡുകളായി കഴിഞ്ഞു. പുലിയൂർ പഞ്ചായത്തിന്റെ ഭാഗമായ ഒൻപതാം വാർഡിലേക്ക് വാഹന സഞ്ചാരം ചെങ്ങന്നൂർ മുൻസിപ്പാലിറ്റിയിലൂടെ കടന്നുപോകുവാനേ കഴിയുകയുള്ളൂ. ഇതിന് ശാശ്വത പരിഹാരമുണ്ടാകണം. പഞ്ചായത്തിന്റെ റോഡുകൾ ടാർ ചെയ്ത റോഡുകൾ, ഗ്രാവൽ റോഡുകൾ, കച്ചറോഡുകൾ എന്നിങ്ങനെ മൂന്നായി തരം തിരിക്കാം. മുൻകാലം മുതൽക്കു തന്നെ സഞ്ചാര സൗകര്യത്തെ ലക്ഷ്യമാക്കി നിലവിലുള്ള റോഡുകളുടെ വീതി കൂട്ടിയും ടാറിട്ടും ഗ്രാവൽ വിരിച്ചും സഞ്ചാര സൗകര്യമാക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും ഇനിയും പല റോഡുകളും മെറ്റലിംഗും, ടാറിംഗും ചെയ്ത് സഞ്ചാര സൗകര്യം വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്.

റോഡുകൾ ടാർ ചെയ്യുന്നതിന് എട്ട് മീറ്റർ വേണമെന്നുള്ള കേന്ദ്ര സംസ്ഥാന ഗവമെന്റുകളുടെ നിർദ്ദേശം JRY പോലുള്ള ഫണ്ടുകളുപയോഗിച്ച് ചെയ്യുവാൻ തടസ്സമാകുന്നു. ഈ നിർദ്ദേശം കേരള സംസ്ഥാനത്തെ സംബന്ധിച്ചും, പ്രത്യേകിച്ച് പുലിയൂർ ഗ്രാമ പഞ്ചായത്തിലും ബുദ്ധിമുട്ടുണ്ടാക്കുന്നു. ഈ ഗ്രാമത്തിലെ ജനങ്ങളുടെ വാസസ്ഥലത്തിന്റെ പ്രശ്നങ്ങൾ കണക്കിലെടുക്കുമ്പോൾ പല സ്ഥലങ്ങളിലും എട്ട് മീറ്റർ വീതി എന്നുള്ളത് അപ്രായോഗികമാണ്. ഇവ കൂടി കണക്കിലെടുത്തുകൊണ്ട് പദ്ധതികാലത്ത് റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും നടത്തേണ്ടിയിരിക്കുന്നു.

പുലിയൂർ ഗ്രാമ പഞ്ചായത്തിലുള്ള P. W. D. റോഡുകളുടെ പട്ടിക ചുവടേ ചേർക്കുന്നു.

| നമ്പർ | P. W. D. റോഡുകൾ | നീളം |
|---|---|---|
| 1. | തോനയ്ക്കാട് കിഴക്കേനട ശബരിമല വില്ലേജ് റോഡ് | 4 Km |
| 2. | കടന്തോട്ടുപാലം കുളിക്കാംപാലം റോഡ് | 4.500 Km |
| 3. | പേരിശ്ശേരി പഴയാറ്റിൽ അമ്പാട്ട് പാലം | 1.250 Km |
| 4. | പുലിയൂർ കോടംചിറ കളത്രപ്പടി മാന്നാർ | 2 Km |
| 8. | മഠത്തുംപടി ഉതുകുഴിപാലം | 1Km |
| 6. | പെരുംപുഴക്കാട് തോട്ടിയാട്ട് | 3Km |
| 7. | തോനയ്ക്കാട് ചർച്ച് മാളിയേക്കൽ | 800 M |
| 8. | പേരിശ്ശേരി വാഴേപാലം | 750 M |

വിവിധ ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്ന അഭിപ്രായങ്ങളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ സഞ്ചാര സൗകര്യം വർദ്ധിപ്പിക്കേണ്ടതായ ഗ്രാവൽ റോഡുകളുടെയും, ടാർ ചെയ്ത റോഡുകളുടെയും പുനരുദ്ധാരണവും അത്യാവശ്യമാണ്. ഇവയിൽ ടാൻ ചെയ്ത റോഡുകളുടെ പുനരുദ്ധാരണവും, ഗ്രാവൽ ഇറക്കി സഞ്ചാര സൗകര്യം വർദ്ധിപ്പിക്കേണ്ട റോഡുകളുടെയും പട്ടിക ചുവടേ ചേർക്കുന്നു.

## പ്രശ്നങ്ങൾ

ചില വാർഡുകളിൽ റോഡുകൾക്ക് വേണ്ടത്ര സൗകര്യമില്ല. പല റോഡുകൾക്കും ഓടകൾ നിർമ്മിച്ചിട്ടില്ല. മഴക്കാലത്ത് യാത്രക്കാർക്ക് കയറി നില്ക്കുവാൻ ഷെൽട്ടറുകളില്ല. ഒൻപതാം വാർഡുമായി ബന്ധിപ്പിക്കുന്ന വാഹന സൗകര്യമില്ല. റോഡുകൾ വർഷത്തിലൊരിക്കൽ പോലും അറ്റ കുറ്റപ്പണികൾ നടത്താറില്ല. റോഡുകളുടെ ഓടകൾ ഉള്ളവ അതാത് പ്രദേശത്തു താമസിക്കുന്നവർ അടയ്ക്കുന്നതു കാരണം റോഡ് തകരുന്നു.

## സാധ്യതകൾ

റോഡുകളുടെ നിർമ്മാണത്തിന് ഓട അഭിഭാജ്യ ഘടകമായിരിക്കണം. റോഡ് നിർമ്മാണത്തിനും, അറ്റകുറ്റപ്പണികൾക്കും കരാറുകാരെ ഒഴിവാക്കുകയും, സന്നദ്ധ സംഘടനകളെ ഏല്പിക്കുകയും ചെയ്യുക. യാത്രാ ക്ലേശം പരിഹരിക്കുന്നതിന് ചെങ്ങന്നൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നും ഉണ്ടായിരുന്ന സർവ്വീസുകൾ പുനരാരംഭിക്കുക. പേരിശ്ശേരി അമ്പാട്ടു പാലത്തിന്റെ നിർമ്മാണം അതിവേഗം പൂർത്തിയാക്കുക. പേരിശ്ശേരി പരുവിൽ ഭാഗത്തു നിന്ന് ഒൻപതാം വാർഡിലേക്ക് റോഡ് നിർമ്മിക്കുക. പ്രധാന ബസ് സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക. അടിയന്തിര പ്രാധാന്യമുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തനം ഏറ്റെടുക്കുക. റോഡ് സംരക്ഷണത്തിന് പ്രാദേശിക ജനകീയ സമിതി രൂപീകരിക്കുക.

## ഗ്രാമസഭാ റിപ്പോർട്ട്

പൊറ്റമേൽ തൊട്ട് ചാത്തമേൽ കുറ്റിവരെയുള്ള റോഡിൽ മുതലക്കുഴി ചാലിന്റെ ഇരുവശവും പിച്ചിംഗ് കെട്ടി കലുങ്കു നിർമ്മിച്ച് റോഡ് ഉയർത്തി ടാർ ചെയ്യണം. കൂടാതെ പാടങ്ങളുടെ ഇടുവിൽ കൂടി മാളിയേക്കൽ ചിറ വരെ റോഡ് വെട്ടി ഗതാഗതം ആക്കുക.

ഇലഞ്ഞിമേൽ ചെറിയനാട് റോഡ് വീതി കൂട്ടി ടാർ ചെയ്യണം.

തോനയ്ക്കാട് പള്ളിയുടെ വടക്കു കൂടിയുള്ള റോഡിൽ ചക്കാലെ പടി വരെയും ബാക്കി ബ്രാഞ്ച് റോഡുകളും പിച്ചിംഗ് കെട്ടി വെള്ളം ഒഴുകിപ്പോകാൻ സൗകര്യം ഉണ്ടാക്കി ഗ്രാവൽ മണ്ണിട്ട് ഉയർത്തണം.

മല്ലശ്ശേരി കിഴക്കേ ജംഗ്ഷൻ മുതൽ പുലിപ്ര റോഡും, കിഴക്ക് ഇലഞ്ഞിമേൽ ചേന്നാത്ത് ലക്ഷംവീടു കോളനി വരെ റോഡ് ശരിയാക്കുക. പഞ്ചായത്ത് പുലിപ്രക്കുളം പിച്ചിംഗ് കെട്ടുക. മാങ്ങാട്ടു വീടിനു കിഴക്കുവശം, കോളനി റോഡിന്റെ തെക്കുവശം പിച്ചിംഗ് കെട്ടണം.

തോനക്കാട് പോസ്റ്റോഫീസ് മുതൽ പൊറ്റമേൽ എസ്. എൻ. ഡി. പി. വരെയുള്ള റോഡിന്റെ മധ്യഭാഗത്തെ പുഞ്ചയിൽ കല്ലുങ്ക് നിർമ്മിക്കണം. സൈഡ് പിച്ചിംഗ് കെട്ടി ഗ്രാവൽ നിരത്തി ശരിയാക്കണം.

രക്ഷാസൈന്യ പള്ളിക്ക് കിഴക്ക് ഏഴ് വീടുകാർക്ക് റോഡ് വീതി കൂട്ടുക. കനാൽ സ്ലാബ് ഇട്ട് കൊടുക്കുക.

മലയാറ്റ് തെക്ക് കോളനി റോഡ് ഗ്രാവൽ ചെയ്യുക. പൊറ്റമേൽ ഹരിജൻ കോളനി റോഡ് നന്നാക്കണം. പാലക്കൽ ഭാഗം റോഡ് ഗതാഗതയോഗ്യമാക്കുക.

പെരിയത്തുപടി, പന്ത്രണ്ടിൽ പടി റോഡിൽ വെള്ളക്കെട്ട് ഉള്ളിടത്ത് കലുങ്ക് കെട്ടി മെറ്റൽ ചെയ്യുക.

കളീക്കൽപടി തുമ്പിനാൽ പടി റോഡ് കലുങ്ക് കെട്ടി ശരിയാക്കുക.

ഡയമണ്ട് കലുങ്ക്, ചെറുതറ റോഡ് (200 സ) മണ്ണിട്ട് കിളത്തി ഗതാഗത യോഗ്യമാക്കുക.

മല്ലാശേരി പടി വള്ളിക്കാവ് അമ്പലം റോഡ് ടാർ ചെയ്യണം.

ഇല്ലത്തു കുറ്റി കുഴിക്കാട് പുഞ്ച റോഡിൽ ഏനാത്തു പടി, പള്ളി മുക്കു വരെ പിച്ചിംഗ് കെട്ടി ശരിയാക്കുക.

ഏനാത്ത് പടി മുതൽ ഇല്ലത്തു കുറ്റി കോളനി (പഞ്ചായത്ത് കുളം) വരെ ചപ്പാത്ത് കെട്ടി സോളിംഗ് ഇട്ട് ശരിയാക്കുക.

തോണ്ടലിൽ പടി കനാലിന്റെ പടിഞ്ഞാറു കൂടി കുളിക്കാംപാലം, ഇടശേരിപ്പടി കിഴക്കോട്ട് ആലാപൂത്തുപടിയിൽ ഉള്ള റോഡിൽ ബന്ധിപ്പിക്കുന്ന റോഡ്, മണിയാത്തിൽ പടി റെയിൽവേ ക്രോസ് റോഡിൽ നിന്ന് റോഡിന് വടക്കു വശത്തു കൂടി പടിഞ്ഞാറോട്ട് മുടിപ്പടിക്കലേക്ക് ഉള്ള റോഡിൽ ബന്ധിപ്പിക്കുക. ഇതിന് ആവശ്യമുള്ള ഭൂമി ലഭിക്കും. കയ്യാലപടി തൊട്ട് കിഴക്കോട്ട് തെക്കേതിൽ വഴി കൊല്ലേത്ത് പടിയിൽ നിന്നും ഉള്ള റോഡിൽ ബന്ധിപ്പിക്കുക.

**Railway Level Cross**

ചിറയിൽ പടി ആയുർവേദ -ആശുപത്രി റോഡിൽ

**Slab.**

വെള്ളെമ്പള്ളിൽ പടി - മുടിപടി വരെ റെയിൽവേ റോഡിൽ ആവശ്യമുള്ളിടത്ത്

**Block Panchayth**

1. കുളിക്കാംപാലം ആലാ **JRY- Retaring**
2. ആയുർവേദ ആശുപത്രി- ആലാ **Taring (550 m)**
3. **I. H. D. P.** കുളഞ്ഞിത്തറ പടി ഹരിജൻ കോളനി വഴി കൊമ്പുക്കൽ പടി ശബരിമല വില്ലേജ് റോഡിൽ സന്ധിക്കുന്ന റോഡ്
3. കരിപ്പാലത്തറ പടി- ഞക്കനാലിത്തറപടി ആലാ റോഡ്
4. കഷായ ആശുപത്രി മുതൽ ചിറയിൽ പടി റോഡിലേക്ക് **(150 m)**

1. പേരിശ്ശേരി സെന്റ് മേരീസ് ആശുപത്രി വന്മഴി റോഡ് മണ്ണിട്ട് ഉയർത്തി, പിച്ചിംഗ് കെട്ടി, ആവശ്യമായ കലുങ്ക് സ്ഥാപിച്ച് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

2. ചിറയിൽ പടി തൈത്തറ കലുങ്ക് വരെ മണ്ണിട്ട് ഉയർത്തി ഗതാഗതയോഗ്യമാക്കുക.

3. പേരിശേരി ചിറയിൽ പടി കോയിത്തറ പട്ടികജാതി കോളനി, കോയിത്തറ ക്ഷേത്രം പാലത്തറ, വാഴത്തറ ഭാഗത്ത് റോഡ് അടിയന്തരമായി ചെയ്യണം. നിലവിലുള്ള 360 m റോഡിന്റെ ബാക്കി 60 m നീളത്തിൽ വാഴത്തറയിലേക്ക് റോഡ് നിർമ്മിക്കണം.

4. പേരിശേരി അമൃതരേത്ത് പടി റെയിൽവേ ക്രോസ് മണ്ണിട്ട് ഉയർത്തി ടാർ ചെയ്യുക.

5. വാദ്യാർ മഠത്തിൽപടി കുമ്പഴ പടി റോഡ് മണ്ണിട്ട് ഉയർത്തി കിഴക്ക് ഭാഗത്ത് ഓട നിർമ്മിക്കുക.

6. ശാസ്താവിൻ പടി ചക്കാലേത്ത് റോഡ് മണ്ണിട്ട് ഉയർത്തി പുതിയ റോഡ് പെരുമ്പലത്ത് ഹരിജനങ്ങൾ താമസിക്കുന്നിടം മുതൽ തൈത്തറ വരെ വെട്ടണം.
7. പഴയാറ്റിപേരൂർ റോഡിൽ പുളിവേലി പടി മുതൽ നൂറ് മീറ്റർ ഗ്രാവൽ ഇടുക.

8. പെരുമ്പുഴക്കടവ് റെയിൽവേ ക്രോസ് റോഡ് മണ്ണിട്ട് ഉയർത്തുക.

9. യൂ. പി. സ്കൂൾ പെരുന്തോട്ടത്തറ റോഡ്ടാർ ചെയ്യുക.

10. താമരപ്പള്ളി പൂക്കളക്കാട്ട് പള്ളി റോഡ് കലുങ്കുകൾ കെട്ടി മൂന്ന് അടി മണ്ണിട്ട് ഉയർത്തി ഗതാഗതയോഗ്യമാക്കുക.

11. ചിറയിൽ പടി മായിക്കൽ പടി റോഡിന്റെ സൈഡ് പിച്ചിംഗ് കെട്ടി ഗ്രാവൽ ഇട്ട് ഗതാഗതയോഗ്യമാക്കുക.

12. തുലാക്കുഴി പാലത്തിന് കിഴക്കുവശത്തു കൂടി വടക്കോട്ട് നാല് മീറ്റർ വീതിയിൽ മണ്ണിട്ട് ഉയർത്തി പുതുവേലിത്തറ കോളനി വരെ ഗതാഗതയോഗ്യമാക്കുക.

13. കുമ്പഴപ്പടി മുതൽ തറയിൽ വീട്ടിൽ പടി വരെ ഉള്ള പ്രദേശത്ത് ഇപ്പോൾ സഞ്ചാര സൗകര്യമില്ല ആയതിനാൽ ഗതാഗത സൗകര്യം ഉണ്ടാകുന്നതിന്റെ മുന്നോടിയായിട്ടുള്ള റോഡ്അടിയന്തിരമായി നിർമ്മിക്കേണ്ടതാണ്.

പുലിയൂർ പേരിശ്ശേരി പഴയാറ്റിൽ ക്ഷേത്രത്തിന് മുൻഭാഗത്തു കൂടി പാണ്ടനാട് വന്മഴിയ്ക്ക് കടന്നു പോകുന്ന **PWD** റോഡിൽ പുലിയൂർ പ്രദേശത്ത് അമ്പാട്ട് ഭാഗത്തുള്ള പാലം കുറെ മാസങ്ങളായി അപകടകരമായി തകർന്നു കിടക്കുന്നു ഇത് പുതുക്കി പണിയുകയും ടി റോഡിലൂടെ ഉണ്ടായിരുന്ന കെ. എസ്. ആർ. ടി. സി. ബസ് പുനഃസ്ഥാപിക്കുകയും വേണം.

പേരിശേരി കടന്തോട്ടിൽ പടി പാലഞ്ഞാട്ടിൽ പടി റോഡ് വെള്ളം കയറുന്ന ഭാഗങ്ങൾ മണ്ണിട്ട് ഉയർത്തി ഓട നിർമ്മിച്ച് ടാർ ചെയ്യുക. വാഴയിൽ പടി കഴുന്നാകുന്നിൽ പടി ചപ്പാത്ത് നിരപ്പാക്കി ടാർ ചെയ്യുക. മങ്കുഴിചാൽ കോളനി റോഡ് മണ്ണിട്ട് ഉയർത്തി ടാർ ചെയ്യുക.

മങ്കുഴിചാർ റോഡ് അമ്പീത്തറ റോഡിലേക്ക് യോജിപ്പിക്കുക. പേരിശേരി കളീക്കൽ പടി അമ്പീത്തറ റോഡ്

മണ്ണിട്ട് ഉയർത്തി ടാർ ചെയ്യുക. മഠത്തുംപടി നിരവത്തു പേരൂർ റോഡ് മെറ്റൽ ചെയ്യുക. കൂടത്തിൽ പടി, പൂവ ക്കാട്ട് പടി മണ്ണിട്ട് ഉയർത്തി വെള്ളം ഒഴുകി പോകുന്നതിന് സൗകര്യമുണ്ടാക്കി ടാർ ചെയ്യുക. പഴയാറ്റി പടി ചാലൂർ റോഡ് കനാൽ വരെ ടാർ ചെയ്യുക. തലയണ കണ്ടം തകിടി റോഡ് സഞ്ചാരയോഗ്യമാക്കുക.
ചാങ്ങേത്ത് പടി തോമ്പിലേത്ത് പടി മണ്ണിട്ട് ഉയർത്തി മെറ്റൽ ചെയ്യുക.

നെയ്യ്ശ്ശേരി ചെല്ലുവേലിത്തുണ്ടി മണ്ണിട്ട് ഉയർത്തി സഞ്ചാര യോഗ്യമാക്കുക.

അമ്പീത്തറ സോമശേഖരപുരം മങ്കുഴിയാൽ റോഡ് ബന്ധി പ്പിക്കുക.

പേരൂർകുളങ്ങര കൊട്ടാരത്തിൽ പടി മെറ്റൽ ചെയ്യുക.
കുന്നത്തുപടി തെക്കുംകര പടി മെറ്റൽ ചെയ്യുക.

ഉഴത്തിൽപടി ശ്രാമ്പിക്കൽ പടി മെറ്റൽ ചെയ്യുക.

പേരിശേരി ഹരിജൻ കോളനി റോഡ് ടാർ ചെയ്യുക.

കലുങ്കിന്റെ സ്ലാബിന് അടിഭാഗം കമ്പി തെളിയുന്നതിനാൽ അടിയന്തരമായി അറ്റകുറ്റപ്പണി നടത്തുക.

മഠത്തുംപടി പഴയാറ്റിൽ പടി എന്നിവിടങ്ങളിൽ വെള്ളം കെട്ടി കിടക്കാതെ ഒലിച്ചു പോകുന്നതിന് സംവിധാനം ഏർ പ്പെടുത്തുക.

പഴയാറ്റിൽ അമ്പീത്തറ റോഡിൽ അമ്പീത്തറ പുരയിടത്തിലെ റോഡിന്റെ തെക്കുഭാഗം ഇടിഞ്ഞുപോയത് കല്ല് കെട്ടി സംരക്ഷി ക്കുക.

**പുതിയ വഴി നിർമ്മിക്കുക.**

ഹരിജൻ കോളനിയിൽ നിന്നും അമ്പീത്തറ റോഡിലേക്ക് പുഞ്ചയിൽ പോകുന്നതിന് വഴി നിർമ്മിക്കുക.

അഴകത്തു പുരയിടത്തിൽ വരെയുള്ള റോഡ് ഹരിജൻ കോളനി വരെ റീടാറിംഗ് ചെയ്യുക. ഉടൻ തന്നെ സഞ്ചാര യോഗ്യമാക്കുക.

മഠത്തുംപടിക്കൽ നിന്നും നിരവത്തുപേരൂർ റോഡിലേക്ക് വരുന്ന പുരയിടങ്ങളിൽ രണ്ട് സൈഡും പുറമ്പോക്ക് കൈയ്യേ റിയിരിക്കുന്നതിനാൽ റോഡിന് തീരെ വീതിയില്ല. ആക യാൽ ഇവിടുത്തെ പുറമ്പോക്ക് വീണ്ടെടുത്ത് റോഡിന് വീതി കൂട്ടുക.

പെരുമ്പുഴക്കടവ് കരിങ്ങാട്ടിൽ പടി, ഹാച്ചറി, പൂമല എന്നീ PWD റോഡുകൾ എത്രയും വേഗം ടാറിംഗ് നടത്തുക. പുല്ലാംങ്കേരിൽ പടി തോട്ടിയാട് (750 m) ടാർ ചെയ്യുക. തിങ്കളാമുറ്റം ഓർക്കോട് റോഡ് ജലധാര റോഡുമായി ബന്ധി പ്പിച്ച് വീതി കൂട്ടി ടാർ ചെയ്യുക.

കരിങ്ങാട്ടിൽ പടി നാങ്കഴ റോഡ്, ഓട വെട്ടി, മണ്ണിട്ട് ഉയർത്തി, മെറ്റലിംഗ് നടത്തുക.

തോട്ടിയാട് ഓർകോട് ജലധാര റോഡിന്റെ വടക്കുവശം ഭിത്തി കെട്ടി, റോഡ് ടാർ ചെയ്യുക.

പ്ലാവു നിൽക്കുന്നതിൽ പടി, പൂവണ്ണു നിൻക്കുന്നതിൽ, കോളനി റോഡ്, തിങ്കളാമുറ്റവുമായി ബന്ധിപ്പിക്കുക. സൈഡ് കെട്ടി, മെറ്റലിംഗ് നടത്തുക.

ആശാരിയത്ത് പടി കൊട്ടാരത്തിൽ പടി, റോഡ് കലുങ്ക്, പാലം എന്നിവ പണിത് മണ്ണിട്ട് ടാറിംഗ് നടത്തി ഗതാഗത യോഗ്യമാക്കുക.

ആനത്താറ് വട്ടമല റോഡ് ഗതാഗതയോഗ്യമാകുക. ഇതിന്റെ തെക്ക് വശം ഭിത്തി കെട്ടി ടാർ ചെയ്യുക.

ഈ റോഡ് തിങ്കളാമുറ്റം പൊയ്കയിൽ പടി വരെ പുതിയ തായി നിർമ്മിക്കേണ്ടതാണ്.

മലയിൽ കുന്നത്ത് പടി, ഇളമണ്ണ് പടി, പറയിരേത്ത്പടി, ഇളമണ്ണം പടി റോഡ്, വേലത്താപറമ്പ്, ഓർക്കോട് റോഡി ന്റെ സൈഡ് കെട്ടി, ചിറ നിർമ്മിച്ച് ജലധാര റോഡുമായി ബന്ധിപ്പിക്കുക.

വേലത്താൻ പറമ്പിൽ പടി, ഓക്കോട്ടു റോഡിൽ കുളത്തി കൊമ്പിൽ പടി മുതൽ ഓക്കോട്ടു വരെ നിലത്തിന്റെ സൈഡ് കെട്ടുക.

കാട്ടിൽ പടി മൂലയുഴം ലക്ഷംവീട് പുനരധിവാസ കോളനി കണ്ണാട്ടുപടി റോഡ് പാടത്തു കൂടി പോകുന്ന ഭാഗം രണ്ടു സൈഡ് കെട്ടി ഉയർത്തി ടാർ ചെയ്യുക.

ചക്കുംമൂട്ടിൽ പടി മലക്കീകാവ് കൈപ്പള്ളി പടി കനാലിന്റെ സൈഡ് കെട്ടി റോഡ് ടാർ ചെയ്യണം.

വള്ളിക്കാവ് ലങ്ക ബണ്ട് റോഡ് സൈഡ് പിച്ചിംഗ് കെട്ടി മണ്ണിട്ട് ഉയർത്തുക.

പാറക്കാട് പടി കനാൽ സൈഡ് വഴി പുഞ്ച റോഡ് സഞ്ചാരയോഗ്യമാക്കുക.

കാടൻമാവ് അഞ്ചുതെങ്ങ് റോഡ് കലുങ്ക് കെട്ടി ഉയർത്തുക.

കടക്കശേരി പടി മുളമ്പള്ളി റോഡ് രണ്ട് കലുങ്ക് മണ്ണിട്ട് ശരിയാക്കുക.

കോട്ടാത്തുതറ കോളനി ബണ്ട് റോഡ് കലുങ്ക് സഹിതം പണിയുക.

കൊമ്പുക്കൽ താമരച്ചാൽ റോഡ് മണ്ണിട്ട് ഉയർത്തി ടാർ ചെയ്യുക.

ആശാന്റെ പടി കനാലിന്റെ തേക്കെ സൈഡിൽ കൂടി റോഡ് വെട്ടി വൃത്തിയാക്കുക.

കുഴിയത്തുപടി പുലിമുഖത്തു റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യുക.

അരീക്കര പടി തയ്യിൽപടി റോഡ് ലങ്ക ബണ്ട് കലുങ്ക് കെട്ടി മെറ്റൽ ചെയ്ത് വൃത്തിയാക്കുക.

പെരുമാനൂർ പടി, കോലത്തുപടി റോഡ് ഗ്രാവൽ ഇട്ട് ശരിയാക്കുക.

ചെറുവിള്ളാത്തറപടി മാലിപാടം കളിപ്പിൽ ബാലവാടി പുതിയ റോഡ് നിർമ്മിക്കുക.

മണക്കുളം പ്ലാതുണ്ടി വരെ കനാലിന്റെ സൈഡിൽ പിച്ചിംഗ് കെട്ടി ഫുഡ്പാത്ത് നിർമ്മിക്കുക.

ബ്ലോക്ക് ജംഗ്ഷൻ **P. H. C.** പോത്തലക്കാട് കോളനി ജംഗ്ഷൻ റോഡ് ടാർ ചെയ്യുക. ആവശ്യമായ ഭാഗങ്ങൾ സൈഡ് കെട്ടുക.

പോത്തലക്കാട് ജംഗ്ഷൻ തട്ടയ്ക്കാട് പടി പെരിയാന്തറ, കോടഞ്ചിറ പാലച്ചുവട്, പറയത്തുകുളങ്ങര ഉയർത്തി ടാറിംഗ് പാരയിൽപടി പോത്തയ്ക്കാട് ജംഗ്ഷൻ ഉയർത്തി ടാറിംഗ് ഇടുക.

ഗവ. ഹൈസ്ക്കൂൾ പുലിയൂർ ക്ഷേത്രം കൊച്ചുവീട്ടിൽ പടിവാഴക്കൂട്ടം കല്ലുവേലി പടി സൈഡ് കെട്ടി ഉയർത്തി ടാറിംഗ് ചെയ്യുക.

വാഴക്കൂട്ടം പെരിയാന്തറ സൈഡ് കെട്ടി ഉയർത്തി ടാറിംഗ് ചെയ്യുക

വാഴാവേലിപ്പടി വിലേത്തുതറ റോഡ് (**Colony Road**) സൈഡ് കെട്ടി ടാറിംഗ് ചെയ്യുക.

പരിയാരത്തുമല പുളിയക്കാടു ജംഗ്ഷൻ വേലൻ മലക്കു വടക്കുവശം സ്റ്റെപ്പ് കെട്ടി ടാറിംഗ്

**P. H. Centre** പേരൂർപടി റോഡ് ടാറിംഗ്

വാത്തിലേത്തുപടി താമരച്ചാൽ ടാറിംഗ്

**Maintancence & Earth filling**

പോത്തലക്കാട് പനയത്തു കുളങ്ങര റോഡ് ഉയർത്തുക.

കാങ്കുളത്തുപടി നിലയ്ക്കൽപടി **earth work**

**P. H. C.** കിഴക്ക് കിഴക്കേടത്തു വരെ **earth work**

പൈനുംമൂട്ടിൽ പടി കിണറുവിളപ്പടി റോഡ് **Maintanance,** മേപ്പുഞ്ച കുറ്റിപ്പറമ്പ് **Maintanence.**

പൈനുംമൂട്ടിൽ പടി കുന്നിൽപ്പടി റീടാറിംഗ്
പനയ്ക്കാണിൽ നരച്ചമുട്ടം, നെടുംചാൽ പുഞ്ച റോഡ് ഉയർത്തി ടാർ ചെയ്യുക.

മണലിത്തറ മല്ലപള്ളിപ്പടി കുളത്തൂർ പടി റോഡ് (750 **m**), ഇടവങ്കാട് പള്ളി കുളഞ്ഞിത്തറ റോഡ് (275), മേക്കാട്ട് കുറ്റി റെയിൽവേ കട്ടിംഗ് (180), കരിപ്പാലത്തറപടി പടിഞ്ഞാറേത്തറ കോളനി തുണ്ടിയിൽ പടി (550), മണിയാത്തിൽ പടി റെയിൽവേ കട്ടിംഗ് (150), താമരപള്ളി പടി റെയിൽവേ ലൈൻ (87), വെള്ളിയമ്പള്ളിൽ റെയിൽവേ ക്രോസ് (115), ആയൂർവേദാശുപത്രി റെയിൽവേ തൈത്തറ കലുങ്ക് (500), കോല്ലേത്ത് മുടിയിൽപടി (100), കുളഞ്ഞിത്തറ കോളനി വല്യത്തുപടി റോഡ്

**പുതിയതായി നിർമ്മിക്കേണ്ടത്.**

കുരിശുംമൂട് ജലധാര റോഡ് വീതി കൂട്ടി പാടത്ത് രണ്ടു വശവും കെട്ടി, ഉയർത്തി മെറ്റലിംഗ് ടാറിംഗ്

എഴിക്കപ്പടി കൊച്ചിപ്പറമ്പിൽ റോഡ് മെറ്റലിട്ട് ടാർ ചെയ്യുക. പാറപ്പാട്ടു പടി ഭൂരഹിത കോളനി റോഡ് കരിങ്കൽ സൈഡ് കെട്ടി, കലുങ്ക് നിർമ്മിച്ച് മണ്ണിട്ട് ഉയർത്തുക. കണ്ണാട്ടുപടി നെടുന്തറപടി ചരുവിൽ റോഡ്. ഒൻപതാം വാർഡിന്റെ രണ്ടു പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നു. കൂടാതെ പേരിശ്ശേരിയിലേക്ക് എളുപ്പവഴി.

പരപ്പൻ പാറ ടി. വി. സ്റ്റേഷൻ റോഡ് ഈ റോഡ് പമ്പ് ഹൗസ് വഴി കളത്ര പടി വരെ നീട്ടി കുഴികൾ നികത്തി സഞ്ചാരയോഗ്യമാക്കുക.

നൂറ്റവൻപാറ- തുണ്ടിയിൽ പടി റോഡ് കുഴി നികത്തി നിരപ്പാക്കണം.

കനാൽപ്പടി മാമ്പിളകി റോഡ്,
പേരാത്രപ്പടി ജലധാര റോഡ് സ്റ്റെപ്പ് കെട്ടി വയലിന്റെ ഇരുവശവും കെട്ടി, മണ്ണിട്ട് ജലധാരയിൽ ബന്ധിപ്പിക്കുക.
പേരൂർ കുളങ്ങര മോടിയിൽ പടി റോഡ് മെറ്റലിട്ട് ടാർ ചെയ്യുക. പട്ടാളത്തറ തോണിപ്പാറ നടപ്പാത സഞ്ചാര യോഗ്യമാക്കുക.

ചെറുകോട്ടപടി തുണ്ടിയുഴത്തിൽപടി. നടപ്പാത സഞ്ചാരയോഗ്യമാക്കുക. മൂലയുഴം കണ്ണാട്ടു തെക്കേതിൽ പടി പാറപ്പൊട്ടിച്ച് നിരപ്പാക്കുക. കുറ്റിയിൽ പടി ആലമ്പള്ളിത്തറ നടപ്പാത വൃത്തിയാക്കുക.

നീലത്തുംതറ കണ്ണാട്ടുപടി നടപ്പാത വൃത്തിയാക്കുക.
പുലിയൂർ ക്ഷേത്രം കോണ്ടൂർപടി റോഡു നിലവിലുള്ളത് വീതി കൂടി ടാർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. ആയത് പദ്ധതിവിഹിതമോ പഞ്ചായത്ത് മറ്റ് ഫണ്ടുകൾ ഉപയോഗിച്ചോ ചെയ്യണം.

നാറാണത്തുപടി- ചരുവിൽ തെക്കേതിൽ പടി റോഡു ടാർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. കുളങ്ങരേത്ത് പടി- കണ്ടത്തിൽപീടിക പടി റോഡ് ആവശ്യമുള്ള ഭാഗങ്ങളിൽ വീതി കൂട്ടി കയറ്റം കുറച്ച് ടാർ ചെയ്ത് സഞ്ചാര സൗകര്യം ഉണ്ടാക്കണം.

പാലച്ചുവട് കോളനി കുളക്കാട് റോഡ് പൊതുജനപങ്കാളിത്തത്തോടുകൂടി വെട്ടിയിട്ടുള്ളതാണ്. ഈ റോഡു വടപുറം പാടത്തെ കൃഷിക്കാർക്ക് കൂടി പ്രയോജനം ചെയ്യുന്നതാണ്. ആയത് ടാർ ചെയ്തു കലുങ്ക് തീർത്തു സഞ്ചാര സൗകര്യം ഉണ്ടാക്കണം.

കണ്ടത്തിൽ പീടിക പടി, തായംകുളങ്ങര കോളനി റോഡു ടാർ ചെയ്തു സഞ്ചാര സൗകര്യം വർദ്ധിപ്പിക്കണം.
വല്ല്യത്ത്പടി പുലിയൂർ അതിർത്തി പാണ്ടനാട്ടിലേക്കുള്ള റോഡ് പൊതുജനപങ്കാളിത്തത്തോടു കൂടി നിർ

## ഗ്രാമീണ റോഡുകൾ സംബന്ധിച്ച വിവരങ്ങൾ

| റോഡിന്റെ സ്വഭാവം(നീളം) മീറ്റർ | | | | | | | | |
|---|---|---|---|---|---|---|---|---|
| | പഞ്ചായത്ത് | | | | P.W.D | N.H | മറ്റുള്ളവ | ആകെ |
| നമ്പർ | കച്ച | പക്ക | മെറ്റൽ | ടാർ | | | | |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | 1870 | 4784 | - | - | - | - | - | 6654 |
| 2 | 657 | 6978 | - | - | - | - | - | 7665 |
| 3 | 857 | 5964 | - | 750 | - | - | - | 7571 |
| 4 | 2091 | 2804 | 230 | 1375 | - | - | - | 6500 |
| 5 | 587 | 4582 | - | 750 | - | - | - | 5919 |
| 6 | - | 5116 | - | 1155 | - | - | - | 6271 |
| 7 | 464 | 6007 | - | 750 | - | - | - | 7221 |
| 8 | - | 9522 | - | 300 | - | - | - | 9822 |
| 9 | - | 4928 | - | 655 | - | - | - | 5583 |
| | | | | | 17300 | | | P.W.D 17300 |
| | 6586 | 50685 | 230 | 5735 | 17300 | | | 80506 |

# വൈദ്യുതി



മനുഷ്യജീവിതത്തിന്റെ അഭിഭാജ്യഘടകമായിരിക്കുന്ന ഊർജ്ജം ഇന്ന് പ്രതിസന്ധിയെ നേരിടുകയാണ്. കേരള സംസ്ഥാനത്ത് വൈദ്യുതി ഉല്പാദിപ്പിക്കുന്നത് ജലത്തിൽ നിന്ന് മാത്രമാണല്ലോ. നമ്മുടെ സംസ്ഥാനത്തിന് ആവശ്യമുള്ളതിന്റെ പകുതി പോലും ഇവിടെ ഉല്പാദിപ്പിക്കുന്നില്ല. പുതിയ ജല വൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനോ ആരംഭിച്ച പദ്ധതികൾ നിശ്ചിതസമയത്ത് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിനും കഴിഞ്ഞിട്ടില്ല. പദ്ധതി നടത്തിപ്പിലുണ്ടായ കാലതാമസം അടങ്കൽ തുകയുടെ ഇരട്ടിയോ അതിലധികമോ തുക ചെലവാകുന്നു.

സംസ്ഥാനത്തിന് ആവശ്യമായ പല പദ്ധതികളും നിരസിക്കപ്പെട്ടു. താപനിലയങ്ങളും സൗരോർജ്ജ നിലയങ്ങളും ഉണ്ടാകണം, വ്യവസായിക ആവശ്യങ്ങൾക്കും, ഗാർഹിക ആവശ്യത്തിനും വൈദ്യുതി മുഖ്യ ഘടകമാണ്. തൊഴിൽ ശാലകളും വ്യവസായ സ്ഥാപനങ്ങളും തുടങ്ങുവാൻ സംരംഭകർ മടിച്ചു നില്ക്കുന്നതും ഇതു കാരണമാണ് ഓരോ പ്രദേശത്തിന്റെയും സാധ്യതകൾ പരിശോധിച്ച് അതിനനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണം ഇതിനു വേണ്ട വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്താം.

നമ്മുടെ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി രംഗത്ത് വളരെ പ്രശ്നങ്ങൾ നിലനില്ക്കുന്നു. ഉള്ള തൊഴിൽ സ്ഥാപനങ്ങൾക്കും, വ്യവസായ സ്ഥാപനങ്ങൾക്കും വൈദ്യുതി ക്ഷാമവും അതിലൂടെ ഉണ്ടാകുന്ന പവ്വർകട്ടും ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. നമ്മുടെ ഗ്രാമത്തിലെ സാമ്പത്തികമായി മുന്നോക്കം നില്ക്കുന്ന കുടുംബങ്ങളിൽ പാചക വാതക ഗ്യാസ് ഉപയോഗിക്കുന്നു. വിറകിന്റെ ക്ഷാമവും രൂക്ഷമാകുന്നു. നിലവിലുണ്ടായിരുന്ന വൃക്ഷങ്ങൾ വിവിധ ആവശ്യങ്ങൾക്ക് വെട്ടി മാറ്റിയതും പുതിയ മരങ്ങൾ വച്ചു പിടിക്കാത്തതും ഇതിന് കാരണമാകുന്നു.

## ഊർജ്ജ രംഗത്തെ മുഖ്യപ്രശ്നങ്ങൾ

1. വോൾട്ടേജ് കുറവ്, തുടരെ തുടരെയുള്ള അപ്രഖ്യാപിത പവ്വർകട്ട്
2. ഇലക്ട്രിസിറ്റി ലൈയിനുകളിലും മറ്റും വൃക്ഷ ശിഖരങ്ങൾ മറിഞ്ഞ് കിടക്കുന്നതു കാരണമുള്ള പ്രസരണ നഷ്ടം.
3. അനാവശ്യമായ വൈദ്യുതി ഉപയോഗം
4. കാലകാലങ്ങളിൽ വൈദ്യുതി ലൈനിന്റെയും, സബ് സ്റ്റേഷന്റെയും അറ്റകുറ്റപ്പണികർ നടത്താത്തത്.
5. ഉദ്യോഗസ്ഥന്മാരുടെ ഉത്തരവാദിത്വകുറവ്

## സാദ്ധ്യതകൾ

1. വൈദ്യുതി ലൈനിൽ തട്ടുന്ന വൃക്ഷ ശിഖിരങ്ങൾ മുറിച്ചു മാറ്റുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ തന്നെ സന്നദ്ധ പ്രവർത്തനം കാര്യക്ഷമമാക്കുക.
2. വാണിജ്യ വ്യവസായിക ആവശ്യത്തിന് നിലവുലുള്ള എൽ. ടി. ലൈനുകൾ ത്രീ ഫെയിസ് ലൈയിനുകൾ ആക്കുക.
3. വോൾട്ടേജ് വർദ്ധനവിനും, വിതരണത്തിനുമായി ആവശ്യമുള്ള ഭാഗങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
4. കാറ്റ് സൗരോർജ്ജം എന്നിവ വഴി പ്രവർത്തിക്കുന്ന

ഉപകരണങ്ങൾ പ്രചരിപ്പിക്കുക.

5. അനർട്ട് പോലുള്ള സ്ഥാപനങ്ങളിലൂടെ സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന മോട്ടറുകളും, ഗാർഹിക ആവശ്യത്തിന് വേണ്ടിയുള്ള വൈദ്യുതി ഉല്പാദിപ്പിക്കുക.

6. ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണവും ഉപയോഗവും പ്രചരിപ്പിക്കുക.

7. ജലതാപ വൈദ്യുതി നിലയങ്ങളുടെ നിർമ്മാണം അതിവേഗം പൂർത്തീകരിക്കുക.

## ഗ്രാമസഭാ റിപ്പോർട്ട് ഊർജ്ജം

ഭരണക്കാല ചെറുതറപടി റോഡിൽ വോൾട്ടേജ് ക്ഷാമം. ഇവിടെ ഏഴ് പോസ്റ്റ് സ്ഥാപിച്ച് ലൈൻ വലിക്കണം.

കളീക്കപ്പടി തെക്കോട്ട് വൈദ്യുതി വേണം.

ഇല്ലത്തുകുറ്റി കോളനി ലൈൻ വലിക്കണം

വള്ളിക്കാവ് ലങ്ക ഇവിടെ പാടത്തുകൂടിയുള്ള ലൈൻ മാറ്റി റോഡിൽ കൂടിയാക്കുക. ബൾബുസ്ഥാപിക്കുക

ലങ്ക റോഡിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

പഴയങ്ങാടി പടി മുതൽ തെക്കോട്ട് പന്തണ്ടിൽ പടി വരെ തെരുവ് വിളക്ക് സ്ഥാപിക്കുക.

പെരുമ്പ്രാന്ത് കോളനി വൈദ്യുതീകരിക്കുക.

**1992** ൽ **. J. R. Y** പദ്ധതി പ്രകാരം വയറിംഗ് ചെയ്ത വീടുകൾക്ക് ഉടൻ കണക്ഷൻ നൽകുക.

കാടൻ മാവ്, അഞ്ചു തെങ്ങ് റോഡ് വൈദ്യുതീകരിക്കുക. താഴ്ന്ന വരുമാനമാർക്ക് വൈദ്യുതി സൗജന്യമായി ലഭ്യമാക്കുക.

വാഴയിൽ പടി റോഡ് സൈഡുകളിലേക്കുള്ള വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുവാൻ നടപടിയെടുക്കണം.

തെരുവു വിളക്കുകൾ സ്ഥാപിക്കുക, ട്രാൻസ്ഫോർമർ വയ്ക്കുക, വൈദ്യുതികരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കുക.

പനക്കാണിൽ ഏരിയ മൊത്തം വൈദ്യുതീകരിക്കുക.

വാലേത്തുതറ പടി മുതൽ എൽ. ടി. ലൈൻ എക്സ്റ്റെൻഷൻ വർക്ക് നടത്തി എത്രയും പെട്ടെന്ന് വൈദ്യുതി ക്ഷാമം പരിഹരിക്കുക.

വൈദ്യുതി കണക്ഷൻ ജോലികൾ നടത്തിയ വീടുകൾക്ക് വൈദ്യുതി നൽകുക.

റോഡുകളിൽ ആവശ്യമുള്ള സ്ഥാനങ്ങളിൽ ട്യൂബ് ലൈറ്റ് സ്ഥാപിക്കുക.

വിറക് ക്ഷാമം ഉള്ളതിനാൽ അത്യാവശ്യമുള്ള എല്ലാവർക്കും പാചകവാതക ഗ്യാസ് കണക്ഷൻ നൽകുക.

വാഴക്കുട്ടം ജംഗ്ഷനിൽ പെരിയാന്തറ ഏതെങ്കിലും സ്ഥലത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

മുഴുവൻ എൽ. ടി. ലൈനുകളും മൂന്ന് ഫേയ്സുകളും ആക്കുക.

പാറേപ്പടി മുതൽ വടക്കു വശത്തേക്കു നീളുന്ന പഞ്ചായത്ത് റോഡ് വൈദ്യുതീകരിക്കുകയും വഴി വിളക്കുകൾ സ്ഥാപിക്കുകയും ചെയ്യുക.

വാഴക്കുട്ടം മുതൽ പെരിയാന്തറ വളരെയുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

മൂന്നാം വാർഡിലെ ത്രീഫെയ്സ് ലൈൻ ഇല്ലാത്ത സ്ഥലങ്ങളിൽ ത്രീ ഫെയ്സ് ലൈൻ വലിക്കുക.

വഴിവിളക്കുകൾ സ്ഥാപിക്കുക.

വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

കുന്നിൽ പടി മിത്രമഠം റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക. വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകൾ വൈദ്യുതീകരിക്കുക.

കുളണ്ടരേത്ത് കണ്ടത്തിൽ പീടികവരെയുള്ള റോഡ് വൈദ്യുതീകരിക്കുക, വഴിവിളക്കുകൾ സ്ഥാപിക്കുക. കോളനികളിൽ വൈദ്യുതി ലഭിക്കാത്തവർക്ക്നൽകുക.

ചുടല കോളനിയിലേക്ക് സ്ട്രീറ്റ് ലൈറ്റും വീടുക

ളിലും വൈദ്യുതി എത്തിക്കുക.

സെറ്റിൽമെന്റ് കോളനിയിൽ വഴിവിളക്കുകൾ സ്ഥാപി ക്കുക. പദ്ധതിക്കുവേണ്ട ചിലവിന്റെ അംശം ജനങ്ങളിൽ നിന്നും സമാഹരിക്കാവുന്നതാണ്.

കുളത്തിത്തറ കോളനിയിൽ കല്ലോലി ഭാഗത്തേക്ക് ലൈനിൻ നീട്ടണം.

പഞ്ചായത്ത് വയറിംഗ് നടത്തിയവർക്ക് കണക്ഷൻ നല്കുക.

5 ാം വാർഡിൽ ആലാ ഭാഗത്തേക്ക് പുതിയതായി എട്ട് പോസ്റ്റ് ഇട്ട് ലൈൻ വലിക്കുക.

ചെറുകര റോഡിൽ ഇരുവശങ്ങളിലും വീടുകൾക്ക് വയ റിംഗ് ചെയ്ത് കണക്ഷൻ കൊടുക്കുക.

വെളിയംപള്ളിയിൽ മുടിയിൽ ഭാഗം ഉള്ളവർക്ക് പോസ്റ്റ് ഇട്ട് വൈദ്യുതി നൽകുക.

താമരപ്പള്ളി മുതൽ റെയിൽ ക്രോസ് വരെ ഒരു ലൈൻ കൂടി വലിച്ച് ലൈറ്റ് സ്ഥാപിക്കുക.

ഉറവാരം പമ്പിൻ പടി മുതൽ തറയിൽ ഭാഗം വരെ നൂറ് മീറ്റർ പുതിയ ലൈൻ നീട്ടുക.

കയ്യാലയിൽ പടി മുതൽ കിഴക്കേടത്ത് തെക്കേതിൽ റോഡിൽ വഴി വിളക്ക്.

ആയുർ വേദ ആശുപത്രി പടി മുതൽ വടക്കോട്ട് ചിറയിൽ പടി ഭാഗത്ത് അഞ്ച് വീടുക്കാർക്ക് വൈദ്യുതി.

വാർഡിലെ എല്ലാ ഭാഗത്തേയും വഴിവിളക്കുകൾ തെളി ക്കുക.

വോൾട്ടേജ് ക്ഷാമത്തിന് ട്രാൻസ്ഫോർമർ വയ്ക്കുക.

ദുർബല വിഭാഗങ്ങൾക്ക് പോസ്റ്റുകൾ ഇട്ട് സൗജന്യമായി വൈദ്യുതി നൽകുക.

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കൂടുതൽ ട്രാ ൻസ്ഫോർമർ സ്ഥാപിക്കുക. നിലവിലുള്ളവയുടെ കപ്പാ സിറ്റി കൂട്ടാനുള്ള നടപടി സ്വീകരിക്കുക. മൂന്ന് ഫേയ്സ് ലൈനാക്കുക. മഠത്തും പടിക്കൽ നിന്നും പേരൂർ കുള ങ്ങര അമ്പലത്തിലേക്ക് വരുന്ന വഴിയിൽ അമ്പല ത്തിന്റെ തെക്കുവശത്ത് ഒരു പോസ്റ്റ് സ്ഥാപിച്ച് സ്ട്രീറ്റ് ലൈറ്റിടുക.

പേരിശേരി അമ്പിത്തറ റോഡിൽ ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കുക.

എല്ലാ റോഡുകളിലും വൈദ്യുതിവിളക്ക് സ്ഥാപിക്കുക.

ഗതാഗതത്തിന് തടസ്സമായി റോഡിന്റെ നടുവിൽ നിൽ ക്കുന്ന പോസ്റ്റുകൾ സൈഡിൽ മാറ്റി സ്ഥാപിച്ച് ഗതാ ഗത തടസ്സം ഒഴിവാക്കുക.

വാർഡിലെ എല്ലാ ഭാഗത്തും ഇതുവരെ ലൈൻ വലി ക്കാത്ത ഭാഗങ്ങളിൽ ലൈൻ വലിച്ച് തെരുവ് വിളക്കു കൾ സ്ഥാപിക്കുക.

സോളാർ ലാമ്പിന്റെ ഒരു മാർക്കറ്റിംഗ് യൂണിറ്റ് സ്ഥാപി ക്കുക.

ദുർബല വിഭാഗങ്ങൾക്ക് താമസസ്ഥലങ്ങളിൽ പോസ്റ്റു കൾ ഇട്ട് വൈദ്യുതി എത്തിക്കുക.

മഠത്തുംപടി, പഴയാറ്റിൽ പടി, ഹരിജൻ കോളനി, ഇഞ്ച ക്കലോടിൽ പടി, മാന്താനത്തുപടി, പേരിശേരി പള്ളി, വാഴയിൽ പടി, കടത്തോട്ടു പാലം, കുരിശുംമൂട്, സോമ ശേഖരപുരം, കുന്നത്തുപടി, പേരൂർ കുളങ്ങരയമ്പലം തുടങ്ങിയ സ്ഥലത്ത് മെർക്കുറി ലൈറ്റ് സ്ഥാപിക്കുക.

മാന്താനത്ത് പടി മുതൽ പാലങ്ങാട്ടിൽ പടി, തകിടിയി ൽ, തലവയണകണ്ടം വരെ ലൈൻ വലിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

തിങ്കളാമുറ്റം മുതൽ മുല്ലേലിൽ കടവ് വരെ വോൾ ട്ടേജ് ക്ഷാമം നിലനിൽക്കുന്നതിനാൽ നിലവിലുള്ള ട്രാൻ സ്ഫോർമർ കപ്പാസിറ്റി വർദ്ധിപ്പിക്കുക. ത്രീഫേയ്സ് ലൈനാക്കുക.

ആലാ സെക്ഷനിലെ മലയിൽ കുന്നത്തഭാഗവും, മുല്ലേ ലിൽ കാവ് ഭാഗത്തെ ലൈനുകൾ തമ്മിൽ മൂന്ന് പോസ്റ്റുകൾ ഇട്ട് ലൈൻ വലിച്ച് ബന്ധിപ്പിക്കുക. വോൾ ട്ടേജ്ക്ഷാമം പരിഹരിക്കുക. ത്രീഫേയ്സ്ആക്കി മാറ്റുക.

പ്ലാവു നിൽക്കുന്നതിൽ പടി പൂവണ്ണു നിൽക്കുന്നതിന് കോളനി റോഡിൽ ലൈൻ സ്ഥാപിക്കുക. ഇവിടെ

ശേഷിക്കുന്ന ഏഴ് പട്ടികജാതി കോളനി ഭവനങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകണം.

ആനത്താറ്റ് വട്ടമല റോഡിൽ പൂർണമായി ലൈൻ വലിക്കുക. ഇതിനായി പൂമല പുഞ്ചയിലൂടെ വലിച്ചിരിക്കുന്ന ലൈൻ മാറ്റി സ്ഥാപിച്ച് ബാക്കി കൂടി പൂർത്തീകരിക്കുക, ഇവിടെ തെരുവു വിളക്കുകൾ സ്ഥാപിക്കുക.

തെങ്ങുംതോപ്പ്, കിഴിയത്ത് മല ഭാഗത്തേക്ക് കനാലിന്റെ റോഡിൽ കൂടി ലൈൻ വലിച്ച് വൈദ്യുതി എത്തിക്കണം.

ആനത്താറ്റ് ഭാഗത്ത് കനാലിന്റെ ഇരുവശങ്ങളിലും ഉള്ളവർക്ക് ലൈൻ വലിച്ച് വൈദ്യുതി എത്തിക്കുകയും വീടുകൾക്ക് കണക്ഷൻ നൽകുകയും ചെയ്യുക.

കൊട്ടാരത്തിൽ പടി കൊല്ലനേത്ത് റോഡിൽ ലൈൻ വലിക്കുക, തെരുവുവിളക്കുകൾ സ്ഥാപിക്കുക.

ജലധാര റോഡിൽ ബാക്കിയുള്ള ഭാഗത്ത് ലൈൻ വലിച്ച് പറമ്പത്തൂർ പടിയുമായി ബന്ധിപ്പിക്കുക. തെരുവുവിളക്കുകൾ സ്ഥാപിക്കുക.

വേലത്താംപറമ്പ് ഓർക്കോട് റോഡിലെ രണ്ട് ലൈനുകൾ തമ്മിൽ ഒന്നിപ്പിക്കുക.

വളവണ്ണൂർ ഇളമൺ, ഇളമൺ പറയിരേത്തു റോഡിലും വൈദ്യുതി ലൈൻ വലിച്ച് ക്ഷാമം പരിഹരിക്കുക.

കരിങ്ങാട്ടിൽ പടി താങ്കഴപടി റോഡിൽ തെരുവുവിളക്ക് സ്ഥാപിക്കുന്നതിനും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുക.

വേലത്തൻ പറമ്പിൽപടി ഓർക്കോട് റോഡ് വികസിപ്പിച്ചപ്പോൾ റോഡിന്റെനടുവിലായി നിൽക്കുന്ന പോസ്റ്റുകൾമാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുക. വൈദ്യുത വിളക്കുകളിൽ എല്ലാം ബൾബുകൾ ഇടുക, പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ ട്യൂബ്ലൈറ്റ് സ്ഥാപിക്കുക.

## പുതിയ ലൈനുകൾ ആവശ്യമുള്ളത്

പാറപ്പാട്ടു പടി പുനരധിവാസ കോളനി, പ്ലാന്തറ കുരിശുംമൂട് ജലധാര റോഡ്, തുണ്ടിയിൽ പടി നൂറ്റവൻ പാറ റോഡ്, വയലാറ്റിൻ തറ തോണിപ്പാറ റോഡ്.

## വഴിവിളക്ക്

മൂലയുഴം ലക്ഷംവീട് കോളനിയിൽ നിന്നും പുനരധിവാസ കോളനി വഴി കണ്ണാട്ടുപടി റോഡ്, പാറപ്പാട്ടു പടി ഭൂരഹിത കോളനി, കടന്തോട്ടുപടി നൂറ്റവൽ പാറ സെറ്റിൽമെന്റ് കോളനി, സെറ്റിൽമെന്റ് കോളനി ആശ്രമം റോഡ്, വയലാറ്റിൻ തറ തോണിപ്പാറ റോഡ്വയറിംഗ് നടത്തിയ ഇരുപത്തിയെട്ട് വീടുകളും, വയറിംഗ് നടത്താനുള്ള അറുപത്തിയെഴു വീടുകളിൽ വയറിംഗ് നടത്തിയും വൈദ്യുതി എത്തിക്കുക.

നൂറ്റവൻപാറ ഭാഗത്തെ ‰വദ്യുതി ക്ഷാമം പരിഹരിക്കുക.

## പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയുന്ന എൽ. റ്റി. ട്രാൻസ്ഫോർമറുകൾ

1. തോനയ്ക്കാട്
2. ബ്ലോക്ക് ജംഗ്ഷൻ (കൊച്ചുക്കപ്പടി)
3. പുലിയൂർ (വില്ലേജ് ആഫീസ്)
4. പാലച്ചുവട്
5. പെരുമ്പുഴക്കാട് (ജംഗ്ഷൻ)
6. പടിഞ്ഞാറ്റും തറ (കോളനി)
7. മർത്തോമ്മ ചർച്ച് (കുളിയ്ക്കാംപാലം)
8. പേരൂർ കുളങ്ങര
9. മങ്കുഴിചാൽ (പേരിശ്ശേരി ഈസ്റ്റ്)
10. തിങ്കളാംമുറ്റം
11. അമ്പാട്ടുപടി

## ഊർജ്ജം

പുലിയൂർ ആറാം വാർഡിൽപ്പെട്ട പല പ്രദേശങ്ങളും വൈദ്യുതി ലൈനിൽ എത്തിയിട്ടില്ല എന്നും അങ്ങനെയുള്ള പ്രദേശങ്ങളിൽ അടിയന്തിര നടപടിയിലൂടെ അടിയിൽ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങളിൽ വൈദ്യുതി ലൈൻ നീട്ടി കൊടുക്കുവാനും ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുകയും വേണം.

മണലിപ്പടി, കണ്ണങ്കരപ്പടി വരെ 1ഖശ ലൈൻ നീട്ടണം.

പുക്കലക്കാട്ട് പടി, താമരപ്പൊള്ളിയിൽ പടി 650 മീറ്റർ ലൈൻ നീട്ടണം.

തുലാക്കുഴി പാലം മുതൽ വടക്കോട്ട് പുതുവേലിൽതറ വരെ 300 മീറ്റർ ലൈയിൻ നീട്ടി ട്രീറ്റ് ലൈറ്റ് കണക്ഷൻ നൽകണം.

പ്ലാക്കോട്ട് പടി മുതൽ വേഴേത്തോട് ഭാഗത്ത്, താമസക്കാർക്ക് ഹൗസ് കണക്ഷൻ, മൂലേത്തോട്ടിൽ സ്ഥാപിക്കുന്ന പതിനഞ്ച് കുതിര ശക്തിയുള്ള മോട്ടോറിന് ത്രീഫെയ്സ് കണക്ഷൻ ഉദ്ദേശം 500 മീറ്റർ ലൈയിൻ നീട്ടണം.

തൈത്തറ ഭാഗത്തു നിന്ന് പെരുമ്പലത്ത് ഭാഗത്ത് ലൈയിൻ നീട്ടണം.

വയറിംഗ് ചെയ്ത എല്ലാകുടുംബങ്ങൾക്കും ഉടൻ കണക്ഷൻ കൊടുക്കണം.

ചിറയിൽപ്പടി, മുതൽ വടക്കോട്ട് മായിക്കൽ പടി ഞ്ഞാറ്റേതിൽ പടി വരെ ഒരു ലൈയിൻ കുടി വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

പുലിയൂർ ആറാം വാർഡിൽ വൈദ്യുതി വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിലേക്ക് പേരിശ്ശേരി പഴയാറ്റിൽ ഭാഗത്ത് സൗകര്യപ്രദമായിട്ടുള്ള സ്ഥലത്ത് ട്രാൻസ്ഫോർമറർ സ്ഥാപിച്ചാൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ കഴിയും.

വെളിയത്ത് ഭാഗത്ത് നിന്ന് തറയിൽ വീട്ടിൽ ഭാഗത്ത് ധാരാളം വീട്ടുകാർ തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്ത് വൈദ്യുതി എത്തിയിട്ടില്ല ലൈയിൻ നീട്ടി ഹൗസ് കണക്ഷൻ നല്കുക.

പുലിയൂർ പഞ്ചായത്തിൽ പല ദുർബല വിഭാഗത്തിലുമുള്ള വീടുകൾക്ക് വൈദ്യുതി ലഭിക്കുന്നതിലേക്ക് പഞ്ചായത്തിൽ നിന്ന് നടത്തികൊടുത്തിട്ടുള്ളതും അങ്ങനെയുള്ള പല വീട്ടുകാരും സി. ഡി. അടച്ചിട്ട് കണക്ഷൻ ലഭിച്ചിട്ടില്ലാത്തതും ആകുന്നു. ഈ കുടുംബങ്ങൾക്ക് കണക്ഷൻ നല്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പെരുമ്പഴക്കാട് ജംഗ്ഷനിൽ നിന്നും തെക്കോട്ടും, പടിഞ്ഞാറോട്ടും ഉള്ള പഞ്ചായത്ത് വഴികളിലൂടെ വൈദ്യുതി ലൈയിൻ ഇല്ലാത്ത സ്ഥലത്ത് ലൈയിൻ നീട്ടുകയും, തെരുവ് വിളക്ക് സ്ഥാപിക്കുകയും വേണം. ഈ റോഡിൽ തന്നെ റോഡിന്റെ മധ്യഭാഗത്ത് നില്പുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റി അരികിലേക്ക് സ്ഥാപിച്ച് മാർഗ്ഗ തടസ്സങ്ങൾ നീക്കി യാത്ര സുഗമമാക്കണം. ഈ വക നിർദ്ദേശങ്ങളും ഗ്രാമസഭയിലൂടെ ഉന്നയിച്ചു റിപ്പോർട്ട് ലഭിച്ചിരിക്കുന്നു.

തോനയ്ക്കാട് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഇലഞ്ഞിമേൽ അരിക്കര ജംഗ്ഷനിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

പുലിയൂർ അഞ്ചാം വാർഡിൽ കുളത്തിത്തറ കോളനിയുടെ ഭാഗമായ കടില്ലാലിൽ ഭാഗത്ത് നാളിതു വരെ വൈദ്യുതി എത്തിയിട്ടില്ല വൈദ്യുതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പുലിയൂർ മൂന്നാം വാർഡിൽ വാഴാ വേലിപ്പടി മുതൽ കല്ലേലിപ്പടി, കളപ്പുര വരെ വൈദ്യുതി ലൈയിൻ നീട്ടി തെരുവിളക്കും കുടുംബങ്ങൾക്ക് കണക്ഷൻ നല്കുന്നതിനുമുള്ള നടപടി സ്വീകരിക്കുക.

തോമ്പൂർ പടി മുതൽ ആര്യാട്ടിൽ പടി വരെയുള്ള ഭാഗത്ത് പട്ടികജാതിക്കാർ താമസിക്കുന്ന ഇവിടെ വൈദ്യുതി എത്തിയിട്ടില്ല. ലൈയിൻ നീട്ടി വീടുകൾക്ക് വൈദ്യുതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

തോനയ്ക്കാട് കത്തോലിക്കാ പള്ളി ജംഗ്ഷനിൽ നിന്നും കിഴക്കോട്ട് ചാത്ത ചേർക്കുന്നി കോളനി വരെ റോഡിലൂടെ ലൈൻ പുനഃസ്ഥാപിച്ച് തെരുവ് വിളക്ക് സ്ഥാപിക്കേണ്ടതാണ്.

സെന്റ് ജോർജ്ജ് പള്ളിയുടെ കിഴക്കു ഭാഗത്തു നിന്നും എസ്. എൻ. ഡി. പി. മന്ദിരം വരെയുള്ള റോഡിൽ ലൈൻ നീട്ടി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കേണ്ടതായിട്ടുണ്ട്.

പൊറ്റ മേൽകടവ് പാലം മുതൽ ഷാരോൺ ഷെൽട്ടർ വരെയുള്ള ഭാഗത്ത് റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം.

പഞ്ചായത്തിൽ നിന്നും ആധുനികമായി വെട്ടിയിട്ടുള്ളതും **P. W. D.** യുടെ അധീനതയിൽ ഉള്ളതുമായ ബഹു ഭൂരിപക്ഷം റോഡുകളിലും വൈദ്യുത ലൈനുകൾ വലിച്ച് ഇരുവശങ്ങളിലുമുള്ള താമസക്കാർക്ക് എല്ലാവർക്കും വൈദ്യുതി ബന്ധം കൊടുക്കുവാനുള്ള സത്വര നടപടികൾ വൈദ്യുതി ബോർഡിലെ വിവിധ കാര്യാലയങ്ങൾ വഴി സ്വീകരിപ്പിച്ച ശാശ്വത പരിഹാരം കാണാം.

പല വാർഡുകളിലും വൈദ്യുതി ലൈനിനു ശേഷിയില്ലാത്തതിനാൽ പ്രസരണ വിതരണ ശേഷി വർദ്ധിപ്പിക്കുവാൻ വേണ്ട പുതിയ ലൈനുകളും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. വഴിവിളക്കുകൾ ഇല്ലാതെ കഷ്ടത അനുഭവിക്കുന്ന അനേകം

ഗ്രാമവാസികളുടെ ചിരകാല അഭിലാഷം സാക്ഷാൽകരിക്കുവാൻ വേണ്ട നടപടികളും സ്വീകരിക്കേണ്ടതാണ്.

ആഹാരം പാകം ചെയ്യുന്നതിനുള്ള വിറക് ലഭിക്കുവാൻ ഈ പ്രദേശത്ത് ക്ഷാമം അനുഭവിക്കുന്നതിനാൽ പാചക വാതകം ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

ഇവിടെ ഏകദേശം 3800 ൽ അധികം വൈദ്യുതി ഉപഭോക്താക്കളും പതിനൊന്ന് ട്രാൻസ്ഫോർമറുകളും അനേകം കിലോമീറ്ററുകളോളം LT. 11K. V. ലൈനുകളുമുള്ളതിനാൽ ആ ലൈനുകളുടെയും വിതരണത്തിന്റെയും കാര്യക്ഷമമായ സംരക്ഷണത്തിനായി വൈദ്യുതി ബോർഡിന്റെ ഒരു സബ് ഇൻജനീയർ ആഫീസ് അനുവദിച്ചു നടപ്പാക്കേണ്ടത് അത്യാവശ്യമാണ്. ആയതു വേഗം അനുവദിച്ചു തരുമാറാകണം. ദിവസവും കറന്റ ചാർജ്ജ് അടക്കുവാനുള്ള സംവിധാനവും നടപ്പാക്കേണ്ടതാണ്.

പല സ്ഥലങ്ങളിലും വഴിവിളക്കുകളില്ല, ഉള്ളതു മിക്കതും പ്രകാശം തരുന്നില്ല അതു ഒഴിവാക്കി എല്ലാ വഴിവിളക്കുകളും അനുവദിച്ചിട്ടുള്ള സമയമത്രയും പ്രകാശിക്കുവാനും അത്യാവശ്യമുള്ള സ്ഥലങ്ങളിൽ ട്യൂബ് ലൈറ്റുകളും മെർക്കുറി വേപ്പർ ലാമ്പോ സ്ഥാപിക്കുകയും ആയവ രാത്രി മുഴുവനും പ്രകാശിപ്പിക്കുവാൻ വേണ്ട നടപടികൾ എത്രയും വേഗം സ്വീകരിക്കുക.

റോഡുകൾക്കു വീതി കൂട്ടി യാത്രാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ചെയ്ത വികസന പ്രവർത്തനങ്ങളുടെ ഫലമായി നിലവിലുള്ള ടെലിവിഫോൺ. ഇലക്ട്രിക് പോസ്റ്റുകൾ പലതും റോഡിന്റെ യാത്രയ്ക്കു വിഘാതമായി നിൽക്കുന്നതിനാൽ അവ റോഡിന്റെ വശങ്ങളിലേക്കും മാറ്റി സ്ഥാപിച്ച് യാത്ര സുഗമമാക്കുവാൻ വേണ്ട നടപടി സ്വീകരിച്ച് റോഡപകടങ്ങൾ ഒഴിവാക്കുക.



# വിദ്യാഭ്യാസം

നമ്മുടെ വിദ്യാഭ്യാസ മേഖല അസാധാരണപരമായി വളർന്നുവെങ്കിലും ഗുണപരമായ നേട്ടങ്ങളുടെ കാര്യത്തിൽ വളരെ പിറകിലാണ്. പൊതു വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മയുടെ തകർച്ചയാണ് അൺ എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടാൻ രക്ഷിതാക്കളെ പ്രേരിപ്പിക്കുന്നുവെന്ന വാദവും ശക്തമാണ്. ഗുണമേന്മയുടെ മറ്റൊരു സൂചിക തൊഴിൽ സാദ്ധ്യതയുമായുള്ള ബന്ധമാണ്. തൊഴിലില്ലാത്തവരിൽ ഭൂരിഭാഗവും എസ്. എസ്. എൽ. സി. യോ പി. ഡി. സി യോ പൂർത്തിയാക്കിയവരാണ്. ഇതിൽ നല്ലൊരു ശതമാനവും പെൺകുട്ടികളാണ്. പത്തു പന്ത്രണ്ടു വർഷത്തെ വിദ്യാഭ്യാസം കൊണ്ട് തൊഴിൽ നേടുന്നതിനും തൊഴിൽ ചെയ്യുന്നതിനുള്ള സാമാന്യജ്ഞാനമോ തൊഴിൽ പരിശീലനമോ ഇന്നത്തെ പൊതു വിദ്യാഭ്യാസം കൊണ്ട് ലഭിക്കുന്നില്ല.

കേരളത്തിനാവശ്യം അടിസ്ഥാന മേഖലയായ കൃഷി, വ്യവസായങ്ങൾ എന്നിവയുടെ സമഗ്ര വികസനവും മനുഷ്യശക്തിയുടെ സമ്പൂർണ്ണമായ ഉപയോഗവും ഉറപ്പു വരുത്തുന്ന വികസന തന്ത്രമാണ്. ഇതിനുതകുന്ന വിദ്യാഭ്യാസ പദ്ധതിയാണ് നമുക്കാവശ്യം. പൊതു വിദ്യാഭ്യാസത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കരിക്കുലത്തിന്റെ ഭാഗമാക്കണം. സ്കൂൾ വിദ്യാഭ്യാസം പൂർണ്ണമായും പഞ്ചായത്തീരാജിന്റെ കീഴിൽ വരികയും ഒരു സ്കൂളിനെ നിലനിർത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും ആവശ്യമുള്ള വിഭവ സമാഹരണം പഞ്ചായത്തുകൾ നടത്തുകയും ചെയ്യണം. കരിക്കുല രൂപീകരണം സംസ്ഥാനത്തിന്റെ പൊതുവെ ആയിരിക്കുമെങ്കിലും പ്രാദേശിക പ്രത്യേകതകളനുസരിച്ച് സിലബസ്, ബോധന രൂപങ്ങൾ, പുനർ മൂല്യ നിർണ്ണയം എന്നിവ തീരുമാനിക്കാനുള്ള അധികാരം അതാതു ജില്ലകൾക്കും പഞ്ചായത്തുകൾക്കും അധികാരം നല്കണം. പഞ്ചായത്തിന്റെയും ജില്ലയുടെയും കാര്യങ്ങൾ അവർ പഠിക്കട്ടെ. പ്രകൃതിയെ അടുത്തറിയാനുള്ള സാഹചര്യവും നാം ഒരുക്കണം. അദ്ധ്യാപക പുനഃപരിശീലനം ജില്ലയിൽ ആസൂത്രണം ചെയ്യണം. ഇവയെല്ലാം നടത്തുന്നതിന് ജില്ലാ വിദ്യാഭ്യാസ സമിതിയും പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയും രൂപീകരിക്കണം. പ്രൈമറി തലത്തിൽ മാതൃഭാഷ നിർബന്ധിതമാക്കുന്നതിനോടൊപ്പം എൽ. കെ. ജി., യു. കെ. ജി തലങ്ങളിലെ പരീക്ഷകൾ ഒഴിവാക്കി മാനസികോല്ലാസം നല്കുന്ന പുതിയ പാഠ്യപദ്ധതികൾ ആവിഷ്കരിക്കണം. കേരളത്തിന്റെ വികസനത്തിനുതകുന്ന കോഴ്സുകളോടൊപ്പം ഉന്നത വൈജ്ഞാനിക മേഖലകളിൽ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന കോഴ്സുകളും വിദ്യാലയ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

സംസ്ഥാന തലത്തിൽ ഗുണനിലവാരം മെച്ചപ്പെടുത്തുവാനുള്ള പരിപാടികൾ മുഴുവൻ സമന്വയിപ്പിക്കുകയും അവ സാക്ഷരതാ പരിപാടിയുടെ മാതൃകയിൽ ജനപങ്കാളിത്തത്തോടെയുള്ള സമഗ്ര പദ്ധതിയാക്കി മാറ്റുകയും ചെയ്യണം. പുതിയ കോഴ്സുകളോടെ നമ്മുടെ പുലിയൂർ ഗ്രാമത്തിൽ ഒരു കോളേജ് സ്ഥാപിക്കുന്നത് ഈ സന്ദേശത്തിന്റെ വികസനം ത്വരിതമാകും.

സ്കൂൾ വിദ്യാഭ്യാസ രംഗത്ത് സർക്കാരിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ട മറ്റൊരു രംഗം, വ്യാപകമായി വരുന്ന പ്രീ പ്രൈമറി വിദ്യാഭ്യാസമാണ് അതിന് ഐകരൂപ്യം വരുത്തുന്നതിലും ആരോഗ്യശാസ്ത്രപരമായും, വിദ്യാഭ്യാസ ശാസ്ത്രപരമായും തികച്ചും ദോഷകരമായ രീതിയിൽ ഈ ഘട്ടത്തിൽ നൽകപ്പെടുന്ന അക്ഷര അക്കപഠനത്തെ നിരുത്സാഹപ്പെടുത്തുന്നതിലും കളികളിലൂടെ വിദ്യാഭ്യാസ സമ്പാദനത്തിനുള്ള നൈസർഗ്ഗികമായ സിദ്ധികൾ തൊട്ടുണർത്തുന്നതിലും ശ്രദ്ധ പതിയണം.

സ്വാതന്ത്ര്യ ലബ്ദിക്കു മുമ്പ് ഈ പഞ്ചായത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറവായിരുന്നു. പേരിശ്ശേരി ഗവ. യു. പി. സ്ക്കൂളാണ് ഈ പഞ്ചായത്തിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട വിദ്യാഭ്യാസ സ്ഥാപനം. തിരുവതാംകൂർ മഹാരാജാവ് 42 പ്രവൃത്തി പള്ളിക്കുടം സ്ഥാപിച്ചതിൽ ഒന്നാണ് ഈ സ്കൂൾ. സ്കൂളിന് ഏതാണ്ട് നൂറ്

വർഷത്തെ പഴക്കമുണ്ട്. എന്നാൽ രേഖകൾ പ്രകാരം 73 വർഷത്തെ പഴക്കമാണ് കാണുന്നത്. ഈ സ്കൂൾ നേരത്തെ അറിയപ്പെട്ടിരുന്നത് ചക്കാലയിൽ പള്ളികുടം എന്നാണ്. 1099 വെള്ളപ്പൊക്കത്തിൽ ഒഴുകി വന്ന തടി ഉപയോഗിച്ചാണ് ഇപ്പോൾ കാണുന്ന പ്രധാന കെട്ടിടം നിർമ്മിച്ചിരിക്കുന്നത്.

പുലിയൂർ പഞ്ചായത്തിലെ ഏക ഹൈസ്കൂൾ സ്ഥിതി ചെയ്യുന്നത് പുലിയൂർ പഞ്ചായത്തിലെ മൂന്നാം വാർഡിലാണ്. 889 വിദ്യാർത്ഥികളാണ് ഈ സ്കൂളിൽ പഠിക്കുന്നത്. ഭൗതിക സാഹചര്യങ്ങൾ വേണ്ടത്ര ഇല്ലാത്ത സ്കൂളിന്റെ പഠന നിലവാരം ഒട്ടും തൃപ്തികരമല്ല. ധാരാളം വിദ്യാർത്ഥികൾ പഠിച്ചിരുന്ന സ്കൂളിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞുവരുന്ന പ്രവണതയാണുള്ളത്.

അദ്ധ്യാപകരുടേയും രക്ഷകർത്താക്കളുടെയും സന്നദ്ധ സംഘടനാ പ്രവർത്തകരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ പഠനനിലവാരം ഉയർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും അവ വേണ്ടത്ര ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. കുട്ടികളുടെ പഠനത്തോടുള്ള വിമുഖതയാണ് പഠന നിലവാരം താഴുന്നത്. പ്രധാന അദ്ധ്യാപിക അടക്കം 33 അദ്ധ്യാപകർ ആണ് സ്കൂളിൽ ഉള്ളത്. ഇതിൽ 28 പേർ സ്ത്രീകളാണ്. പ്രാഥമിക സൗകര്യങ്ങൾ ഈ സ്കൂളിൽ പരിമിതമാണ്. അതിന് പരിഹാരം കാണേണ്ടതാണ്.

ഈ സ്കൂളിന്റെ മറ്റൊരു പ്രധാന പോരായ്മ എന്നു പറയുന്നത് കളിസ്ഥലം ഇല്ലായ്മയാണ്. കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

പുലിയൂർ പഞ്ചായത്തിലെ പ്രധാനപ്പെട്ട മറ്റൊരു യു. പി. സ്ക്കൂളാണ് ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന തോനയ്ക്കാട് ജെ. ബി. സ്കൂൾ 111 വിദ്യാർത്ഥികളാണ് ഈ സ്കൂളിൽ പഠിക്കുന്നത്. 47 ആൺകുട്ടികളും 64 പെൺകുട്ടികളും. കുട്ടികളുടെ എണ്ണത്തിൽ നേരിയ കുറവുണ്ടായിട്ടുണ്ടെങ്കിലും അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും ആത്മാർത്ഥമായ പ്രവർത്തനം പഠനനിലവാരം മെച്ചപ്പെടുത്താൻ സഹായിച്ചിട്ടുണ്ട്. എം. പി. ഫണ്ടിൽ നിന്നും അനുവദിച്ച തുകയ്ക്ക് സ്കൂളിൽ കെട്ടിടം പണി നടന്നുകൊണ്ടിരിക്കുകയാണ്.

## ഗ്രാമസഭ റിപ്പോർട്ട്

പുലിയൂർ ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ച് ഒൻപതാം പദ്ധതികാലത്ത് മുന്തിയ പരിഗണന നൽകി പല കാര്യങ്ങളും ചെയ്യേണ്ടതുണ്ട്. ഓരോ പ്രദേശത്തിന് ആവശ്യമായി വരുന്ന പ്രവർത്തനങ്ങൾ അതാത് ഗ്രാമസഭകളിലൂടെ നൽകിയിട്ടുള്ളത് ചുവടെ ചേർക്കുന്നു.

തോനയ്ക്കാട് ജെ ബി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഒരു യു. പി. സ്കൂളായി ഉയർത്തുന്നതിനാവശ്യമായ സ്ഥലവും സൗകര്യവും ഇപ്പോൾ തന്നെ ഉണ്ട്. അതോടൊപ്പം തന്നെ ജെ. ബി. സ്കൂളിനോട് അനുബന്ധിച്ച് ഒരു നേഴ്സറി സ്കൂൾ ആരംഭിക്കുക. സ്കൂളിന് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതോടൊപ്പം സ്കൂൾ കോമ്പൗണ്ടിനുള്ളിൽ നിലവിലുള്ള കിണർ വൃത്തിയാക്കുക.

സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്ന ഈ പ്രദേശത്ത് കൂടുതൽ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിച്ചാൽ അത് ഈ നാടിന്റെ വികസനത്തിന് സഹായകരമായിരിക്കും. (തയ്യൽ, ടൈപ്പ്റൈറ്ററിംഗ്)

സർക്കാർ വക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇവിടെയില്ല. ഒരു മാനേജ്മെന്റിന്റെ **(Syrian Catholic Management)** അധീനതയിലുള്ള ഒരു എൽ. പി. സ്കൂൾ മാത്രമേ ഇവിടെയുള്ളൂ. സ്കൂളിൽ ഇന്ന് നിലവിലുള്ള ഷിഫ്റ്റ് സമ്പ്രദായം മാറ്റുക, കഞ്ഞിപ്പുര കെട്ടുക, ഉച്ചകഞ്ഞി വിതരണം കാര്യക്ഷമമാക്കുക. **Latrin,** കുടിവെള്ളം, ചുറ്റുമതിൽ ആവശ്യത്തിന് ഉപകരണങ്ങൾ ലഭ്യമാക്കുക എന്നിവയിലൂടെ സ്കൂളിലെ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കണ്ടെത്താൻ സാധിക്കും.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ലാത്ത ഒരു വാർഡാണ് രണ്ടാം വാർഡ്. തയ്യൽ പരിശീലനം, ഐ. റ്റി. ഐ. എന്നീ സ്ഥാപനങ്ങൾ ഈ പ്രദേശത്ത് സ്ഥാപിക്കണം.

ഇലഞ്ഞിമേൽ ഗവൺമെന്റ് ഉടമയിൽ ഒരു യു. പി. സ്കൂൾ ഈ പ്രദേശത്ത് ആരംഭിക്കണം.

ഹൈസ്ക്കൂൾ സ്ഥിതി ചെയ്യുന്നത് മൂന്നാം വാർഡിലാണ്. പേരിൽ മാത്രം ഹൈസ്ക്കൂളും ഭൗതിക സാഹചര്യത്തിൽ ഒരു മിഡിൽ സ്കൂളിന്റെ പോലും വളർച്ചയില്ലാത്ത ഒരു വിദ്യാഭ്യാസ സ്ഥാപനമാണിത്. രണ്ടായിരത്തിൽ പരം വിദ്യാർത്ഥികൾ പഠിച്ചിരുന്ന ഈ സ്കൂളിൽ ഇപ്പോൾ ആയിരത്തിൽ താഴെ കുട്ടികൾ മാത്രമാണ് പഠിക്കുന്നത്.

## സ്കൂളിന്റെ പോരായ്മകൾ

വേണ്ടത്ര അദ്ധ്യാപകർ ഇല്ല.
കളിസ്ഥലം ഇല്ല.
സ്കൂളിന് ആവശ്യമായ ഫർണിച്ചറുകളുടെ കുറവ്.
കുടിവെള്ളത്തിന്റെ ലഭ്യത കുറവ്.

**ആവശ്യങ്ങൾ**

1. സ്കൂളിന് ചുറ്റുമതിൽ പണിയുക.
2. സ്കൂൾ ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
3. സ്ക്കൂളിൽ സ്കൗട്ടും, എൻ. സി. സി. പരിശീലനവും നൽകുക.
4. സ്കൂളിന്റെ തെക്കുഭാഗത്തുള്ള തട്ടായി കിടക്കുന്ന സ്ഥലം നിരപ്പാക്കി കളിസ്ഥലമായി വിനിയോഗിക്കാൻ നടപടി സ്വീകരിക്കുക.
5. സ്കൂളിന്റെ തെക്കേ അറ്റത്ത് കിഴക്കുഭാഗത്തായി സ്റ്റേജ് നിർമ്മിക്കുക.
6. സ്ക്കൂളിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കണ്ടെത്തുക.
7. കുട്ടികളുടെയും അദ്ധ്യാപകരുടെയും ആവശ്യത്തിനായി, സൈക്കിൾ, സ്ക്കൂട്ടർ ഷെഡ്ഡും യൂറിൻ ഷെഡ്ഡും പണിയുക.
8. മൂന്നാം വാർഡിൽ അംഗൻവാടി സ്ഥാപിക്കുന്നതിനുള്ള സ്ഥല സൗകര്യം ലഭ്യമാക്കുക.
9. മൂന്നാം വാർഡിൽ നാല് നിലത്തെഴുത്ത് കളരികൾ ഉണ്ട്. ഇവ ഓട് മേഞ്ഞ് കൊടുക്കുക.
10. നിലത്തെ ഴുത്ത് ആശാന്മാരുടെ ഗ്രാന്റ് വർദ്ധിപ്പിക്കുക.
11. പുലിയൂർ ഗവ. ഹൈസ്ക്കൂളിനെ വെക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ആയി ഉയർത്തുക.
12. റ്റി. റ്റി. സി, ഐ. റ്റി. സി. കോഴ്സുകൾ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുക.

13. 4 ാം വാർഡിലെ വിദ്യാർത്ഥികളിൽ കൂടുതലും പഠിക്കുന്നത് പുലിയൂർ ഗവ. ഹൈസ്ക്കൂളിലാണ്. സ്ക്കൂളിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക. സ്ക്കൂളിലെ അദ്ധ്യാപക രക്ഷാകർതൃസമിതിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും പഠനനിലവാരം ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

**ആവശ്യങ്ങൾ**

1. 4ാംവാർഡിൽ പ്രവർത്തിക്കുന്ന ഹരിജൻ ഹോസ്റ്റലിന് .സ്വന്തമായി കെട്ടിടം പണിയുക.
അംഗൻവാടി ആരംഭിക്കുക.
സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗക്കാരുടെ കുട്ടികൾക്ക് പുസ്തകങ്ങളും പഠനോപാധികളും നൽകുക.

5ാം വാർഡിലെ വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും പഠിക്കുന്നത് പുലിയൂർ ഗവ. ഹൈസ്ക്കൂളിലാണ്. സ്കൂളിന്റെ പഠന നിലവാരം ഉയർത്തി പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് മൂന്നാം വാർഡിലെ ഗ്രാമസഭയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങളാണ് ഈ ഗ്രാമസഭയിലും ഉണ്ടായത്. അഞ്ചാം വാർഡിന്റെ മൂന്ന് ഭാഗങ്ങളിലായി (കുളഞ്ഞിത്തറ കോളനി ഭാഗം, എസ്. എൻ. ഡി. പി. മന്ദിരം, ആയുർവേദാശുപത്രി എന്നിവയ്ക്ക്) സമീപം ബാലവാടികൾ സ്ഥാപിക്കുക.

പുലിയൂർ പഞ്ചായത്തിലെ പേരിശ്ശേരി ആറാം വാർഡിൽ ഗവ. യൂ. പി സ്ക്കൂൾ മാത്രമേ ഉള്ളൂ. സ്കൂളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ തുടങ്ങുകയും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കുകയും വേണം. ഇതിനാവശ്യമായ കെട്ടിടങ്ങൾ സ്ക്കൂളിലുണ്ട്.

ആറാം വാർഡിൽ നേഴ്സറി സ്ക്കൂൾ ഒന്നും തന്നെയില്ല. ആയതിനാൽ യൂ. പി. സ്ക്കൂളിന്റെ കെട്ടിടത്തിൽ ഒരു നേഴ്സറി സ്ക്കൂൾ സ്ഥാപിക്കണം.

പേരിശ്ശേരി യൂ. പി. സ്ക്കൂളിന്റെ കെട്ടിടം പ്രയോജനപ്പെടുത്തി ഒരു ഐ. റ്റി. സി. തുടങ്ങാവുന്നതാണ്.

സ്ക്കൂളിന് ചുറ്റുമതിൽ പണി കഴിപ്പിക്കണം അടിയന്തിരമായി കക്കൂസ് പണി കഴിപ്പിക്കണം.

പേരിശ്ശേരി ഏഴാം വാർഡിൽ മൂന്ന് അംഗനവാടികൾ സ്ഥാപിക്കുക. (പഴയാറ്റിൽ പടിക്കൽ, പേരൂർകുളങ്ങര അമ്പലം, ഇഞ്ചക്കലോടിഭാഗം)

7ാം വാർഡിൽ നേഴ്സറി സ്ക്കൂൾ ഒന്നും തന്നെയില്ല. അതുകൊണ്ട് രണ്ട് നേഴ്സറി സ്ക്കൂൾ സ്ഥാപിക്കണം. (പഴയാറ്റിപടി ഭാഗം അമ്പീരണ സ്ഥലം, ബഹുജന പങ്കാളിത്തത്തോട് നല്കുവാൻ തയ്യാറാണ്.
(സോമശേഖരം അമ്പലത്തിന് സമീപം)

6ാം വാർഡിൽ നിലവിലുള്ള യൂ. പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്ക്കൂൾ ആക്കണം.
നിലവിലുള്ള യൂ. പി. സ്ക്കൂളിൽ താഴെപ്പറ

യുന്ന കോഴ്സുകൾ തുടങ്ങാനുള്ള അംഗീകാരം നൽകുക.

1. Vocational Higher Secondary
2. Computer training School
3. തൊഴിലാദിഷ്ഠിത വിദ്യാഭ്യാസ ക്ലാസ് ആരംഭിക്കുക.

പുലിയൂർ പഞ്ചായത്തിന്റെ ഏട്ടാം വാർഡ് മല പ്രദേശവും അവികസിതവും വിദ്യാഭ്യാസപരമായി പിന്നോക്കം നില്ക്കുന്നതുമായ ഈ വാർഡിൽ നിന്നുള്ള കുട്ടികൾ പ്രാഥമിക വിദ്യാഭ്യാസത്തിനു പോലും ഏകദേശം അഞ്ച് കിലോമീറ്റർ ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു.

ഈ വാർഡിൽ പാരലൽ കോളേജ്, അംഗൻവാടി, നേഴ്സറി സ്ക്കൂൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വായനശാലകൾ മുതലായ ഒരു സ്ഥാപനവും ഇല്ല.

**പരിഹാരമാർഗ്ഗങ്ങൾ**

പുതിയ അംഗൻവാടി സ്ഥാപിക്കുക.
എൽ. പി. സ്ക്കൂൾ സ്ഥാപിക്കുക.
ഗുണഭോക്താക്കളുടെ പക്കൽ നിന്നും സ്ഥലം ലഭ്യമാക്കുക.
വായനശാല സ്ഥാപിക്കുക.

ഈ വാർഡിലെ കുട്ടികൾക്ക് നേഴ്സറി സ്ക്കൂളിലോ പ്രൈമറി ക്ലാസിലോ പഠിക്കണമെങ്കിൽ മൂന്ന് കിലോമീറ്റർ നടന്നു പോകണം. നേഴ്സറി, പ്രൈമറി സ്ക്കൂൾ സ്ഥാപിക്കുക.

വാർഡിന്റെ ഭൂരിഭാഗവും മല ഭാഗത്തുൾപ്പെടുന്നതിനാൽ, ഈ ഭാഗത്തിന്റെ മദ്ധ്യം കേന്ദ്രീകരിച്ച് ഒരു നേഴ്സറി സ്ക്കൂളും പ്രൈമറി സ്ക്കൂളും സ്ഥാപിക്കണം. പ്ലേ ഗ്രൗണ്ട് കുട്ടികളുടെയും യുവാക്കളുടെയും കായിക വിനോദത്തിനായി ഈ വാർഡിൽ ഒരു കളിസ്ഥലം നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

പുലിയൂർ പഞ്ചായത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമുള്ള വിവരശേഖരണത്തിൽ തെളിയുന്നത് പുലിയൂർ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ പുലിയൂർ ഗവ. ഹൈസ്ക്കൂളിൽ വിദ്യാഭ്യാസ നിലവാരം കുറയുന്നു. ഇത് ഇന്നാട്ടുകാർ ശ്രദ്ധിക്കുകയും പൂർവ്വവിദ്യാർത്ഥി സംഘടന, റിട്ടയേർഡ് അദ്ധ്യാപകർ എന്നിവരുടെ സേവനം തേടുന്നതിനോടൊപ്പം ഓരോരുത്തരും ഈ സ്ക്കൂളിന്റെ വികസന പ്രക്രിയയിൽ ഭാഗമാക്കാകുക വഴി ഈ സ്കൂളിൽ വികസനത്തിന്റേതായ ഒരു പുതിയ മാറ്റം വരുത്തുകയും കുട്ടികളിലെ സമ്പാദ്യശീലം വളർത്തുന്ന സഞ്ചയിക, പരിസ്ഥിതിയുമായി ഇണങ്ങി ചേരുന്ന ഫോറസ്ട്രി ക്ലബ്, യുറീക്ക, ശാസ്ത്ര കേരളം, ശാസ്ത്ര ക്ലബ് തുടങ്ങിയവ ആരംഭിക്കുകയും ആവശ്യമായ സഹായ സഹകരണം ചെയ്തു കൊടുക്കുകയുമാണ്.

വിദ്യാഭ്യാസ പരമായി പിന്നോക്കം നിൽക്കുന്ന എല്ലാ വിഭാഗം സാധുകുട്ടികൾക്കും ആവശ്യമായ ട്യൂഷൻ സൗകര്യം നൽകുന്നതിന് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ എല്ലാ വാർഡും കേന്ദ്രീകരിച്ച് ഒരു ട്യൂഷൻ സെന്റർ സ്ഥാപിക്കുക വഴി കുറെ വിദ്യാസമ്പന്നരായ യുവാക്കൾക്ക് തൊഴിൽ ലഭിക്കുകയും അങ്ങനെ നല്ല ഒരു തലമുറയെ വാർത്തെടുക്കുകയും ചെയ്യാം.

പുലിയൂർ പഞ്ചായത്തിൽ സർക്കാർ ഹൈസ്ക്കൂൾ സർക്കാർ യു. പി. സ്ക്കൂൾ എൽ. പി. വിഭാഗം എയിഡഡ് 1 സർക്കാർ 1 അൺ എയ്ഡഡ് 1 പഞ്ചായത്ത് വക നേഴ്സറി 1 ഇത്രയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാത്രമാണുള്ളത്. ഇത് എണ്ണത്തിൽ വളരെ കുറവാണ്. ഇതിൽ അൺ എയ്ഡഡ് ഒഴികെ മറ്റൊരു സ്ക്കൂളും മതിൽ കെട്ടി സംരക്ഷിക്കുകയോ കുട്ടികൾക്കാവശ്യമായ പഠന സാമഗ്രികളോ കളിസ്ഥലമോ പ്രാഥമിക സൗകര്യങ്ങൾ പോലുമോ ഇവയിൽ പല സ്ക്കൂളുകളിലും ഇല്ല എന്നത് ശ്രദ്ധേയമാണ്. ആവശ്യമായി വരുന്ന തുകയുടെ 1/1000 % എങ്കിലും ആണ് അനുവദിച്ചുകിട്ടുന്നത്. ഈ അവസ്ഥ മാറി നഗരത്തിലെ സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ നിലവാരം നമ്മുടെ വിദ്യാർത്ഥികൾക്ക് ലഭിക്കണമെങ്കിൽ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സർവ്വോപരി നാട്ടുകാരുടെയും സഹായം കൂടിയേ തീരൂ.

ഈ ഗ്രാമത്തിലെ മേൽ പറഞ്ഞ സ്ക്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഉച്ചഭക്ഷണത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് സ്കൂളിൽ നിന്നുള്ള ഭക്ഷണത്തെയാണ്. ഇത് ഒരു കുട്ടിക്ക് അനുവദിച്ചിരിക്കുന്നത് വളരെ കുറഞ്ഞ അളവിലുള്ള റേഷൻ ആണ്. അതിന് മാറ്റം വരുത്തി കാര്യക്ഷമമായി നല്കുന്നതിനും അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്.

കൂടാതെ തന്നെ മേൽ വിവരിച്ച സ്കൂളുകൾ കലാകായിക മത്സരങ്ങളിൽ പിന്തള്ളുന്നു. ഒരു സബ് ജില്ലാ മത്സരത്തിനു പോലും പങ്കെടുക്കാൻ കഴിയാത്ത തരത്തിൽ ഭൗധികപരമായും കലാപരമായും മാനസികപരമായും തളരുന്ന ഈ തലമുറയെ നാം നന്നായി ശ്രദ്ധിച്ചാൽ, അവർക്ക് വേണ്ട പ്രോത്സാഹനം നാം നൽകിയാൽ പുലിയൂരിന് അഭിമാനിക്കാൻ കഴിയുന്ന ഒരു പിടി കലാകാരന്മാരെ

യും കലാകാരികളെയും ലഭിക്കുമെന്നുള്ളതിൽ ഒരു സംശയത്തി നടിസ്ഥാനമില്ല.

എല്ലാ വാർഡിലും നേഴ്സറി സ്കൂൾ തുടങ്ങുന്നതിനോടൊപ്പം ഡേ കേയർ സെന്റർ കൂടി ആരംഭിക്കുന്നത് വളരെയധികം പ്രയോജനം ചെയ്യും.

നേഴ്സറി സ്കൂളിൽ വന്ദ്യ വയോധികരെ ഉപയോഗിക്കണം. പഴയ കുടുംബങ്ങൾ അപ്രത്യക്ഷമായി വെറും ന്യൂക്ലിയർ കുടുംബമായി മാറിക്കൊണ്ടിരിക്കുന്ന സ്ഥലത്ത് കൊച്ചു കുട്ടികൾക്ക് മുത്തച്ഛനും മുത്തശ്ശിയും അന്യമായിക്കൊണ്ടിരിക്കുന്ന ഈ ഇവസരത്തിൽ വന്ദ്യവയോധികരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിന് കുട്ടികളുമായി ഇടപഴക്കുന്നതിന് കുറഞ്ഞത് ഒരു മണിക്കൂർ എങ്കിലും ഇവരെ എന്നും ഈ നേഴ്സറി സ്കൂൾ സന്ദർശിക്കേണ്ടതാണ്.

ഇങ്ങനെ ചെയ്താൽ കുട്ടികൾക്ക് നാടുമായും നാട്ടുകാരുമായി ഇണങ്ങി ചേരാനും അവരുടെ തന്നെ കുടുംബത്തിന്റെ, ദേശത്തിന്റെ അനുഭവങ്ങൾ മനസ്സിലാക്കുന്നതിനും കഴിയും.

അത്യധികം സമ്പത്തു മുടക്കി വളരെ മിടുക്കരായ കുട്ടികളെ ദൂരെയുള്ള എയ്ഡഡ് അൺ എയ്ഡഡ് സ്കൂളുകളിൽ അയച്ച് പഠിപ്പിക്കുന്നത് ഇവിടുത്തെ മാതാപിതാക്കന്മാരുടെ ഒരു രീതിയായി മാറിയിരിക്കുന്ന ഈ അവസരത്തിൽ സർക്കാർ സ്കൂളുകളിലെല്ലാം കുട്ടികളുടെ എണ്ണം നന്നേ കുറഞ്ഞ് ഇത് അടച്ചു പൂട്ടൽ ഭീഷണിയെ നേരിടുന്നു.

കേരള ശാസ്ത്ര സാഹിത്യ പരിഷത് പോലെയുള്ള സംഘടനകൾ വിദ്യാഭ്യാസ നിലവാരമുയർത്തുന്നതിനായി ആവിഷ്കരിച്ചിരിക്കുന്നു. സ്കൂൾ കോംപ്ലക്സ് പോലെയുള്ള പദ്ധതികൾ ഉടനടി തന്നെ ഈ പഞ്ചായത്തിൽ അദ്ധ്യാപകരുടെയും പി. റ്റി. എ.യുടെയും പൂർവ്വ വിദ്യാർത്ഥി മറ്റ് സംഘടനകളുടെയും പ്രവർത്തനം ഏകോപിപ്പിച്ച് എല്ലാ സ്കൂളിലും യുദ്ധകാലാടിസ്ഥാനത്തിൽ അതിനാവശ്യമായ നടപടികൾ കൈക്കൊള്ളണം.



# കുടിവെള്ളവും പൊതുജനാരോഗ്യവും

പഞ്ചായത്തിലെ 40 ശതമാനം ജനങ്ങൾ കുടിവെള്ളത്തിനായി ബുദ്ധിമുട്ടുന്നുണ്ട്. ഭൂരിപക്ഷം ആളുകളും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് കിണറുകളെയാണ്. കുടിവെള്ളത്തിനായി അനുഗ്രഹമായ പല സ്രോതസുകളും പദ്ധതികളും ഉണ്ടായിട്ടും ഒരിറ്റുകുടിവെള്ളത്തിനായി കിലോമീറ്ററുകൾ താണ്ടിപോകേണ്ട സ്ഥിതിയാണ് പഞ്ചായത്തിലെ 8, 9 വാർഡുകളുടെ അവസ്ഥ. ശുദ്ധജല സ്രോതസുകളുടെ കലവറ ആയിരുന്നിട്ടുകൂടി കുടിവെള്ളത്തിനായി ഗവൺമെന്റ് ഒരുപദ്ധതിയും പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല.

പഞ്ചായത്തിൽ അനുഗ്രഹീത നീരുറവകളായ ചെമ്പോലിമലയിൽ സ്ഥിതിചെയ്യുന്ന 39 പൊതുകിണറുകൾ 4ട്യൂബ്‌വെല്ലുകൾ, 2 വാട്ടർ സപ്ലേഅറേജ്മെന്റ് പദ്ധതി നൂറ്റവൻ പാറയിലും വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ ചെങ്ങന്നൂർ മുൻസിപ്പാലിറ്റിയിൽ നിന്നും പഞ്ചായത്തിലെ ഏഴും, ആറും വാർഡുകളിലും, 2 വാട്ടർ ഫില്ലിംഗ് ടാങ്ക് വേലൻമലയിലും, ആമ്പാടി ലക്ഷംവീട് കോളനിയിലും വ്യാപിച്ചുകിടക്കുന്നതാണ് പൊതുവായ കുടിവെള്ള സ്രോതസുകൾ.

പഞ്ചായത്തിലെ 8, 9 വാർഡുകളിൽ ആണ് വർഷം മുഴുവൻ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശം. എട്ടാം വാർഡിൽ തിങ്കളാമിറ്റം, പള്ളിപ്പറമ്പ്, വേലത്താം പറമ്പ്, പൂവണ്ണനിൽക്കുന്നതിൽ പ്രദേശങ്ങൾ 4 പൊതുകിണറുകൾ സ്ഥാപിച്ചിരിക്കുന്നു. മലയിൽകുന്നത്തും പള്ളിപ്പറമ്പിലും ഒരോ ട്യൂബ് വെല്ലുകളും കുടിവെള്ളക്ഷാമത്തിനു ചെറിയ പരിഹാരം എന്നനിലയിലുള്ളത്. ഇവിടെ കണക്കുപരിശേധിച്ചാൽ എഴുപത്തിഅഞ്ചു ശതമാനം ജനങ്ങളും ശുദ്ധജലക്ഷാമം അനുഭവിക്കുന്നു. ഒമ്പതാം വാർഡിലെ നൂറ്റവൻ പാറയിലും, മൂലയൂഴം ലക്ഷംവീട് കോളനിയിലും ഒരോ പൊതുകിണറുകൾ ഉണ്ട്. വാട്ടർ സപ്ലേഅറേജ്മെന്റ് സ്കീം വാർഡിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വതപരിഹാരമാകുന്നില്ല.

ഒന്നാം വാർഡിലെ പൊറ്റമേൽ ( ഐ. എച്ച്. ഡി. പി) കോളനി ചേനത്ത്, ചാത്തേക്കുറ്റി ജെ. ബി. എസ് തോനയ്ക്കാട് പ്രദേശത്ത് ഏഴ് പൊതുകിണറുകൾ പ്രൈമറി ഹെൽത്ത് സബ്സെന്റെർ ബന്ധപ്പെടുത്തി വാർഡിലെ ജലക്ഷാമത്തിനു ഒരു പരിഹാരം സ്വന്തമായി കിണറുകളും പൊതുകിണറുകളിലുമായിട്ട് 60 ശതമാനം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നു. പൊതുടാപ്പുകളോ ടാങ്ക് പദ്ധികളോ വാർഡിലില്ല. കാടന്മാവ് കോളനി വാഴക്കൂട്ടം എന്നീ പ്രദേശത്ത് ഒരോ പൊതുകിണറുകൾ കൊണ്ട് രണ്ടാം വാർഡിന്റെ കുടിവെള്ളക്ഷാമത്തിന് ഒരു പരിഹാരം ആകുന്നില്ല. കോണോത്തുത്തറ, പോത്തലക്കാട്, പനയ്ക്കാണിൽ തെക്കേമല പ്രദേശത്ത് ഒരോ പൊതു കിണറുകളും മേലൻ മലയിൽ ഒരു വാട്ടർ ഫില്ലിംഗ് ടാങ്കും പൊതുവായുള്ള സ്രോതസുകളിൽ കൂടി ജല ക്ഷാമത്തിനു ഒരു പരിഹാരം ആകുന്നു. പാലച്ചുവടു പാറപ്പുറത്ത് ചെമ്പോലിമല, തച്ചിലേത്തുമല വുത്തേതു ഉരിത്തറ വടക്കേ മുക്ക് എന്നീ പ്രദേശത്ത് എട്ട് പൊതുകിണറുകളും, ചെമ്പോലി മലയിൽ പ്രസിദ്ധമായ നീരുറവയും നാലാം വാർഡിലെ ജനങ്ങൾക്ക് ശുദ്ധജലം സുലഭമാക്കുന്നു.

അഞ്ചാം വാർഡിൽ മേക്കട്ടുകുറ്റി, ആമ്പാടി ലക്ഷം വീട്, വാർണ്ണേത്ത് പറക്കോട്ടിൽ പടിഞ്ഞാറ്റേതിൽ മേളത്താം മുറിയിൽ, ആയൂർവേദ ഡിസ്പൻസറി, മാലിത്തറ ലക്ഷംവീട്, മലയിൽ എന്നീ പ്രദേശത്ത് ഒമ്പതു പൊതുകിണറും അമ്പാടി ലക്ഷം വീട് കോളനിയിൽ ഒരു വാട്ടർ ഫില്ലിംഗ് ടാങ്കുകളിലൂടെ വാർഡിൽ ശുദ്ധജലം സുലഭമാക്കുന്നു. ആറാം വാർഡിലെ വി. എസ്സ്. എസ്സ് മഹിളാ സമാജത്തിലെ പൊതുകിണറും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിൽ നിന്നും സംസ്ഥാന ജല വകുപ്പിന്റെ പൈപ്പ്ലൈൻ വാർഡിലെ ജലക്ഷാമത്തിനു ഒരു ശാശ്വത പരിഹാരം ആകുന്നില്ല. പേരിശ്ശേരി കോളനിയിൽ സ്ഥാപിച്ചിട്ടുള്ള രണ്ടു പൊതുകിണറുകളും ആണ് കുടി വെള്ളത്തിനായി വാർഡിലെ ജനങ്ങൾക്കുള്ള പൊതു സ്രോതസ്സ്.

### ശുദ്ധജല സ്രോതസ്സുകൾ

| പൊതു കിണർ | ടാപ്പ് | ട്യൂബ് വെൽ | നീരുറവ |
|---|---|---|---|
| | | | |

### വേനൽ കാല ശുദ്ധജല പദ്ധതി

അശാസ്ത്രീയമായ ജീവിത ചര്യയിൽ ഫെബ്രുവരി മുതൽ മെയ് മാസം വരെ പഞ്ചായത്തിലെ ഭൂരിഭാഗം കുടുമ്പങ്ങൾക്കും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. താഴ്ന്ന പ്രദേശങ്ങളിൽ കിണറുകളിൽ ചെളി (ഓരു വെള്ളം) ഇറങ്ങിയും ഉയർന്ന പ്രദേശത്ത് കിണറുകൾ വറ്റിയും ജല ദൗർലഭ്യം ഉണ്ടാകുന്നു. സംസ്ഥാന റവന്യൂ വകുപ്പിന്റെ കീഴിൽ മൊബയിൽ വാട്ടർ സപ്ലേ സ്കീം (ലോറികളിലെ ടാങ്കുകളിൽ നിന്നും ശുദ്ധ ജലം വിതരണം) നടപ്പിലാക്കുന്നു. പഞ്ചായത്തിലെരണ്ട് വാട്ടർ ഫില്ലിംഗ് ടാങ്കുകളും വേനൽക്കാലത്ത് ജനങ്ങൾക്ക് ഉപകാര പ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നു. കഴിഞ്ഞ 6 വർഷക്കാലമായി നടപടികൾ പൂർത്തീകരിച്ച വെൺമണി, ആലാ, പുലിയൂർ എണ്ണയ്ക്കാട്ട് ശുദ്ധജല പദ്ധതി അതിവേഗം പൂർത്തീകരിച്ചാൽ ശുദ്ധജലക്ഷാമത്തിന് പരിഹാരമാകും

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മിക്കവാർഡുകളിലും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്.
2. പൊതു കിണറുകൾ ആവശ്യത്തിനു സ്ഥാപിച്ചിട്ടില്ല.
3. നിലവിലുള്ള പൊതു കിണറുകൾക്ക് ആവശ്യമായ സംരക്ഷണം നൽകുന്നില്ല. അറ്റകുറ്റ പണികൾ നടത്തുന്നില്ല. വൃത്തിയായി സംരക്ഷിക്കുന്നില്ല. ചില പ്രദേശങ്ങളിൽ ആഴക്കുറവാണ്.
4. പൊതു ടാപ്പുകൾ ഇല്ല ഉള്ള ടാപ്പുകളിൽ വെള്ളവും ഇല്ല.
5. ട്യൂബ് വെല്ലുകൾ എണ്ണം കുറയും
6. പരമ്പരാഗത ജല സ്രോതസ്സുകൾ സംരക്ഷിക്കുവാനോ നിലനിർത്താനോ ഉള്ള ശ്രമങ്ങൾ ഉണ്ടാവുന്നില്ല.
7. പ്രകൃതിദത്തമായ സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനു ശാസ്ത്രീയമായ സമീപനം ഇല്ല.
8. സംസ്ഥാന ജലവകുപ്പിന്റെ ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിൽ നിന്നുള്ള പൈപ്പ് ലൈൻ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. പൊതു ടാപ്പുകൾ സ്ഥാപിച്ചിട്ടുള്ളതിന്റെ എണ്ണം കുറും.
9. നൂറ്റവൻ പാറയിലെ വാട്ടർ സപ്ലേ അറേൻജ്മെന്റ് പദ്ധതി കാലാനുസൃതമായും ജനസാന്ദ്രതയ്ക്കനുസരിച്ചും മാറ്റങ്ങൾ വരുത്തുകയോ ശാസ്ത്രീയ സമീപനങ്ങൾ കാണുകയോ ചെയ്തിട്ടില്ല.
10. മൂലയൂഴം ലക്ഷം വീട് കോളനിയിൽ സ്ഥാപിച്ചിട്ടുള്ള മോട്ടോർ തറ മെയിൻറ്റനൻസ്സ് നടത്തുകയും ടാങ്ക് അറ്റകുറ്റപണികൾ തീർക്കാതെയും പൈപ്പ് കണക്ഷൻ പൊട്ടിപൊളിച്ചിട്ടിരിക്കുകയാണ്.
11. വർഷത്തിൽ ആറുമാസം കാടന്മാവ് പ്രദേശങ്ങളിലെ കിണറുകളിൽ ഓരുവെള്ളം ആണ്.
12. ഉയർന്ന പ്രദേശങ്ങളിലെ കിണറുകൾ ആഴം കുറവായതിനാൽ വറ്റി വരളുന്നു.

## ഗ്രാമസഭ നിർദ്ദേശങ്ങൾ

1. വെൺമണി ആലാ പുലിയൂർ എണ്ണയ്ക്കാട് വില്ലേജുകൾ ചേർന്ന് സംസ്ഥാന വാട്ടർ അതോറിട്ടിയുടെ പദ്ധതി നിയമപരമായി എല്ലാ നടപടികളും പൂർത്തികരിച്ച് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരവും കിട്ടിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പദ്ധതികാലത്ത് ആദ്യവർഷം പൂർത്തീകരിയ്ക്കണം. പദ്ധതിയുടെ ആവശ്യത്തിലേക്ക് മെയിൻ ഓവർ ഹെഡ് ടാങ്ക് നിർമ്മിക്കുന്നതിനു പഞ്ചായത്തിലെ 3 ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ചെങ്ങന്നൂർ വികസന ബ്ലോക്ക് ഓഫീസിന്റെ ഉപയോഗ ശൂന്യമായ സ്ഥലം അക്വയർ ചെയ്യു നടപടികൾ കൈകൊണ്ടിട്ടുള്ളതും സബ് ടാങ്കുകൾ പണിയുന്നതിനു ഒന്നാം വാർഡിൽ പൊറ്റമേൽ കടവ് ഭാഗത്തും എട്ടാം വാർഡിൽ പള്ളിമേടയിലും ഒമ്പതാം വാർഡിൽ നൂറ്റവൻ പാറയിലും സ്ഥലം നല്കാമെന്ന് ഉറപ്പു നല്കിയിട്ടുണ്ട്.
2. സംസ്ഥാനന ജല വകുപ്പിന്റെ നടപ്പിലാവുന്ന മുറയ്ക്ക് പഞ്ചായത്തിൽ ആകമാനം പൈപ്പ് ലൈനുകൾ സ്ഥാപിച്ച് പൊതു ടാപ്പുകളും സ്ഥാപിച്ച്, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബാംഗങ്ങൾക്കും പട്ടികജാതി വർഗ്ഗ കുടുംബാംഗങ്ങൾക്കും ഹൗസ് കണക്ഷനുകൾ കൊടുക്കണം.
3. ട്യൂബ് വെല്ലുകൾ സ്ഥാപിക്കുക, നിലവിലുള്ളവ ഉപയോഗക്ഷമമാക്കുക.
4. ഉയർന്ന പ്രദേശങ്ങളിൽ വ്യാപകമായി കുഴൽ കിണറുകൾ സ്ഥാപിക്കുക.
5. നിലവിലുള്ള പൊതുകിണറുകൾ പഞ്ചായത്തിലെ അഞ്ചു ശതമാനം ജനങ്ങൾ മാത്രം ഉപയോഗിക്കുന്നുള്ളു. ആറു വീടുകൾക്ക് ഒരു പൊതു കിണർ എന്ന കണക്കിന് സ്ഥാപിക്കുക.
6. കുടിവെള്ളം ജനങ്ങൾക്ക് സുലഭമാക്കുന്നതിനുവേണ്ടി വാർഡുകളിലെ പൊതുകിണറോ കുളങ്ങളോ മെച്ചപ്പെടുത്തുക ചെളി കോരി വൃത്തിയാക്കുക,ആഴം കൂട്ടുക മുതലായവ.
7. പഞ്ചായത്തിലെ മുഴുവൻ കിണറുകളും ശുദ്ധീകരിക്കുന്നതിനായി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ സഹായത്തോട് ക്ലോറിനേറ്റ് ചെയ്യുക.
8. ഓരു വെള്ളം ഇറങ്ങുന്ന താഴ്ന്ന പ്രദേശത്ത് കിണറുകളുടെ സംരക്ഷണത്തിനു ശാസ്ത്രീയമായസമീപനം ഉണ്ടാക്കി എടുക്കണം.
9. ഉയർന്ന പ്രദേശത്തുള്ള കിണറുകളിലെ ജല ദൗർലഭ്യതയ്ക്കു പഠനം നടത്തി കിണറുകൾ ആഴം കൂട്ടണം.
10. രണ്ടു സെന്റ് സ്ഥലം സ്വന്തമായി ഉള്ള സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്കും പട്ടികജാതി പട്ടികവർഗ്ഗ കുടുംബാംഗങ്ങൾക്കും കിണറുകൾ നിർമ്മിച്ചുകൊടുക്കുക.
11. വേനൽ കാലത്ത് മാത്രം പ്രവർത്തിക്കുന്ന വാട്ടർ ഫില്ലിംഗ്

ടാങ്ക് ശേഷി (കപ്പാസിറ്റി) വർദ്ധിപ്പിക്കുക. പൊട്ടിപൊളിഞ്ഞ ടാപ്പുകൾ വീണ്ടും പിടിപ്പിക്കുക, അറ്റ കുറ്റപണികൾ തീർക്കുക, ഈ മാതിരി പഞ്ചായത്തിൽ ഉള്ള ആകെ രണ്ടു ടാങ്കുകളെ ഉള്ളു. വേലൽകാലത്ത് കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിലെല്ലാം കൂടുതൽ ശേഷിയുള്ള ടാങ്കുകൾ നിർമ്മിക്കണം.

12. ആഴം കൂട്ടാൻ നിവർത്തിയില്ലാത്തതും ശുദ്ധജലം വൃത്തിയായി സംരക്ഷിക്കുന്നതിനു സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബാംഗങ്ങൾക്കും കിണറുകളുടെ ആഴം കൂട്ടുന്നതിനും, കിണറുകൾ വൃത്തിയാക്കുന്നതിനും സാമ്പത്തിക സഹായം നല്കുക.

13. പ്രസിദ്ധമായ അനുഗ്രഹീതമായ ചെന്നോലിമലയിലുള്ള നീരുറവ ശാസ്ത്രീയമായ സംരക്ഷണം ഉറപ്പുവരുത്തുക. അവിടെ നിന്നും ഒഴുകി എത്തുന്ന വെള്ളം ടാങ്ക് ഉണ്ടാക്കി അതിൽ ശേഖരിച്ച് ആ പ്രദേശത്ത് ആകമാനം ശുദ്ധജലം എത്തിക്കുന്നതിനായിട്ട് പൈപ്പ് കണക്ഷനുകൾ കൊടുക്കണം.

14. നൂറ്റവൻ പാറ ഉൾകൊണ്ടുള്ള ഒമ്പതാം വാർഡിന്റേതായിട്ടുള്ള പദ്ധതി ഉണ്ടാവണം. പതിറ്റാണ്ടുകൾക്ക് മുമ്പ് പണിതിട്ടുള്ള പദ്ധതികൾ ശാസ്ത്രീയമായി കാണുകയും കാലോചിതമായ പരിഹാരങ്ങൾ വരുത്തുകയും വേണം. നൂറ്റവൻപാറ പദ്ധതിക്കുവേണ്ടി ഉപയോഗിക്കുന്ന കിണറിന് ആഴം കൂട്ടി വൃത്തിയാക്കണം. വാർഡിന്റെ മുഴുവൻ മേഖലയിലേക്കും അഞ്ചുകിലോമീറ്റർചുറ്റളവിൽ ജലം എത്തിക്കുവാൻ ആവശ്യമായ വെള്ളം പമ്പു ചെയ്യുവാൻ കഴിയുന്ന കുതിരശക്തിയുള്ള മോട്ടോറും പമ്പു സെറ്റും സ്ഥാപിക്കുക. നിലവിലുള്ള ടാങ്കിനു പകരം അരലക്ഷം ലിറ്റർ വെള്ളമെങ്കിലും കൊള്ളുന്ന ടാങ്ക് നിർമ്മിക്കുക.

15. മൂലയൂഴം പദ്ധതി മോട്ടോർ കേടുപാടുകൾ തീർത്തും ടാങ്കിന്റെ അറ്റകുറ്റപണികൾ തീർത്ത് പൈപ്പ്ലൈൻ ശരിപ്പെടുത്തി ആവശ്യമായ ടാപ്പുകൾ സ്ഥാപിക്കുക.

16. മോടിയിൽ ചരുവിൽ ശുദ്ധജലം എത്തിക്കുന്നതിനു പൈപ്പ് ലൈൻ സ്ഥാപിച്ചു ഹൗസ് കണക്ഷനുകൾ കൊടുത്തുകൊണ്ട് സാദ്ധ്യമാകും.

വരുന്ന അഞ്ച് വർഷക്കാലത്തിനുള്ളിൽ പഞ്ചായത്തിലെ മുഴുവൻ കുടുബങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. ഇതിനായിയുള്ള പ്രവർത്തനത്തിൽ ശുദ്ധജലം ലഭ്യമല്ലാത്ത താഴ്ന്ന പ്രദേശങ്ങൾക്കും ഉയർന്ന പ്രദേശങ്ങൾക്കും മുൻഗണന നല്കുകയും വേണം. ഇതിനായി മൂന്ന് ഘട്ടങ്ങളിലായി നടത്തേണ്ട ഒരു പ്രവർത്തന പരിപാടി ഉണ്ടാവണം.

1. 1997 ഏപ്രിൽ മാസത്തിനുള്ളിൽ ചെയ്യേണ്ടതും
2. 1997 98 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യേണ്ടതു
3. പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യേതു.ണ്ട്

**ഏപ്രിൽ മാസത്തിനുള്ളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ**

ആദ്യമായി പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം വിലയിരുത്തുന്നതിനായി ഒരു രേഖ തയ്യാറാക്കണം. ഇതിനായി വിഭവഭൂപടം തയ്യാറാക്കിയും ഗ്രാമസഭയിൽ നിന്നുള്ള നിർദ്ദേശങ്ങളും ആവശ്യങ്ങളും ചർച്ചയിലൂടെയും തലങ്ങും വിലങ്ങും സന്ദർശനങ്ങളിലൂടെയും വിവരങ്ങൾ ശേഖരിച്ച് രേഖ തയ്യാറാക്കണം.

— പൂർത്തിയായ പദ്ധതികൾ, നടപ്പുപദ്ധതികൾ, അനുമതി ലഭിച്ചു കഴിഞ്ഞിട്ടും ആരംഭിക്കാത്തവ, ഇവയുടെ വിശദാംശങ്ങൾവേണം

— നിലവിലുള്ള പൊതു കുടിനീർ സ്രോതസ്സുകളുടെയും, പദ്ധതികളുടെയും വിശദമായ വിലയിരുത്തൽ

പഞ്ചായത്തിലെ ഏതൊക്കെ പ്രദേശങ്ങളിലാണ് കുടിവെള്ളത്തിലായി ജനങ്ങൾ കൂടുതൽ ബുദ്ധിമുട്ടുന്നത്

വേനൽകാലത്ത് വറ്റി പോകുന്നതോ ചെളി ഇറങ്ങുന്നതോ ആയ കിണറുകൾ എവിടെയൊക്കെ.

കുടുംബങ്ങൾക്ക് ഉപയോഗിക്കാൻ പറ്റിയ തുറന്ന കിണർ, പൊതുടാപ്പ്,കുഴൽ കിണറോ ഇല്ലാത്തതും കിണർ കുഴിക്കാൻ വേണ്ട രണ്ട് സെന്റേ സ്ഥലം ജനകീയമായി (സൗജന്യമായി) ലഭിക്കുന്നതുമായ പ്രദേശങ്ഹൾ ഏതൊക്കെ.

മേൽ പറഞ്ഞ പ്രദേശങ്ങൾ പട്ടികജാതി,വർഗ്ഗ സങ്കേതങ്ങളാണോ. രേഖയിൽ നിന്ന് ലഘുവായ അറ്റകുറ്റപണികളിലൂടെ പുനരുദ്ധീകരിക്കാൻ കഴിയുന്ന സ്രോതസ്സുകൾ. പുതിയ സ്രോതസ്സുകൾക്കാവശ്യമുള്ള സ്ഥലങ്ങൾ ഏതൊക്കെ.

## പഞ്ചായത്തിലെ ജല സ്രോതസ്സുകളുടെ സംരക്ഷണത്തിനും ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള കാര്യങ്ങൾ.

ഇതിൽ ലഘുവായ പ്രവർത്തനത്തിൽകൂടി സ്രോതസ്സുകൾ ഉപയുക്തമാക്കുന്ന പ്രവർത്തനങ്ങൾ എല്ലാം വിഭവ സമാഹരണത്തിലൂടെയും പ്രാദേശിക സമാഹരണത്തിലൂടെയും നിർവ്വഹിക്കാം.

കുടിവെള്ളക്ഷാമമുള്ള വാർഡുകളിലെ

പൊതുകിണറോ കുളങ്ങളോ മെച്ചപ്പെടുത്തുക (ചെളി കോരുക,ആഴം കൂട്ടുക മുതലാടവ)

പഞ്ചായത്തിലെ മുഴുവൻ കിണറുകളും പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ സഹായത്തോടെ ക്ലോറിനേറ്റ് ചെയ്യുക.

മുഴുവൻ കിണറുകളും വലയിട്ടുമൂടുക.

ജലഗുണ നിലവാരം പരിശോധിക്കുന്നതിന് ഒരു ജല പരിശോധനാ കിറ്റ് സംഘടിപ്പിക്കുക, കിറ്റ് സൗജന്യമായി യൂണിസെഫിന്റെ സഹായത്തോട് കിട്ടും.

ചേറ് കലങ്ങുന്നതും, ദുർഗന്ധമുള്ള കിണറുകളിലും ചിരട്ടക്കരിയിട്ടു സംരക്ഷിക്കുക.

നീരുറവകളുള്ള പ്രദേശങ്ങളിൽ അതിന്റെ സംരക്ഷണം ഉറപ്പുവരുത്തുക

ഉയർന്ന പ്രദേശങ്ങളിലെ ജല ലഭ്യമല്ലാത്ത പാറയുള്ള കിണറുകൾ പാറമടകൾ തുടങ്ങിയവ വൃത്തിയാക്കുകയും വേലികെട്ടി സംരക്ഷിക്കുകയും ചെയ്തു മഴവെള്ളം ശേഖരിക്കാനുള്ള സംവിധാനമാക്കുക.

ഗ്രാമ സഭ സബ്കമ്മറ്റിയിലൂടെ ജല സമിതികൾ രൂപീകരിക്കുക.

## 97 98 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പരിപാടികൾ.

പഞ്ചായത്ത് ഫണ്ടിൽ നിന്നോ സർക്കാർ വകുപ്പുകളിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ ലഭിക്കാവുന്ന തുകയുപയോഗിച്ച് ഉള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക.

നല്ല ജല ശേഷിയുള്ള കുളങ്ങളിൽ നിന്ന് സമീപത്തുള്ള ഉയർന്ന സ്ഥലത്തുണ്ടാകുന്ന ഗ്രൗണ്ട് ലവൽ ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്തു ജലവിതരണം നടത്താവുന്ന ചെറു പദ്ധതികൾ

പുതിയ കിണറുകളോ കുഴൽക്കിണറുകളോ കുഴിക്കൽ

നിലവിലുള്ള സ്രോതസ്സുകളുടെ ശേഷി വർദ്ധിപ്പിക്കാനും വിതരണം വ്യാപിപ്പിക്കാനുമുള്ള പദ്ധതികൾ

കിണറുകളിലെ ജലശേഷി വർദ്ധിപ്പിക്കാനും അരുവികളിലെ നീരൊഴുക്ക് കാലം ദീർഘിപ്പിക്കുവാനും സഹായിക്കുന്ന തരത്തിലുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ

## 9 ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്

പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനുതകുന്ന സംയോജിത പദ്ധതികൾക്കാണ് ഊന്നൽ നൽകേണ്ടത്. വിഭവഭൂപട നിർമ്മാണം ജലം ഉപയോഗിച്ച് ജല പഠനം, ഗുണ നിലവാര പഠനം തുടങ്ങിയ പഠന പ്രവർത്തനങ്ങൾ അനിവാര്യമാണ്. അതിനാൽ, ശാസ്ത്രഗവേഷണങ്ങൾ, ഭൂഗർഭജലവകുപ്പ്, ജല ആതോറിട്ടി, ശാസ്ത്രസാഹിത്യപരിഷത്ത് തുടങ്ങിയ സ്ഥാപന സംഘടനകളുടെ സഹായം ഇതിലേക്ക് പ്രയോജനപ്പെടുത്തേണ്ടിവരും.



# പാർപ്പിടം



മനുഷ്യന്റെ അടിസ്ഥാനസൗകര്യങ്ങളിൽ പരമ പ്രധാനമായത് പാർപ്പിടം തന്നെയാണ്. സ്വന്തമായി വാസ യോഗ്യമായ ഒരു വീട് എന്ന സങ്കല്പം എല്ലാ മനുഷ്യനും ഉള്ളതാണ്. സാമ്പത്തികസ്ഥിതിക്ക് അനുസൃതമായി പാർപ്പിടസൗകര്യങ്ങൾ മെച്ചപ്പെടുത്തി ജീവിത അന്തസ് നിലനിർത്തുവാൻ സാധാരണ എല്ലാ ജനവിഭാഗങ്ങളും ശ്രമിക്കാറുണ്ടെങ്കിലും ദുർബലജന വിഭാഗത്തിന് ഇത് സാധിക്കാതെ പോകുന്നു. ഇങ്ങനെയുള്ളവരുടെ കാര്യത്തിൽ പഞ്ചായത്ത്, ബ്ലോക്ക്, ഹൗസിംഗ്സൊസൈറ്റി, ഭൂപണയബാങ്ക് എന്നീ കേന്ദ്രങ്ങൾ ശ്രദ്ധകേന്ദ്രീകരിച്ചിട്ടുണ്ട് എന്നത് ആശ്വാസകരമാണ്. നമ്മുടെ പഞ്ചായത്തിൽ 4499 കെട്ടിടമുണ്ട്. ഇതിൽ 829 എണ്ണം കോൺക്രീറ്റ് കെട്ടിടവും, 2365, എണ്ണം ഓട് മേഞ്ഞതും, 871 എണ്ണം ഓലമേഞ്ഞതുമാണ്. പഞ്ചായത്തിലെ വാർഡു തിരിച്ചുള്ള വിവരങ്ങൾ പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിൽ 28 പട്ടിക ജാതി കോളനികൾ ഉണ്ട്. ഈ കോളനികളിൽ പാർപ്പിട സൗകര്യം കൂടുതൽ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. കൂടാതെ മറ്റു വിഭാഗങ്ങൾക്ക് കൂടി ഭവനങ്ങൾ നൽകേണ്ടിയിരിക്കുന്നു.

നമ്മുടെ പ്രദേശത്ത് പാടശേഖരങ്ങൾ വൻതോതിൽ മണ്ണിട്ടുനികത്തി വീടുകളും, മറ്റു നിർമ്മിക്കുന്നതിന് പ്രവണതവളരെ കൂടുലായി കാണുന്നു. ഗൾഫ് പണത്തിന്റെ സ്വാധീനവും ദുർവിനിയോഗവും കൂടുതൽ പ്രകടമായി കാണുന്നു. എന്നാൽ സാധാരണക്കാരായ ജനങ്ങൾക്ക് കെട്ടിട നിർമ്മാണസാമഗ്രികളുടെ വിലയിലുണ്ടായ വർദ്ധനയും ,ഭൂവിലയിലുണ്ടായ അമിതമായ ഉയർച്ചയും താങ്ങാവുന്നതിലപ്പുറമായി കഴിഞ്ഞു. കെട്ടിടനിർമ്മാണ രംഗത്തുണ്ടായ കൂലി വർദ്ധനയും വളരെയധികമാണ്. ഇങ്ങനെയുള്ള അവസരത്തിൽ കൂടുതലായി ചെലവു കുറഞ്ഞ വീടുകളുടെ നിർമ്മാണത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നത് എല്ലാജനങ്ങൾക്കും വളരെയധികം സഹായകമായിരിക്കും.

ഭവന നിർമ്മാണ സഹകരണസംഘങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. ഇത്തരം ഒരു സംഘം സ്ഥാപിക്കുക, എന്ന ആവശ്യം വിവിധ ഗ്രാമ സഭകളിലും ഉയർന്നു വന്നു.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

തോനയ്ക്കാട് ഒന്നാം വാർഡിൽ പദ്ധതികാലത്ത് കുറഞ്ഞത് 100 വീട് പുതിയതായി ദുർബ്ബല ജനവിഭാഗങ്ങൾക്ക് നിർമ്മിച്ചു കൊടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരിക്കുന്നു.

ആയതിൽ 50 വീടുകൾ പദ്ധതിയുടെ ആദ്യവർഷം തന്നെ ഗുണഭോക്താക്കൾക്ക് പണികഴിപ്പിക്കുവാൻ ആവശ്യമായ ഗ്രാന്റ് വീടൊന്നിന് 30000 രൂപയും ഗുണഭോക്താവിന്റെ 5000 രൂപ കഴിച്ച് ബാക്കി ഇരുപത്തയ്യായിരം രൂപ വീതം നൽകി സഹായിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

പുലിയൂർ ഇലഞ്ഞിമേൽ 2ാം വാർഡിൽ പദ്ധതി കാലത്ത് 125 വീടുകൾ പുതിയതായി നിർമ്മിച്ചു കൊടുക്കണമെന്നും ആയതിന്റെ ആദ്യവർഷത്തിൽ 50 ഭവനങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി വിഹിതത്തിൽ ഗ്രാന്റ് നല്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു.

2ാം വർഷം 50 വീടുകൾ 3ാം വർഷം 10 വീടുകൾ 4ാം വർഷത്തിൽ 10 വീടുകളും 5 ാം വർഷത്തിൽ 5 വീടുകളും നിർമ്മിക്കാൻ പദ്ധതിയിൽ തുക വക കൊള്ളിക്കണം. മുൻഗണന നൽകി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സെമിനാറിൽ വച്ച്. 30000 രൂപാ വീതം ഓരോ വീടിനും ആണ്ടിൽ 5000 രൂപാ ഗുണഭോക്താവിന്റെ

വിഹിതമായി എസ്റ്റിമേറ്റ് തയ്യാറാക്കാവുന്നതാണ്. ഇപ്രകാരം ഗ്രാമസഭ തീരുമാനിച്ച് നിർദ്ദേശിച്ചിരിക്കുന്നു.

പുലിയൂർ ഗ്രമപഞ്ചായത്തിന്റെ മൂന്നാം വാർഡ് ഗ്രാമസഭയുടെ റിപ്പോർട്ട് പദ്ധതികാലത്തിന്റെ ആദ്യവർഷം തന്നെ ഇരുപത്തിനാല് കുടുംബങ്ങൾക്ക് വീടു വെയ്ക്കുവാൻ ഗ്രാന്റ് നൽകണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ഇത്രയും ആളുകൾക്ക് (കുടുംബങ്ങൾക്ക്) സ്വന്തമായി വസ്തു ഉള്ളവരാണെന്ന് കാണിച്ചിരിക്കുന്നു. ഈ ഗുണഭോക്താക്കളുടെ പേരും അഡ്രസും റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു. ദുർബ്ബലജനവിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതി എന്ന നിലയിൽ ഗുണഭോക്താക്കളുടെ വിഹിതമായി 5000 രൂപയും ശേഷിക്കുന്ന 25000 രൂപ പദ്ധതി വിഹിതത്തിൽ നിന്ന് നൽകണമെന്നും നിർദ്ദേശിച്ചിരിക്കുന്നു. അങ്ങനെ അനുവദിക്കുന്ന വീടിന്റെ ഗുണഭോക്താക്കൾക്ക് ഗ്രാന്റ് തുക ഒരു തവണയായി നൽകണമെന്ന് നിർദ്ദേശം ഉണ്ടായിരിക്കുന്നു.

പുലിയൂർ നാലാം വാർഡിൽ പദ്ധതി വർഷമായ 1997 മുതൽ 2001 വരെയുള്ള കാലയളവിൽ സ്വന്തമായി വസ്തു ഉള്ള ഗുണഭോക്താക്കൾക്ക് 420 വീടുകൾ അവശ്യമുണ്ട് എന്ന് നിർദ്ദേശിച്ചിരിക്കുന്നു.

1997-107 1998-120 1999-75 2000-50 2001-38 എന്നീ ക്രമത്തിൽ ഓരോ വീടിനും 30000 രൂപയും അതിൽ അയ്യായിരം രൂപ ഗുണഭോക്താവിന്റെ വിഹിതമായും അവശേഷിക്കുന്ന 25000 രൂപ പദ്ധതി വിഹിതത്തിൽ വകയിരുത്തണമെന്നും നിർദ്ദേശിച്ചിരിക്കുന്നു.

ഈ കണക്കുകളിൽ പൊരുത്തം കാണുന്നില്ല. പുലിയൂർ പഞ്ചായത്തിന്റെ ഓരോ വാർഡിലും ശരാശരി 500 വീടിൽ കൂടുതൽ കാണുകയില്ല. അപ്പോൾ ഇത്രയും വീടുകൾ ദുർബ്ബലജനവിഭാഗത്തിന് വേണ്ടി വരുമെന്ന് തോന്നുന്നില്ല.

പുലിയൂർ അഞ്ചാം വാർഡിൽ പദ്ധതികാലത്തിന്റെ ആദ്യ വർഷം തന്നെ വസ്തു സ്വന്തമായിട്ടുള്ള നാല്പതു കുടുംബങ്ങൾക്ക് പുതിയതായി വീടു വച്ചു കൊടുക്കണമെന്ന് ഗ്രാമസഭാ റിപ്പോർട്ടിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു. ഓരോ വീടിനും എത്ര രൂപ വേണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. ദുർബ്ബല ജനവിഭാഗത്തിന് ഭവനനിർമ്മാണത്തിന് അനുവദിക്കുന്ന തുകയും ഗുണഭോക്താവിന്റെ വിഹിതവും പദ്ധതിയിൽ വക ഇരുത്തേണ്ടതാണ്. പദ്ധതിയുടെ ആദ്യവർഷം മാത്രമാണ് നാല്പതു വീടുകൾ ആവശ്യപ്പെട്ടിരിക്കുന്നത് തുടർന്നുള്ള വർഷങ്ങളിലും ദുർബ്ബലജനവിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണത്തിന് ഗ്രാന്റ് നൽകേണ്ടതായി വരും.

പേരിശ്ശേരി 6 ാം വാർഡിൽ കൂടിയ ഗ്രമസഭാ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരിക്കുന്ന വീടുകൾ ദുർബ്ബല ജനവിഭാഗത്തിന് മാത്രമായിട്ടുള്ളത് പദ്ധതികാലത്ത് 150 വീടുകൾ ആവശ്യപ്പെടുന്നു. ഇതിൽ 50 വീടുകൾ പദ്ധതിയുടെ ആദ്യത്തെ വർഷവും 25 വീടുകൾ പദ്ധതിയുടെ രണ്ടാമത്തെ വർഷവും 25 വീടുകൾ മൂന്നാമത്തെ വർഷവും അടുത്ത രണ്ടു വർഷങ്ങളിലായി 50 വീടുകളും 6ാം വാർഡിൽ ധനപരമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ധനസഹായം ഗ്രാന്റായും നൽകണമെന്ന് ഗ്രാമസഭാ റിപ്പോർട്ടിൽ നിർദ്ദേശിച്ചിരിക്കുന്നു.

പേരിശ്ശേരി 7 ാം വാർഡിലെ ഗ്രാമസഭ കൂടി പാർപ്പിടത്തെപ്പറ്റി ചർച്ച ചെയ്തെടുത്ത തീരുമാനങ്ങൾ റിപ്പോർട്ടിലൂടെ ലഭിക്കുകയുണ്ടായി. പദ്ധതിവർഷത്തിൽ 125 വീടുകൾ ദുർബ്ബലജനവിഭാഗങ്ങൾക്ക് ധനസഹായം നൽകി വീടുവെച്ച് കൊടുക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു. ഇതിൽ പദ്ധതിയുടെ ആദ്യവർഷത്തിൽ 50 വീടും അടുത്ത വർഷത്തിൽ 25 വീടും 3 ാം വർഷത്തിലും നാലാം വർഷത്തിലും ബാക്കി വീടുകൾ പണി ചെയ്ത് കൊടുക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു.

ദുർബ്ബലജനവിഭാഗങ്ങളിലുള്ള ഓരോ ഗുണഭോക്താവിനും 30000 രൂപ വീതം ഓരോ വീടിനും അതിൽ 5000 രൂപ ഗുണഭോക്താവിന്റെ അദ്ധ്വാനമായും നൽകാമെന്ന് നിർദ്ദേശിച്ചിരിക്കുന്നു.

പുലിയൂർ പഞ്ചായത്ത് 8 ാം വാർഡിലെ ഗ്രാമസഭയിലൂടെ ഭവനനിർമ്മാണത്തിനായി ആവശ്യപ്പെട്ടിരിക്കുന്ന വീടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

ഈ പ്രദേശത്ത് വാസയോഗ്യമല്ലാത്ത ധാരാളം വീടുകളുണ്ടെന്നും ഇവയിൽ ഭൂരിഭാഗവും ദുർബലജനവിഭാഗത്തിൽപ്പെടുന്നതാണ്. ആയതിനാൽ പദ്ധതി കാലഘട്ടത്തിൽ 125 വീടുകൾ ആവശ്യമായിവരുമെന്ന് കണക്കാക്കപ്പെടുന്നു. ഓരോ വീടിനും 30000 രൂപ വീതം ചിലവ് പ്രതീക്ഷിക്കുന്നു. അതിൽ 5000 രൂപ ഗുണഭോക്താവിന്റെ അദ്ധ്വാനമായും വിനിയോഗിക്കാമെന്നും ആയതിനാൽ പദ്ധതിയുടെ ആദ്യവർഷത്തിൽ 50 വീടുകളും അവശേഷിക്കുന്ന വീടുകൾ പിന്നീട് ഓരോ വർഷം നൽകണമെന്ന് തീരുമാനിച്ചിരിക്കുന്നു.

പുലിയൂർ പേരിശ്ശേരി 9 ാം വാർഡിൽ പദ്ധതിക്കാലത്ത് 72 വീടുകൾ ദുർബ്ബലജനവിഭാഗത്തിനായി വീടു നിർമ്മിക്കുവാൻ നൽകണമെന്നും, അതിന് ഓരോ വീടിനും 30000 രൂപ വീതം ചിലവ് പ്രതീക്ഷിച്ചിരിക്കുന്നതായി റിപ്പോ

ർട്ടിൽ സൂചിപ്പിക്കുന്നു. പദ്ധതിയുടെ ആദ്യവർഷം 50 വീടുകളും അവശേഷിക്കുന്ന വർഷങ്ങളിൽ 22 വീടുകളും നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

## ദുർബ്ബലജനവിഭാഗങ്ങളുടെ വീട് മെയിന്റനസ്

തോനയ്ക്കാട് ഒന്നാം വാർഡിൽ ദുർബ്ബലജനവിഭാഗങ്ങൾ താമസിച്ചുവരുന്ന 10 വീടുകൾ ജീർണ്ണാവസ്ഥയിൽ ആയിരിക്കുന്നതിനാൽ പുതുക്കിപ്പണിയുന്നതിന് ഓരോ വീടിനും 5000 രൂപ വീതം ഗ്രാന്റ് ആയി നല്കണമെന്നും അതിൽ 1000 രൂപ ഗുണഭോക്താവിന്റെ വിഹിതമായും വഹിച്ചുകൊള്ളാമെന്ന് ഗ്രാമസഭയിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

പുലിയൂർ പഞ്ചായത്തിലെ ഇലഞ്ഞിമേൽ രണ്ടാം വാർഡ് ഗ്രാമസഭയിൽ പാർപ്പിട പ്രശ്നം ചർച്ചചെയ്ത ഗ്രൂപ്പ് ആവശ്യപ്പെട്ടിരിക്കുന്നതനുസരിച്ച് ഉദ്ദേശം ഇപ്പോൾ 25 വീടുകൾക്ക് അറ്റകുറ്റ പണികൾ നടത്തേണ്ടതാണെന്നും, ആയതിന് പദ്ധതികാലഘട്ടത്തിൽ ഗ്രാന്റ് നൽകി സഹായിക്കണമെന്ന് തീരുമാനിച്ചിരിക്കുന്നു.

പുലിയൂർ 3 ാം വാർഡിൽ ദുർബ്ബലജനവിഭാഗത്തിൽപ്പെട്ട 31 കുടുംബങ്ങളിലെ ഭവനങ്ങൾ ജീർണ്ണാവസ്ഥയിലാണെന്നും ആയത് പുതുക്കിപ്പണിയുന്നതിന് വേണ്ടി 9 ാം പദ്ധതിയിൽ തുക വകയിരുത്തണമെന്നും 21 കുടുംബങ്ങളിലേയും ഗുണഭോക്താക്കളുടെ പേരും അഡ്രസും ഗ്രാമസഭയിലൂടെ ഉന്നയിച്ചിരിക്കുന്നു. ഈ കുടുംബങ്ങളുടെ മുൻഗണനാക്രമം നോക്കി ധനസഹായം നൽകണമെന്ന് നിർദ്ദേശിക്കുന്നു.

പുലിയൂർ പഞ്ചാത്തിലെ 4 ാം വാർഡിലെ ഗ്രാമസഭയിലൂടെ പാർപ്പിടപ്രശ്നം ചർച്ചചെയ്ത ഗ്രൂപ്പ് നിർദ്ദേശിച്ചിരിക്കുന്നത് ദുർബ്ബലജനവിഭാഗങ്ങൾക്ക് വീട് പുതുക്കിപ്പണിയുന്നതിന് ഇപ്പോൾ ഉദ്ദേശം 15 വീട്ടുകാർക്കെങ്കിലും ധനസഹായം നൽകണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു.

പുലിയൂർ പഞ്ചായത്ത് 5 ാം വാർഡിൽ ഗ്രാമസഭചർച്ചചെയ്ത റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ ധനപരമായി പിന്നോക്കം നിൽക്കുന്ന 25 കുടുംബങ്ങൾക്ക് വീടു പുതുക്കി പണിയുന്നതിന് വേണ്ടി പദ്ധതി വിഹിതത്തിൽ വകയിരുത്തി ധനസഹായം നൽകണമെന്നും അതിൽ ഓരോ വീടിനും 5000 രൂപ വീതം ചിലവ് പ്രതീക്ഷിക്കുന്നു.എന്നും, ആയിരം രൂപ ഗുണഭോക്താവിന്റെ വിഹിതമായി ചെലവ് വഹിക്കാമെന്നും നിർദ്ദേശിക്കുന്നു.

പുലിയൂർ പഞ്ചായത്തിലെ 6 ാം വാർഡിലെ ഗ്രാമസഭയിൽ പാർപ്പിടവും, സാമൂഹ്യ ക്ഷേമവും ചർച്ച ചെയ്ത ഗ്രൂപ്പ് തീരുമാനമെടുത്ത് റിപ്പോർട്ടാക്കി നൽകിയതിന്റെ അടിസ്ഥാനത്തിൽ ധനപരമായി പിന്നോക്കം നിൽക്കുന്ന 25 കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിലേക്ക് പദ്ധതി വിഹിതത്തിൽ തുക വകയിരുത്തണമെന്നും ആയത് പദ്ധതിക്കാലത്തിന്റെ ആദ്യവർഷം തന്നെ ഗ്രാന്റ് നൽകി സഹായിക്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു..

## പുലിയൂർ പഞ്ചായത്തിൽ പേരിശ്ശേരി 7 ാം വാർഡിലെ ഗ്രാമസഭയുടെ നിർദ്ദേശം ചുവടെ ചേർക്കുന്നു.

ഈ വാർഡിൽ ഉദ്ദേശം 25 വീടുകൾ ഓലമേഞ്ഞതും മേൽക്കൂര ബലവത്തില്ലാത്തതുമാണ്. ഓലമേയുന്നതിനു പോലും സാമ്പത്തികമായ ശേഷിയില്ലാത്ത ധനപരമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് പുരയുടെ മേൽക്കുര ശരിയാക്കുന്നതിനും ഓടുമേയുന്നതിനുമായി ആവശ്യമായ ഗ്രാന്റ് നൽകി സഹായിക്കണമെന്ന് ആവിശ്യപ്പെടുന്നു. പദ്ധതിക്കാലത്തിന്റെ ആദ്യവർഷത്തിൽ തന്നെ ഈ കുടുംബങ്ങൾക്ക് ഗ്രാന്റ് നൽകാൻ ആവശ്യമായ തുക വകയിരുത്തണം.

പുലിയൂർ പഞ്ചായത്തിലെ പേരിശ്ശേരി 8 ാം വാർഡ് ഗ്രാമസഭയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാലവർഷക്കെടുതിയിലും മറ്റ് പ്രകൃതിക്ഷോഭത്തിലും കാലപ്പഴക്കവും കാരണം ഒരു വർഷം 15 വീടുകൾക്ക് അറ്റകുറ്റപ്പണികൾക്കായി 5000 രൂപ വീതം ഓരോ വീടിനും ഗ്രാന്റായി നൽകണമെന്നും അതിൽ 1500 രൂപ ഗുണഭോക്താവിന്റെ വിഹിതമായി ചിലവഴിച്ചുകൊള്ളാമെന്നും നിർദ്ദേശിക്കുന്നു. ഇപ്രകാരം 5 വർഷത്തേയ്ക്ക് 75 വീടുകൾക്കുള്ള ധനസഹായം വേണ്ടി വരും.

പുലിയൂർ പഞ്ചായത്തിലെ 9 ാം വാർഡിലെ ഗ്രാമസഭയുടെ റിപ്പോർട്ട് അനുസരിച്ച് ദുർബ്ബലജനവിഭാഗങ്ങളുടെയും ലക്ഷം വീട് കോളനികളുടേയും പുനരുദ്ധാരണത്തിന് പദ്ധതി വിഹിതത്തിൽ നിന്ന് ഒരു ലക്ഷം രൂപ ആവശ്യപ്പെട്ടിരിക്കുന്നു. എത്ര വീടുകൾക്ക് ധനസഹായം നൽകണമെന്ന് നിർദ്ദേശിച്ചിട്ടില്ല. ഇത് പാർപ്പിടപ്രശ്നം ചർച്ച ചെയ്യുന്ന ഗ്രൂപ്പ് തീരുമാനിക്കേണ്ടതാണ്.

## പുനരധിവാസ ഭവന നിർമ്മാണം

ഭൂരഹിതരായ ഗ്രാമീണ ദുർബല ജനവിഭാഗങ്ങൾക്ക് പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഭൂമി വിലയ്ക്ക് വാങ്ങി അർഹതപ്പെട്ട ആളുകൾക്ക് നൽകി പാർപ്പിക്കുന്നതിലേക്കായി ഒരു പദ്ധതിക്കു തന്നെ 9 ാം പദ്ധതിയിൽ തുക വകയിരുത്തേണ്ടിയിരിക്കുന്നു. ഇപ്പോൾ നിലവിലുള്ള നിയമം അനുസരിച്ച് തന്നെ ഭൂരഹിതഗ്രാമീണതൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്നതിനുള്ള സംവിധാനമുണ്ട്, ആയതിനാൽ ഈ പദ്ധതിക്ക് മുൻഗണന നൽകി നടപ്പിലാക്കമെന്ന് ശുപാർശ ചെയ്യുന്നു.

ആയത് ഓരോ ഗ്രാമസഭയിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു..

## മൈത്രീ ഭവനനിർമ്മാണ പദ്ധതി

കേരള സംസ്ഥാന ഗവൺമെന്റിന്റെ പുതിയ ഭവനനിർമ്മാണ പദ്ധതിക്കനുസരിച്ച് ദുർബലജനവിഭാഗത്തിൽപ്പെട്ട ആളുകൾക്കും വീട് നിർമ്മിക്കുന്നതിന് സബ്സിഡിയോടു കൂടിയുള്ള ലോൺ ലഭിക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം വായ്പ എടുക്കുന്ന നിശ്ചിതവരുമാനക്കാരായ കുടുംബങ്ങളെ സഹായിക്കുന്നതിനു വേണ്ടി 9 ാം പദ്ധതി ക്കാലത്ത് ഓരോ കുടുംബത്തിനും 2000 രൂപ വീതം ഗ്രാമ പഞ്ചായത്തിൽ നിന്നും ഗ്രാന്റ് നല്കുന്നതിന് വകയിരുത്തേണ്ടതാണ്.

ഭൂപണയബാങ്കിൽ നിന്നും സ്ഥിതിവിവരക്കണക്കു ശേഖരിച്ചപ്പോൾ പുലിയൂർ പഞ്ചായത്ത് അതിർത്തിയിലുള്ള ഇടത്തരം ജനവിഭാഗങ്ങൾ വായ്പ എടുത്ത് വീട് വെയ്ക്കുന്നതായി ബോദ്ധ്യപ്പെട്ടു. ഈ സഹായം ലഭിക്കുന്നതോടൊപ്പം ആ വായ്പയുടെ പലിശ ഇന്നുള്ളതിന്റെ പകുതിയാക്കി നിശ്ചയിക്കണമെന്നും കുറയ്ക്കുന്ന പലിശ സബ്സിഡിയായി ബാങ്ക് സ്ഥാപനങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് തുക കൈമാറി സഹായിക്കേണ്ടതാണ്.

ഹൗസിംഗ് സഹകരണ സംഘത്തിൽ നിന്നും പുലിയൂർ പഞ്ചായത്ത് പ്രദേശത്തുള്ള പല കുടുംബങ്ങളും വായ്പ എടുത്ത് വീട് വെച്ചതായി കാണുന്നു. ഇത്തരത്തിലുള്ള വായ്പകൾക്ക് 15 %മോ, 18% മോ പലിശ ഈടാക്കുന്നതായി കാണുന്നു. ഇത് ഒരു പക്ഷേ പലപ്പോഴും വലിയ തുക ആകുകയും വായ്പ എടുക്കുന്ന ആളുകൾ കടക്കാരായി മാറുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള കുടുംബങ്ങളെ സഹായിക്കുന്നതിനു വേണ്ടി ഹൗസിംഗ് സഹകരണ സംഘവും മറ്റ് സ്ഥാപനങ്ങൾക്കും പഞ്ചായത്തിൽ നിന്ന് പലിശയോടെ സബ്സിഡി നൽകി സഹായിക്കാവുന്നതാണ്.

### പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണ തൊഴിലാളികളുടേയും, ഭൂമിയുടെയും ദൗർലഭ്യം, സാധനങ്ങളുടെ വിലവർദ്ധന
2. വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
3. ഭൂരഹിതരുടെ പ്രശ്നങ്ങൾ
4. കോളനികളിൽ വേണ്ടത്ര അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥ.
5. ദുർവ്യയം ഇല്ലാത്ത വീടുകൾ നിർമ്മിക്കുന്നതിന് വിഭവങ്ങളുടെ അഭാവം.

### സാദ്ധ്യതകൾ

1. പഞ്ചായത്തിൽ ഹൗസിംഗ് സൊസൈറ്റിയുടെ പ്രവർത്തനം ആരംഭിക്കണം.
2. വീടുകൾ നിർമ്മിക്കുന്നതിനും, താമസസൗകര്യത്തിനും ഭൂമി ലഭ്യമല്ലാത്തതിനാലും ഭൂമിയുടെ വർദ്ധിച്ച വിലയും സൗകര്യപ്രദമായ സ്ഥലത്ത് വസ്തു വാങ്ങി ഹൗസിംഗ് കോളനികളായി മാറ്റപ്പെടണം. ഇവിടെ ഇരുനിലകെട്ടിടം നിർമ്മിച്ചാൽ സ്ഥലം ലഭിക്കുവാൻ കഴിയും.
4. ലക്ഷം വീടുകൾ ഇന്ന് ഇരട്ട വീടുകളായാണ് പണികഴിപ്പിച്ചിരിക്കുന്നത്. വാസയോഗ്യമല്ലാത്ത വീടുകൾ പൊളിച്ചു മാറ്റി ഇരു നില വീടുകൾ പണി കഴിപ്പിച്ചാൽ വസ്തു ലാഭിക്കുവാൻ കഴിയും.
5. ഭൂരഹിതർക്കും, നിർധനർക്കുമുള്ള പ്രത്യേകഭവന നിർമ്മാണ പദ്ധതിക്ക് രൂപം നല്കുക.
6. കെട്ടിട നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും വി വിധ സന്നദ്ധസംഘടനകളുടെ സഹകരണം തേടണം.
7. നിർമ്മാണ തൊഴിലാളികൾക്ക് ക്ഷാമവും ചെലവും വർദ്ധിക്കുന്നതിനാൽ നിർമ്മിതി മാതൃകയിൽ കെട്ടിടം പണിയുക.
8. വർദ്ധിച്ച തടി വില കാരണം കോൺക്രീറ്റ് കട്ടിള ജനൽ എന്നിവ ഉപയോഗിക്കണം.

# സംസ്കാരം



പുലിയൂരിന് ഒരു തനതായ സംസ്കാരം ഉണ്ട്. മറ്റൊരു ഗ്രാമത്തിനും അവകാശപ്പെടാനില്ലാത്ത പഴമയും, ചാരുതയും പുലിയൂരിന്റെ മാത്രം സവിശേഷതയാണ്. ഐതീഹ്യങ്ങളിലൂടെയും വിശ്വാസങ്ങളിലൂടെയും ഉരുത്തിരിഞ്ഞ ഒരു നവസംസ്കാരം. പഴയ പ്രതാപങ്ങളേയും പുതിയ കൈത്തിരികളേയും ആവാഹിച്ചുകൊണ്ട് യാഥാർത്ഥ്യത്തി ലധിഷ്ഠിതമായ ഒരു പുത്തനുണർവ്വായി, നമുക്ക് ജാതിമത ഭേദമെന്യേ ഇതിൽ പങ്കാളികളാകാം. അങ്ങനെ ദീപ്തമായ ഒരു സംസ്കാരം നമുക്ക് രൂപീകരിക്കാം.

പൗരാണിക കാലം മുതലേ സാംസ്കാരികമായി നമ്മുടെ ജനങ്ങൾ ബോധവാന്മാരായിരുന്നു.

രാജവീഥികളുടെ ഇരുവശങ്ങളിലും മരങ്ങൾ വച്ചു പിടിപ്പിച്ചും പൊതുനിരത്തുകളിലെ കവലകളിൽ വഴിയോര വിശ്രമകേന്ദ്രങ്ങളായ കളത്തട്ടുകളും, ചുമടുതാങ്ങിയും സ്ഥാപിച്ചും മതപരമായ ആചാരദിനങ്ങളിൽ എല്ലാവിഭാഗം ജനങ്ങളെയും സംഘടിപ്പിച്ച് അണിനിരത്തുകയും ചെയ്ത പാര മ്പര്യം നമുക്കുണ്ട്.

അതിലൂടെ നമ്മുടെ പ്രദേശത്തെ ഐക്യവും, സാഹോദര്യ സ്നേഹവും, മതസൗഹാർദ്ദവും പരിപോഷിപ്പി ക്കുന്നതിൽ നമ്മുടെ പൂർവ്വീകർ അങ്ങേയറ്റം ശ്രദ്ധിച്ചു. എന്നു ള്ളത് ഇവിടെ സ്മരണീയമാണ്.

എല്ലാ മതങ്ങളുടെയും നന്മയെ സ്വാംശീകരിച്ച് എല്ലാ സംസ്കാരങ്ങൾക്കും വിളനിലമായ പുലിയൂരിൽ ജനി ക്കുക എന്ന കാര്യം തന്നെ ഭാഗ്യമായി കണക്കാക്കേണ്ടതാ ണ്. പഞ്ചപാണ്ഡവൻ പാറയും പമ്പാനദിയും സാക്ഷിയായി നിലകൊള്ളുന്ന ശംഖധ്വനിയുടേയും, വേദോച്ചാരണങ്ങളു ടേയും, മണിനാദത്തിന്റേയും, ശബ്ദമുഖരിതമായ പുലിയൂ രിന്റെ ഐശ്വര്യത്തിന് നമ്മുടെ പൂർവ്വീകർ നല്കിയ സംഭാവനകൾ നമുക്ക് അഭിമാനത്തിന് വകനൽകുന്നു. എല്ലാ പ്രധാന കവലകളിലും നിലകൊള്ളുന്ന അരയാൽ മരം ശുദ്ധ വായുവിനാൽ പരിലസിക്കുന്നു.

വിദ്യാഭ്യാസ സാംസ്കാരിക പ്രവത്തനകൾക്ക് കേര ളത്തിൽ ആദ്യമായി രൂപീകരിച്ച 42 പ്രവൃത്തി പള്ളിക്കുട ങ്ങളിൽ ഒന്ന് പേരിശ്ശേരിയിൽ സ്ഥപിച്ച് വിദ്യാഭ്യാസപരമാ യും നാം മുന്നോട്ടുപോയി. സമീപസ്ഥലങ്ങളിൽ വിദ്യാ ലയം ഇല്ലാഞ്ഞിട്ട് പോലും വിജ്ഞാനകുതുകികൾ ദൂരെപോയി പഠിച്ചു. വിപ്ലവങ്ങളുടെ ജില്ലയായ ആലപ്പുഴ ജില്ലയിലെ 'ശോണാദ്രി' എന്ന് സംസ്കൃത നാമധേയമുള്ള ചെങ്ങ ന്നൂർ താലൂക്കിലെ മനോഹരമായ ഗ്രാമമാണ് പുലിയൂർ.

രാജാധിപത്യവും, ബ്രിട്ടീഷ് ഭരണവും, ദേശീയ കർഷക സമരങ്ങളും, പുലിയൂരിന്റെ മുഖഛായ തന്നെ മാറ്റിമറിച്ചു.

സാംസ്കാരികരംഗത്ത് പ്രവർത്തിക്കുന്ന ധാരാളം ക്ലബ്ബുകൾ, വായനശാലകൾ, ഗ്രന്ഥശാലകൾ, സാംസ്കാരി കകേന്ദ്രങ്ങൾ, പള്ളികൾ, കാവുകൾ തുടങ്ങിയവ നമ്മുടെ സംസ്കാരത്തിന് കരുത്തു നൽകുന്നു

എന്നാൽ നമ്മുടെ പുതിയ തലമുറ പാശ്ചാത്യ ആശയങ്ങളേയും, രീതികളേയും അന്ധമായി അനുകരിക്കുക വഴി നമ്മുടെ ഗ്രാമത്തിന്റെ, കേരളത്തിന്റെ തന്നെ തനതായ സംസ്കാരത്തിൽ നിന്നും വ്യതിചലിച്ചു പോകുന്നു. ഇത് ഈ രാജ്യം മുഴുവനും കാണപ്പെടുന്ന ഒരു വസ്തുതയാണ്. അത്യന്താധുനിക വാർത്താവിനിമയ സംവിധാനങ്ങളും, കേബി ൾ ടി.വി. പോലെയുള്ള സാറ്റലൈറ്റ് കേന്ദ്രങ്ങളുടേയും, പുതിയ ന്യൂക്ലിയർ കുടുംബത്തിന്റെയും സൃഷ്ടി ആയിരി ക്കാം ഇത്.

അഭിവന്ദ്യരായ വൃദ്ധജനങ്ങളോടുള്ള അകമഴിഞ്ഞ സമീപനവും, വിനയവും ഇന്നത്തെ തലമുറക്ക് നഷ്ടമായി കൊണ്ടിരിക്കുന്നു. ഈ കാലയളവിൽ റെഡിമെയ്ഡ് സംസ്കാരത്തിന്റെ പിന്നാലെ പോകാതെ സ്നേഹത്തിനും സാഹോദര്യത്തിനും സമത്വത്തിനും വേണ്ടി ഒരു പുതിയ വെന്നിക്കൊടി പാറിക്കാൻ മതേതരത്വത്തിലധിഷ്ഠിതമായ ഒരു നവസംസ്കാരം വളർത്താൻ; പഴയ തലമുറയുടെ അനുഭവങ്ങളേയും പ്രായോഗിക പരിചയത്തിനെയും മാനിച്ചുകൊണ്ട് വൈചിത്ര്യങ്ങളില്ലാതെ നമുക്ക് ഒന്നിക്കാൻ സമയമായി. അങ്ങനെ നമുക്കൊരേ സാമൂഹ്യധാരയിലെത്താം. എങ്കിൽ നമ്മുടെ സംസ്കാരത്തിനും, രാജ്യത്തിനും, സമൂഹത്തിനും, അജയ്യമായ ശക്തി വീണ്ടെടുക്കാൻ കഴിയും. ഇന്ത്യയുടെ ആത്മാവായിരുന്ന മഹത്മജിയുടെ അഭിലാഷം സാക്ഷാത്കരിക്കാനായി അദ്ദേഹത്തിന്റെ ആത്മാവിന്റെ മുൻപിൽ സംപൂർണ്ണമായ വിനയത്തോടെ ഇത് സമർപ്പിക്കുന്നു. ആ അജയ്യമായ ചൈതന്യവും ശക്തിയും വീണ്ടെടുത്ത് ഒരു അഹിംസയിലധിഷ്ഠിതമായ വികസനമാവട്ടെ നമ്മുടെ ലക്ഷ്യം അതിനുവേണ്ടിയാവട്ടെ നമ്മുടെ ശ്രമവും.

## ജ്ഞാനപ്രദായനി ഗ്രന്ഥശാല പുലിയൂർ

അനേകം പ്രതിഭാസമ്പന്നരായ വ്യക്തികൾക്ക് രൂപവും ഭാവവും നൽകിയ ഒരു മഹാപ്രസ്ഥാനമാണിത്. 1951 ൽ പുലിയൂരിലെ സംസ്കാരിക നേതാക്കളുടെ ശ്രമഫലമായിട്ടാണ്. ഈ ഗ്രന്ഥശാല ഇവിടെ രൂപം കൊണ്ടത്. വിദ്യാഭ്യാസം സമൂഹത്തിൽ സാർവ്വത്രികമായി ഇല്ലാതിരുന്ന ഒരു കാലത്താണ് ഈ വായനശാല സ്ഥാപിതമായത്. ആ കാലഘട്ടത്തിൽ മുന്നോക്കപിന്നോക്ക വ്യത്യാസമില്ലാതെ വിജ്ഞാനദാഹികൾക്ക് ഒരുപോലെ ഉതകിയിരുന്നു., ഈ സ്ഥാപനം.

1982 വരെ തൃപുലിയൂർ **S.K.V.N.S.S** ബിൽഡിംഗിലായിരുന്നു ഈ ഗ്രന്ഥശാല പ്രവർത്തിച്ചിരുന്നത്. പാലച്ചുവട്കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന സുഭാഷ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് അവരുടെ കെട്ടിടവും സ്ഥലവും ഗ്രന്ഥശാലയ്ക്കു നൽകുകയും ഗ്രന്ഥശാല അങ്ങനെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കാനിടയാവുകയും ചെയ്തു. പുലിയൂരിലെ ജനങ്ങളുടെ നിർലോഭമായ സഹകരണം ഒന്നുകൊണ്ടു മാത്രമാണ് ഈ ഗ്രന്ഥശാല ഇന്നത്തെ വളർച്ചയിലെത്തിയത് ചിന്താശീലരായ യുവാക്കളെ പാകപ്പെടുത്തിയെടുക്കേണ്ട ഒരു വിജ്ഞാനകേന്ദ്രമാണിത്.

കേരളാ ഗ്രന്ഥശാലാസംഘവുമായി ബന്ധപ്പെടുത്തി ഒരു **B.Grade** ഗ്രന്ഥശാലയായ ഇവിടെ ഏതാണ്ട് 6016 പുസ്തകങ്ങളും ധാരാളം അനുകാലിക പ്രസിദ്ധീകരണങ്ങളും ഉണ്ട്. സർവ്വവിജ്ഞാനകോശം, കൃഷിപുസ്തകകോർണർ, വാനശാസ്ത്ര കോർണർ, ശിശുവിഭാഗം, റഫറൻസ് വിഭാഗം എന്നിവയും വനിതകളുടെ സൗകര്യാർത്ഥം സഞ്ചരിക്കുന്ന ഗ്രന്ഥശാലയും ഇവിടെ പ്രവർത്തിക്കുന്നു. ഗ്രന്ഥശാലയിൽ സ്ഥാപിച്ചിട്ടുള്ള റേഡിയോ, ടി.വി, എന്നിവ ധാരാളം ആളുകൾ പ്രയോജനപ്പെടുത്തുന്നു.

കേരളസംസ്ഥാന ഭവനനിർമ്മാണബോർഡുമായി സഹകരിച്ച് ദുർബലവിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നു.

പുലിയൂർപഞ്ചായത്തിൽ ഇന്ന് വളരെ കുറച്ച് സംഘടനകളെ നന്നായി പ്രവർത്തിക്കുന്നുള്ളു. അവയുടെ പേരുകൾ താഴെ വിവരിക്കുന്നു.

പൗരസമിതി പേരിശ്ശേരി ഈസ്റ്റ്, ജ്ഞാനപ്രദായിനി ഗ്രന്ഥശാല, ഗ്രാമീണ വായനശാല ഗ്രന്ഥശാല തോനയ്ക്കാട്, പുലിയൂർ **west** പൗരസമിതി, മാതൃഭൂമി സ്റ്റഡിസർക്കിൾ പുലിയൂർ, യുവകല, മംഗളം കലാസാഹിത്യവേദി ഇലഞ്ഞിമേൽ, **Y.M.A** പേരിശ്ശേരി യംഗ്സ്റ്റേഴ്സ് പേരിശ്ശേരി, യുവശക്തി, കേരളാശാസ്ത്ര സാഹിത്യപരിഷത് പുലിയൂർ, പുലിയൂർ പഞ്ചായത്ത് കലാസാംസ്കാരിക വേദി തുടങ്ങിയവ. പുലിയൂർ കുളിക്കാപാലം **s.k.v.** ബിൽഡിംഗിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പുലിയൂർ പഞ്ചായത്ത് പബ്ലിക് ലൈബ്രറി 1988 ൽ പുലിയൂർ സാംസ്കാരികകേന്ദ്രത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചു.

## കലാകായികരംഗം

പുലിയൂർ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള കളിസ്ഥലം 65 സെന്റ്വസ്തുവേ ഉള്ളു. ഈ ഗ്രൗണ്ടിൽ ഫുഡ്ബോൾ, ഓട്ടം, ക്രിക്കറ്റ് എന്നിവ നടത്തുന്നതിന് സ്ഥലം അപര്യാപ്തമാണ്. മുകളിൽ സൂചിപ്പിച്ച കായികരംഗങ്ങളിൽ തല്പരരായിട്ടുള്ള ധാരാളം ചെറുപ്പക്കാർ ഗ്രാമത്തിലുണ്ട്. ആയതുകൊണ്ട് കളിസ്ഥലത്തിന്റെ വിസ്തീർണ്ണം വികസിപ്പിക്കണം. ആയതിലേക്കുള്ള നിർദ്ദേശം ഇരുവിഭാഗങ്ങളിലുമുള്ള വസ്തു ഈ ആവശ്യത്തിന് ലഭിക്കാത്തതുകൊണ്ട് കളിസ്ഥലത്തോട് ചേർന്ന് വടക്കുവശത്ത് ഉള്ള കിളന്ന നിലം വിലയ്ക്കു വാങ്ങി പൂർണ്ണ കളിസ്ഥലത്തിനുള്ള സൗകര്യം ഉണ്ടാക്കണം. വസ്തു വാങ്ങുന്നതിന് അൺടൈഡ് ഫണ്ട്, എം. പി. യുടെ വികസനഫണ്ടോ? പദ്ധതി വിഹിതത്തിൽ നിന്നോ തുക കണ്ടെത്തേണ്ടിയിരിക്കുന്നു.

മറ്റ് പ്രദേശങ്ങളിലും കളിസ്ഥലത്തിന് അനു

യോജ്യമായ സ്ഥലം കണ്ടെത്തി കളിസ്ഥലം നിർമ്മിക്കണം. കൃഷിക്ക് അനുയോജ്യമല്ലാത്ത നിലം വിലയ്ക്ക് എടുത്ത് ഈ സൗകര്യം ഉണ്ടാക്കാവുന്നതാണ്.

കായികതാരങ്ങൾക്കുള്ള പരിശീലനവും അവയ്ക്കുള്ള കായിക ഉപകരണങ്ങളും പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള കലാകായിക സമിതിയിലൂടെ നടപ്പിലാക്കുന്നതിന് തയ്യാറാകണം.

കലാരംഗത്ത് അഭിരുചിയും കഴിവുമുള്ള പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കേണ്ടതായിട്ടുണ്ട്. സ്കൂൾ നിലവാരത്തിൽ മാത്രമല്ല ഗ്രാമ പ്രദേശത്തെ ആളുകളിൽ നിന്നും ഈ രംഗത്തേക്ക് വരുവാൻ താല്പര്യമുള്ളവർക്ക് അവസരം ഉണ്ടാക്കി കൊടുക്കണം. നാടൻ കലകളെയും പ്രോത്സാഹിപ്പിക്കുവാൻ കഴിയണം.

കളി സ്ഥലത്തു തന്നെ സൗകര്യപ്രദമായി ഒരു ഓപ്പൺ എയർ സ്റ്റേഡിയം നിർമ്മിക്കുക. ആയത് നിർമ്മിക്കുന്നതിന് ആവശ്യമായ തുക **JRY** പദ്ധതി പ്രകാരം ഉപയോഗിക്കാവുന്നതാണ്.

പുലിയൂർ ഗ്രാമപഞ്ചായത്ത് ആഫീസിനോട് ചേർന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സാംസ്ക്കാരിക കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുവാൻ രൂപം നൽകിയിരിക്കുന്ന സാംസ്ക്കാരിക സമിതിയുടെ മേൽനോട്ടത്തിൽ കലാപരമായ കഴിവുകളുള്ള പ്രതിഭകളെ കണ്ടെത്തി പരിശീലനം നല്കി സമൂഹത്തിന് പ്രയോജനപ്പെടുത്തുക.

കമ്മ്യൂണിറ്റി ഹാളിൽ സൗകര്യപ്പെടുത്തിയിരിക്കുന്ന ഷട്ടിൽ കോർട്ടിൽ ഷട്ടിൽ കളിക്കുവാൻ താല്പര്യമുള്ള കായിക താരങ്ങൾക്ക് പ്രവർത്തി ദിവസമല്ലാത്ത ദിവസങ്ങളിൽ അത് തുറന്നു കൊടുക്കുക.

പുലിയൂർ ഗവൺമെന്റ് ഹൈസ്കൂൾ നില്ക്കുന്ന കെട്ടിടത്തിന് തെക്ക് വശത്തുള്ള ഗ്രൗണ്ട് നിരപ്പാക്കി കൊടുക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

## വാട്ടർ സ്റ്റേഡിയം
## സ്പോർട്ട്സ് അതോറട്ടി ഓഫ് ഇൻഡ്യ

പുലിയൂർ പഞ്ചായത്തിന്റെ നിയന്ത്രണത്തിലും ഉടമസ്ഥലതയിലുമുള്ള ഒൻപത് ഏക്കർ സ്ഥലം വരുന്ന താമരചാൽ പ്രദേശം സ്പോർട്സ് അതോററ്ററിക്ക് കൈമാറി അവിടെ ഒരു വാട്ടർ സ്റ്റേഡിയം നിർമ്മിക്കുവാൻ കഴിയും. ഈ നിർദ്ദേശം ജില്ലാ പഞ്ചായത്തിലൂടെ സംസ്ഥാന പ്ലാനിംഗ് ബോർഡിലേക്കും അവിടെ നിന്നും സെട്രൽ ഗവൺമെന്റിന് സമർപ്പിക്കുവാൻ കഴിയണം. അതുവഴി പുലിയൂർ ഗ്രാമത്തിന്റെ കായിക വളർച്ചയ്ക്കു സഹായകരമാകും. വിപുലമായ സാദ്ധ്യതയുള്ള ഈ നിർദ്ദേശം ഗൗരവമായി പരിഗണിക്കണമെന്ന് പൊതു നിർദ്ദേശമുണ്ടായിരിക്കുന്നു. ഇതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്ക് പദ്ധതി വിഹിതത്തിൽ നിന്ന് ഒരു ലക്ഷം രൂപാ വകയിരുത്തണം.

## വിവിധ ഗ്രാമസഭകളിൽ നിന്നുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

പുലിയൂർ പഞ്ചായത്തിലെ ഒന്നാം വർഡിൽ തോനയ്ക്കാട്ട് നിലവിൽ ഒരു ഗ്രാമീണ പബ്ലിക്ക് ലൈബ്രറി ഉണ്ട്. ഇതിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട് എങ്കിലും ആവശ്യത്തിന് ഉപകരണങ്ങളോ പുസ്തകങ്ങളോ ഇല്ല. ധാരാളം ആളുകൾ ദിവസവും ഗ്രന്ഥശാലയിൽ എത്താറുണ്ട്. ഗ്രന്ഥശാലയുടെ ഇന്നത്തെ സാമ്പത്തിക ബുദ്ധിമുട്ട് ഒഴിവാക്കാൻ പഞ്ചായത്ത് കമ്മറ്റി സഹായിക്കേണ്ടതാണ്.

## ആവശ്യങ്ങൾ

1. തോനയ്ക്കാട്ട് ഒരു ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കുക.
2. തോനയ്ക്കാട്ട് ഒന്നാം വാർഡിൽ ഇലഞ്ഞിമേൽ ചേനാത്ത് ലക്ഷം വീട് കോളനിയിൽ ഒരു റേഡിയോ പാർക്ക് സ്ഥാപിക്കുക.
3. പബ്ലിക്ക് ലൈബ്രറിയിൽ ഒരു ടി. വി. സെറ്റ് സ്ഥാപിക്കുക.
4. പുലിയൂർ പഞ്ചായത്തിലെ രണ്ടാം വാർഡിൽ ഗ്രന്ഥശാല, വായനശാല, ടെലിവിഷൻ, റേഡിയോ എന്നിവ സ്ഥാപിക്കുക.
5. വിവാഹം, സംസ്ക്കാരിക പരിപാടികൾ എന്നിവ നടത്തുന്നതിന് ഒരു ഓഡിറ്റോറിയം, കായിക പരിശീലനത്തിന് കളിസ്ഥലം എന്നിവ നിർമ്മിക്കണം.
6. പുലിയൂർ പഞ്ചായത്തിലെ 3ാം വാർഡിൽ വായനശാലയും അതിനോട് ചേർന്ന് ആർട്സ് സ്പോർട്സ് ക്ലബും തുടങ്ങുക.

7. വില്ലേജ് യൂത്ത് ക്ലബ് പുനരുദ്ധരിക്കുക.

8. അനധികൃത മദ്യഷാപ്പ് നിരോധിക്കുക.

9. പുലിയൂർ പഞ്ചായത്തിൽ നാലാം വാർഡിൽ പാലച്ചുവട്ടിൽ പ്രവർത്തിക്കുന്ന പ്രശസ്ത സാംസ്ക്കാരിക കേന്ദ്രമാണ് ജ്ഞാനപ്രദായിനി ഗ്രന്ഥശാല. സ്വന്തമായി കെട്ടിടവും ധാരാളം പുസ്തകങ്ങളും സർവ്വ വിജ്ഞാനകോശവും അനുകാലിക പ്രസിദ്ധീകരണങ്ങളും ദിനപത്രങ്ങളും ഗ്രന്ഥശാലയ്ക്ക് ഉണ്ട്. ടെലിവിഷൻ സെറ്റ്, റേഡിയോ എന്നിവ ഗ്രന്ഥശാലയിൽ സ്ഥാപിച്ചിട്ടുണ്ട്. സഞ്ചരിക്കുന്ന ഗ്രന്ഥശാലയുടെ പ്രവർത്തനം ഭവനനിർമ്മാണ പദ്ധതി എന്നീ ഒട്ടേറെ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നു.

## ആവശ്യങ്ങൾ

1. പഞ്ചായത്ത് വക വായനശാലയിൽ ഉപകരണങ്ങളും പുതിയ പുസ്തകങ്ങളും വാങ്ങുന്നതിന് 50000 രൂപ അനുവദിക്കുക.

2. ജ്ഞാനപ്രദായിനി ഗ്രന്ഥശാലയുടെ കെട്ടിടം പുനരുദ്ധരിക്കാൻ 50000 രൂപ അനുവദിക്കുക.

3. നിരക്ഷരരെ സാക്ഷരരാക്കുവാൻ ജനവിദ്യാകേന്ദ്രങ്ങൾ പ്രത്യേകിച്ചും കോളനി പ്രദേശങ്ങളിൽ സ്ഥാപിക്കുക.

4. പുലിയൂർ കിഴക്കേനട, കുളിയ്ക്കാം പാലം തുടങ്ങിയ സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിക്കുക.

5. പുലിയൂർ പഞ്ചായത്തിലെ ലക്ഷംവീട് കോളനിക്ക് തെക്കുവശം അഞ്ചര സെന്റ് പുറമ്പോക്ക് പ്രദേശത്ത് ഒരു വായനശാല തുടങ്ങുക.

6. യൂത്ത് ക്ലബ് പ്രവർത്തനം തുടങ്ങുക

7. പുലിയൂർ പഞ്ചായത്ത് സാംസ്ക്കാരിക കേന്ദ്രത്തിന്റെ ഒരു സബ് സെന്റർ കുളിയ്ക്കാംപാലം ഭാഗത്ത് തുടങ്ങുക.

8. പുലിയൂർ ആറാം വാർഡിൽ യുവജന ക്ലബുകളും മറ്റ് സാംസ്ക്കാരിക സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതുകൊണ്ട് ഒരു ഫുഡ്ബോൾ ഗ്രൗണ്ട് ഉണ്ടാകണം. സ്ഥലം വിലയ്ക്ക് വാങ്ങി നിർമ്മിക്കണം. വായനശാല പ്രവർത്തനം തുടങ്ങുക

9. കലാകായിക രംഗത്ത് പ്രവർത്തിക്കുന്ന നൂറ് പ്രതിഭകൾ വാർഡിലുണ്ട്. (നൃത്തം, സംഗീതം, അഭിനയം) ഇവരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്

10. 7ാം വാർഡിൽ ഒരു വായനശാല, ഗ്രന്ഥശാല സ്ഥാപിക്കേണ്ടതാണ്.

11. ഹരിജൻ കോളനിയിൽ ഉണ്ടായിരുന്ന സാംസ്ക്കാരിക കേന്ദ്രം പുനരുദ്ധരിക്കുകയും ടി. വി സെറ്റ് വീണ്ടെടുത്ത് പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുത്തുകയും വേണം.

12. വാർഡിൽ സ്പോർട്സ് ക്ലബ് ഒന്നും തന്നെയില്ല.

13. ഒരു **Medium type Cineama Hall** ഗവ: തലത്തിൽ ഈ വാർഡിൽ സ്ഥാപിക്കേണ്ടതാണ്.

14. ഒരു സാംസ്ക്കാരിക കേന്ദ്രം സ്ഥാപിക്കണം.

15. 8ാം വാർഡിൽ ഒരു ഗ്രന്ഥശാലയും ടി. വി. സെന്ററും സ്ഥാപിക്കുക.

16. ആർട്സ് സ്പോർട്ട്സ് ക്ലബ്, നേയ്ച്ചർ ക്ലബ് എന്നിവ സ്ഥാപിക്കുക.

17. 9ാം വാർഡിൽ വായനശാല പ്രവർത്തനം തുടങ്ങണം

18. കളിസ്ഥലം സ്ഥാപിക്കുക.

19. സംസ്ക്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഒരു കമ്മ്യൂണിറ്റി ഹാൾ പണിയുക.

ഈ വാർഡിൽ സ്ഥിതി ചെയ്യുന്നതും നിരവധി ആളുകളെ ആകർഷിക്കുന്നതുമായ നൂറ്റവൻ പാറ സംരക്ഷിക്കേണ്ടതാണ്. സ്വകാര്യ ലാഭങ്ങൾക്കുവേണ്ടി പാറയുടെ നല്ലൊരു ശതമാനവും പൊട്ടിച്ചു മാറ്റപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇനി ബാക്കിയുള്ള ഭാഗം പുരാവസ്തു വിഭാഗത്തിൽ ഉൾപ്പെടുത്തി സംരക്ഷിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

## പൊതുവായിട്ടുള്ളവ

1. പുലിയൂർ ഗ്രാമത്തിന് ശാശ്വത പ്രശസ്തി നേടിക്കൊടുത്ത യശ. ശരീരരായ ബ്രഹ്മശ്രീ പുരുഷോത്തമൻ നമ്പൂതിരി, മഠത്തിലേത്ത് രാഘവൻ പിള്ള എന്നിവരുടെ സ്മരണാർത്ഥം എൻഡോവ്മെന്റുകൾ നല്കുകയും,

പുരുഷോത്തമൻ നമ്പൂതിരിയുടെപേരിൽ പഞ്ചായത്ത് വകയായി ഉചിതമായസ്മാരകം പണിയുകയും ചെയ്യുക.

2. പുലിയൂർ പഞ്ചായത്തിലെ നൂറ്റവൻ പാറ പോലെ യുള്ള ചരിത്ര സ്ഥലങ്ങൾ പഞ്ചായത്ത് ഏറ്റെടുത്ത് സംരക്ഷിക്കുക.

3. പുലിയൂർ പഞ്ചായത്തിലെ ഉത്സവങ്ങൾ, പെരുന്നാളുകൾ മുതലായ ആഘോഷങ്ങളിൽ പഞ്ചായത്ത് കൂടി പങ്കെടുത്ത് കൂടുതൽ വിപുലപ്പെടുത്തുക.

4. നമ്മുടെ പഞ്ചായത്തിലെ തനതു കലയായ വേലകളി സംരക്ഷിക്കുന്നതിന് നടപടിയെടുക്കുക.

5. പുലിയൂർ പഞ്ചായത്തിൽ അനന്തരാവകാശികളില്ലാതെ അന്യമായി കൊണ്ടിരിക്കുന്ന പരമ്പരാഗത വൈദ്യരംഗം ഉദാ. വിഷ ചികിത്സ, തിരുമ്മ് മുതലായവ സംരക്ഷിച്ച് അവ വീണ്ടെടുത്ത് സുരക്ഷിതമായ കൈകളിൽ ഏല്പിക്കുകയോ അവ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുകയോ ചെയ്യുക.

6. പുലിയൂർ പഞ്ചായത്തിലെ എല്ലാ ഗ്രന്ഥശാലകൾക്കും ഒരു മുഴുവൻ സമയ ലൈബ്രറിയനെ നിയമിച്ച് അദ്ദേഹത്തിന്റെ സേവനം ഉറപ്പുവരുത്തുക.

7. സംസ്ക്കാരിക സംഘടനകൾ, ക്ലബുകൾ, സാക്ഷരതാ കേന്ദ്രങ്ങൾ തുടങ്ങിയവയെ പുനരുജ്ജീവിപ്പിക്കുകയും അവയുടെ മേൽനോട്ടം നടത്തുന്നതിന് പഞ്ചായത്ത് അനു യോജ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യണം. ഇവിടുത്തെ നാടൻ കലാകാരന്മാർ, പരമ്പരാഗത ഇരുമ്പു പണിക്കാർ, മരപ്പണിക്കാർ, കൽപ്പണിക്കാർ തുടങ്ങിയവരുടെ ഇടയിൽ നിന്നും വിദഗ്ദരെ കണ്ടെത്തി വേണ്ട പ്രോത്സാഹനം നൽകുക.

8. പുലിയൂർ പഞ്ചായത്തിലെ കലാകാരന്മാരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനും അവരെ കൈപിടിച്ചുയർത്തുന്നതിനും ഒരു മാസിക പ്രസിദ്ധീകരിക്കുക. മാതൃഭൂമി സ്റ്റഡിസർക്കിളിന്റെ ആഭിമുഖ്യത്തിൽ 'ഭാവന' കൈയ്യെഴുത്ത്മാസിക പ്രസിദ്ധീകരിക്കുക.

9. പുലിയൂർ പഞ്ചായത്തിന്റെ ചരിത്രം വിശദമായി കണ്ടെത്തി അവയെ അനന്തര തലമുറകൾക്ക് കൈമാറുന്നതിന് പുലിയൂരിന്റെ ചരിത്രം എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിക്കുക.

10. പുലിയൂർ പഞ്ചായത്തിന്റെ സംസ്ക്കാരിക തനിമ രൂപപ്പെടുത്തുന്നതിനായി പുലിയൂർ പഞ്ചായത്ത് ഓഫീസിനു മുമ്പിൽ ഒരു അലങ്കാര വാതിൽ സ്ഥാപിക്കുക.

11. സംസ്കൃതം, സാഹിത്യം, കല, അധ്യപനം മുതലായ രംഗത്തെ പ്രതിഭാധനന്മാരെ കണ്ടെത്തി പഞ്ചായത്തു തലത്തിൽ ആദരിക്കുകയും അതു വഴി അവരെ ദേശീയ തലത്തിൽ പ്രശസ്തരാക്കുകയും ചെയ്യുക.

12. പുലിയൂർ പഞ്ചായത്തിന്റെ കളിസ്ഥലം കണ്ടെത്തി അത് ഉപയോഗ യോഗ്യമാക്കി കുട്ടികൾക്ക് കലാകായിക രംഗത്ത് പരിശീലനം നല്കി യുവതാരങ്ങളെ സൃഷ്ടിക്കുക.

13. വില്ലേജ് യൂത്ത് ക്ലബ് ഉടനെ പുന. സംഘടിപ്പിക്കുക. അംഗീകൃത സ്പോർട്സ് ക്ലബുകൾക്ക് ധനസഹായം, സ്പോർട്സ് കിറ്റ് എന്നിവ നൽകി അവയുടെ പ്രവർത്തനം നിരീക്ഷിക്കുക.

14. ചർച്ചാ ക്ലാസ്സുകൾക്കും സാഹിത്യ സംവാദം, മുഖാമുഖം, നേതൃത്വപരിശീലന ക്യാമ്പ് പോലെയുള്ള സൗകര്യം ഒരുക്കുന്നതിനൊപ്പം ക്ലാസിക് കലാ രൂപങ്ങളുടെ പരിശീലനത്തിന് വേദികൾ ഒരുക്കുക.

15. പഞ്ചായത്ത് കലോത്സവം, സ്കൂൾ കലോത്സവം എന്നിവയിൽ പഞ്ചായത്ത് ഭാഗഭാക്കാക്കുക.

16. പുലിയൂർ പഞ്ചായത്തിലെ എല്ലാ എൽ. പി, യു. പി. ഹൈസ്ക്കൂളുകളിലും പഞ്ചായത്തിലെ സാംസ്ക്കാരിക സംഘത്തിന്റെ നേതൃത്വത്തിൽ സാഹിത്യ ക്വിസ്, പ്രസംഗ മത്സരം, ലേഖനമെഴുത്ത്, ചെറുകഥ, പദ്യരചനാ മത്സരം സംഘടിപ്പിക്കുന്നതിനൊപ്പം ഓരോ സ്കൂളിലും സാഹിത്യ ക്ലബ് രൂപീകരിക്കുക.

17. സ്കൂളികളിൽ സംസ്കാരിക കോർ ഗ്രൂപ്പിന്റെ മേൽനോട്ടത്തിൽ ദൃശ്യ ശ്രവ മാധ്യമങ്ങൾ ഉപയോഗിച്ച് പഠനം ലളിതവും രസകരവും ആക്കുന്നതിനൊപ്പം ഈ സ്കൂളിലെ കുട്ടികളുമായി വർഷം തോറും പ്രാദേശിക യാത്ര സംഘടിപ്പിക്കണം. ഈ യാത്രയിൽ പുലിയൂരിന്റെ ചരിത്രം, സംസ്കാരം, മനോഹരമായ പ്രദേശങ്ങൾ ഇവ മനസ്സിലാക്കുകയും അവരുടെ നിഗമനങ്ങളെ പഠന വിധേയമാക്കി വേണ്ട നിർദ്ദേശങ്ങൾ നല്കി പുലിയൂരിനെക്കുറിച്ചും വന്ദ്യവയോധികളെക്കുറിച്ചുംമനസ്സിലാക്കട്ടെ.

18. പുസ്തകങ്ങളെ സ്നേഹിക്കുന്ന വ്യക്തികൾ സ്വഭാവശുദ്ധിയുള്ള ആൾക്കാർ എന്നിവരെ ഉൾപ്പെടുത്തി ഗ്രന്ഥശാ

ലകൾ പുനഃസംഘടിപ്പിക്കുക.

19. സ്കൂളുകൾ തോറുമുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനൊപ്പം അവയെ കുട്ടികൾ വിനിയോഗിക്കുന്നതിന് അവസരമൊരുക്കുക.

20. കേരള ഗ്രന്ഥശാലാ സംഘത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ജീർണ്ണാവസ്ഥയിലുള്ള ഗ്രന്ഥശാലകളെ കണ്ടെത്തി പുനർജീവിപ്പിക്കുകയും ചെയ്യുക.

21. പുലിയൂർ പഞ്ചായത്തിൽ സംസ്ക്കാരിക കോർ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഒരു കൗൺസിലിങ് സെന്റർ തുടങ്ങുകയും അത് ഭംഗിയായി മുൻപോട്ട് കൊണ്ടുപോവുകയും ചെയ്യുക.

22. പഞ്ചായത്തിലെ അനധികൃത മദ്യ നിർമ്മാണ വിപണനത്തിനെതിരെ പഞ്ചായത്ത് രംഗത്തെത്തുക.

23. രാഷ്ട്രീയ സാമൂഹ്യ സംസ്കാരിക രംഗത്തെ അപചയത്തിനെതിരെ ഗ്രന്ഥശാലകൾ കേന്ദ്രമാക്കി സെമിനാർ ചർച്ചകൾ മുതലായവ സംഘടിപ്പിക്കുക.

24. ആലപ്പുഴ ഫീൽഡ് പബ്ലിസിറ്റി, സ്റ്റേറ്റ് എയ്ഡ്സ് സെൽ പോലെയുള്ള ഗവൺമെന്റ് ഏജൻസികളുമായി സഹകരിച്ച് മാസത്തിൽ ഒന്ന് എന്ന കുറഞ്ഞ ക്രമത്തിൽ ഓരോ പരിപാടി സംഘടിപ്പിക്കുക.

25. മനുഷ്യരാശി നേരിടുന്ന ഏറ്റവും വലിയ വിപത്താണ് എഡ്യ്സ്. ഇന്നിതുവരെ ഇതിനെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ നൽകിയിട്ടില്ല. അത് പരിഹരിച്ച് ജനങ്ങളെ ബോധവാന്മാരാക്കണം.

26. കേരള ചിൽഡ്രൻസ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് പോലെയുള്ള അർദ്ധ സർക്കാർ സ്ഥാപനങ്ങളുമായി യോജിച്ച് ഒരു എതഗൗാ ത്ധീദരാമൂഗദല നടത്തുന്നതിന് അവസരമൊരുക്കുക.

27. മതേതരത്വം വളർത്തുന്നതിന്റെ ഭാഗമായി മതമേധാവികളെ ഒരേവേദിയിൽ കൂട്ടിയിണക്കി ഓരോന്നിന്റെയും സാരാംശം ഇന്നത്തെതലമുറയെ മനസ്സിലാക്കുക.

28. ഗ്രന്ഥശാലകളിലെ കാലഹരണപ്പെട്ട ചുമർചിത്രങ്ങൾക്ക് പകരം മാറ്റങ്ങൾക്കനുയോജ്യമായ ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിലെ നായകന്മാരുടെ ലേഖനങ്ങൾ കാരിക്കേച്ചറുകൾ മുതലായവ പ്രസിദ്ധീകരിക്കുക.

29. സർവ്വോപരി നമ്മുടെ പഞ്ചായത്ത് സംപൂർണ്ണ ലഹരി വിരുദ്ധ ഗ്രാമമായി പ്രവർത്തിക്കുക.

30. നമ്മുടെ പഞ്ചായത്തിനെകുറിച്ചുള്ള നാടോടിപാട്ടുകൾ, കൊയ്ത്തു പാട്ടുകൾ മുതലായവ ശേഖരിക്കാനും അവ രേഖപ്പെടുത്തിവെയ്ക്കാനും അവസരം ഒരുക്കണം.

നമ്മുടെ പ്രധാനപ്പെട്ട ദേശീയ ദിനങ്ങൾ കേവലം ഒഴിവുദിനങ്ങൾ എന്നതിലുപരി ഒരു പ്രാധാന്യവും നല്കപ്പെട്ടു കാണുകയില്ല. തന്മൂലം പൗരബോധത്തിന്റെ അടിസ്ഥാന ശിലകളായ ദേശീയ ബോധവും ദേശഭക്തിയും ജനങ്ങളിൽ ഇല്ലാതായി കൊണ്ടിരിക്കുന്നു. ഈ പ്രശ്നങ്ങൾ പരിഹരിച്ച് ഇന്നത്തെ യുവതലമുറയെ ദേശീയ പ്രസ്ഥാനത്തെക്കുറിച്ചും ദേശഭക്തിയെക്കുറിച്ചും ബോധവാന്മാരാക്കിയാൽ മാത്രമേ നമ്മുടെ പൂർവ്വികർ കൈമാറിയ സ്വാതന്ത്ര്യം നമുക്ക് പരിരക്ഷിക്കാനാവൂ.

ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിശക്തമായ പ്രചാരണം വായനാശീലത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

## അനാചാരങ്ങൾ

കാലം ഇത്രയൊക്കെ പുരോഗമിച്ചിട്ടും നമ്മുടെ ഗ്രാമത്തിൽ മന്ത്രവാദം, കൂടോത്രം തുടങ്ങിയ അന്ധവിശ്വസത്തിലധിഷ്ഠിതമായ അനാചാരങ്ങളും മറ്റ് പ്രവർത്തനങ്ങളും നിലകൊള്ളുന്നു.

അതുപോലെ സ്ത്രീധന പീഢനവും നമ്മുടെ നാട്ടിലെ വനിതകൾ അഭിമുഖീകരിക്കുന്ന പ്രശ്നമാണ്.

താങ്ങാൻ പറ്റാത്ത സ്ത്രീധനവും അതിനോടൊപ്പം നാട്ടുകാർക്കെല്ലാം വൻതോതിൽ വിഭവ സമൃദ്ധമായ സദ്യയും നൽകുന്നതുമൂലം പല കുടുംബങ്ങളും ഒരു കല്ല്യാണത്തിനുശേഷം നിർദ്ധനരായി മാറുന്നതും വേദനാജനകമാണ്. ഈ സാമൂഹ്യ വ്യവസ്ഥിതിക്ക് ഒരു അടിസ്ഥാനപരമായ മാറ്റം വന്നേ തീരൂ.

വിവാഹാദികാര്യങ്ങളിലൂണ്ടാകുന്ന ചിലവുകൾ കുറയ്ക്കാനായി ജനങ്ങളെ ബോധവാന്മാരാക്കേണ്ടിയിരിക്കുന്നു. അത് പരിഹരിക്കാൻ കഴിഞ്ഞാൽ വലിയൊരു വിഭാഗം ജനങ്ങളുടെ, കുടുംബങ്ങളെ നമുക്ക് രക്ഷിക്കാൻ കഴിയും. വിവാഹാദി ചടങ്ങുകൾ വർദ്ധിച്ചു വരുന്ന ആർഭാടം ഒഴിവാക്കാൻ എല്ലാ സാമുദായിക സംഘടനകളും ഒന്നായി തീരുമാനിക്കേണ്ട കാര്യമാണ്.

നമ്മുടെ പഞ്ചായത്തിൽ രണ്ട് സാറ്റലൈറ്റ് കേന്ദ്രങ്ങളുണ്ട്. നമ്മുടെ ഗ്രാമീണ സംസ്ക്കാരത്തിന് വൃതിയാനം വരുത്തുവാൻ ഒരു പരിധി വരെ ഇവ ശ്രമിക്കുമോ എന്നുള്ള കാര്യത്തിൽ ആശങ്കയുണ്ട്.

# ആരോഗ്യവും ശുചിത്വവും



രണ്ടായിരമാണ്ടിൽ രാഷ്ട്രം കൈവരിക്കാനുദ്ദേശിക്കുന്ന ആരോഗ്യ ലക്ഷ്യങ്ങൾ കേരളം പല വർഷങ്ങൾക്കു മുമ്പേ കൈവരിച്ചു കഴിഞ്ഞുവെന്നത് പ്രസിദ്ധമാണ്. ആരോഗ്യ സംരക്ഷണ രംഗത്ത് ശക്തമായ ഒരു സംവിധാനം നമുക്ക് ഉണ്ട്. ബഡ്ജറ്റിന്റെ ഒരു നല്ല ഭാഗം തുകയും ആരോഗ്യ രക്ഷയ്ക്കുവേണ്ടി ആണ് ചെലവാക്കുന്നത്. ആതുര ശുശ്രൂഷ രംഗത്ത് വളർച്ചയുടെ ഒരു തെളിവാണ് നാട്ടിൻ പുറങ്ങളിൽ സ്വകാര്യ ആശുപത്രികളുടെയും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുടെയും കടന്നു കയറ്റം. പഞ്ചായത്തുകളിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം ഒരു പിരമിഡ് കണക്കേ ആണ് പ്രവർത്തിക്കുന്നത്. അപ്പക്സ് ഏറ്റവും ഉയർന്ന തലത്തിൽ ആയി പ്രാഥമികാരോഗ്യകേന്ദ്രം അതിനു താഴെ സബ് സെന്റർ, കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സെന്റർ, ഹെൽത്ത് വിസിറ്റേഴ്സ് ഇങ്ങനെ ഈ ശൃംഖലയ്ക്കു കൂടുതൽ ഉറപ്പു നല്കുന്നതിനും ജനങ്ങളിൽ എത്തുന്നതിനും ഫീഡിം സെന്ററുകൾ മഹിളാ സമാജങ്ങൾ ഏജൻസികളും കണക്കേ കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, വൈ. എം. സി. എ., മാതൃഭൂമി സർക്കിൾപോലെ ഉള്ള സംഘടനകൾ നല്കുന്ന സംഭാവനകൾ അവിസ്മരണീയമാണ്. ബോധവല്ക്കരണം, സൗജന്യ ചികിത്സാ സഹായം എത്തിക്കൽ, ആരോഗ്യ സംരക്ഷണ പഠനം വിലയിരുത്തൽ, എന്നു വേണ്ട ആരോഗ്യ സംരക്ഷണ രംഗത്ത് ബൃഹത്തായ പരിപാടികളാണ്. പ്രാദേശിക തലത്തിൽ ജനങ്ങളിൽ എത്തുന്നത്. പക്ഷേ നമ്മൾ ഉന്മൂലനം ചെയ്തു എന്ന അവകാശപ്പെടുന്ന പല രോഗങ്ങളും തിരിച്ചു വരവ് ഭീക്ഷണിയിലാണ്. മലമ്പനി, ഡംഗിപ്പനി, മലേറിയ. ജപ്പാൻ ജ്വരം, പ്ലേഗ്, കോളറ പോലെയുള്ള പല രോഗങ്ങളും സമൂഹത്തിനെ ഒന്നടക്കം നശിപ്പിക്കുന്ന കണക്കേ പൂർവ്വാധികം ശക്തിയായി തിരിച്ചെത്തിയിരിക്കുകയാണ്. ഇതിൽ നിന്ന് നാം മനസ്സിലാക്കേണ്ടതു, ഈ രംഗത്ത് നാം കൊടുമുടികൾ കീഴ്പ്പെടുത്തിയിട്ടില്ല. ഈ മേഖലയെ സംശുദ്ധമാക്കുന്നതിൽ സാധ്യതകളുടെ വാതിൽ നമുക്ക് മുന്നിൽ തുറന്നു കഴിഞ്ഞിരിക്കുന്നു.

പുലിയൂർ ഗ്രാമ പഞ്ചായത്തിൽ ഗവൺമെന്റ് തലത്തിലും സ്വകാര്യ മേഖലയിലും ശരിയായ രീതിയിൽ പ്രവർത്തിക്കുന്ന ഒരു ആരോഗ്യ സംരക്ഷണ കേന്ദ്രം ഇന്നില്ല. പഞ്ചായത്തിൽ 1959ൽ തുടങ്ങിയ ആയൂർവേദ ഗവ. ഡിസ്പൻസറിയാണ് ആദ്യത്തെ ആരോഗ്യ സംരക്ഷണ കേന്ദ്രം. പ്രതാപ ശാലി ആയി വാണിരുന്ന ആയൂർവേദ ആശുപത്രിയിൽ സമീപ താലൂക്കുകളിൽ നിന്നു പോലും രോഗികൾ എത്തി രോഗം ഭേദം ആയി തിരിച്ച് പോകുന്നു. വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച ആശുപത്രി 1990 ൽ സ്വന്തമായി കെട്ടടത്തിൽ നല്ല രീതിയിൽ പ്രവർത്തനം നടന്നു കൊണ്ടിരിക്കുന്നു.

ആരോഗ്യ സംരക്ഷണ മേഖലയിൽ വർഷങ്ങൾക്ക് ശേഷം ആണ് വികസനം നടന്നത് 1989 ഗവൺമെന്റ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനത്തിനു തുടക്കമിട്ടു.. വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച കേന്ദ്രത്തിന്

1996 ൽ സ്വന്തമായി കെട്ടിടം ഉത്ഘാടനം ചെയ്തു. പ്രാഥമികാരോഗ്യ കേന്ദ്രം തുടങ്ങുന്നതിനു വർഷങ്ങൾക്ക് മുമ്പ് തന്നെ പഞ്ചായത്തിലെ ഒന്നാം വാർഡിലും, എട്ടാം വാർഡിലും ഹെൽത്ത് വിസിറ്റേഴ്സിന്റെ അധികാര പരിധിയിൽ ഓരോ സബ് സെന്ററുകൾക്ക് തുടക്കമിട്ടു.

1989 വർഷത്തിൽ വിപ്ലവകരമായ വികസനത്തിന്റെ നാന്ദികുറിച്ച് കൊണ്ട് സഹകരണ സംഘ മേഖലയിൽ ഒരു ആതുര ശുശ്രൂഷാ രംഗത്ത് ജില്ലാ സഹകരണ ഗ്രൂപ്പ് ആശുപത്രിക്കു ആറാം വാർഡിൽ തുടക്കം കുറിച്ചു. അലോപ്പതി രംഗത്തുള്ള ഈ ആശുപത്രി തിളക്കമാർന്ന പ്രവർത്തനത്തിൽ കൂടി പേരും പ്രസിദ്ധിയും ആർജ്ജിച്ച സ്ഥാപനം ആണ്. സ്വന്തമായിട്ടുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിച്ചു സഹകരണ അടിസ്ഥാനത്തിൽ തന്നെ ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കണം. ഇതിന്റെ പ്രവർത്തനത്തിലൂടെ പുലിയൂർ പഞ്ചായത്തിലെയും, പരിസര പഞ്ചായത്തിലെയും രോഗ ബാധിതർക്കു ഒരു ആശാ കേന്ദ്രമായി ഇത് തീരും.

പാരമ്പര്യ വൈദ്യരംഗത്ത് ഏറ്റവും പ്രസിദ്ധി ആർജ്ജിച്ച പ്രദേശം ആണ് പുലിയൂർ പഞ്ചായത്ത്.

ആയുർവേദ ചികിത്സ രംഗത്തെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ചു പാരമ്പര്യ വൈദ്യ രംഗത്ത് മറ്റു രാഷ്ട്രങ്ങളിലുള്ള പേരു പോലെ തന്നെ ആണ് പുലിയൂരിനു സമീപ പ്രദേശങ്ങളിൽ നിന്ന് കിട്ടിക്കൊണ്ടിരിക്കുന്ന സ്ഥാനം. ആ പാരമ്പര്യ വൈദ്യ മേഖലയെ സംപുഷ്ടമാക്കികൊണ്ടിരുന്ന പ്രസിദ്ധരായ വൈദ്യന്മാർ ബഹു ഭൂരിപക്ഷവും മൺമറഞ്ഞു പോയി.

ഇവരുടെ പ്രവർത്തനങ്ങൾ സ്തുത്യർഹവും അവസ്മരണീയവും ആണ്.

സ്വകാര്യ മേഖലയിൽ പല ആശുപത്രികൾ പ്രവർത്തനം നടത്തിയിട്ടുണ്ട്. ആറാം വാർഡിന്റെ പടിഞ്ഞാറൻ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന സെന്റ് മേരീസ് ആശുപത്രി മാത്രമാണ് ഇപ്പോൾ നില നില്ക്കുന്നത്. ഇവിടെ രോഗികളെ കിടത്തി ചികിത്സിക്കത്തക്കവണ്ണമുള്ള സൗകര്യം ഉണ്ട്. ആശുപത്രിയുടെ പ്രവർത്തനംപൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുത്തണം.

ആരോഗ്യ സംരക്ഷണത്തിന് ശുചിത്വം കൂടിയെ കഴിയൂ. ശുചിത്വമില്ലാത്ത ജീവിത ചര്യയിൽ നിന്നാണല്ലോ പകർച്ച വ്യാധികൾക്ക് തുടക്കം, വിട്ടു മാറാത്ത രോഗങ്ങൾ, സാംക്രമിക രോഗങ്ങളുടെ തിരിച്ചു വരവ് ഇതിന്റെ പ്രധാന ഘടകം വെളിംപ്രദേശങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്തുന്നതു തന്നെ. ഇതിനു വേണ്ടി ബോധവല്ക്കരണത്തിലൂടെ ജനതയെ മലമൂത്ര വിസർജ്ജനത്തിന് കക്കൂസുകളിൽ എത്തിക്കുക എന്ന യജ്ഞം വിജയിച്ചു. 1995-96 സാമ്പത്തിക വർഷത്തിൽ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്കും പട്ടികജാതി-പട്ടിക വർഗ്ഗങ്ങൾക്കും 50 ശതമാനം കുടുംബങ്ങൾക്ക് റിങ്ങ് ഇറക്കിയുള്ള കക്കൂസുകൾ പഞ്ചായത്തിൽ നിന്ന് സ്ഥാപിച്ചു കൊടുത്തിട്ടുണ്ട്.

പരിസ്ഥിതി സന്തുലനാവസ്ഥയ്ക്കും, പ്രകൃതിരമണിയതയ്ക്കും, പ്രദേശത്തിന്റെ വികസനത്തിലേക്കും മുന്നോട്ട് നയിച്ചിട്ടുള്ള പൊതു കുളങ്ങൾ, ബഹുമുഖ ആവശ്യങ്ങൾക്ക് ആണല്ലോ ഉപയോഗിച്ചു വന്നിരിക്കുന്നത്. പഞ്ചായത്തിൽ മുതലകുഴി, ഇലത്തുകുളം, കളിക്കൽ കുളം, തുണ്ടിയിൽ കുളം, കാഞ്ഞിക്കാട്ടിൻകുളം, ഉരുമഠത്തിൽ കുളം, സോമശേഖരകുളം, പനയത്ത് കുളം പ്രധാനമായ പൊതു കുളങ്ങൾ ആണ്. ഇവ ശുചീകരിക്കണം.

സാമ്പത്തികമായി പിന്നോക്ക മേഖലയിലും, പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികളിലും ഭൂവിസ്തൃതി വളരെ കുറഞ്ഞു കൊണ്ടിരിക്കുകയാണല്ലോ. ഈ മേഖലയിൽ ആരെങ്കിലും മരിച്ചു കഴിഞ്ഞാൽ അടക്കുന്നതിനോ ദഹിപ്പിക്കുന്നതിനോ സൗകര്യങ്ങളില്ല. ഒന്നാം വാർഡിൽ ചേന്നത്തു കോളനിയിലെയും, ഏഴാം വാർഡിലെ പട്ടികജാതി കോളനികളിലെയും നിവാസികൾക്കു വേണ്ടി ഒരു പൊതു ശ്മശാനം സ്ഥാപിച്ചിട്ടുണ്ട്.

കുടുംബാംഗങ്ങളുടെ സംരക്ഷണത്തിനും, പ്രകൃതിയുടെ സന്തുലനാവസ്ഥയ്ക്കും നായ്ക്കളെ വളർത്തുന്നതു നല്ലതു തന്നെ. എന്നാൽ ജനങ്ങളുടെ ജീവന് ഭീഷണി ആകത്തക്കവിധത്തിൽ നായ്ക്കളുടെ വർദ്ധനവും പേപ്പട്ടി ശല്യവും ക്രമാതീതമാണ്. പഞ്ചായത്ത് കാലാകാലങ്ങളിൽ നായ്ക്കളെ ഉന്മൂലനം ചെയ്യുന്നതിനു വിദഗ്ദരെ നിയോഗിക്കാറുണ്ട്. 1995 -96 വർഷത്തിൽ 300 ഓളം നായ്ക്കളെ നശിപ്പിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. പഞ്ചായത്ത് പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം ജനങ്ങൾക്ക് ഫലപ്രദമായി ലഭിക്കുന്നില്ല. ഡോക്ടർ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ മാത്രമെ ലഭ്യമാകുന്നുള്ളു.

2. ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ നിലവിലുണ്ടായിരുന്ന സഹകരണാശുപത്രി

പ്രവർത്തിക്കുന്നില്ല.

3. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെ ജനങ്ങൾ അടിയന്തിര ഘട്ടത്തിൽ പോലും സമീപ താലൂക്ക്, സ്വകാര്യ ആശുപത്രികളെ ആണ് ആശ്രയിക്കുന്നത്.

4. പ്രൈമറി ഹെൽത്ത് സബ് സെന്ററുകളുടെ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തുന്നില്ല.

5. ആയൂർവേദ ഡിസ്പെൻസറിയിൽ കിടത്തി ചികിത്സിക്കാൻ സൗകര്യം ഇല്ല. ആവശ്യത്തിന് മരുന്നു കിട്ടുന്നില്ല. മുഴുവൻ സമയവും ഡോക്ടറുടെ സേവനം കിട്ടുന്നില്ല. ആശുപത്രിയിലോട്ടുള്ള യാത്ര സൗകര്യം താറുമാറായി കിടക്കുകയാണ്.

6. ഹോമിയോ ആശുപത്രിയില്ല.

7. പാരമ്പര്യ വൈദ്യന്മാർക്ക് അംഗീകാരമില്ല.

8. അശാസ്ത്രീയമായ വികസന മുറവിളി കൂടി നിലങ്ങൾ നികത്തുന്നതുമൂലവും താഴ്ത്തുന്നതു മൂലവും വെള്ളക്കെട്ട് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.

9. മലിനജലം ഒഴുകുന്നതിനു ഓടകളുടെയും തോടുകളുടെയും അഭാവം.

10. പഞ്ചായത്തിലെ നാല്പതു ശതമാനം കുടുംബങ്ങൾക്കും സാനിട്ടറി കക്കൂസുകളുടെ അഭാവം

11. ജനങ്ങളിൽ മദ്യം മയക്കുമരുന്നു ഉപയോഗം കൂടുന്നു.
12. പൊതു കുളങ്ങളുടെയും, കുളികടവുകളുടെയും കല്ലുകെട്ടുകൾ ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്നു.

13. കൊതുകുകൾ പെരുകുന്നു.

14. കംഫർട്ട് സ്റ്റേഷന്റെ അഭാവം

15. പഞ്ചായത്തിൽ പൊതു ശ്മശാനം കുറവാണ്.

16. തെരുവു നായ്ക്കളുടെയും പേപ്പട്ടികളുടെയും ശല്യം പെരുകുന്നു.

17. ശിശുക്കളിൽ പോഷകാഹാരകുറവ് അനുഭവപ്പെടുന്നു.

18. പട്ടികജാതി- പട്ടിക വർഗ്ഗ കുടുംബങ്ങളിലെ സ്ത്രീകളുടെ ആരോഗ്യ സ്ഥിതി മോശം ആകുന്നു.

19. പഞ്ചായത്തിലെ വനിതകളുടെ രക്തത്തിൽ കാർബൺ മോണോക്സൈഡിന്റെ അളവു കൂടുന്നു. ബഹുഭൂരിപക്ഷം വനിതകൾക്കും പോഷകകുറവ് അനുഭവപ്പെടുന്നുണ്ട്.

20. വൈദ്യ ശാസ്ത്രത്തിനു അറുതി വരുത്തുവാൻ സാധിക്കാത്ത രോഗങ്ങൾ ഉള്ള രോഗ വാഹകർ പഞ്ചായത്തിൽ ഉള്ളതായി കണക്കുകൾ കാണിക്കുന്നു.

21. മലേറിയ, കുഷ്ഠം, ക്യാൻസർ രോഗികൾ ചിലയിടങ്ങളിൽ കാണപ്പെടുന്നു.

22. വൃത്തിഹീനമായ അറപ്പുശാലകൾ അനധികൃതവുമാണ്.

## സാധ്യതകൾ

പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം ജനങ്ങളിൽ എത്തിക്കുന്നതിനു ഇരുപത്തിനാലു മണിക്കൂറും ഡോക്ടറുടെ സേവനം ലഭിക്കുന്നതിനും ആധുനീക സൗകര്യങ്ങളോടു കൂടി കിടത്തി ചികിത്സിക്കാൻ പറ്റുന്ന തരത്തിൽ ഉയർന്നു കൊണ്ടു വരേണ്ടതാണ്. സ്പെഷ്യലിസ്റ്റുകളുടെ സേവനം ലഭ്യമാക്കണം.

ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും, സൂപ്രണ്ടുമാരുടെയും സേവനം ലഭ്യമാകണം. കൂടുതൽ ഹെൽത്ത് ഇൻസ്പെറ്ററുമാരെ നിയമിക്കണം.

പഞ്ചായത്തിൽ ആരോഗ്യ സർവ്വേ നടത്തി കുട്ടികളുടെയും, വനിതകളുടെയും, പട്ടികജാതി പട്ടിക വർഗ്ഗങ്ങളുടെ കുടുംബങ്ങളിലെ സ്ത്രീകളുടെയും രോഗാതുരത, പ്രതിരോധ ശേഷി, മരുന്നുകളുടെ ഉപയോഗം, പകർച്ചവ്യാധികൾ ഇവയുടെ കണക്കുകൾ ശേഖരിച്ച് വേണ്ട നടപടികൾ കൈക്കൊള്ളണം.

ഹെൽത്ത് സെന്ററിന്റെ പ്രയോജനം ലഭിക്കാത്ത വ്യാപിക്കാത്ത വാർഡുകളിൽ ഹെൽത്ത് സെന്ററുകളോ ആധുനിക സൗകര്യങ്ങളോടു കൂടിയ സബ് സെന്ററുകളുടെയോ പ്രവർത്തനം ആരംഭിക്കുക. ആറാം വാർഡിലെ സഹകരണാശുപത്രി തുറന്നു പ്രവർത്തിക്കുക.

എട്ടും, ഒമ്പതും വാർഡുകളിൽ ആധുനീക രീതിയിലുള്ള പോളിക്ലിനിക്കുകൾ സ്ഥാപിക്കുക.

പഞ്ചായത്തിലെ ആദ്യത്തെ ആതുര ശുശ്രൂഷ കേന്ദ്രമായ

ആയുർവേദ കേന്ദ്രത്തിന്റെ ശോചനീയാവസ്ഥ മാറ്റുന്നതിനും ആധുനീക രീതിയിൽ കിടത്തി ചികിത്സിക്കാൻ പറ്റുന്ന തരത്തിൽ ഇരുപത്തി നാലു മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാക്കി ഉയർത്തി കൊണ്ടു വരേണ്ടതാണ്.

ജില്ലാ ആസ്ഥാനത്തു നിന്നും ഇപ്പോൾ കിട്ടി കൊണ്ടിരിക്കുന്ന മരുന്നുകളുടെ അളവു കൂട്ടേണ്ടതാകുന്നു.

കഷായം, അരിഷ്ടം മുതലായവ ജനങ്ങൾക്ക് കൂടുതൽ ലഭ്യമാക്കുന്ന തരത്തിൽ നല്കണം.

ആയുർവ്വേദ ഡിസ്പെൻസറിയുടെ ആവശ്യത്തിലേക്കു നിർമ്മിച്ചിട്ടുള്ള കിണർ ഉപയോഗ പ്രദമാക്കണം.

ആയുർവേദ ഡിസ്പെൻസറി ആയുർവേദ ആശുപത്രിയാക്കി ഉയർത്തുന്നതിന് സത്വര നടപടികൾ കൈക്കൊള്ളണം.

ആയുർവേദ ആശുപത്രി ചുറ്റു മതിൽ കെട്ടി സംരക്ഷിക്കണം.

ആയുർവേദ ആശുപത്രിയുടെ വികസനോന്മുഖത്തിലേക്കു ഔഷധ സസ്യങ്ങൾ വെച്ച് പിടിപ്പിച്ച് ആധുനീക സൗകര്യങ്ങൾ ഉൾപ്പെടുത്തണം. വിവിധ ചികിത്സാ വിഭാഗങ്ങൾ ഇവിടെ സജ്ജീകരിക്കണം.

ആശുപത്രിയിലേക്കു പോകുന്ന പഞ്ചായത്ത് റോഡ് വൃത്തിയായി സംരക്ഷിക്കുക. ആശുപത്രിയ്ക്കു പടിഞ്ഞാറു വശമുള്ള റയിൽവേ ക്രോസിംഗിൽ ഗേറ്റ്മാന്റെ സൗകര്യം ഉറപ്പാക്കുക.

ഹോമിയോ വിഭാഗത്തിൽപ്പെട്ട ഒരു ശുശ്രൂഷാ കേന്ദ്രം പഞ്ചായത്തിൽ ഇല്ല. ഒന്നാം വാർഡിലും നാലും, അഞ്ചും, ഏഴിലും സർക്കാർ ഹോമിയോ ആശുപത്രികൾ സ്ഥാപിക്കുക.

പാരമ്പര്യ വൈദ്യന്മാരുടെ പ്രവർത്തനങ്ങൾക്ക് പ്രശംസയും, അംഗീകാരവും കൊടുക്കുക. അവർക്ക് ധനസഹായങ്ങളും പെൻഷനും കൊടുക്കുക.

വനിതകളിൽ കാണുന്ന വിളർച്ചക്കും, മഹാ രോഗങ്ങൾക്കും അറുതി വരുത്തുന്നതിനു ശ്വസിക്കുന്ന കാർബൺ മോണോക്സൈഡിൽ നിന്നും മോചനം ലഭിക്കുന്നതിനും കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രചരിപ്പിച്ചിട്ടുള്ള പുകയില്ലാത്ത അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കുന്നതിൽ ബോധവല്ക്കരണം നടത്തുക.

പകർച്ചവ്യാധികൾ ഉന്മൂലനം ചെയ്യുന്നതിനു പ്രതിരോധ കുത്തിവെയ്പുകളും, ബോധവൽക്കരണവും പരിസര ശുചിത്വവും ഉറപ്പാക്കുക. വെള്ള കെട്ടു മൂലം പരിസര മലനീകരണം തടയുന്നതിനു അശാസ്ത്രീയമായ രീതിയിൽ നികത്തലും താഴ്ത്തലും നിയമങ്ങൾ കൊണ്ടും നടപടികൾ കൊണ്ടും അവസാനിപ്പിക്കുക. കാലവർഷങ്ങളിലും അല്ലാതെയും റോഡു വക്കുകളിൽ കെട്ടി കിടക്കുന്ന മലിന ജലം ഒഴുക്കികളയുന്നതിനും ഓടകൾ കെട്ടി വൃത്തിയാക്കുക.

മല മൂത്ര വിസർജ്ജനത്തിൽ കൂടി **മലനീകരിക്കപ്പെട്ടു** കൊണ്ടിരിക്കുന്ന പ്രദേശങ്ങളിൽ കൂടുതൽ സൗകര്യങ്ങളോടു കൂടി സാനിട്ടറി **കക്കൂസ്സുകൾ** സ്ഥാപിക്കണം.

പഞ്ചായത്തിലെ കുളി കടവുകളിൽ കല്ലുകെട്ടി സംരക്ഷിച്ചു കുളി പ്രാഥമീക കാര്യങ്ങൾ നടത്തുന്നതിനു ഉപയോഗപ്രഥമായി വൃത്തിയാക്കുക.

പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളിൽ കംഫർട്ട്സ്റ്റേഷനുകൾ സ്ഥാപിക്കുക. പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിൽ കൊതുകു ശല്യം വർദ്ധിച്ചു വരുന്നു.

കൊതുകുകളെ ഉന്മൂലനം ചെയ്യുന്നതിനു പഞ്ചായത്തിൽ ജീവനക്കാരെ വച്ച് എല്ലാ ദിവസങ്ങളിലും മരുന്നു തളിച്ചു സംരക്ഷിക്കണം.

അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ചു നശിപ്പിക്കുന്നതിനു പഞ്ചായത്തിൽ ഒരു സ്ഥിരം സംവിധാനം ഉണ്ടാവണം.

പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള അറവുശാലകൾ വൃത്തിയാക്കി സംശുദ്ധമാക്കുന്നതിന് നടപടി കൈകൊള്ളണം. അവിടെ വിതരം ചെയ്യുന്ന മാടുകളുടെ മാംസം മൃഗ ഡോക്ടറുടെ അംഗീകാരത്തോടും ഉറപ്പോടും വിൽപ്പന നടത്തുവാനുള്ള നടപടികൾ ഉണ്ടാവണം.

മൂന്നു വാർഡുകൾ കൂടി ഒരു പൊതു ശ്മശാനം എന്ന കണക്കിൽ ആവശ്യമായ ശ്മശാനം സ്ഥാപിക്കുക.

## ആരോഗ്യം ശുചിത്വം

എല്ലാവർക്കും ആരോഗ്യം എന്ന മുദ്രാവാക്യം സാക്ഷാൽക്കരിക്കാനുള്ള രാഷ്ട്രത്തിന്റെ കുതിപ്പിനിടയിൽ കേരളത്തിൽ ഉന്മൂലനം ചെയ്തു എന്നു കരുതിയിരുന്ന പല സാംക്രമിക രോഗങ്ങളും കടന്നു കയറിയിരിക്കുന്നു. അവ നേരിടുന്നതിന് നിലവിലുള്ള ആരോഗ്യ പരിപാടികളെ സംയോജിപ്പിച്ച് ഗ്രാമ തലത്തിൽ ഒരു സമഗ്ര പരിപാടി തയ്യാറാക്കുന്നതിനും പഞ്ചായത്തിന് കഴിയും. പഞ്ചായത്തു തല സമഗ്ര ആരോഗ്യ പരിപാടിക്ക് രൂപം നൽകുന്നതിനും താഴെ പറയുന്ന കാര്യങ്ങൾ ചെയ്യാൻ നടപടി കൈക്കൊള്ളണം.

ആരോഗ്യ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വ്യത്യസ്ത വൈദ്യ ശാസ്ത്ര ശാഖകളെയും പൊതു മേഖലയിലും സ്വകാര്യമേഖലയിലുമുള്ള ആരോഗ്യ സേവനങ്ങളെയും ഏകോപിപ്പിക്കുന്നതിനും ആരോഗ്യ പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കുന്നതിനും പഞ്ചായത്ത് ജനകീയ കമ്മിറ്റികളുണ്ടാക്കണം. ഒരു ആരോഗ്യ കൺവെഷൻഷനിൽ വെച്ച് കമ്മറ്റി രൂപികരിക്കുന്നതായിരിക്കും അഭികാമ്യം. പഞ്ചായത്ത് പ്രസിഡന്റ് ആയിരിക്കണം അതിന്റെ അദ്ധ്യക്ഷൻ. ആരോഗ്യ ഉദ്യോഗസ്ഥരും പഞ്ചായത്തംഗങ്ങളും ആരോഗ്യ കാര്യങ്ങളിൽ താല്പര്യമുള്ള വ്യക്തികളും അടങ്ങുന്നതായിരിക്കണം കമ്മറ്റി. ഈ കമ്മററിയായിരിക്കണം സമഗ്ര ആരോഗ്യ പരിപാടിക്ക് നേതൃത്വം നൽകുക.

ആരോഗ്യ വകുപ്പ് ,സാമൂഹ്യക്ഷേമ വകുപ്പ്, കുടുംബക്ഷേമ വകുപ്പ്, കേന്ദ്ര സർക്കാർ തുടങ്ങിയ വിവിധ ഏജൻസികളുടെ കീഴിൽ ഇന്ന് ശിശുക്കൾക്കും ഗർഭിണികളായ സ്ത്രീകൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും, സ്കൂൾ വിദ്യാർത്ഥികൾക്കും വേണ്ടി നടപ്പാക്കുന്ന വിവിധ ആരോഗ്യ പദ്ധതികൾ വിമർശനപരമായ അവലോകനം ചെയ്ത അവ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾക്ക് രൂപം നല്കണം. ഈ നടപ്പ പദ്ധതികൾ തന്നെയായിരിക്കം സമഗ്ര ആരോഗ്യ പരിപാടിയിലെ മുഖ്യ ഇനങ്ങൾ.

പ്രാഥമികാരോഗ്യകേന്ദ്രം കേന്ദ്രമാക്കിയാണ് സമഗ്ര ആരോഗ്യ പരിപാടി നടപ്പാക്കേണ്ടത്. പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്നത് പ്രഥമ പ്രവർത്തനമായിരിക്കണം. നമ്മുടെ പ്രാഥമികാരോഗ്യ കേന്ദ്രത്തെയും അതിലെ ജീവനക്കാരെയും, കടമകളെയും ജനങ്ങൾക്ക് പരിചയപ്പെടുത്തണം.

## ആരോഗ്യ പ്രവർത്തനങ്ങൾ

ക്യാമ്പെയിൻ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ആരോഗ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കണം.

സമ്പൂർണ്ണ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ.

രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകളും, രക്തദാന സേന രൂപീകരണവും.

കുഷ്ഠം, ക്ഷയം, ക്യാൻസർ നേത്രരോഗ പരിശോധന ക്യാമ്പുകൾ.

അടുത്ത സ്ക്കൂൾ വർഷാരംഭത്തിൽ തന്നെ പ്രത്യേക സ്ക്കൂൾ ആരോഗ്യ പരിപാടി ആരംഭിക്കണം. താഴെപ്പറയുന്ന പരിപാടികളാവാം.

കുട്ടികൾക്ക് പ്രത്യേക മെഡിക്കൽ ചെക്കപ്പും രോഗ നിർണ്ണയവും.

പോഷകാഹാര നില മെച്ചപ്പെടുത്താൻ ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുക.

പോഷണ വിദ്യാഭ്യാസം നൽകുക.

സ്ക്കൂൾ കുട്ടികൾക്ക് മെഡിക്കൽ കാർഡുകൾ വിതരണം ചെയ്യുക.

സ്കൂൾ പച്ചക്കറിത്തോട്ട നിർമ്മാണം ഇതുമായി ബന്ധപ്പെടുത്താം. മറ്റ് ആരോഗ്യ വിദ്യാഭ്യാസ ബോധവൽക്കരണ ക്ലാസ്സുകളും നടത്തണം. അദ്ധ്യാപകർക്ക് പ്രഥമശുശ്രൂഷാ പരിശീലനവും സ്കൂളുകളിൽ ഫസ്റ്റ് എയ്ഡ് ബോക്സ് സ്ഥാപനവും. പ്രായം ചെന്നവർക്കുവേണ്ടിയുള്ള വിവിധ പെൻഷൻ സ്കീമുകളുടെ കവറേജ് പൂർണ്ണമാക്കുന്നതിനുള്ള നടപടികളെടുക്കണം.

ഗ്രാമശുചീകരണ വാരം ആചരിക്കുക ആരോഗ്യ സംരക്ഷണത്തിൽ ശുചീകരണത്തിനുള്ള പങ്ക് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയാണ് ലക്ഷ്യം.

വീട് ശുചീക്കരണവും, കമ്പോസ്റ്റു നിർമ്മാണവും.

വിദ്യാലയം, ആശുപത്രി, റോഡ് കവല, ചന്ത മറ്റു

സ്ഥലങ്ങൾ ഇതു തുടർ പരിപാടിയാക്കി മാറ്റണം അതിനുവേണ്ട ബോധവൽക്കരണവും മേൽനോട്ടവും കമ്മറ്റി നടത്തണം.

പദ്ധതി കാലത്ത് തന്നെ എല്ലാ വീടുകളിലും കക്കൂസ് എന്നു പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കണം.

മാനസിക സംഘർഷം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മാനസികാരോഗ്യ ബോധവൽക്കരണം ആവിഷ്ക്കരിക്കണം.

ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ പഠിക്കുന്നതിനു വിശദമായി ആരോഗ്യപഠനം പഞ്ചായത്തിൽ നടത്തണം. ജനങ്ങളുടെ സഹകരണത്തോട് പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർന്നുള്ള പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കുകയും വേണം.

പഞ്ചായത്ത് രാജ് ആക്ട് പ്രകാരം പഞ്ചായത്തിനു ആരോഗ്യ ശുചീകരണ രംഗത്ത് കൂടുതൽ അധികാരങ്ങൾ കൈവന്നിരിക്കുകയാണ്.

ഗ്രാമപ്രദേശങ്ങളിൽ സർക്കാർ ഡിസ്പെൻസറികളുടെയും കമ്മ്യൂണിസ്റ്റ് ഹെൽത്ത് സെന്ററുകളുടെയും നടത്തിപ്പും നിയന്ത്രണവും.

പഞ്ചായത്തിലെ എല്ലാവിധ ഡിസ്പെൻസറികളുടെയും ആശുപത്രികളുടെയും നിയന്ത്രണവും മേൽ നോട്ടവും.

പൊതുജനാരോഗ്യം സംരക്ഷിക്കലും, മെച്ചപ്പെടുത്തലും.

മാതൃശിശു ക്ഷേമ കേന്ദ്രങ്ങളുടെ നടത്തിപ്പും നിയന്ത്രണവും.

സാംക്രമിക രോഗങ്ങൾക്കെതിരെ വാക്സിനേഷൻ ഉൾപ്പെടെയുള്ള ആരോഗ്യ സംബന്ധമായ വിദ്യാഭ്യാസവും രോഗപ്രതിരോധ നടപടികളും.

മയക്കുമരുന്നുകൾ ഉപയോഗിക്കുന്നതിനും, മദ്യപാനത്തിനും, പുകവലിക്കും എതിരായി പ്രചരണം നടത്തുകയും ബോധവൽക്കരണപരിപാടികൾ നടത്തുകയും ചെയ്യുക.

ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിനെതിരായി പ്രചരണവും, രക്തദാനവും, നേത്രദാനവും പ്രോത്സാഹിപ്പിക്കുകയും ബോധവൽക്കരണവും നടത്തുക. സ്വമേധയായുള്ള രക്തദാനവും നെത്രദാനവും പ്രോത്സാഹിപ്പിക്കുകയും ബോധവൽക്കരണക്യാമ്പുകൾ നടത്തുകയും ചെയ്യുക.

റോഡുകളും, ഓടകളും, മാർക്കറ്റുകളും മറ്റു പൊതു സ്ഥലങ്ങളും വൃത്തിയാക്കുകയും ഖരരൂപത്തിലുള്ള വർജ്യവസ്തുക്കൾ നീക്കം ചെയ്യുകയും ചെയ്യുക.

അലഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കുക.

കൊതുകു നിയന്ത്രണം.

പൊതുമൂത്രപ്പുരകളും, കക്കൂസുകളും കളിസ്ഥലങ്ങളും ഏർപ്പെടുത്തുക.

നദികളിലും കുളങ്ങളിലും കുളികടവുകൾ ഏർപ്പെടുത്തുകയും കന്നുകാലികളെ കുളിപ്പിക്കുന്നതിന് പ്രത്യേകം കടവുകൾ ഏർപ്പെടുത്തുകയും ചെയ്യുക.

# വനിത



## റിപ്പോർട്ട്

പുലിയൂർ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ജനസംഖ്യയിൽ പകുതിയിൽ കൂടുതൽ സ്ത്രീകളാണ്. തൊഴിൽ ചെയ്തു ഉപജീവനം നടത്തുവാൻ ഇപ്പോൾ ഒരു മാർഗ്ഗവുമില്ല.

ഓരോ കുടുംബത്തിന്റെയും ജീവിത ചുമതലയും, പലപ്പോഴും സ്ത്രീകൾ തന്നെ ഏറ്റെടുക്കേണ്ടതായും വരുന്നു. തൊഴിൽ ചെയ്യുവാൻ നമ്മുടെ പ്രദേശത്ത് വ്യവസായ സ്ഥാപനങ്ങളോ സ്വയം തൊഴിൽ ചെയ്യുന്നതിന് തൊഴിൽ പരിചയമോ അതിനുള്ള സാഹചര്യമോ ഇന്നില്ല. 9ാം പദ്ധതിയിൽ ഉൾപ്പെടുത്തി വനിതകൾക്ക് തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഓരോ ഗ്രാമ സഭയിൽ നിന്നും ഉന്നയിക്കപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

പുലിയൂർ തോനയ്ക്കാട് ഗ്രാമ സഭയിലൂടെ വനിതകളുടെ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിലേക്ക് ഇലഞ്ഞി മേൽ പ്രവർത്തിക്കുന്ന മെറ്റൽ സഹകരണ സംഘത്തിന്റെ ബ്രാഞ്ച് ആരംഭിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ആയതുകൊണ്ട് കുറഞ്ഞത് 25 കുടുംബങ്ങളിലെ സ്ത്രീകൾക്ക് തൊഴിൽ അവസരം ഉണ്ടാക്കി കൊടുക്കുവാൻ കഴിയും.

നിരക്ഷരരായ വനിതകൾക്ക് തുടർ വിദ്യാഭ്യാസത്തിന്റെ ഭാഗമായി പഠന കേന്ദ്രങ്ങൾ ആരംഭിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു.

തൊഴിൽ ചെയ്യുന്നതിന് സ്ത്രീ പുരുഷ വ്യത്യാസത്തിലുള്ള കൂലി ഏകീകരിക്കണമെന്ന് നിർദ്ദേശം ഉണ്ടായിരുന്നു.

തഴപ്പായ് നെയ്ത്ത് ആരംഭിക്കുവാൻ വനിതകൾ തയ്യാറാണെന്ന് റിപ്പോർട്ടിലൂടെ കാണിച്ചിരിക്കുന്നു. തയ്യൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് ആയി തയ്യൽ മെഷീൻ വാങ്ങി വിതരണം ചെയ്യണമെന്നും. തോനയ്ക്കാട് വനിതാ വ്യവസായ യൂണിറ്റ് എന്ന നിലയിൽ കൂൺ കൃഷി ചെയ്യുവാൻ തയ്യാറാണ്. അതിനുള്ള അസംസ്കൃത പദാർത്ഥമായ കച്ചി ഇവിടെ ധാരാളം ലഭിക്കും.

ഇലഞ്ഞി മേൽ 20ാം വാർഡിൽ നിലവിലുള്ള മെറ്റൽ സഹകരണസംഘം അതിന്റെ പ്രവർത്തനം വനിതകൾക്ക് കൂടുതൽ പ്രയോജനപ്രദമായി നടത്തുന്നതിലേക്ക് പദ്ധതി വിഹിതം നിർദ്ദേശിക്കുക.

വനിതകൾക്ക് തൊഴിൽ സാദ്ധ്യതയും അതിലൂടെ കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായകമായി 25 കുടുംബങ്ങൾക്ക് പശുക്കളെയും, ആടു വളർത്തലിനും ധനസഹായം നല്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു.

പുലിയൂർ ഗ്രാമ പഞ്ചായത്ത് 30ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ബ്ലോക്ക് ഓഫീസ് കേന്ദ്രീകരിച്ച് മഹിളാ സമാജത്തിന്റെ ചുമതലയിൽ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ഈ കെട്ടിടത്തിൽ മുൻ കാലത്ത് തന്നെ പ്രവർത്തനം ആരംഭിക്കുവാൻ (ഫ്രൂട്ട് പ്രോസസിംഗ്) കുറെ ഉപകരണങ്ങൾ എത്തി കഴിഞ്ഞിട്ടുണ്ട്. ആവശ്യം വേണ്ട വനിതകളെ ചേർത്ത് അതിന്റെ പ്രവർത്തനം എത്രയും വേഗം പൂർത്തിയാക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു.

അംഗൻവാടിയുടെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കണമെന്നും, ആയതിലേക്കുള്ള കെട്ടിടം പഞ്ചായത്തിൽ നിന്നും പണി കഴിപ്പിക്കണമെന്നും ആവശ്യം ഉയർന്നിരിക്കുന്നു.

പാലച്ചുവട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ചാരായഷാപ്പ് നിർത്തലാക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു.

വനിതാ വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിന് ഗ്രാമസഭയുടെ റിപ്പോർട്ടിൽ സൂക്ഷിച്ചിരിക്കുന്നു.

റെഡിമെയ്ഡ് വസ്ത്രനിർമ്മാണം അതിന് ആവശ്യമായ തയ്യൽ മെഷീൻ, തുണിത്തരങ്ങൾ ഇവ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു.

മുല്ല കൃഷി ചെയ്യുവാൻ വനിതകൾ തയ്യാറാണെന്നും 3ാം വാർഡ് ഗ്രാമസഭയുടെ വനിതാ ക്ഷേമം ഗ്രൂപ്പു ചർച്ച ചെയ്തു അറിയിച്ചിരിക്കുന്നു.

3ാം വാർഡിൽ ഉന്നയിച്ചിരിക്കുന്ന വനിതകളുടെ വാർദ്ധക്യകാല പെൻഷൻ, സാമൂഹ്യക്ഷേമത്തിൽ ഉൾപ്പെടുത്തി ചർച്ച ചെയ്തു തീരുമാനിക്കണം.

പുലിയൂർ പഞ്ചായത്ത് 4ാം വാർഡിൽ വനിതയും, സാമൂഹ്യക്ഷേമമവും, ഗ്രൂപ്പ് ചർച്ച ചെയ്തു എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു..

ഓരോ പ്രദേശത്തും ജനസംഖ്യയുടെ അടിസ്ഥാനത്തിൽ അംഗൻവാടികൾ പ്രവർത്തനം ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

## വനിതാ വ്യവസായ യൂണിറ്റ്

4ാം വാർഡിലെ വനിതകൾക്ക് തൊഴിൽ അവസരവും, അതിലൂടെ വരുമാനവും ഉണ്ടാകുന്നതിലേക്ക് വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. സഹകരണ മേഖലയിൽ 25 വനിതകളെ ഉൾപ്പെടുത്തി കൂൺകൃഷി ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുന്നു.

## രണ്ടാം വാർഡ്
## വനിതാ രംഗം

പുലിയൂർ പഞ്ചായത്ത് രണ്ടാം വാർഡിൽ സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനു വേണ്ടി 50 കുടുംബങ്ങളെ (താഴ്ന്ന വരുമാനക്കാരെ) തെരഞ്ഞെടുത്ത് കുറ്റി മുല്ല കൃഷി നടത്തുന്നതിനെ ഓരോ കുടുംബത്തിനും 10000 രൂപാ വീതം ധനസഹായം നൽകിയാൽ കുടുംബ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും.

പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യത കിട്ടുന്നതിനു വേണ്ടി കുടിൽ വ്യവസായം എന്ന നിലയിൽ തഴപ്പാനെയ്ത്തിന് 2500 രൂപാ വീതം നൽകിയാൽ ഈ വ്യവസായം അഭിവൃദ്ധിപ്പെടും. കൂടാതെ ബാർ സോപ്പ് നിർമ്മാണവും.

ബീഡി തൊറുപ്പ് വ്യവസായം താല്പര്യമുള്ള വനിതകൾ ഉണ്ടെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ഇതിനുള്ള അവസരം ഉണ്ടാക്കുവാൻ പദ്ധതിയിൽ തുക വകയിരുത്തി സഹായിക്കണമെന്നും ആവശ്യപ്പെടുന്നു.

കറവ പശുക്കളെ വളർത്തുന്നതിനുള്ള വനിതകളും തയ്യാറായിട്ടുണ്ട്. 25 കുടുംബങ്ങൾക്ക് ഇതിന് സബ്സിഡിയോടുകൂടി കൃത്യസമയത്ത് ലോൺ ലഭിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു. കറവ മാടുകളെ വളർത്തുന്നതിനോടൊപ്പം തൊഴുത്ത് നിർമ്മാണത്തിനും ലോണും ഗ്രാന്റും ലഭിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

ആടു വളർത്തലിന് 2 ആടുകളെ വീതം 25 കുടുംബത്തിന് വിതരണം ചെയ്യണമെന്നും കുറ്റിമുല്ല കൃഷിയും ഇവിടെ നടപ്പാക്കുവാൻ കഴിയും. ഈ വക കാര്യങ്ങളിലൂടെ വനിതകളുടെ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിച്ച് ജീവിത മാർഗ്ഗം കണ്ടെത്തുന്നതിന് ആവശ്യമായ എല്ലാ സഹായവും പദ്ധതി കാലത്ത് ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

പുലിയൂർ 5ാം വാർഡിൽ ഗ്രാമ സഭയിലൂടെ വനിതാ ക്ഷേമത്തിനായി നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

5ാം വാർഡിൽ അംഗൻ വാടിയും മാതൃശിശുസംരക്ഷണ കേന്ദ്രവും ഉണ്ടാകണമെന്നും ആയത് പദ്ധതിയുടെ ആദ്യ വർഷത്തിൽത്തന്നെ നടപ്പാക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. അംഗൻ വാടിയും മാതൃശിശു സംരക്ഷണ കേന്ദ്രവും തുടങ്ങുവാൻ 5ാം വാർഡിൽത്തന്നെ പുറം പോക്ക് ഭൂമി പഞ്ചായത്തിന്റെ ചുമതലയിൽ ഉള്ളതുകൊണ്ട് സ്വീകാര്യമായിരിക്കും. ഇതിന്റെ സർവ്വേ നമ്പർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ഖാദി വില്ലേജ് ഇൻഡസ്ട്രീസ് പദ്ധതി പ്രകാരം 50 വനിതകളെ ഉൾപ്പെടുത്തി സഹകരണ സംഘം രജിസ്റ്റർ ചെയ്തു. നൂൽനൂക്കുക, സോപ്പ് നിർമ്മാണം, പ്ലാസ്റ്റിക്, കുട്ട, ബാഗുകൾ ഇവ നിർമ്മിക്കുന്നതിന് ആവശ്യമായ കെട്ടിടം, മറ്റ് അനുബന്ധ സൗകര്യങ്ങളും ചെയ്തു കൊടുക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു.

## മെറ്റൽ സഹകരണസംഘം

സഹകരണ മേഖലയിൽ വനിതകൾക്ക് ആയി മെറ്റൽ അടിച്ച് വിതരണവും അതിലൂടെ തൊഴിൽ ചെയ്തു ജീവിത മാർഗ്ഗവും ആക്കാവുന്നതാണ്. ഇതിനുള്ള സൗകര്യം ചെയ്തു കൊടുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

കറവ പശുക്കളെ വളർത്തി ജീവിക്കുന്നതിന് വനിതകൾ തയ്യാറായിട്ടുണ്ട്. പദ്ധതി കാലത്ത് 75 കുടുംബങ്ങൾക്ക് ഈ സൗകര്യം ലഭിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു.

ആടിനെ വളർത്തുവാൻ താല്പര്യമുള്ള സ്ത്രീകൾ പുലിയൂർ 5ാം വാർഡിൽ സന്നദ്ധരായിട്ടുണ്ട്. 2 ആടുകളെ വീതം 5 വർഷത്തേക്ക് 200 വീടിന് ലോണും സബ്സിഡിയും ലഭിക്കുവാൻ ഇന്നുള്ള ബുദ്ധിമുട്ട് പരിഹരിച്ച് സഹായിക്കുവാൻ കഴിയണം.

## തയൽ മെഷീൻ വിതരണം

5ാം വാർഡിൽ തയ്യൽ പരിശീലനം ലഭിച്ചിട്ടുള്ള വനിതകൾക്ക് ഓരോ തയ്യൽ മെഷീൻ വാങ്ങി വിതരണം ചെയ്യുവാൻ പദ്ധതിയിൽ തുക വക ഇരുത്തണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

പുലിയൂർ 6ാം വാർഡിൽ പദ്ധതിയിൽ ഉൾപ്പെടുത്തി ദുർബ്ബല ജനവിഭാഗങ്ങൾക്ക് ആയി 5 വർഷം കൊണ്ട് 100 വീടുകൾക്ക് കറവ പശുക്കളെ വാങ്ങുന്നതിനുള്ള ലോൺ സബ്സിയും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു.

ആടു വളർത്തലിനും വനിതകൾ തയ്യാറായിട്ടുണ്ട്. രണ്ട് ആടുകളെ വീതം മൃഗാശുപത്രി വഴി വിതരണം ചെയ്യണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

കോഴി വളർത്തലിന് കോഴി കുഞ്ഞുങ്ങളെയും അതിനുള്ള പരിചരണവും പുലിയൂർ വെറ്റിനറി ആശുപത്രി വഴി നടപ്പാക്കുവാൻ തയ്യാറാകണം.

നെയ്ത്ത് പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. നെയ്ത്ത് പരിശീലനം മാത്രമല്ല അറിയാവുന്ന ആളുകളും വാർഡിൽ ഉള്ളതിനാൽ തറിയും, ചർക്കയും, തക്കിളിയും, നല്കി വസ്ത്രം നിർമ്മിക്കുന്നതിന് വനിതകൾ തയ്യാറാണ്. ആയതിന് പദ്ധതിയിൽ ലക്ഷ്യമിട്ട് ആവശ്യമായ സഹായം ചെയ്തു കൊടുക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു.

6ാം വാർഡിൽ ദുർബ്ബല ജനവിഭാഗത്തിന് 50 വീടുകളിൽ പരിശീലനം ലഭിച്ച വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്യണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ആയത് പദ്ധതിയുടെ ആദ്യ വർഷം തന്നെ നടപ്പാക്കണമെന്നും ആവശ്യം ഉന്നയിച്ചിരിക്കുന്നു.

തയ്യൽ പരിശീലനം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം ഇവ ആരംഭിക്കുന്നതിലേക്ക് 6ാം വാർഡിൽ തന്നെ N.S.S. മഹിളാ സമാജത്തിന്റെ കെട്ടിടവും വസ്തുവും നിലവിൽ ഉണ്ട്. ആയത് ഉപയോഗ പ്രദമാക്കാം. അതിന് പഞ്ചായത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുവാനും നിർദ്ദേശമുണ്ട്.

വനിതകൾക്ക് തന്നെ അടുക്കളത്തോട്ടം എന്ന നിലയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് നല്ലയിനം വിത്തുകളും, വളവും, കീടനാശിനിയും കൃഷി ഭവൻ വഴി നല്കണമെന്നും ആയതിലേക്ക് പഞ്ചായത്ത് മുൻകൈ എടുത്ത് പദ്ധതിയിൽ തുക വകയിരുത്തി നടപ്പിലാക്കണമെന്നും തീരുമാനിച്ചു.

7ാം വാർഡിൽ വനിതകൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്ക് സഹകരണ മേഖലയിൽ ചെറുകിട വ്യവസായം ആരംഭിക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്നു. മെഴുകുതിരി, ജാം, സ്ക്വാഷ്, ഫ്രൂട്ട് പ്രോസസിംഗ് ആയതിലേക്ക് കെട്ടിടവും അനുബന്ധ ഉപകരണങ്ങളും പദ്ധതി വിഹിതത്തിൽ നിന്നും, കെട്ടിടത്തിന് സ്ഥലം, പൊതുജനപങ്കാളിത്തവും

അംഗൻവാടികൾ, ബാലവാടി കേന്ദ്രങ്ങൾ തുടങ്ങുന്നതിനും, കുട്ടികൾക്കും, സ്ത്രീകൾക്കും പോഷകാഹാരം വിതരണം ചെയ്യണമെന്നും തീരുമാനിച്ചിരിക്കുന്നു. കെട്ടിടം മറ്റ് ഉപകരണങ്ങളും, പദ്ധതി വിഹിതവും, സ്ഥലം, പുറംപോക്ക് കണ്ട് അവിടെ സ്ഥാപിക്കണമെന്നും

പദ്ധതി കാലത്ത് ധനപരമായി പിന്നോക്കം നില്ക്കുന്ന 7ാം വാർഡിലെ 100 കുടുംബങ്ങൾക്ക് പശുവളർത്തുന്നതിന് ലോണും, ഗ്രാന്റും നല്കുക. ഓരോ വർഷവും 25 കുടുംബത്തിന് വീതം ബാങ്കിൽ നിന്ന് ലോൺ, ആട് വളർത്തൽ 2 ആടുകളെ വീതം 5 വർഷത്തിൽ 100 കുടുംബങ്ങൾക്ക് വിതരണം. ആയത് കൃഷി ഭവനിൽ നിന്ന്

വിതരണം ചെയ്യുക.

8 ാം വാർഡിൽ കോഴി വളർത്തലിന് സാദ്ധ്യതയുണ്ടെന്ന് നിർദ്ദേശിച്ചിരിക്കുന്നു. 200 കുടുംബത്തിന് 6 കോഴികളെ വീതം. പരിചരണം വാക്സിനേഷൻ ഇവ എല്ലാം മൃഗാശുപത്രി വഴി വിതരണം ചെയ്യുന്നതിന് പദ്ധതിയിൽ തുക വക കൊള്ളിച്ച് നടപടി സ്വീകരിക്കുക.

തഴപ്പായ് നെയ്ത്ത് 25 കുടുംബങ്ങൾക്ക് തഴപ്പായ് നെയ്ത്തിന് ധനസഹായം നല്കുന്നതാണ് ഇതിനുള്ള അസംസ്കൃത പദാർത്ഥം ലഭ്യമാണ്.

പുലിയൂർ പഞ്ചായത്ത് 9ാം വാർഡിൽ വനിതകൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്ക് ഗ്രാമ സഭാ റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നത്. താഴെ ചേർക്കുന്നു. വനിതകൾക്ക് സാമ്പത്തിക ഭദ്രതയും, സ്വാശ്രയ ബോധവും വളർത്തുന്നതിന് ഉപകരിക്കുന്നതിന് കൂട്ടായ പ്രവർത്തനം ആവശ്യമാണ്. റബ്ബർ ഉൽപ്പന്നങ്ങൾ ബന്റേജ്, കൈഉറ etc.. നിർമ്മാണം, വസ്ത്രനിർമ്മാണം കോഴി വളർത്തൽ ഇവ ആവശ്യപ്പെട്ടിരിക്കുന്നു.

## വ്യവസായം

പുലിയൂർ പഞ്ചായത്തിലുള്ള തൊഴിൽ രഹിതരായ വനിതകൾക്ക്, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ആരംഭിച്ചിരിക്കുന്ന പദ്ധതി അനുസരിച്ച് വനിതാ ക്ഷേമ ബോർഡിൽ നിന്ന് ലോണും, മറ്റും സബ്സിഡിയോടു കൂടി എടുത്ത് വിവിധ ഇനം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിയും. അങ്ങനെ വായ്പ എടുത്ത് വ്യവസായം തുടങ്ങുന്ന ആളുകൾക്ക് സബ്സിഡിയായി പദ്ധതി വിഹിതത്തിൽ നിന്ന് ഓരോ വ്യക്തിക്കും 2000/ രൂപ വീതം ഗ്രാന്റ് പഞ്ചായത്ത് നല്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

പുലിയൂർ പഞ്ചായത്തിൽ ആറാം വാർഡിൽ വനിതകൾക്കായി പട്ടുനൂൽപുഴുക്കളെ വളർത്തി അതിലൂടെ നൂൽ സംഭരിച്ച് വിപണിയിൽ എത്തിക്കുന്നതിനും ആയതിലേക്ക് പദ്ധതി കാലത്ത് രണ്ട് യൂണിറ്റ് ആരംഭിക്കുന്നതിനും നിർദ്ദേശമുണ്ട്. ഇതിലേക്ക് ബൾബറി ചെടി വളർത്തുന്നതിനും പുഴുക്കളെ ലഭിക്കുന്നതിനും മറ്റു ഉപകരണങ്ങൾക്കും ധനസഹായം ലഭിക്കണം. ആവശ്യമായ പരിശീലനവും ഈക്കാര്യത്തിന് നൽകേണ്ടതാണ്.

## ഗ്രാമ സഭാ റിപ്പോർട്ട്
## വനിതാ വ്യവസായം

പുലിയൂർ ഗ്രാമ പഞ്ചായത്തിന്റെ എല്ലാ വാർഡിലും അംഗൻവാടി തുടങ്ങണമെന്ന് ഗ്രാമ സഭാ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരിക്കുന്നു. അംഗൻ വാടി സ്ഥാപിക്കുവാനുള്ള സ്ഥലം പൊതു ജന പങ്കാളിത്തത്തോടു കൂടി ഡിപ്പാർട്ടുമെന്റിന് കൈമാറി കൊള്ളാമെന്നും തീരുമാനിച്ചിരിക്കുന്നു.

വനിതാ വ്യവസായ സഹകരണ സംഘം ആരംഭിക്കണമെന്നും നിർദ്ദേശം ഉണ്ടായിരിക്കുന്നു.

കോഴി വളർത്തൽ യൂണിറ്റ് സ്ഥാപിക്കുവാൻ 50 സെന്റ് സ്ഥലവും കെട്ടിടവും പണി കഴിപ്പിക്കുന്നതിന് പദ്ധതി വിഹിതത്തിൽ തുക വക ഇരുത്തണമെന്നും നിർദ്ദേശിച്ചിരിക്കുന്നു.

തയ്യൽ സ്ക്കൂളും, തയ്യൽ പരിശീലന കേന്ദ്രവും ആരംഭിക്കണമെന്ന് തീരുമാമിച്ചു ഇതിലേക്ക് 50 വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്യുവാൻ തയ്യാറാകണം

**ചെറുകിട വ്യവസായം**
**സോപ്പ് നിർമ്മാണം**
**മെഴുകുതിരി നിർമ്മാണം**

തഴപ്പായ് നെയ്ത്ത് ഇതിന് അസംസ്കൃത വസ്തുവായ തഴ എട്ടാം വാർഡിൽത്തന്നെ ലഭിക്കുന്നുണ്ട്. ആയതുകൊണ്ട് ഇവിടെ പരിചയമുള്ള 50 വനിതകൾക്ക് തൊഴിൽ ഉണ്ടാക്കി കൊടുക്കുവാൻ കഴിയും. ഇതിലേക്ക് ആവശ്യമായ തുക പദ്ധതിയിൽ ഉൾപ്പെടുത്തി തഴപ്പായ് നെയ്ത്ത് ആരംഭിക്കേണ്ടതാണ്.

വനിതകൾക്കുള്ള തൊഴിൽ എന്ന നിലയിൽ നൂൽനെയ്ത്ത് വസ്ത്ര നിർമ്മാണം, തറിയും തകിളിയും, ചർക്കയും, ഒരു യൂണിറ്റ് ഇതോടൊപ്പം ഈ തൊഴിലിന് വനിതകൾ പരിശീലനവും നല്കുന്നതിനുള്ള നടപടി പദ്ധതി കാലത്ത് ആരംഭിക്കാം.

## വനിതാ നിർദ്ദേശം

1. വനിതകൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ അടിസ്ഥാനത്തിൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങാവുന്നതാണ്.

2. വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള പരിശീലനവും, സഹായവും ചെയ്തു കൊടുക്കുവാൻ കഴിയണം.

3. പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കളുടെ അടസ്ഥാനത്തിൽ വ്യവസായ വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

4. പഞ്ചായത്തിലെ ഗൾഫ് കുടിയേറ്റക്കാരായ കുടുംബങ്ങളിലെ വനിതകൾക്ക് ഈ നിലയിലുള്ള വ്യവസായ യൂണിറ്റുകൾക്ക് മുതൽ മുടക്കുക.

5. പരമ്പരാഗതമായിട്ടുള്ള വ്യവസായങ്ങ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

## പ്രശ്നങ്ങൾ

1. വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ പഞ്ചായത്തിൽ സ്ഥല സൗകര്യ കുറവുണ്ട്.

2. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള താമസം. വ്യവസായത്തിന് ആവശ്യമായി വേണ്ടി വരുന്ന ലൈസൻസ് ലഭിക്കുവാൻ ബുദ്ധിമുട്ട്.

| വാർഡ് | തൊഴിൽസംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെഎണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| II | Food Processing Unit<br><br>Davi DWCRA Unit<br>Elenjimel<br>Poliyoor. | 3 / 4 / 96 | 10 | നല്ലരീതിയിൽ പ്രവർത്തിക്കുന്നു |

# സഹകരണമേഖല



1960 ജൂൺ 23 ന് പുലിയൂർ വിവിധോദ്ദേശ സഹകരണസംഘം ഏ109 എന്ന പേരിൽ രജിസ്റ്റർചെയ്യുകയും ജൂലൈ 24 ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 32 അംഗങ്ങളെ കൊണ്ട് പ്രവർത്തനമാരംഭിച്ച സംഘത്തിന് തന്നാണ്ടിൽ 5 അംഗങ്ങൾ കൂടി ചേരുകയുണ്ടായി. 1960 ൽ 106 ഓഹരിയും 1060 രൂപാ മൂലധനവും ഉണ്ടായിരുന്നു. 10 .11.60 വരെ 5 അംഗങ്ങൾക്കായി 400 രൂപാ വായ്പയായി കൊടുത്തിട്ടുണ്ട്. ആലപ്പുഴ ഡിസ്ട്രിക് ബാങ്കിൽ ഓരു ഓഹരി എടുത്തിട്ടുള്ളതുമാണ്. പേരിശ്ശേരി 3,4 വാർഡുകളിൽ, പുലിയൂർ 5 ാം വാർഡിൽ ഓരോ റേഷൻഡിപ്പോകൾ തുറന്നു പ്രവർത്തിച്ചു. 1965 ജനുവരിയിൽ കാർഡുകൾ പുനർവിഭജനം ചെയ്തതിനെ തുടർന്ന് 5 ലെ റേഷൻകട 6 ാം വാർഡിൽ തോനയ്ക്കാട് എന്ന സ്ഥലത്ത് മാറ്റിസ്ഥാപിച്ചു. ഫാക്റ്റിന്റെ മാനുവൽ ഡീലേഴ് ലൈസൻസ് എടുത്തു. അംഗീകൃത ഏജന്റായി ഒരു വളം ഡിപ്പോ 1965 ജൂൺ 14 ന് പേരിശ്ശേരിയിൽ സ്ഥാപിച്ചു.

## ഭരണം

1960 ജൂലൈ 24 മുതൽ കെ. ശങ്കരൻനായർ പ്രസിഡന്റും പി. എസ്. ശങ്കരൻ സെക്രട്ടറിയുമായി 10 പേരുള്ള ഒരു ഭരണസമിതി രൂപീകരിച്ച് പ്രവർത്തനം നടത്തിവന്നിരുന്നു. 1964 മെയ് 24 മുതൽ ഈപ്പൻ ഇഞ്ചക്കലോടി പ്രസിഡന്റും, പി. എസ്. ശങ്കർ സെക്രട്ടറിയും 9 പേരുള്ള ഒരു കമ്മറ്റിയും ഭരണം നടത്തിവന്നിരുന്നു.

## ഭാവി പ്രവർത്തനങ്ങൾ

പുലിയൂർ പഞ്ചായത്ത് പാക്കേജ് സ്കീമിൽ ഉൾപ്പെടുത്തി അംഗങ്ങൾക്ക് വായ്പ കൊടുക്കുന്നതിലേക്കായി വിതരണത്തിന് 50,000 രൂപാ അനുവദിച്ചു. അതിലേക്കായി വിതരണം ചെയ്യുന്നതിന് അംഗസംഖ്യ 500 ആയി വർദ്ധിപ്പിക്കുകയും ചെയ്തു. സംഘത്തിന് സ്വന്തമായി 10 1/2 സെന്റ് ഭൂമിയും കെട്ടിടവും ഉണ്ട്. ഇപ്പോൾ 3135 സഹകാരികളും, 2 ലക്ഷം രൂപാ ഓഹരി മൂലധനവും ഉണ്ട്. ചിട്ടിയും, സ്വർണ്ണപണയവും, കാർഷിക വായ്പയും നൽകുന്നു. നിലവിൽ 7 പേരുള്ള ഭരണസമിതിയും, പ്രസിഡന്റായി ശ്രീ. വാസുപിള്ളയും.

ഇലഞ്ഞിമേൽ 20ാം വാർഡിൽ സഹകരണ മേഖലയിൽ മെറ്റൽ ക്രഷിംഗ് ഹരിജൻ വനിതാ സഹകരണ സംഘവും പ്രവർത്തിക്കുന്നു. 100 വനിതകൾക്ക് 110 രൂപാ വീതം മെമ്പർഷിപ്പും, 900 രൂപാ ഗവൺമെന്റ് വീതവുമായി........ വർഷം തുടങ്ങി. ഒരു സെക്രട്ടറിയും, ഡയറക്ടർബോർഡും ഉണ്ട്. സ്വന്തമായി സ്ഥലവും കെട്ടിടവും നിർമ്മിച്ചു കഴിഞ്ഞു. കരിങ്കൽ പൊട്ടിച്ച് മെറ്റിലാക്കി കച്ചവടം നടത്തുന്ന സ്ഥാപനമാണ്, ഇപ്പോൾ നല്ലനിലയിൽ പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിൽ മറ്റ് തൊഴിലവസരങ്ങൾ കൂടി സൃഷ്ടിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പേരിശ്ശേരി സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് പുലിയൂർ പഞ്ചായത്തിലെ കൃഷിക്കാർക്കും മറ്റ് ജനവിഭാഗത്തിനും സാമ്പത്തിക രംഗത്ത് സാമ്പത്തിക ലോണും, വളങ്ങളും, കീടനാശിനിളും, സ്വർണ്ണ പണയത്തിൻമേൽ പണവും കൊടുത്ത് സഹായിക്കുന്നുണ്ട്. കാലാകാലങ്ങളിൽ ഭരണസമിതിയിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നു. പൊതുയോഗവും മറ്റുംകൂടി സഹകാരികളെ കാര്യങ്ങൾ കൂടുതൽ ബോദ്ധ്യപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇന്നുള്ളതിൽ നിന്ന് കുറെകൂടി വിപുലമായ മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കണം. പദ്ധതി കാലത്ത് സംഘത്തിലൂടെ കാർഷികോപകരണങ്ങളായ ട്രാക്ടർ, ട്രില്ലർ, തെങ്ങ് കയറ്റ ഉപകരണം, പമ്പ്സെറ്റ് ഇവ സബ്സിഡിയോട്കൂടി കൊടുക്കുവാൻ തയ്യാറാകണം.

ഇലഞ്ഞിമേൽ നിലവിൽ പ്രവർത്തിക്കുന്ന ക്ഷീരസഹകരണ സംഘം പ്രദേശത്തെ കർഷകർക്ക് ഒരളവുവരെ സഹായകരമായി. തോനയ്ക്കാടും, ഇലഞ്ഞിമേലും ഉള്ള കാലിവളർത്ത് കൃഷിക്കാർക്ക് പ്രയോജനം ലഭിക്കുന്നു. ഈ സംഘത്തിന്റെ പ്രവർത്തന ഏര്യായിലേക്കുവരുന്ന കർഷകർക്ക് കാലിതീറ്റയും, തീറ്റപുല്ല് വച്ചുപിടിപ്പിക്കുവാനുള്ള വിത്തും, മറ്റ് സൗകര്യങ്ങളും ചെയ്തുകൊടുക്കണം.

## നിർദ്ദേശങ്ങൾ

1. പേരിശ്ശേരി കേന്ദ്രീകരിച്ച് പ്രവർത്തിച്ചുകൊണ്ടിരുന്ന ക്ഷീര സഹകരണസംഘത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുക.
2. അയൽകൂട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ സംഘടിപ്പിക്കുക.
3. പുതിയ സഹകരണസംഘങ്ങൾ രൂപീകരിക്കുക.
4. പഞ്ചായത്ത് വികസന പദ്ധതികളുമായി ബന്ധമുള്ള മാർക്കറ്റിംഗ് സർവ്വീസ് സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
5. ലേബർ കോൺട്രാക്റ്റ് സൊസൈറ്റി പോലുള്ള നൂതന സംരംഭങ്ങൾ.
6. ജനറൽബോഡികൾ ചടങ്ങാക്കാതെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ശ്രമിക്കുക.

## പ്രശ്നങ്ങൾ

1. പുതിയ പ്രവർത്തന മേഖലകളിലേക്ക് കടന്നുകയറാനുള്ള ആത്മ ധൈര്യമില്ലായ്മ.
2. സാങ്കേതികമായ പരിചയകുറവ്.
3. സങ്കുചിതമായ കക്ഷിരാഷ്ട്രീയ അടിസ്ഥാനത്തിലുള്ള മത്സരങ്ങൾ.
4. മാനേജ്മെന്റിന്റെ കാര്യക്ഷമതയില്ലായ്മ.

## സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| 1. ജില്ലാ സഹ കരണ ബാങ്ക് | കൃഷി | 4,00000/- |
| 2. ജില്ലാ സഹ കരണ ബാങ്ക് | കിണർ പമ്പ് സെറ്റ് | 10,85,550/-3. |
| 3. ഗവൺമെന്റ് | ഗോൾഡ് ലോൺ | 19,500/- |

## നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

| വായ്പാസ്വഭാവം | തുക |
|---|---|
| 1. കർഷക വായ്പ | 37,372.00 |
| 2. സാധാരണ വായ്പ | 4,75,138.00 |
| 3. കുടിശിക പലിശകിട്ടാൻ | 3,19,747.00 |

## സ്ഥാപനത്തിന്റെ ചിലവുകൾ

1. Establishments charge - 133598.00
2. Contingennies - 51479.00

## വായ്പാ സഹ: സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1. ചിട്ടി - 25000 രൂപയുള്ളത് (ഒന്ന്)
2. വളം കീടനാശിനി വില്പന - 2 ഡിപ്പോ

## സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

1. സ്ഥാപനത്തിന്റെ പേര് - A.109 പേരിശ്ശേരി സഹകരണ സംഘം
2. പ്രവർത്തന പരിധി - 1, 3, 4, 6, 7, 8 വാർഡുകൾ
3. ക്രെഡിറ്റിം ലോൺ
4. പ്രവർത്തനം ആരംഭിച്ച വർഷം - 1960
5. ആകെ അംഗങ്ങൾ - 3135
6. ഒരു ഓഹരിയുടെ വില 10 രൂപ
7. അംഗീകൃത ഓഹരി മൂലധനം - 200000/-
8. പിരിഞ്ഞുകിട്ടിയ മൂലധനം(ഓഹരി) - 198200/-
9. സർക്കാർ ഓഹരി ഉണ്ടോ? ഉണ്ട് 25500/-
10. പരമാവധി കടം എടുക്കാവുന്ന തുക ഓഹരിയുടെ 35 മടങ്ങ്

## പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

A സ്ഥിരം 5084040/-
B ഹ്രസ്വകാലം 705267/-

## നൽകിയിട്ടുള്ള വായ്പകൾ

### കാർഷിക വായ്പകൾ

| ഇനം | തുക |
|---|---|
| 1. കിണർ | 400000/- |
| 2. പമ്പ് സെറ്റ് | 108550/- |

## മറ്റ് വായ്പകൾ

| ഇനം | തുക |
|---|---|
| 1. സാധാരണ വായ്പകൾ | 685600/- |
| 2. സ്വർണ്ണപണയ വായ്പ | 574776/- |
| 3. നിക്ഷേപ വായ്പ | 831700/- |

## കാർഷിക വികസന ബാങ്കുകൾ ഈ പഞ്ചായത്തിൽ ചെയ്ത വായ്പകളുടെ വിവരം

| വർഷം | എത്രപേർക്ക് | ഏതിനംവായ്പ | നൽകിയതുക |
|---|---|---|---|
| 1991 | 3 പേർക്ക് | വീടുവായ്പ | 1,11,000/- |
| 1994 | 4 പേർക്ക് | വീടുവായ്പ | 2,20,000/- |
| 1995 | 1 പേർക്ക് | വീടുവായ്പ | 30,000/- |
| 1995 | 11 പേർക്ക് | വീടുവായ്പ | 10,45,000/- |
| 1996 | 4 പേർക്ക് | വീടുവായ്പ | 4,85,000/- |

## ഗ്രാമസഭാറിപ്പോർട്ട്

പുലിയൂർ 10ം വാർഡ് തോനക്കാട് ഗ്രാമസഭ കൂടി ചർച്ച ചെയ്ത് എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

9ാം പദ്ധതി ജനകീയ പദ്ധതി ആയി കഴിഞ്ഞപ്പോൾ സഹകരണ മേഘലക്ക് വളരെ പ്രാധാന്യം ഉണ്ട്. ആയതു കൊണ്ട് പുലിയൂർ പഞ്ചായത്തിൽ ഏകസഹകരണസംഘം ഏ109 പേരിശ്ശേരിയിൽ സ്ഥിതി ചെയ്യുന്നു.

തോനക്കാട് പ്രദേശവും ഈ സംഘത്തിന്റെ പ്രവർത്തന ഏരിയയിൽ വരുന്ന സ്ഥലമാണ്. ഈ പ്രദേശത്തെ കൃഷിക്കാർക്കും, തൊഴിലാളികൾക്കും, മറ്റ് ബിസിനസ് ഇടപാടുകൾക്കുമായി സംഘവുമായി ബന്ധപ്പെടുന്നതിന് ഉദ്ദേശം 4 കി.മീ. സഞ്ചരിക്കേണ്ടതായി വരുന്നു.

ആയതിനാൽ പേരിശ്ശേരി സർവീസ് സഹകരണ സംഘത്തിന്റെ ബ്രാഞ്ച് തോനക്കാട് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെടുന്നു. ആയതിലേക്ക് കെട്ടിടം പണികഴിപ്പിക്കുന്നതിന് പദ്ധതി വിഹിതത്തിൽ തുക വക ഇരുത്തണമെന്നും സ്ഥലം പൊതുജനങ്ങളുടെ പങ്കാളിത്തത്തോടു കൂടി നല്കുന്നതിന് തീരുമാനിച്ചു.

ഇലഞ്ഞിമേൽ ക്ഷീരോല്പാദക സഹകരണസംഘം പ്രവർത്തിക്കുന്നു. ഈ പ്രദേശത്തെ കന്നാലി വളത്തുകാർ പാൽ അളക്കുന്നത് അവിടെയാണ്. വളരെ ദൂരം യാത്രചെയ്തുവേണം പോകുവാൻ. ആകെയാൽ തോനയ്ക്കാട് പ്രദേശത്തുതന്നെ ഒരു കളക്ഷൻ സെന്റർ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

## മെറ്റൽ സഹകരണസംഘം

പദ്ധതിക്കാലത്ത് തോനക്കാട് പ്രദേശത്ത് തൊഴിൽ രഹിതരായ സ്ത്രീകളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമായി മെറ്റൽ സഹകരണസംഘത്തിന്റെ ബ്രാഞ്ച് തോനയ്ക്കാട് ആരംഭിക്കണം. 50 സ്ത്രീകളെ ചേർക്കണം. 110 രൂപാ ക്രമത്തിൽ 50 സ്ത്രീകളെ മെമ്പർമ്മാരാക്കുക. അങ്ങനെ വ്യവസായ ഓഫീസിൽ സഹകരണസംഘം രജിസ്റ്റർ ചെയ്യണം.

ഇതിലേക്ക് ആവശ്യമായി വേണ്ടിവരുന്ന തുക പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തണം. ആങ്ങനെ ആ സ്ഥാപനത്തിന്ഉള്ള സ്ഥലം പൊതുവിലുള്ള സ്ഥലമോ ബഹുജന പങ്കാളിത്തത്തോട്കൂടി എടുക്കുന്നതിനും തീരുമാനിച്ചു.

## തയ്യൽ മെഷിൻ വിതരണം.

ചാരിറ്റബിൾ ആക്ട് അനുസരിച്ച് സഹകരണസംഘം രജിസ്റ്റർ ചെയ്യുകയും തയ്യൽ പരിശീലനം ലഭിച്ച 25 വനിതകൾക്കു വീതം പദ്ധതിയുടെ ഓരോ വർഷവും മെഷീൻ കൊടുക്കുവാനും ഇവർ ഉല്പാദിപ്പിക്കുന്ന വസ്ത്രങ്ങൾ സംഘത്തിന്റെ തന്നെ ചുമതലയിൽ വിറ്റഴിക്കുന്നതിനും ഉള്ള പദ്ധതിക്കാണ് രൂപം നൽകുന്നത്. അംഗങ്ങളാകുന്നവരിൽ നിന്ന് നിശ്ചിത തുക സംഘത്തിന്റെ മുടക്കു മുതൽ എന്ന നിലയിൽ പിരിച്ചെടുക്കാവുന്നതുമാണ്. ഈ നിലയിലുള്ള

പ്രവർത്തനത്തിനാണ് ഒന്നാം വാർഡ് ഗ്രാമ സഭ തീരുമാനിച്ച് റിപോർട്ട് നൽകിയിട്ടുള്ളത്.

പുലിയൂർ 3 ാം വാർഡിൽ ഗ്രാമ സഭയുടെ നിർദ്ദേശത്തിൽ സൂചിപ്പിച്ചിട്ടുള്ളത് പേരിശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന്റെ ബ്രാഞ്ച് പ്രവർത്തനം ആരംഭിക്കണമെന്നാണ്, ആയതിലേക്ക് 3 ാം വാർഡിൽ സൗകര്യപ്രദമായ കെട്ടിടം കൊടുത്തു കൊള്ളാമെന്ന് ഉദ്ദേശ്യമുണ്ട്.

ഇലഞ്ഞിമേൽ പ്രവർത്തിക്കുന്ന സഹകരണ ക്ഷീരോല്പാദന സംഘത്തിന്റെ പ്രവർത്തന മേഖലകൂടിയായ പ്രദേശമാകയാൽ മിൽമായുടെ ബൂത്ത് പ്രവർത്തനം ആരംഭിക്കണമെന്ന് നിർദ്ദേശമുണ്ട്.

മിനി മാവേലി സ്റ്റോർ 3 ാം വാർഡിൽ പ്രവർത്തിക്കണമെന്നും, ആയതിൽ കൂടി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു.

ക്രഷർ മെറ്റൽ യൂണിറ്റ് സ്ഥാപിക്കുവാൻ പദ്ധതിക്കാലത്ത് ഉദ്ദേശിക്കുന്നു.

പുലിയൂർ 4 ാം വാർഡിൽ ഹരിജനങ്ങൾക്കായി സഹകരണ അടിസ്ഥാനത്തിൽ തഴപ്പായ് നെയ്ത്ത് നിർദ്ദേശിച്ചിരിക്കുന്നു.

ഈറ്റ, പനമ്പ് ഇവയുടെ ഉല്പന്നങ്ങൾ നിർമ്മിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ മെറ്റൽ വ്യവസായം ഇവയ്ക്കായി സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതാണ്.

പുലിയൂർ 6 ാം വാർഡ് കേന്ദ്രീകരിച്ച് സഹകരണ മേഖലയിൽ ഒരു ആശുപത്രി ആരംഭിക്കണം. ഈ ആവശ്യത്തിലേക്കായി ഉദ്ദേശം 7 വർഷത്തിനു മുമ്പ് വസ്തു വാങ്ങിയിട്ടുണ്ട്. ഗ്രൂപ്പ് സഹകരണ ആശുപത്രി എന്ന നിലയിൽ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നതിനു വേണ്ടിയാണ് ആയതിന് കെട്ടിടം പണികഴിപ്പിക്കുന്നതിനുള്ള തുക പദ്ധതിയുടെ ആദ്യവർഷത്തിൽ തന്നെ കണ്ടെത്തണം. ആതുര സേവന രംഗത്ത് ഇപ്പോൾ പുലിയൂർ ഗ്രാമ പഞ്ചായത്തിലുള്ളത് ഒരു P. H. സെന്ററും, ആയുർവ്വേദ ഡിസ്പെൻസറിയുമാണ്. മനുഷ്യന് അസുഖം ബാധിച്ചാൽ പലപ്പോഴും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളെ അഭയംപ്രാപിക്കുന്നു. വർദ്ധിച്ച നിലയിലുള്ള തുകയും അവിടെ ചിലവഴിക്കേണ്ടതായി വരുന്നു. ധനപരമായി പിന്നോക്കം നിൽക്കുന്നവർക്ക് അതിനു കഴിയുന്നില്ല.

ആയതുകൊണ്ട് സഹകരണ മേഘലയിൽ തന്നെ പഞ്ചായത്തിന് ആകെ പ്രയോജനം ലഭിക്കുന്ന ആശുപത്രിക്ക് മുൻതൂക്കം നൽകേണ്ടതാണ്, ആയതിലേക്ക് ഏറ്റവും വലിയ വിഭവസമാഹരണമെന്ന നിലയിൽ വസ്തു സ്വന്തമായിട്ടുള്ളത് വലിയ നേട്ടമാണ്. ഈ പ്രശ്നം 6 ാം വാർഡ് ഗ്രാമസഭയിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

പുലിയൂർ പഞ്ചായത്തിൽ 7 ാം വാർഡ് ഗ്രാമ സഭയിലൂടെ പ്രസ്തുത വാർഡിൽ തന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി പ്രവർത്തന രഹിതമായികിടക്കുന്നതുമായ പാൽ സഹകരണ സംഘം (ക്ഷീരോല്പാദക സഹകരണസംഘം) തുടർന്ന് പ്രവർത്തിക്കണം. ഇതു നിമിത്തം പേരിശ്ശേരി ഭാഗത്ത് 5, 6, 7, 8, 9 എന്നീ വാർഡുകളിലെ കന്നുകാലിവളർത്ത് കൃഷിക്കാരെ സഹായിക്കുവാൻ കഴിയും. ഇതിന് പഞ്ചായത്തു കമ്മറ്റി മുന്തിയ പരിഗണന നൽകി നടപ്പിലാക്കുവാൻ തയ്യാറാകണമെന്ന് ഗ്രാമ സഭ ആവശ്യപ്പെട്ടിരിക്കുന്നു.

പേരിശ്ശേരി സഹകരണ സംഘം വഴി ട്രാക്ടർ, ട്രില്ലർ വാങ്ങി കൃഷിക്കാരെ സഹായിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക ആയതിന് പദ്ധതി വിഹിതം തുക കണ്ടെത്തുകയും വേണം.

പുലിയൂർ പഞ്ചായത്തിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന കാർഷികോല്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനത്തിനുമായി പഞ്ചായത്തു നിലവാരത്തിൽ ഒരു മാർക്കറ്റിംഗ് സഹകരണസംഘം ആരംഭിക്കേണ്ടതാണ്, ആയതിന്റെ പ്രയോജനം പുലായൂർ പ്രദേശത്തെ എല്ലാ കൃഷിക്കാർക്കും ലഭിക്കും. കർഷകന്റെ ഉല്പന്നങ്ങൾ ന്യായമായ വിലയ്ക്ക് സഹകരണ സംഘം വാങ്ങുകയും അതിലൂടെ വിപണനം നടത്തുകയും, സംഘത്തിലൂടെ തന്നെ കൃഷിക്കാർക്ക് വിത്തും വളവും, കീടനാശിനികളും ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുന്നതിനും കഴിയും. ഈ നിർദ്ദേശം പരിഗണിച്ച് പദ്ധതിക്കാലത്ത് സംഘത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിലേക്ക് പദ്ധതി തുക വകയിരുത്തി പ്രവർത്തനം ആരംഭിക്കണമെന്ന പുലിയൂർ 4 ാം വാർഡ് ഗ്രാമ സഭയുടെ സഹകരണ മേഘലയിൽ ചർച്ച ചെയ്ത ഗ്രൂപ്പ് തീരുമാനിച്ച് അറിയിച്ചിരിക്കുന്നു.

നിലവിലുള്ള പേരിശ്ശേരി സഹകരണ സംഘത്തിന്റെ വായ്പ്പാ പദ്ധതി ലഘൂകരിക്കേണ്ടതും കൊടുത്തു കൊണ്ടിരിക്കുന്ന കാർഷിക വായ്പ്പയും മറ്റും തുക വർദ്ധിപ്പിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിരിക്കുന്നത്.

നിലവിലുള്ള വായ്പ്പാ പദ്ധതിക്ക് മാറ്റം വരുത്തുകയും വ്യവസായ ആവശ്യങ്ങൾക്ക്, ഭവന നിർമ്മാണത്തിനും, മറ്റും വിപുലമായ രീതി ആവിഷ്ക്കരിക്കണം.

സഹകരണ അടിസ്ഥാനത്തിൽ ഒരു ആശുപത്രി ആരംഭിക്കണമെന്നും, അങ്ങനെ സ്ഥാപിക്കപ്പെടുന്ന ആശുപത്രിയിൽ ആബുലൻസ് വാൻ ഉൾപ്പെടെ ഏർപ്പാടുണ്ടാക്കണമെന്ന് നിർദ്ദേശമുണ്ടായിരിക്കുന്നു.

കൊപ്രായ്ക്കും, നെല്ലിനും വേണ്ടി മാത്രം ഒരു സഹകരണ സംഘം സ്ഥാപിക്കേണ്ടതാണ്. നാളികേര കൃഷിക്കാരുടെ സഹായത്തിനും ശേഖരണം വിപണനം ഈ സംഘത്തിലൂടെ നടപ്പാക്കാവുന്നതാണ്.

പുലിയൂർ 7 ാം വാർഡിൽ കൊപ്രാ സംഭരണം, സംസ്ക്കരണം എന്നിവയോടുകൂടി ഒരു ഓയിൽ മില്ല് സ്ഥാപാക്കുവാനും നിർദ്ദേശിച്ചിരിക്കുന്നു.

പുലിയൂർ പഞ്ചായത്ത് 9 ാം വാർഡിന്റെ ഗ്രാമ സഭയുടെ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരിക്കുന്നത് ആ പ്രദേശത്ത് സഹകരണ മേഘലയിലുള്ള ഒരു മിനി മാവേലിസ്റ്റോർ സ്ഥാപിക്കണമെന്ന്.

ഈ പ്രദേശത്തെ ജനങ്ങൾ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്കുവാങ്ങാൻ മാവേലി സ്റ്റോറിനെ സമീപിക്കണമെങ്കിൽ ഉദ്ദേശം 3 കി. മി. യാത്ര ചെയ്ത് ചെങ്ങന്നൂരിൽ പോകേണ്ടിയിരിക്കുന്നു. ഈ ബുദ്ധിമുട്ട് ഒഴിവാക്കുവാൻ ഈ മാവേലിസ്റ്റോറിന്റെ പ്രവർത്തന ത്തോടുകൂടി പരിഹരിക്കപ്പെടും.

സഹകരണ രംഗത്തുകൂടി ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ ഒരു യൂണിറ്റ്, ഉപകരണങ്ങൾ വാങ്ങി അസംബിൾ ചെയ്തുകൊടുക്കുന്ന രീതിയായാലും മതി. ഇതിന് പുലിയൂർ പഞ്ചായത്തിൽ തന്നെ പേരിശ്ശേരി വനിതാ സഹകരണ സംഘത്തിന്റെ ഒരു ശാഖ ഇവിടെ തുറന്ന് പ്രവർത്തിക്കുകയും അതിലൂടെ കുറെ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനവും ആയിതീരും.

ഈ പ്രദേശത്ത് ഒരു മിൽമായുടെ ബൂത്ത് തുറന്ന് പ്രവർത്തിക്കണമെന്നും നിർദ്ദേശമുണ്ടായിരിക്കുന്നു.

പുലിയൂർ പഞ്ചായത്തുമായി ഭൂമിശാസ്ത്രപരമായി അകന്നു കിടക്കുന്ന പ്രദേശമെന്ന നിലയിലും പട്ടിക ജാതി/ പട്ടിക വർഗ്ഗത്തിലും ദുർബല ജനവിഭാഗങ്ങളും അധിവസിക്കുന്ന പ്രദേശമായതിനാൽ, വളരെ ദൂരെപോയി റേഷൻ സാധനങ്ങൾ വാങ്ങുന്ന അവസ്ഥയാണ് ഇന്നുള്ളത്. അതിനു പരിഹാരമായി നൂറ്റവൻ പാറ കേന്ദ്രീകരിച്ച് ഒരു റേഷൻ കട സ്ഥാപിക്കേണ്ടതായിട്ടുണ്ട്. അതും ഗ്രാമ സഭയിലൂടെ ഉന്നയിച്ചിരിക്കുന്നു.

പുലിയൂർ പേരിശ്ശേരി 6 ാം വാർഡിൽ പ്രവർത്തിക്കുന്ന വനിതാ വ്യവസായ യൂണിറ്റ് സഹകരണ മേഘലയിലാണ്. അതിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് പദ്ധതിക്കാലത്ത് നടപടി സ്വീകരിക്കണം.

## ഹൗസിംഗ് സഹകരണ സംഘം

| വർഷം | എത്രപേർക്ക് | ഏത് ഇനംവായ്പ | നൽകിയതുക |
|---|---|---|---|
| 1992 / 93 മുതൽ 1996 /97 വരെ | 10 പേർക്ക് | വീടു വെയ്ക്കുന്ന തിലേക്ക് വായ്പ | 7,25,000/- |

## റിസോഴ്സ് ഗ്രൂപ്പ് നിർദ്ദേശം

വിവിധ ഗ്രാമ സഭകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നിട്ടുള്ള തീരുമാനങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് മുൻഗണനനൽകി നടപ്പിലാക്കുവാൻ റിസോഴ്സ് ഗ്രൂപ്പ് ശുപാർശ ചെയ്യുന്നു.

1. ഏ .109 ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കിന്റെ അടിയന്തിര പൊതുയോഗം വിളിച്ചു കൂട്ടുവാനും, ഒരംഗത്തിന് പരമാവധി നൽകുന്ന വായ്പ 10,000 / രൂപായിൽ നിന്നും 50,000 / രൂപാ ആയി വർദ്ധിപ്പിക്കുവാനും ജില്ലാ സഹകരണ ബാങ്കിൽ നിന്നും കൃഷിക്കും വിവിധ ആവശ്യങ്ങൾക്കും കൂടുതൽ വായ്പകൾ വാങ്ങി വിതരണം ചെയ്യുവാനും ഭരണ സമിതിക്ക് നിർദ്ദേശം നൽകി നടപ്പാക്കണം.

2. ഏ 109 ാം നമ്പർ സഹകരണ ബാങ്കിന്റെ

ഒരു ബ്രാഞ്ച് തോനക്കാട് സൗകര്യപ്രദമായ സ്ഥലത്ത് ഒരു ബ്രാഞ്ച് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ ബാങ്ക് ഡയറക്ടർ ബോർഡിനോട് ശുപാർശ ചെയ്യുവാനും തീരുമാനിച്ചു.

3. ടി ബാങ്ക് ഒരു സഹകരണ മാവേലി സ്റ്റോർ 2, 3, 4, 5, എന്നീ വാർഡുകളുടെ കേന്ദ്ര ഭാഗമായ പുലിയൂർ കിഴക്കേനടയിൽ പ്രവർത്തനം ആരംഭിക്കണം. ആയതിന് ഗ്രാമ പഞ്ചായത്തു കമ്മറ്റി ആവശ്യമായ പ്രവർത്തനങ്ങൾ നടത്തണം.

4. പുലിയൂർ പഞ്ചായത്തിന്റെ രണ്ടു വാർഡുകൾ വീതം ഏതെങ്കിലും കേന്ദ്രീകരിച്ച് വളം കീടനാശിനി ഡിപ്പോകൾ ഏജൻസി അടിസ്ഥാനത്തിലെങ്കിലും, ഏ 109 നമ്പർ സർവ്വീസ് സഹകരണ ബാങ്ക് നടത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുകയും, രാവിലെ 8 മണി മുതൽ വൈകിട്ട് 6 മണി വരെ കൃത്യമായും തുറന്നു പ്രവർത്തിക്കുവാൻ ആവശ്യമായ നടപടിയും സ്വീകരിക്കണം.

5. കൃഷിവകുപ്പിൽ നിന്നും ഒരു ട്രാക്ടറും, മരുന്നു തളിക്കുന്ന സ്പ്രേയറും പുലിയൂർ ഏ 109 ാം നമ്പർ സഹകരണസംഘത്തിന് ലഭ്യമാക്കി പഞ്ചായത്തിലെ കൃഷിക്കാർക്ക് കുറഞ്ഞ വാടക നിരക്കിൽ ഉപയോഗിക്കുവാൻ സൗകര്യം ഉണ്ടാക്കണം.

6. പുലിയൂർ പഞ്ചായത്തിലെ രണ്ട് വാർഡുകൾ ചെറിയനാട് സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിലാണ്. പ്രസ്തുത വാർഡുകൾ കൂടി പുലിയൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ കൊണ്ടു വരത്തക്കവണ്ണം നിയമ ഭേദഗതികൾ 2 സംഘത്തിന്റേയും ഭരണ സമിതികൾ സംയുക്തമായി തീരുമാനിച്ച് ഒരു പഞ്ചായത്തിൽ ഒരു സഹകരണ ബാങ്ക് എന്ന രീതിയിൽ ആക്കേണ്ടതാണ്.

7. കാർഷികോല്പന്നങ്ങളുടെ സംഭരണവും വിപണനവും ഏ 109 ാം നമ്പർ പുലിയൂർ സർവ്വീസ് സഹകരണ ബാങ്ക് ഏറ്റെടുക്കേണ്ടതാണ്.

8. കന്നുകാലി കൃഷിക്കാരുടെ ആവശ്യാർത്ഥം 4, 5, വാർഡുകൾ, കേന്ദ്രീകരിച്ച് മദ്ധ്യഭാഗത്തായി APCOS ( ആപ്കോസ്) ന്റെ ഒരു ക്ഷീര വ്യവസായ സഹകരണ സംഘം രൂപീകരിക്കേണ്ടതും പേരിശ്ശേരിയിലെ ഇപ്പോഴത്തെ സംഘം പുനരുദ്ധരിക്കേണ്ടതുമാണ്.

9. സഹകരണ ഗ്രൂപ്പ് ആശുപത്രി ആലപ്പുഴ ജില്ലാ സഹകരണ ഗ്രൂപ്പ് ആശുപത്രി പുനരുദ്ധരിച്ച് പേരിശ്ശേരിയിൽ സംഘം ആശുപത്രിക്കു വാങ്ങിയിട്ടുള്ള സ്ഥലത്തു തന്നെ സഹകരണ മേഖലയിൽ ആശുപത്രി ആരംഭിച്ച് പ്രവർത്തനം നടത്തേണ്ടതാണ്.

10. പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവരുടെ ഉദ്ധാരണത്തിനായി പുലിയൂർ പഞ്ചായത്തിൽ മുഴുവൻ വാർഡുകളും ഉൾപ്പെടുത്തി ഒരു പട്ടിക ജാതി / പട്ടിക വർഗ്ഗ സഹകരണസംഘം രജിസ്റ്റർ ചെയ്യേണ്ടതും, ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ ( വർക്കിംഗ് ക്യാപ്പിറ്റൽ ഗ്രാന്റ്) മാനേജീരിയൻ സബ്സിഡി, ഷെയർ ക്യാപിറ്റൽ ഗ്രാന്റ് ഇവ ഉപയോഗപ്പെടുത്തി തഴപ്പായ് നെയ്ത്ത്, വട്ടി, കുട്ട മുതലായ പരമ്പരാഗത തൊഴിലുകളിൽ പട്ടിക ജാതി / പട്ടിക വർഗ്ഗക്കാർക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തി ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ സഹായിക്കേണ്ടത് അത്യാവശ്യമാണ്.

11. കാർഷിക മേഖലയിലും മറ്റ് തൊഴിൽ മേഖലയിലും, തൊഴിലാളി പങ്കാളിത്തം ലഭിക്കുവാൻ ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

12. പച്ചക്കറി കർഷകരുടെ ഉദ്ധാരണത്തിനായി, ( സമഗ്ര പച്ചക്കറി വികസനം ഏർപ്പെടുത്തുവാൻ) പഴം, പച്ചക്കറി സഹകരണ സംഘം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കേണ്ടിയിരിക്കുന്നു.

13. പഞ്ചായത്തിൽ ഇപ്പോൾ ഉള്ള മെറ്റൽ ക്രഷിംഗ് സഹകരണ സംഘം ഇപ്പോൾ ഉള്ളതിന്റെ പ്രവർത്തനം കൂടുതൽ അംഗങ്ങളെ ചേർത്ത് തൊഴിൽ അവസരം കൂടുതൽ ആളുകൾക്ക് നൽകുവാൻ കഴിയും, ഇതിന് കൂടുതൽ സാദ്ധ്യതയുണ്ട്.

14. വീടു വായ്പ (ഹൗസിംഗ് സഹകരണ സംഘം, അഗ്രിക്കൾച്ചറൽ ഡവലപ്പ്മെന്റ് ബാങ്ക് ) ദീർഘകാല വായ്പകൾ ( ഭൂവികസന ബാങ്ക്) ഉപഭോക്തൃവായ്പകൾ, ഇന്റസ്ട്രിയൽ സഹകരണ വായ്പകൾ ( ജില്ലാ സഹകരണ ബാങ്ക്) എന്നിവ പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിക്കുവാൻ തക്കവണ്ണം പഞ്ചായത്ത് നിവാസികൾക്ക് ബാങ്ക് അധികൃതരുടെ സാന്നിദ്ധ്യത്തിൽ ബോധവത്ക്കരണവും നടത്തേണ്ടതാണ്.

# പട്ടികജാതി പട്ടികവർഗ്ഗം

1991ലെ കാനേഷ്മാരി കണക്ക് അനുസരിച്ച് പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട പ്രായപൂർത്തിയായ അംഗങ്ങൾ 2778 ഉം 6 വയസ്സുവരെ പ്രായമായ കുട്ടികൾ 1781 ഉം പട്ടികവർഗ്ഗത്തിൽ 28 അംഗങ്ങളും. പട്ടികജാതിയിൽപ്പെട്ട പുരുഷന്മാർ 1378 ഉം സ്ത്രീകൾ 1400 ഉം ആൺകുട്ടികൾ 923 ഉം പെൺകുട്ടികൾ 858 . ആകെ ജനസംഖ്യയിൽ സാക്ഷരതാനിരക്കനുസരിച്ച് പുരുഷന്മാരുടെ 85.85 ശതമാനവും, സ്ത്രീകളുടെ 84.51 ശതമാനവും ആകുന്നു.

ഈ വിഭാഗം ജനങ്ങളുടെ സാമൂഹ്യവും, സാമ്പത്തികവും, സാംസ്ക്കാരികവുമായ രംഗങ്ങളിൽ ഇനിയും വളർച്ച ഉണ്ടാകേണ്ടിയിരിക്കുന്നു. മണ്ണിൽ പണിയെടുക്കുകയും ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിൽ സമൂഹത്തോടും, രാജ്യത്തോടും സേവനം ചെയ്യുന്നു. എല്ലാരംഗങ്ങളിലും ഈ വിഭാഗത്തിന്റെ ഉയർച്ച ഉണ്ടാകണം. ആയതിലേക്ക് പ്രധാനമായി ഇന്ന് നമ്മുടെ ഗ്രാമത്തിൽ പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന 28 കോളനികൾ കാണാം അതിൽ ലക്ഷംവീട് കോളനികളും ഉണ്ട്. ചേന്നാത്ത്, പാലച്ചുവട്, ആമ്പാടികിഴക്ക്, മൂലയുഴം ഇവയാണ്. ഈ വീടുകളിലെ താമസക്കാരുടെ സ്ഥിതി അതീവ ദയനീയമാണ്. ലക്ഷംവീട് നിർമ്മിച്ചുകൊടുത്ത ഇരട്ടവീടുകളിൽ എല്ലാംതന്നെ ഇന്ന് വാഹനയോഗ്യമല്ലാതായിരിക്കുന്നു. മറ്റ് പട്ടികജാതി കോളനികളുടെ സ്ഥിതി മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. ഈ കോളനികളിൽ കുടിവെള്ളം, വീട് വെയ്ക്കുന്നതിനാവശ്യമായ ധനസഹായം തുടങ്ങിയവ നൽകണം. എല്ലാകോളനികളും വൈദ്യുതീകരിച്ചിട്ടുണ്ടെങ്കിലും എല്ലാവീടുകൾക്കും കണക്ഷൻ ലഭിച്ചിട്ടില്ല. പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതിയുടെ ആദ്യവർഷംതന്നെ എല്ലാവിധ സൗകര്യങ്ങളും ചെയ്തുകൊടുക്കുവാൻ കഴിയണം.

ഈ വിഭാഗത്തിൽ 28 അംഗങ്ങൾ നമ്മുടെ ഗ്രാമത്തിന്റെ പലവാർഡുകളിലായി താമസിക്കുന്നതായി രേഖ സൂചിപ്പിക്കുന്നു. ഈ കുടുംബങ്ങൾ സ്വന്തമായി ഭൂമി ഇല്ലാത്തവരുണ്ട്. ഇവർക്ക് ഭൂമി വിലയ്ക്കു വാങ്ങിക്കൊടുത്ത് പാർപ്പിടത്തിനുള്ള ഗ്രാന്റ് നൽകി സഹായിക്കണം. പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ പുനഃരധിവാസം ആവശ്യമായി തീർന്നിരിക്കുന്നു. പേരിശ്ശേരി റെയിൽവേ കോളനിയിൽനിന്ന് (റയിൽവേ പുറംപോക്ക്) മാറ്റിപ്പാർപ്പിച്ചവരിൽ പട്ടികജാതിക്കാരായ രണ്ട് കുടുംബങ്ങൾ ഉണ്ടെന്നുള്ളത് ശ്രദ്ധേയമാണ്.

പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾ കൃത്യമായി സ്ക്കൂളിൽ പോകുവാൻ തയ്യാറാകുന്നില്ല എന്നുള്ളത് ശ്രദ്ധിക്കണം. ഇവരുടെ മാതാപിതാക്കളിൽ നിരക്ഷരർ കൂടുതലായികണ്ടുവരുന്നു.

പുലിയൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസക്കാരായ പട്ടികജാതിക്കാർ പലരും പല ബഹുജന സംഘടനകളുടെ നേതൃപരമായ പങ്ക് വഹിക്കുന്നവരും പ്രവർത്തിക്കുന്നവരുമാണ്. ജാതിപരമായ ഉച്ചനീചത്വം മുൻകാലങ്ങളിലെപ്പോലെ ഇല്ലെന്നുതന്ന പറയാം. വിവാഹാദി ചടങ്ങുകളിൽ മറ്റു സമുദായക്കാർ പങ്കെടുക്കുകയോ, പങ്കെടുത്താൽ ഭക്ഷണം കഴിക്കാൻ എല്ലാ ആളുകളും തയ്യാറാകുന്ന ഒരു സ്ഥിതി കാണുന്നില്ല. പഴയതലമുറയിൽപ്പെട്ട മറ്റു സമുദായത്തിലുള്ളവർക്കാണ് ഈ മാനസികാവസ്ഥ കാണുന്നത്.

ടി കുടുംബങ്ങളുടെ വരുമാന വർദ്ധനവിനായി കുടുംബാടിസ്ഥാനത്തിലുള്ള സ്കീമുകൾ തയ്യാറാകുകയും, അവലക്ഷ്യപ്രാപ്തിയിൽ എത്തുന്നുണ്ടോ എന്നുള്ള പരിശോധനയും ആവശ്യമാണ്.

കോളനിയുടെ ചാർട്ട്വരയ്ക്കണം.

**പ്രശ്നങ്ങൾ**

1. വിദ്യാഭ്യാസരംഗത്തെ പിന്നോക്കാവസ്ഥ
2. അന്ധവിശ്വാസങ്ങൾ കാരണമുണ്ടാകുന്ന പ്രശ്നങ്ങൾ
3. സാമൂഹ്യ ഉച്ചനീചത്വങ്ങൾ
4. അർഹമായ ആനുകൂല്യം ലഭ്യമാക്കാനുള്ള തടസ്സങ്ങൾ
5. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത

**സാദ്ധ്യതകൾ**

1. പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യക്ക് ആനുപാതികമായി വികസനപദ്ധതികൾക്ക് തുക നീക്കിവെയ്ക്കുക
2. കുടുംബങ്ങളുടെ വരുമാന വർദ്ധനവിനായി കുടുംബാടിസ്ഥാനത്തിലുള്ള പദ്ധതികൾ.
3. ബോധവല്ക്കരണ പ്രവർത്തനങ്ങളും, ക്യാമ്പുകളും നടത്തുക

4. ആരോഗ്യപരിരക്ഷാ ക്യാമ്പുകളും, രോഗപ്രതിരോധ നടപടികളും കൈക്കൊള്ളുക
5. സർവ്വോപരി ആവശ്യമായ ശുചീകരണ പദ്ധതികൾ കൈക്കൊള്ളുക
6. പരമ്പരാഗത വ്യവസായങ്ങൾ പുനരുദ്ധരിക്കുമ്പോൾ അവയുടെ പ്രവർത്തനങ്ങളിൽ സ്ത്രീകൾക്ക് മുൻഗണന നൽകേണ്ടതാണ്.

കോളനിയുടെ പേര് ചാർട്ട്

## റിപ്പോർട്ട്

പുലിയൂർ ഗ്രാമ പഞ്ചായത്തിൽ 1 ാം വാർഡിൽ ആകെയുള്ള 92 പട്ടികജാതി കുടുംബങ്ങളിൽ ഇപ്പോൾ 22 കുടുംബങ്ങൾക്ക് വീട് വച്ചുകൊടുക്കുവാൻ നടപടി സ്വീകരിക്കുക.

ഇലഞ്ഞിമേൽ 2 ാം വാർഡിൽ ഇപ്പോൾ സ്വന്തമായി ഭൂമി ഇല്ലാത്തവരായ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും, വസ്തു വാങ്ങി പുരവെയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഗ്രാമ സഭയിലൂടെ അത്യാവശ്യപ്പെടുന്നു.

പഞ്ചായത്തിൽ 3 ാം വാർഡിൽ പട്ടികജാതി കുടുംബങ്ങളിൽ വിവിധവകുപ്പുകളിൽ നിന്ന് ധനസഹായം നല്കിവച്ച വുടുകളും മറ്റ് വീടുകളും മറ്റ് വീടുകളും ഇന്ന് വാസയോഗ്യമല്ലാതായി തീർന്നിരിക്കുന്നു. ആയതുകൊണ്ട് പ്രസ്തുത വുടുകൾ മെയിന്റെൻസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു പുതിയ 25 വീടുകളും പണികഴിക്കണം.

പുലിയൂർ 5 ാം വാർഡിൽപ്പെട്ട ഭൂരഹിതരായ പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങൾക്ക് 5 സെന്റ് വീതം ഭൂമിയും വീടും വയ്ക്കുന്നതിലേക്ക് 100 കുടുംബങ്ങൾക്ക് ധനസഹായവും നല്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

പുലിയൂർ പഞ്ചായത്തിൽ പേരിശ്ശേരി 6 ാം വാർഡിൽ പദ്ധതിക്കാലത്ത് ആദ്യം പട്ടികജാതിയിൽപ്പെട്ട 50 കുടുംബങ്ങൾക്ക് വീട് വെച്ച് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഗ്രാമസഭയിലൂടെ ആവശ്യം ഉന്നയിച്ചിരുന്നു.

പേരിശ്ശേരി 7 ാം വാർഡിൽപ്പെട്ട 40 പട്ടികജാതി കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയും 30 കുടുംബങ്ങൾക്കുവീതം വീടും നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

പേരിശ്ശേരി 8 ാം വാർഡിൽപ്പെട്ട പട്ടികജാതി കുടുംബങ്ങളായ 100 കുടുംബങ്ങൾക്ക് ഭൂമിയും വീടും വെയ്ക്കുന്നതിന് പദ്ധതിക്കാലത്ത് നടപടി സ്വീകരിക്കുവാൻ ഗ്രാമസഭയിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

9ാം വാർഡിലുള്ള പുനരധിവാസ കോളനിലും മറ്റും താമസ്സിക്കുന്ന 75 കുടുംബങ്ങൾക്കും വീടു വെയ്ക്കുന്നതിന് ഗ്രാന്റ് നല്കുവാൻ ആവശ്യപ്പെട്ടിരുന്നു.

## വീട് മെയിന്റെൻസ്

തോനയ്ക്കാട് 1 ാം വാർഡിൽപ്പെട്ട പട്ടികജാതി കുടുംബങ്ങളിൽ 57 കുടുംബത്തിന് വീട്മെയിന്റെൻസ്ചെയ്യുന്നതിന് ഗ്രാന്റ് നൽകുവാൻ ആവശ്യപ്പെട്ടിരുന്നു.

ഇലഞ്ഞിമേൽ 2 ാം വാർഡ് പ്രദേശത്തെ പട്ടികജാതി കുടുംബങ്ങളിലെ വാസയോഗ്യമല്ലാത്ത കുടുംബങ്ങളിലെ വീടുകളുടെ മെയിന്റെൻസ് നടത്തുന്നതിന് നടപടി സ്വീകരിക്കണം.

3 ാം വാർഡിൽ പദ്ധതിക്കാലത്ത് മുൻഗണനനൽകി 25 പട്ടികജാതി കുടുംബങ്ങൾക്ക് വീട് അറ്റകുറ്റപ്പണി നടത്തുന്നതിലേക്ക് നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു.

പുലിയൂർ 5 ാം വാർഡിൽപ്പെട്ട കുളഞ്ഞിത്തറ IHDP കോളനി പ്രദേശത്തെ 34 കുടുംബങ്ങൾക്കും ആമ്പാടി കിഴക്ക് ലക്ഷംവീട് കോളനിയും, പടിഞ്ഞാറ്റുംതറ വീടുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് ഗ്രാന്റ് നൽകുവാൻ ആവശ്യപ്പെട്ടിരിക്കുന്നു.

4 ാം വാർഡ് പാലച്ചുവട് ലക്ഷംവീട് കോളനി വീടുകൾ പുതുക്കി പണികഴിപ്പിക്കുന്നതിലേക്ക് പദ്ധതിയിൽ വകയിരുത്തി ധനസഹായം ഗ്രാന്റ് ആയിനൽകുവാൻ ഉള്ള തീരുമാനം ഉണ്ടാകണമെന്ന് ആവശ്യം ഉന്നയിച്ചിരിക്കുന്നു.

പേരിശ്ശേരി 6 ാം വാർഡിൽ 30 വീടുകൾ പട്ടികജാതി കുടുംബങ്ങൾ പുതുക്കിപ്പണികഴിപ്പി ക്കേണ്ട തായിട്ടുണ്ട്. അതിനുവേണ്ടി ധനസഹായം ഗ്രാന്റായി നൽകണമെന്ന ആവശ്യവും, ആകെനൽകുന്ന തുകയുടെ 1000 രൂപാ കുടുംബത്തിലെ അംഗങ്ങളുടെ അദ്ധ്വാനഫലമായി വിനിയോഗിക്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു.

| വാർഡ് | കോളനിയുടെ പേര് | കുടുംബങ്ങൾ |
|---|---|---|
| 1 | പൊറ്റമേൽ IHDP കോളനി | 35 |
| 1 | ചാത്തമേൽ | 25 |
| 1 | മലയാറ്റ് കോളനി | 5 |
| 1 | ചേന്നാത്ത് ലക്ഷംവീട് | 25 |
| 2 | കോട്ടാത്തറ HC | 16 |
| 2 | കാടൻമാവ് HC | 23 |
| 3 | പോത്തലക്കാട്ട് HC | 19 |
| 4 | പാലച്ചുവട് ലക്ഷംവീട് | 20 |
| 4 | തായംകുളങ്ങര HC | 14 |
| 4 | പുത്തേത്ത് HC | 10 |
| 4 | ചെമ്പോലിമല HC | 7 |
| 4 | ഊരിത്തറ HC | 3 |
| 5 | കുളഞ്ഞിത്തറ IHDP | 20 |
| 5 | പടിഞ്ഞാംറ്റുംതറ HC | 23 |
| 5 | പ്രീയദർശിനി HC | 18 |
| 5 | ആമ്പാടികിഴക്ക് ലക്ഷംവീട് | 9 |
| 6 | ഇടയശ്ശേരി HC | 18 |
| 6 | കോയിത്തറ HC | 15 |
| 7 | പേരിശ്ശേരി ഹരിജൻകോളനി | 53 |
| 7 | മങ്കുഴിച്ചാൽ | 7 |
| 8 | വേലത്താംപറമ്പ് | 16 |
| 8 | പൂവണ്ണ്നിൽക്കുന്നതിൽ | 21 |
| 8 | പോങ്ങുനിൽക്കുന്നതിൽ | 8 |
| 9 | 9ാംവാർഡ് പുനരധിവാസം | 26 |
| 9 | മൂലയൂഴം ലക്ഷംവീട് | 42 |
| 9 | മൂലയൂഴം പുനരധിവാസം | 14 |
| 9 | നൂറ്റവൻപാറ | 65 |
| 4 | പാറപ്പുറത്ത് | 6 |

പേരിശ്ശേരി 7 ാം വാർഡിൽ പട്ടികജാതി കുടുംബങ്ങളിലും കോളനിയിലും ഉള്ള ഭൂരിപക്ഷം വീടുകളും അറ്റകുറ്റപ്പണി നടത്തേണ്ടതായിട്ടുണ്ട്.

8 ാം വാർഡിൽ പട്ടികജാതി കുടുംബങ്ങളിലെ പലവീടുകളും പുതുക്കിപ്പണി നടത്തേണ്ടതാണ്. ആയതിന് പദ്ധതിവിഹിതത്തിൽനിന്നോ പഞ്ചായത്തിൽനിന്നോ ഗ്രാന്റ് നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

നൂറ്റവൻപാറ, മൂലയൂഴം ലക്ഷംവീട് കോളനി അടക്കം പല വീടുകളും ഇന്ന് വാസയോഗ്യമല്ല. പ്രസ്തുത വീടുകൾ അറ്റകുറ്റപ്പണി നടത്തേണ്ടതാണ്.

## ഭൂമി സംരക്ഷണം

തോനയ്ക്കാട് 1 ാം വാർഡിൽ 8 പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പ്രദേശം മണ്ണൊലിച്ചുപോയി അതിരുകൾ ഇല്ലാതാകുന്നു. ആയതിലേക്ക് പരിഹാരം എന്നനിലയിൽ 500 മീറ്റർ ഭിത്തികെട്ടി സംരക്ഷിക്കണം.

ഇലഞ്ഞിമേൽ 2 ാം വാർഡിൽ ഇല്ലത്തുകുറ്റി പ്രദേശത്തെ താമസക്കാർക്കും, കോട്ടത്തറ പട്ടികജാതി കോളനികൾ ആകയാൽ ഇവരുടെ ഭൂമി സംരക്ഷിക്കുവാൻ സംരക്ഷണഭിത്തി കെട്ടണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

പുലിയൂർ 3 ാം വാർഡിൽ പോത്തലക്കാട്ട് അംഗീകൃത ഹരിജൻ കോളനിയിൽ മഴക്കാലത്ത് മണ്ണ് ഒലിപ്പ് ഉള്ളതിനാൽ പദ്ധതിക്കാലത്ത് ഈ പ്രദേശത്തെ പട്ടികജാതി കുടുംബങ്ങളിലെ നിലവിലുള്ള ഭൂമിയുടെ അതിരുകളിൽ സംരക്ഷണ ഭിത്തികെട്ടി സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

പേരിശ്ശേരി 6 ാം വാർഡിൽപ്പെട്ട കോയിത്തറ, ഇടശ്ശേരി അംഗീകൃത കോളനികളിൽ താമസിക്കുന്ന പട്ടികജാതിക്കാരായ കുടുംബങ്ങളുടെ കൈവശമുള്ള ഭൂമി വെള്ളപ്പൊക്കവും, മഴവെള്ളത്തിന്റെ ഒഴുക്കും കാരണം മണ്ണ് ഒലിച്ചു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതിന് പരിഹാരം എന്നനിലയിൽ പ്രസ്തുത കോളനികളിൽപ്പെട്ട പ്രദേശം സംരക്ഷണഭിത്തികെട്ടണമെന്ന് ഗ്രാമസഭയിലൂടെ തീരുമാനിച്ചിരിക്കുന്നു.

പേരിശ്ശേരി 7 ാം വാർഡിൽ മകുഴിച്ചാൽ, പേരിശ്ശേരി ഹരിജൻകോളനി എന്നി പ്രദേശങ്ങളിൽ പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശത്തെ ഭൂമി സംരക്ഷണമെന്ന നിലയിൽ സംരക്ഷണഭിത്തി കെട്ടേണ്ടതായിട്ടുണ്ട് കൂടാതെ ഹരിജൻ കോളനിയിലെ കുളത്തിന്റെ മെയിന്റൻസ് പണി നടത്തുക.

8 ാം വാർഡിൽപ്പെട്ട പോങ്ങുനിൽക്കുന്നതിൽ, വേലത്തുംപറമ്പിൽ, പള്ളിപ്പറമ്പ് കോളനികളിൽ ഭൂപ്രകൃതി ചരിഞ്ഞ പ്രദേശമാകയാൽ മഴക്കാലത്ത് വെള്ളം ഒഴുകി മണ്ണ് ധാരാളം ഒലിച്ചുപോകുന്നു. ആയത് പരിഹരിക്കുന്നതിലേക്ക് തട്ട് കൈയ്യാലകെട്ടി ഭൂമി സംരക്ഷിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു.

## കുടിവെള്ളം

തോനയ്ക്കാട് 1 ാം വാർഡിൽ പട്ടികജാതി കുടുംബങ്ങൾക്ക് ശുദ്ധജലം ഉപയോഗിക്കുന്നതിലേക്ക് ഇന്നുള്ള കിണറുകൾ അപര്യാപ്തമാകയാൽ പദ്ധതിക്കാലത്ത് മുൻഗണന അടിസ്ഥാനത്തിൽ 10 കിണറുകൾ പുതിയതായി വ്യക്തികൾക്ക് കുഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു.

പുലിയൂർ ഇലഞ്ഞിമേൽ 2 ാം വാർഡിൽ പല പ്രദേശത്തും വേനൽക്കാലത്ത് ശുദ്ധജലം ലഭ്യമല്ല. ഉദാഹരണമായി കാടൻമാവ്കോളനിയിൽ ഉണക്ക് സമയത്ത് ഓരു വെള്ളമായതിനാൽ പല കിണറ്റിലേയും ജലം ഉപയോഗശൂന്യമാണ് ആയതിനാൽ വ്യക്തികൾക്കായി (കുടുംബങ്ങൾക്ക്) ഉദ്ദേശം പദ്ധതിക്കാലത്ത് 50 കിണറുകൾ പുതിയതായി കുഴിപ്പിക്കണം.

പുലിയൂർ 3 ാം വാർഡിൽ ശുദ്ധജലക്ഷാമം ഉള്ള പ്രദേശം ഉണ്ട്. വേലൻമല ഭാഗമായതിനാൽ പുതിയ കിണറുകൾ കുഴിപ്പിക്കേണ്ടതായിട്ടുണ്ട്. അതെല്ലാം ഒരോ കുടുബങ്ങൾക്ക് ധനസഹായം നൽകി കുഴിപ്പിക്കേണ്ടതാണ്. ആയതിന് പദ്ധതിയിൽ മുൻഗണന നൽകണം.

4 ാം വാർഡിൽ പദ്ധതിക്കാലത്തിന്റെ ആദ്യവർഷംതന്നെ 10 കിണറുകൾ ഒരോകുടുബത്തിനും കുഴിപ്പിക്കുന്നതിലേക്കുള്ള ആവശ്യം ഗ്രാമസഭയിൽ ഉന്നയിച്ചിട്ടുണ്ട്. ആയതിന് ഗ്രാന്റ് നൽകി കിണർ കുഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

5 ാം വാർഡിൽ പദ്ധതിവർഷത്തിൽ 50 കിണറുകൾ ശുദ്ധജലം ഉപയോഗിക്കുന്നതിന് കുഴിപ്പിക്കേണ്ടതായിട്ടുണ്ട്. പട്ടികജാതി കുടുംബങ്ങളിലെ ആവശ്യംമാത്രമാണ് ഉന്നയിക്കുന്നത്. ആയതിലേക്ക് ആവശ്യമായ ധനസഹായം പദ്ധതി വിഹിതത്തിൽ വകകൊള്ളിച്ച് കിണർകുഴിക്കുന്നതിന് ഗ്രാന്റ് നൽകുവാൻ

ആവശ്യപ്പെടുന്നു.

പേരിശ്ശേരി 6 ാം വാർഡിലെ പട്ടികജാതി കോളനിയിലും, മറ്റ് ഒറ്റപ്പെട്ട വീടുകൾക്കും ശുദ്ധജലം ഉപയോഗിക്കുന്നതിന് കിണറുകൾ വളരെ അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിവർഷത്തിൽതന്നെ ഇതിനുള്ള പ്രവർത്തനം ആരംഭിക്കേണ്ടതായിട്ടുണ്ട്. ഇപ്പോഴത്തെ സ്ഥിതി പരിശോധിക്കുമ്പോൾ ഉദ്ദേശം 50 കിണർ എങ്കിലും ആവശ്യമായി വേണ്ടിവരും. അതിലേക്ക് ആവശ്യമായ തുക പദ്ധതിവിഹിതത്തിൽ കൊള്ളിച്ച ഗ്രാന്റനൽകി പട്ടികജാതി കുടുംബങ്ങളെ സഹായിക്കണമെന്ന് ആവശ്യപ്പെടുന്നു.

പേരിശ്ശേരി 6 ാം വാർഡിലും ഗ്രാമസഭയുടെ റിപ്പോർട്ടിൽ ശുദ്ധജലക്ഷാമം ഉണ്ടെന്നും, കിണറുകര്‍ ആവശ്യമാണെന്നും, പൊതുകിണറുകൾ മെയിന്റെൻസ് ചെയ്യണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അതുപോലെതന്നെ 8 ാം വാർഡിലും, 9 ാം വാർഡിലും ശുദ്ധജലക്ഷാമം ഉണ്ടെന്ന് സൂചിപ്പിച്ചിരിക്കുന്നു. എത്രകിണറുകൾ കുഴിപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ല. 8 ാം വാർഡിലെ 2 കിണറുകൾ മെയിന്റെൻസ് ചെയ്യുക.

## കക്കൂസ്

പുലിയൂർ പഞ്ചായത്തിൽ നിലവിലുള്ള 9 ാം വാർഡുകളിലും കക്കൂസ് പുതിയതായി നിർമ്മിക്കുവാൻ ഗ്രാമസഭകളിലൂടെ നിർദ്ദേശം ഉണ്ടായിരിക്കുന്നു. ഒരോവർഷവും ഓരോവാർഡിലും ആവശ്യപ്പെട്ടിരിക്കുന്ന കണക്ക് ചേർക്കുന്നു. 1 ാം വാർഡിൽ 35 2 ാം വാർഡിൽ 100 3 ാം വാർഡിൽ 50 എണ്ണം 4 ാം വാർഡിൽ 75 5 ാം വാർഡിൽ 150 6 ാം വാർഡിൽ 125 7 ാം വാർഡിൽ 50 എണ്ണം 8 ാം വാർഡിൽ കക്കൂസ് ആവശ്യപ്പെട്ടിട്ടുള്ളത് 50 എണ്ണവും 9 ാം വാർഡിൽ 44 എണ്ണവും ഈ കക്കൂസുകൾ എല്ലാം തന്നെ ഇപ്പോൾ നിലവിലുള്ള സംവിധാനം ഉപയോഗിച്ച് ഇരട്ടകുഴിയുള്ളവയായിരിക്കണം എന്നും നിർദ്ദേശിച്ചിരിക്കുന്നു.

## വൈദ്യുതി

പുലിയൂർ ഗ്രാമ പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നതിലേക്ക് വയറിംഗ് നടത്തിക്കൊടുത്തിട്ടുള്ള പട്ടികജാതി കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പുതിയതായി പട്ടികജാതി കുടുംബങ്ങളുടെ വയറിംഗ് നടത്തി കണക്ഷൻ നൽകേണ്ട വീടുകളുടെ എണ്ണം വാർഡുതിരിച്ച് റിപ്പോർട്ടിൽ ചേർക്കുന്നു. 1 ാം വാർഡിൽ 47 2 ാം വാർഡിൽ 100 3 ാം വാർഡിൽ വൈദ്യുതീകരണം എന്ന് ആവശ്യപ്പെട്ടിരിക്കുന്നു. എത്ര വീട്ടുകാർക്ക് എന്ന ആവശ്യം ഉന്നയിച്ചിട്ടില്ല. 4 ാം വാർഡിൽ 75 5 ാം വാർഡിൽ 100 6 ാം വാർഡിൽ 25 പദ്ധതിക്കാലത്തിന്റെ ഓരോവർഷത്തിലും ഇത്രയും കുടുംബങ്ങൾക്കു വീതം വയറിംഗ് നടത്തിക്കൊടുക്കണം. 7 ാം വാർഡിൽ 50 കുടുംബങ്ങൾക്ക് പദ്ധതിക്കാലത്തും, മുൻകാലങ്ങളിൽ വയറിംഗ് ചെയ്യിട്ടുള്ള വീടുകൾ റീ വയറിംഗ് ചെയ്യുക. 8 ാം വാർഡിലും പട്ടികജാതി കുടുംബങ്ങൾക്ക് വയറിംഗ് നടത്തിക്കൊടുക്കണം എന്ന് ആവശ്യപ്പെട്ടിരിക്കുന്നു. 9 ാം വാർഡിൽ പദ്ധതിക്കാലത്ത് 40 കുടുംബത്തിനും ആവശ്യപ്പെട്ടിട്ടുണ്ട്.

## പുതിയ വൈദ്യുതി ലൈൻ

വൈദ്യുതി ലൈൻ നിലവിലുള്ളവ മാറ്റി സ്ഥാപിക്കേണ്ടവയും, പുതിയതായി ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കേണ്ടവയാണന്നും ഗ്രാമ സഭയുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന സ്ഥലങ്ങൾ, തോനക്കാട്, ചാത്തമേൽകുറ്റി കോളനിയിലേക്ക് നിലവിലുള്ള ലൈൻ റോഡിലൂടെ അല്ലാത്തതിനാൽ റോഡിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് കഴിയുന്നില്ല. അടിയന്തിരമായി നിലവിലുള്ള ലൈൻ റോഡിലൂടെ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കുക.

പുലിയൂർ പഞ്ചായത്തിൽ 3 ാം വാർഡിൽ പട്ടികജാതി കോളനിയായ പോത്തലക്കാട്ട് ഒന്ന് പോത്തലക്കാട്ട് രണ്ട് എന്നീ ഭാഗങ്ങളിൽ വൈദ്യുതി ലൈൻ നീട്ടാനുണ്ട്. പുളിക്കീഴ്ത്തറ ഭാഗം, പോത്തലക്കാട് കോളനിക്ക് വടക്കുഭാഗം, പനക്കാണിൽ ഭാഗം ഈ പ്രദേശങ്ങളിൽ നാളിതുവരെ വൈദ്യുതി എത്തിയിട്ടില്ല. അടിയന്തിരമായി ഈ പ്രദേശങ്ങളിൽ വൈദ്യുതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പേരിശ്ശേരി 6 ാം വാർഡിൽ സെന്റ് മേരീസ് ആശുപത്രിക്കു വടക്കുവശം മണലിത്തറ വീടിന്റെ ഭാഗത്തുനിന്നും താഴമൺതറ കോളനിയിലേക്ക് ഉദ്ദേശം 250 മീറ്റർ നീളത്തിൽ പുതിയതായി വൈദ്യുതി ലൈൻ വലിച്ച് മുമ്പ് വയറിംഗ് നടത്തി മീറ്റർ ചാർജ്ജ് അടച്ചിരിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്ക് കണക്ഷൻ നൽകേണ്ടതാണന്ന് നിർദ്ദേശിച്ചിരിക്കുന്നു. അതുപോലെതന്നെ 6 ാം വാർഡിൽ പെരുമ്പലത്തുഭാഗത്ത് നാളിതുവരെ വൈദ്യുതി എത്തിയിട്ടില്ല. ഈ പ്രദേശത്ത് പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പ്രദേശമാണ്. അടിയന്തിരമായി ഈ സ്ഥലത്ത് വൈദ്യുതി ലൈൻ നീട്ടി സ്ഥാപിക്കണം. 7 ാം വാർഡിൽ മങ്കുഴിചാലിലോട്ട് വൈദ്യുതി ലൈൻ വലിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കണം.

ഭൂമിസംരക്ഷണം

പുലിയൂർ തോനയ്ക്കാട് പ്രദേശത്തെ താഴ്ന്ന വെള്ളക്കെട്ട് പ്രദേശത്തു താമസിക്കുന്ന പട്ടികജാതിക്കാരായ

നാലു കുടുംബങ്ങൾ താമസിക്കുന്ന സ്ഥലത്തിനു ചുറ്റും മണ്ണ് ഇട്ട് കിളത്തിയും കൃഷിഭൂമിക്കുപയുക്തമാക്കുന്നതിനും രണ്ടാം വാർഡിൽ ആറ് കുടുംബങ്ങൾക്ക് ഭൂമി സംരക്ഷണത്തിന് സഹായവും, മൂന്നാം വാർഡിൽ പോത്തലക്കാട്ട് കോളനിക്കു ചുറ്റുമുള്ള പട്ടികജാതിക്കാരുടെ ഭൂമി സംരക്ഷിക്കുന്നതിനും ആറാം വാർഡിൽ കോയിത്തറ ഇടശ്ശേരി കോളനി പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾക്കും ധനസഹായം ആവശ്യപ്പെട്ടിരിക്കുന്നു. അഞ്ചാം വാർഡിൽ കരിപ്പാലത്തറതെക്കു വശത്തുള്ള പട്ടികജാതി കുടുംബങ്ങളായ എട്ട് വീടുകൾക്കും 7 ാം വാർഡിൽ തകിടിയിൽ ഭാഗത്തും മങ്കുഴിച്ചാൽ ഭാഗത്തും പട്ടികജാതിക്കാർ താമസിക്കുന്ന പുരയുടെ ചുറ്റും വെള്ളം കട്ടികിടന്ന് രോഗാണുക്കൾ പെരുകുകയും കൊതുകു ശല്യം നിൽക്കുകയും ചെയ്യുന്നു. അതു പരിഹരിക്കുന്നതിലേക്ക് വെള്ളം കെട്ടികിടക്കുന്ന സ്ഥലത്ത് മണ്ണിട്ടു നികത്തി കൃഷിഭൂമിയാക്കുന്നതിലേക്ക് ധനസഹായമായി ആവശ്യമായ തുക പദ്ധതി വിഹിതത്തിൽ വകയിരുത്തുവാൻ ആവശ്യപ്പെട്ടിരിക്കുന്നു.

## ആരോഗ്യപരിപാലനം

പുലിയൂർ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പട്ടികജാതി കുടുംബങ്ങൾ തിങ്ങി പാർക്കുന്ന കോളനിയാണ്, പേരിശ്ശേരി ഹരിജൻ കോളനി ഈ പ്രദേശത്ത് പുലിയൂർ PH സെന്ററിന്റെ ഒരു സബ് സെന്റർ പ്രവർത്തനം ആരംഭിക്കുവാൻ ഗ്രാമ സഭയിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു. 9 ാം വാർഡിലും ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട് ഇവിടെയടുത്ത് മറ്റ് രോഗ പ്രതിരോധ ചികിൽസാ മാർഗ്ഗം ഒന്നും തന്നെ ഇല്ല. ഈ നിർദ്ദേശവും 9 ാം വാർഡ് ഗ്രാമ സഭയുടെ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. ആയത് പദ്ധതിക്കാലത്ത് നടപ്പാക്കേണ്ടതാണ്.

## മാതൃശിശു സംരക്ഷണ കേന്ദ്രം

പേരിശ്ശേരി 6 ാം വാർഡിൽ പട്ടികജാതി കുടുംബങ്ങളിലെ വനിതകളുടെ ഉന്നമനത്തിനായി ഒരു മാതൃകാ ശിശു സംരക്ഷണ കേന്ദ്രം തുടങ്ങണം. അതിനള്ള സ്ഥലം പുറമ്പോക്കു ഭൂമി ഉപയോഗിക്കാവുന്നതുമാണ്. അതിനു കെട്ടിടം പണിയുന്നതിന് പദ്ധതി വിഹിതമായും, ആവശ്യമായി വരുന്ന ഫർണീച്ചറുകൾ ഗുണഭോക്താക്കളുടെ വകയായും ശേഖരിക്കാവുന്നതാണ്.

## പുനരധിവാസ ഭവന നിർമ്മാണം

പുലിയൂർ ഗ്രാമ പഞ്ചായത്തിന്റെ 1 ാം വാർഡുമുതൽ 9 ഗ്രാമ സഭകളിലും ഉന്നയിച്ച് തീരുമാനം എടുത്തിരിക്കുന്നത് പുനരധിവാസ ഭവന നിർമ്മാണമാണ്. ഭൂമി സ്വന്തമായി ഇല്ലാത്ത പട്ടകജാതി പട്ടകവർഗ്ഗത്തിൽപ്പെട്ട യഥാർത്ഥ കുടുംബങ്ങളെ കണ്ട് പഞ്ചായത്തിൽ നിന്നും വസ്തു വാങ്ങി പദ്ധതിയുടെ ആദ്യ വർഷം തന്നെ 50 കുടുംബങ്ങളെ എങ്കിലും പാർപ്പിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകുന്നു. 4 സെന്റ് വസ്തുവും വാസയോഗ്യമായ വീടും വെച്ചു കൊടുക്കുന്നതിന് ആദ്യവർഷം തന്നെ പദ്ധതിയിൽ വകയിരുത്തി ചെയ്യാവുന്നതാണന്ന് ഗ്രാമ സഭകൾ ഉന്നയിച്ചിരിക്കുന്നു. പദ്ധതിയുടെ രണ്ടാം വർഷം 25 കുടുംബങ്ങൾക്കും 3 ാം വർഷത്തിൽ 25 കുടുംബങ്ങൾക്കും അവസാന വർഷങ്ങങ്ങളിൽ 10 കുടുംബങ്ങൾക്കു വീതം ആകെ 120 കുടുംബങ്ങൾക്ക് നൽകേണ്ടതായിവരും.

## അംഗൻവാടി

എല്ലാ ഗ്രാമ സഭാ റിപ്പോർട്ടിലും അതാതു വാർഡിൽ അംഗൻവാടിയോ, ശിശുമന്ദിരമോ പണികഴിപ്പിക്കേണ്ടതിന്റെ ആവശ്യകത എടുത്തു പറഞ്ഞിരിക്കുന്നു. കൊച്ചു കുട്ടികളുടെ വിദ്യാഭ്യാസത്തിനും പോഷകാഹാരത്തിനുമായിട്ടുള്ള സംവിധാനം ഉണ്ടാക്കി പദ്ധതിക്കാലത്ത് നടപ്പാക്കണം. അംഗൻവാടിയോ, ശിശുമന്ദിരമോ പണികഴിപ്പിക്കുന്നതിലേക്ക് സ്ഥലം സൗജന്യമായി നൽകുവാനും, മറ്റുചില വാർഡുകളിൽ പുറമ്പോക്കുഭൂമിയുണ്ടെന്നും ചൂണ്ടിക്കാണിച്ചിരിക്കുന്നു. കെട്ടിടം പണികഴിപ്പിക്കുവാൻ വസ്തു ലഭിക്കുന്നത് ഒരു വിഭവസമാഹരണമായി കണ്ടുകൊണ്ട് ഈ രംഗത്ത് പദ്ധതിക്കാലത്ത് 1,2,3,4,5,6,7 വാർഡുകളിൽ നടപ്പാക്കാനുള്ളതാണ്.

## കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സെന്റർ

പട്ടികജാതി പട്ടികവർഗ്ഗത്തിലുള്ള കുടുംബങ്ങളിലേയും മറ്റും ആളുകൾക്ക് ഒത്തുചേരുവാനും പൊതുയോഗങ്ങൾക്ക് ചർച്ചാക്ലാസ്സുകൾ, സെമിനാറുകൾ, സാക്ഷരതാ, വിനോദം എന്നീ കാര്യങ്ങൾക്കായി പുറമേതാമസിക്കുന്ന ആളുകളുമായി സാമൂഹികവും സംസ്ക്കാരികവുമായ വളർച്ച കൈവരിക്കുന്നതിലേക്കും സാമൂഹികമായി പിന്നോക്കാവസ്ഥ മാറ്റുന്നതിനും കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സെന്റർ എന്ന നിലയിൽ ഹോൾ പണികഴിപ്പിക്കേണ്ടതാണന്ന് ചില വാർഡ് ഗ്രാമ സഭാ റിപ്പോർട്ടിൽ കാണുന്നു. ഈ സൂചിപ്പിച്ച കാര്യങ്ങൾ വസ്ഥുതയുമാണ്. സ്ഥലം ലഭ്യമാകുന്ന വാർഡുകളിൽ ഇത് നടത്താവുന്നതാണ്. 1,3,6 വാർഡുകളിൽ ഇപ്പോൾത്തന്നെ

സ്ഥലം ലഭ്യമാണന്ന് നിർദ്ദേശിച്ചിരിക്കുന്നു. 7 ാം വാർഡിലെ ഉപയോഗശൂന്യമായി കിടക്കുന്ന ഹരിജൻ കോളനിയിൽ കമ്മ്യൂണിറ്റിഹാൾ ഏറ്റെടുത്ത് പുതുക്കിപണികഴിപ്പിച്ചാൽ കോളനി നിവാസികൾക്കും മറ്റു പ്രദേശത്തുള്ള ആളുകൾക്കും പ്രയോജനകരമായിരിക്കും. അവിടെ നിലവിലുള്ള TV സെറ്റ് പ്രവർത്തിപ്പിക്കുവാനും കഴിയും. 3 ാം വാർഡിൽ പോത്തലക്കാട്ട് പ്രദേശത്ത് സ്ഥാപിച്ചിരിക്കുന്ന TV സെറ്റ് പ്രവർത്തിപ്പിക്കുവാൻ കഴിയും. 9 ാം വാർഡിൽ ഇന്നുള്ള TV സെറ്റ് പ്രവർത്തിപ്പിക്കുന്ന ഹോളിന്റെ സൗകര്യം അപര്യാപ്തമാണന്ന് ഗ്രാമ സഭാറിപ്പോർട്ടിൽ കാണുന്നു. അതിനു പരിഹാരം ഉണ്ടാകണം. 1 ാം വാർഡിൽ ഘഫഅഝ കോളനിയിൽ സ്ഥലം ലഭ്യമാണ് കോളനിക്ക് അനുവദിച്ച TV സെറ്റ് അവിടെ സ്ഥാപിക്കുവാനും കഴിയും. പദ്ധതിക്കാലത്ത് 5 ാം വാർഡിലും പടിഞ്ഞാറുംതറ കോളനി, കുളഞ്ഞിത്തറ IHDP ഇവിടെയും TV സെറ്റ് സ്ഥാപിക്കുവാൻ റിപ്പോർട്ടിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു. 4 ാം വാർഡിൽ പാലച്ചുവട് കോളനിയിൽ കമ്മ്യൂണിറ്റിഹാൾ TV സെറ്റ് ഇവ സ്ഥാപിക്കുവാൻ ഗ്രാമ സഭ ആവശ്യപ്പെട്ടിരിക്കുന്നു. 8 ാം വാർഡിലും TV സെറ്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

## അന്തിചന്ത

പുലിയൂർ 4 ാം വാർഡ് ഗ്രാമ സഭ പാലച്ചുവടെ കേന്ദ്രീകരിച്ച് ഒരു അന്തിചന്ത തുടങ്ങണം എന്ന് ആവശ്യപ്പെട്ടിരിക്കുന്നു. അടുത്ത പ്രദേശത്ത് ചന്ത ഇല്ലാത്തതുകൊണ്ട് ആ പ്രദേശത്തെ ആളുകൾക്ക് വളരെദൂരം യാത്ര ചെയ്ത് ചന്തയിൽ പോകേണ്ടതായി വരുന്നു. ആയതിനാൽ സ്ഥലം വാങ്ങി ചന്ത സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. 2 ാം വാർഡിൽ കാടൻമാവ് കോളനി കേന്ദ്രീകരിച്ച് ചന്ത സ്ഥാപിക്കുവാൻ നടപടിയുണ്ടാകണം.

## ശ്മശാനം

എല്ലാ ഗ്രാമ സഭാ റിപ്പോർട്ടിലും ചൂണ്ടിക്കാണിച്ചിട്ടുള്ളതുമാണ് പൊതുശ്മശാനം ഉണ്ടാകണം എന്നത് പഞ്ചായത്തിൽ ഒരു ഭാഗത്തെങ്കിലും പൊതു ശ്മശാനം എന്ന ആവശ്യം വളരെ ന്യായമാണ്. അതിന്റെ നിയമപരമായ നടപടിക്രമങ്ങൾ എല്ലാം പരിഹരിച്ച് വസ്തു വിലക്കുവാങ്ങി സ്ഥാപിക്കണം, കാരണം ഇന്ന് പട്ടികജാതി പട്ടികവർഗ്ഗത്തിലുള്ള ആളുകൾ മരിച്ചാൽ കുഴിച്ചിടുന്നത് വീടിനോ കിണറിനോ ചേർന്നുള്ള സ്ഥലത്താണ്. ഭൂമി ഇല്ലാത്ത ഒരു അവസ്ഥയാണിത് ഇതിനു പരിഹാരം എന്ന നിലയിൽ പൊതു ശ്മശാനം എന്ന ആവശ്യത്തിന് പ്രസക്തി ഉണ്ട്. ഇതു പദ്ധതിക്കാലത്ത് മുൻഗണന നൽകി നടപ്പിലാക്കേണ്ടതാണ്. ചേന്നാത്ത് ലക്ഷംവീട് കോളനിയിലും പേരിശ്ശേരി ഹരിജൻ കോളനിയിലും ഇപ്പോൾ ഉള്ള പൊതു ശ്മശാനത്തിന് ചുറ്റു മതിൽ കെട്ടി നിലവിലുണ്ടായികൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളും പരിസ്ഥിതി പ്രശ്നവും പരിഹരിക്കണം.

## കുളിക്കടവ്

തോനക്കാട് ചാത്തമേൽക്കുറ്റിക്ക് കിഴക്കുഭാഗം അച്ചൻകോവിലാറിലും, മുതലക്കുഴി ചാലിന്റെ കിഴക്കുഭാഗം ബണ്ടിനോടു ചേർന്നും 9 ാം വാർഡിൽ പമ്പുസെറ്റ് സ്ഥാപിച്ചതിനു താഴെയുള്ള ഭാഗവും കുളിക്കടവ് ആയി സംരക്ഷിക്കണം എന്ന ആവശ്യം റിപ്പോർട്ടിൽ ഉണ്ട്.

## ഹരിജൻ സഹകരണസംഘം

പുലിയൂർ ഇലഞ്ഞിമേൽ 2 ാം വാർഡിൽ നിലവിൽ ഹരിജൻ വനിതാ മെറ്റൽ സഹകരണസംഘം പ്രവർത്തിക്കുന്നു. ആയതിലേക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും 50 സ്ത്രീകൾക്ക് തൊഴിലും നിലവിലുണ്ട് അതിന്റെ ബ്രാഞ്ച് എന്നനിലയിൽ 9 ാം വാർഡിൽ നൂറ്റവൻപാറ പ്രദേശവും, തോനയ്ക്കാട് 1 ാം വാർഡിലും പ്രവർത്തനം ആരംഭിച്ചാൽ കൂടുതൽ ആളുകൾക്ക് തൊഴിലവസരം സൃഷ്ടിക്കുവാൻ കഴിയും, കൂടാതെ സഹകരണ അടിസ്ഥാനത്തിൽ തന്നെ സ്ത്രീകൾക്ക് തൊഴിൽ അവസരം വർദ്ധിപ്പിക്കുന്നതിന് 6 ാം വാർഡിലും 3 ാം വാർഡിലും സഹകരണസംഘം രജിസ്റ്റർചെയ്തു പേരിശ്ശേരി 6 ാം വാർഡിൽ ബുക്ക് ബയന്റിംഗ്, കൂൺകൃഷി, 3 ാം വാർഡിൽ ചന്ദനത്തിരിനിർമ്മാണവും, സോപ്പ് നിർമ്മാണം, കറിപ്പൗഡർ നിർമ്മാണവും പുലിയൂർ 5 ാം വാർഡിൽ തഴപ്പാ നെയ്ത്ത്, കുട്ട, വട്ടി, മുറം, കൂൺ തുടങ്ങിയ സാധനങ്ങൾ ഉല്പാദിപ്പിക്കുന്നതിനും, 7 ാം വാർഡിലും, 8 ാം വാർഡിലും തഴപ്പാനെയ്ത്ത് യൂണിറ്റ് സ്ഥാപിക്കുക. മീൻകച്ചവടം, പച്ചക്കറി, കൊപ്രാ കച്ചവടം, സിമിന്റ് ഇഷ്ടികനിർമ്മാണം, സോപ്പ്, മെഴുകുതിരി എന്നിവയുടെ നിർമ്മാണത്തിനും അസംസ്കൃത പദാർത്ഥം ലഭ്യമാക്കുന്നതിനും സഹകരണസംഘം രജിസ്റ്റർചെയ്യുന്നതിനും പദ്ധതിവിഹിതത്തിൽ വക കൊള്ളിക്കണമെന്ന് ഗ്രാമസഭയുടെ റിപ്പോർട്ടിൽ കാണുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ കിണർ പുനരുദ്ധാരണം

പുലിയൂർ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളിൽ പ്രത്യകിച്ച് കോളനികളിൽ ശുദ്ധജലത്തിന്

ഇന്ന് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കിണറുകൾ പലതും ഭൂമിക്ക് നിരപ്പായി കാണുന്നു. വെള്ളപ്പൊക്കസമയത്ത് വെള്ളം നിറഞ്ഞ് ഒഴുകുന്നതു കാരണം ധാരാളം രോഗാണുക്കൾ കിണറ്റിലടിയുന്നു. ഇതിനു പരിഹാരമായി ഈ നിലയിലുള്ള കിണറുകൾ കെട്ടികിളത്തി സംരക്ഷിക്കണം. ഈ സ്ഥിതി തോനയ്ക്കാട്, ഇലഞ്ഞിമേൽ, പുലിയൂർ, പേരിശ്ശേരി, മങ്കുഴിച്ചാൽ ഭാഗം എന്നിവയാണ്. കിണറുകൾ പണികഴിപ്പിക്കുന്നതിന് ഗ്രാന്റ് നൽകുവാൻ പദ്ധതി വിഹിതം കണ്ടെത്തണം. ഇത് വ്യാപകമായി കണ്ടുവരുന്ന സ്ഥിതിയാണ് ഇതിന് പരിഹാരം ഉണ്ടായേ മതിയാകു

## കോളനിയായി അംഗീകരിക്കുവാൻ

പുലിയൂർ പാലച്ചുവട് കോളനി **IHDP** കോളനിയായും 2 ാം വാർഡു പ്രദേശത്ത് ചൊവ്വോലിത്തറ പെരുമ്പ്രാത്ത്, നാണിശ്ശേരി, പേരിശ്ശേരി 6 ാം വാർഡിൽ താഴമൺതറ പ്രദേശങ്ങളിൽ പട്ടികജാതിയിൽപ്പെട്ടവർ തിങ്ങിപ്പാർക്കുന്നത് കാരണം ഈ പ്രദേശങ്ങളെ കോളനികളായി അംഗീകരിക്കണമെന്ന് ഗ്രാമസഭയിലൂടെ ആവശ്യം ഉന്നയിച്ചിരിക്കുന്നു. ആയത് പഞ്ചായത്തുകമ്മറ്റി തീരുമാനം എടുത്ത് ജില്ലാകമ്മറ്റിക്കു നൽകി പ്ലാനിംഗ് ആഫീസിൽ അംഗീകരിപ്പിക്കണം.

## പഠനോപകരണ വിതരണം

പുലിയൂർ പഞ്ചായത്ത് പ്രദേശത്ത് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 4 ാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്ക് തുടർവിദ്യാഭ്യാസത്തിന് സൗകര്യം ചെയ്തുകൊടുക്കുന്നതിന്റെ ഭാഗമായി പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതാണെന്ന് എല്ലാ ഗ്രാമസഭകളുടെയും റിപ്പോർട്ടിൽ കാണുന്നു.

## ജീവനോപാദികളുടെ വിതരണം

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട പുലിയൂർ പഞ്ചായത്തിലെ കുടുംബങ്ങളിലെ സ്ത്രീകളുടെ തൊഴിൽ അവസരം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടു കൂടി ഗ്രാമസഭകളുടെ റിപ്പോർട്ടിൽ ചേർത്തിട്ടുള്ള ജീവനോപാദികളുടെ വിതരണത്തിനായി പദ്ധതിക്കാലത്ത് നടപ്പാക്കുന്നതിന് തുക വകകൊള്ളിക്കണം. അതിൽ പ്രധാനമായവ തയ്യൽ മെഷീൻ വിതരണം, ആടുവളർത്തലിന് 2 ആടുകളെ വീതവും, കോഴികളെ വിതരണംചെയ്യുകയും, താറാവ്, കാടക്കോഴികളുടെ വിതരണം, കോഴിവളർത്തലിന് തിരഞ്ഞെടുക്കുന്ന പ്രദേശങ്ങശിൽ യൂണിറ്റിനായി നൽകാവുന്നതാണ്. കൂടാതെ കറവമാടുകളുടെ വിതരണം **IRDP** ലോൺ മുഖാന്തിരം കൊടുക്കുന്നതിനും കഴിയണം.

## പച്ചക്കറികൃഷി

പുലിയൂർ പഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ട ധാരാളം കുടുംബങ്ങൾ പച്ചക്കറി കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നതായിട്ടുണ്ട്. തോനയ്ക്കാട്, ചാത്തമേൽകുറ്റി, ഇലഞ്ഞിമേൽ 3 ാം വാർഡിൽ പെരിയാന്തറ ഭാഗം 4 ാം വാർഡിൽ പാലച്ചുവടിന് വടക്ക് പ്രദേശം കോറോണിൽ, 5 ാം വാർഡിൽ ചിറയ്ക്കകത്തുപ്രദേശം 6 ാം വാർഡിൽ പൂഴിച്ചിറ, പൂക്കലക്കാട്ട് പ്രദേശം.

## ബയോഗ്യാസ് പ്ലാന്റ്

പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളിൽ ആഹാരം പാകം ചെയ്യുന്നതിന് ഭൂരിഭാഗം കുടുംബങ്ങളും ഇപ്പോൾ വിറകിനെയും മറ്റും ആശ്രയിക്കുന്നു. വിറകിന്റെ ലഭ്യത കുറഞ്ഞുവരുന്നു. ലഭിച്ചാൽ അതിന് അമിത വില കൊടുക്കണം. ഈ സാഹചര്യത്തിൽ ഇങ്ങനെയുള്ള കുടുംബങ്ങളിൽ ആഹാരം പാകംചെയ്യുന്നത് വിഷമകരമാണ്. ആയതിന് പരിഹാരമായി ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതിക്ക് രൂപം നല്കണം. ബയോഗ്യാസ് പ്ലാന്റോ, മറ്റ് പാചക വാതകങ്ങളോ ലഭ്യമാക്കുവാൻ പദ്ധതിയിൽ ലക്ഷ്യമിട്ട് പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. അതിനാൽ ബയോഗ്യാസ് പ്ലാന്റുകൾ 3 ാം വാർഡിലും 6 ാം വാർഡിലും ഗ്രാമസഭാ റിപ്പോർട്ടിൽ നിർദ്ധേശിച്ചിരിക്കുന്നു.

## ഹോസ്റ്റൽ

പുലിയൂർ 4 ാം വാർഡിൽ പ്രീ മെട്രിക് ഹോസ്റ്റൽ പെൺകുട്ടികൾക്കായി പ്രവർത്തിക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗ കുട്ടികൾക്ക് മാത്രമുള്ളതാണ്. കഴിഞ്ഞ 6 വർഷമായി പ്രവർത്തനം ആരംഭിച്ചിട്ട്. സംസ്ഥാനതല പദ്ധതിയിൽ ഉൾപ്പെടുത്തി ഉൽഘാടനം ചെയ്തു. ഈ സ്ഥാപനത്തിന് സ്വന്തമായി വസ്തുവും, കെട്ടിടവും ഉണ്ടാകണം. ആയതിലേക്ക് പദ്ധതിയിൽ ലക്ഷ്യമിട്ട് പ്രവർത്തിക്കണമെന്ന് 4 ാം വാർഡ് ഗ്രാമസഭ ആവശ്യപ്പെട്ടിരിക്കുന്നു. കുട്ടികൾക്ക് നൽകിവരുന്ന ട്യൂഷൻ സൗകര്യം തുടർന്നും ഉണ്ടാകണം.

## I.T.C

പദ്ധതി ആരംഭത്തിൽതന്നെ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു I.T.C വിദ്യാലയം ആരംഭിക്കേണ്ടതായിട്ടുണ്ട്.

ഇവിടെ പരിശീലനം പട്ടികജാതി പട്ടികവർഗ്ഗ കുട്ടികൾക്ക് മാത്രമല്ലാ പ്രവേശനം നൽകുന്നത്, എല്ലാവിഭാഗം കുട്ടികൾക്കും സാങ്കേതിക വിദ്യാഭ്യാസം ചെയ്യുന്നതിന് വളരെ സൗകര്യം ലഭിക്കും. അതിനുള്ള വസ്തു വാങ്ങുന്നതിനും, കെട്ടിടവും, മറ്റ് ഉപകരണങ്ങളും, പരിചയസമ്പന്നരായ അദ്ധ്യാപകരേയും ലഭ്യമാക്കണം. ഈ കാര്യത്തിൽ പദ്ധതിക്കാലത്ത് മുൻഗണന നൽകുവാൻ 5 ാം വാർഡിലും 6 ാം വാർഡിലും ഗ്രാമസഭകളുടെ റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

7 ാം വാർഡിൽ ചാങ്ങേത്ത് പ്രദേശം 8 ാം വാർഡിൽ മലഞ്ചരക്ക് കൃഷിയും 9 ാം വാർഡിലും മലഞ്ചരക്ക് കൃഷിയും ചെയ്തു വരുന്നു. ഈ നിലയിൽ കൃഷിപണിയിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്ക് യഥാസമയം വിത്തും വളവും കീടനാശിനികളും സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഗ്രാമ സഭാ റിപ്പോർട്ടിൽ കാണുന്നു.

നെൽകൃഷിയും വെറ്റ കൃഷി, മരച്ചീനി, ഏത്തവാഴ, ഇഞ്ചി എന്നീ കൃഷിക്കും ആവശ്യമായ രീതിയിൽ വളവും, വിത്തും, കീടനാശിനികളും സബ്സിഡി നിരക്കിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും കൃഷിഭവന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ഉദ്യോഗസ്ഥൻമാരുടെ സേവനം ഉപയോഗിച്ച് കൃഷിക്ക് ഉണ്ടാകാറുള്ള കീടങ്ങളും മറ്റും ഫലപ്രദമായി നേരിടുന്നതിന് കാലാകാലങ്ങളിൽ മണ്ണ് പരിശോധിച്ച് പരിഹാരമാർഗ്ഗം നിർദ്ദേശിക്കേണ്ടതുമാണ് ആവശ്യമായിട്ടുള്ളത്. ആയത് വേണ്ടസമയത്ത് വേണ്ടതു പോലെ ചെയ്യാനുള്ള സംവിധാനം ഉണ്ടാകുകയും വേണം.

## തെങ്ങിന്റെ രോഗനിവാരണം

തെങ്ങിന്റെ രോഗനിവാരണത്തിന് ഇനിയുള്ള കാലത്തെങ്കിലും അടിയന്തിര നടപടിയിലൂടെ പരിഹാരം കാണാൻ കഴിഞ്ഞില്ലെങ്കിൽ ഭാവിയിൽ നമുക്ക് വലിയ വിപത്തിനെ നേരിടേണ്ടതായി വരും. പട്ടികജാതി കുടുംബങ്ങളിലും ഉള്ള സ്ഥലത്ത് ആവശ്യം വേണ്ട തെങ്ങുകൾ വെച്ചു പിടിപ്പിക്കാറുണ്ട്. തെങ്ങ് കായ്ഫലം ആകാറാകുമ്പോൾ രോഗം ബാധിച്ച് നശിച്ചു പോകുന്നതായി കാണാം. ആയതിന് അടിയന്തിര പരിഹാരം കാണേണ്ടതായിട്ടുണ്ട്.

## ഭൂമിപതിച്ചു നൽകൽ

പുലിയൂർ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി പുറമ്പോക്ക് ഭൂമിയും, ചാലുപുറമ്പോക്ക്, ആറിന്റെ പുറമ്പോക്ക്, തോടു പുറമ്പോക്ക്, മിച്ചഭൂമിയുള്ളത് കുടികിടപ്പ് അവകാശം ഇവക്ക് 9 ാം പദ്ധതിക്കാലത്ത് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾക്കോ സ്ഥാപനങ്ങൾക്കും, താമസക്കാർക്കും മുൻഗണന നൽകണം.

## മത്സ്യതൊഴിലിന് സഹായം

മത്സ്യ ബന്ധനത്തിലും, മത്സ്യ വിപണനത്തിലും പുലിയൂർ പ്രദേശത്ത് ധാരാളം തൊഴിലാളികൾ ഉണ്ട്. തോനയ്ക്കാട് കേന്ദ്രീകരിച്ച് മത്സ്യ തൊഴിലാളികൾ തിങ്ങിപാർക്കുന്നു. ഇവർക്ക് മത്സ്യ ബന്ധനത്തിന് ആവശ്യമായ ഉപകരണങ്ങൾ മത്സ്യ ഫെഡിൽ നിന്നും ലഭിക്കണം വള്ളം, വല, സൈക്കിൾ, മറ്റുപകരണം.

മത്സ്യ വിപണന തൊഴിലാളികളായ ആളുകളും പഞ്ചായത്തു പ്രദേശത്ത് ഉണ്ട്. അവർ ഏർപ്പെട്ടിരിക്കുന്ന തൊഴിൽ നിലനിർത്തി കൊണ്ടു പോകുന്നതിലേക്ക് ഉദാരമായ നിലയിൽ വായ്പയും മറ്റും ലഭിക്കുന്നതിന് നടപടി പദ്ധതിക്കാലത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു.

## മരം കയറ്റ തൊഴിലാളികൾക്ക് സംരക്ഷണം

പുലിയൂർ പഞ്ചായത്ത് പ്രദേശത്തുള്ള മരം കയറ്റ തൊഴിലാളികൾക്ക് സംരക്ഷണം ഉറപ്പുവരുത്തണം ആയതിന് അങ്ങനെയുള്ള ആളുകളുടെ ഒരു സർവ്വേതന്നെ നടത്തി ഇൻഷുറൻസിന്റെ പരിധിയിൽ കൊണ്ടു വരികയും പണിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടം സംഭവിച്ചാൽ അടിയന്തിരസഹായം നൽകുന്നതിലേക്ക് പദ്ധതിക്കാലത്ത് ഒരു പ്രത്യേക ഫണ്ടു തന്നെ വകയിരുത്തേണ്ടതായിട്ടുണ്ട്. ഇത് ഒരു പൊതു നിർദ്ദേശമായി ഉന്നയിക്കുന്നു.

## കോളനിറോഡുകളുടെ സംരക്ഷണം

പട്ടകജാതി പട്ടികവർഗ്ഗ കോളനികളിലേക്കും കോളനിക്ക് ഉൾപ്രദേശത്ത് റോഡുകളും പൂർണ്ണമായും സഞ്ചാര യോഗ്യമാക്കുന്നതിന് പദ്ധതിക്കാലത്ത് നടപടി സ്വീകരിക്കണം.

1. കത്തോലിക്കാപള്ളി ചാത്തമേൽക്കുറ്റി റോഡ്.
2. കോട്ടാത്തറ കോളനിറോഡ്.
3. വാഴക്കൂട്ടം പോത്തലക്കാട് റോഡ്.
4. കണ്ടത്തിൽ പീടിക പടി തായം കുളങ്ങര.
5. കുളത്തിത്തറ ഘഫഅഡ കോളനി റോഡ്.
6. കോയിത്തറ കോളനിറോഡ്.

7. മാങ്കുഴിച്ചാൽ കോളനി റോഡ്.
,8. പേരിശ്ശേരി ഹരിജൻ കോളനി റോഡ്.
9. പൂവണ്ണു നിൽക്കുന്നതിൽ റോഡ്
10. നൂറ്റവൻ പാറ TV സ്റ്റേഷൻ റോഡ്.

സ്ഥാപനങ്ങൾക്ക് ആവശ്യമില്ലാത്ത ഭൂമികൾ പതിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പല ഗ്രാമ സഭകളിൽ നിന്നും നിർദ്ദേശങ്ങൾ ഉണ്ടായിരിക്കുന്നു.

## ഉഴവുമാടുകളെ വിതരണം

പട്ടികജാതി പട്ടികവർഗ്ഗത്തിലുള്ള ആളുകൾക്കും തൊഴിൽ ചെയ്തു ജീവിക്കുന്നതിലേക്കായി ഉഴവുമാടുകളെ വാങ്ങുന്നതിന് IRDP സഹായം ഉറപ്പാക്കുകയും ആയത് യഥാസമയം ബാങ്ക് മുഖേന സബ്സിഡിയോഡുകൂടി വായ്പ ലഭിക്കുന്നതിനുള്ള നടപടിയും പദ്ധതിക്കാലത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു.

## കാർഷികോപകരണങ്ങളുടെ വിതരണം

പഞ്ചായത്തു പ്രദേശത്തെ പട്ടികജാതിയിൽ പെട്ട കൃഷിപണിയിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്ക് കൃഷിഭവൻ മുഖേന കാർഷികോപകരണങ്ങൾ വിതരണം ചെയ്യണം. കൃഷിഭവനിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന തൊഴിൽ രഹിതരായ പട്ടികജാതിയിലുള്ള ആളുകൾക്ക് കൃഷിപണിക്കുള്ള ട്രാക്ടർ, ട്രില്ലർ എന്നിവ ഏതെങ്കിലും പാടശേഖരത്തിന്റെ പേരിൽ 75 ശതമാനം സബ്സിഡിയോഡുകൂടി വിതരണം ചെയ്യുക 25 ശതമാനം അവശേഷിക്കുന്ന തുക പദ്ധതി വിഹിതത്തിൽ വകയിരുത്തി നടപ്പാക്കുവാൻ പൊതു നിർദ്ദേശം ഉണ്ടായിരിക്കുന്നു.

മറ്റുള്ള കൃഷിക്കാർക്കായി പമ്പ്, റോക്കർ സ്പ്രെയർ, പമ്പ് സെറ്റ്, പണിയായുധങ്ങൾ എന്നിവ സൗജന്യ നിരക്കിൽ പച്ചക്കറി കൃഷിക്കും നെൽ കൃഷിക്കും നൽകി കൃഷിപണിയിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളെ സഹായിക്കുവാൻ 9 ാം പദ്ധതിക്കാലത്ത് കൃഷിഭവനിൽ നിന്നും നൽകുന്നതിനുള്ള നിർദ്ദേശങ്ങളും ഗ്രാമ സഭകളിൽ നിന്ന് ഉണ്ടായിരിക്കുന്നു.

## കുളിമുറി നിർമ്മാണം

പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളിൽ കോളനികൾ ഉൾപ്പടെ കുളിമുറി ഇല്ലാത്ത കുടുംബങ്ങൾക്ക് കുളിമുറി നിർമ്മിക്കുന്നതിന് പദ്ധതിക്കാലത്ത് ഓരോ വർഷവും 100 വീടുകൾക്ക് വീതം ഗ്രാന്റ് നൽകണമെന്ന് പലഗ്രാമ സഭകളിൽ നിന്നും നിർദ്ദേശമുണ്ടായിരിക്കുന്നു. ആയത് ഗ്രാമ പഞ്ചായത്തിന്റെ അൺടൈഡ് ഫണ്ടോ, റങ്കഭ ഫണ്ടോഉപയോഗപ്പെടുത്തി ഗ്രാന്റ് നൽകണമെന്ന് നിർദ്ദേശിക്കുന്നു.

## ഉച്ചനീചത്വം

ജാതി പരമായ ഉച്ച നീചത്വം ഇന്ന് നിലനിൽക്കുന്നതായി 8 ാം വാർഡിലെ ഗ്രാമ സഭയുടെ അഭിപ്രായത്തിൽ കാണുന്നു. അത് രേഖപ്പെടുത്തുന്നു. പുലിയൂർ പ്രദേശത്ത് ആനിലയിൽ ഉണ്ടോ എന്ന് ഗ്രൂപ്പ് ചർച്ച ചെയ്തു തീരുമാനിക്കേണ്ടതാണ്. ഉച്ചനീചത്വങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ടെങ്കിൽ തീർച്ചയായും അത് മാറ്റപ്പെടേണ്ടതാണ്.

## പെൻഷൻ

നിലവിലുള്ള പെൻഷൻ പദ്ധതികളായ കാർഷികതൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, മറ്റു പെൻഷനുകൾ കൃത്യമായും അർഹതയുള്ള ആളുകൾക്ക് ലഭിക്കുന്നതിനുള്ള നടപടിയും ആവശ്യമായ വിഹിതവും പദ്ധതിയിൽ ഉൾപ്പ്ടെടുത്തുന്നതിന് ഗ്രാമ സഭകളുടെ നിർദ്ദേശമുണ്ടായിരിക്കുന്നു.

## ലംസംഗ്രാന്റ്

സ്ക്കൂൾകുട്ടികൾക്ക് നൽകി വരുന്ന ലംസംഗ്രാന്റ് അപര്യാപ്തമാണന്നും വർദ്ധിപ്പിച്ചു നൽകണമെന്നും കൃത്യസമയത്ത് ലഭിക്കുന്നതിനുള്ള നടപടിയും പദ്ധതിക്കാലത്ത് ഉണ്ടാകണമെന്ന് ഗ്രാമ സഭകളുടെ നിർദ്ദേശം ഉണ്ടായിരിക്കുന്നു.

## രോഗികളെ സഹായിക്കൽ

അടിയന്തിരഘട്ടങ്ങളിൽ മാരകമായ രോഗം ബാധിച്ച രോഗികളെ ചികിത്സക്കായി എത്തിക്കുന്നതിന് മാർഗ്ഗമില്ലാതെ ഈ ഗ്രാമ പ്രദേശത്തെ കുടുംബങ്ങളിലുള്ള ആളുകൾ വിഷമിക്കുന്നത് അനുഭവപ്പെട്ടിട്ടുണ്ട്. അടിയന്തിര സഹായം എന്ന നിലയിൽ ധനസഹായം എത്തിക്കുന്നതിലേക്ക് 9 ാം പദ്ധതിക്കാലത്ത് ഗ്രാമ പഞ്ചായത്ത് ചുമതലയിൽ തന്നെ ഒരു അടിയന്തി സഹായനിധി രൂപീകരിക്കണം എന്ന പൊതു നിർദ്ദേശം വയ്ക്കുന്നു.

പുലിയൂർ പഞ്ചായത്തിന്റെ കുന്നിൻ പ്രദേശമായ 9 ാം വാർഡിൽ നിലവിലുള്ള ശുദ്ധജല വിതരണം പദ്ധതിക്ക് ധാരാളം പോരാഴ്മകളുള്ളതായി മനസ്സിലാകുന്നു. പൈപ്പ് ലൈൻ നീട്ടി ടാപ്പുകൾ കൂടുതൽ സ്ഥാപിക്കണം.

ഗ്രാമ സഭയിലൂടെ റിപ്പോർട്ടായി നൽകിയിരുന്ന നിർദ്ദേശങ്ങളും തീരുമാനവും വളരെ ശ്രദ്ധിച്ചു ക്രോഡീകരിക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ട് വിട്ടുപോയ ഏതെങ്കിലും വിഷയം ഉണ്ടെങ്കിൽ ഗ്രൂപ്പ് ചർച്ചയിലൂടെ ഉന്നയിക്കാവുന്നതാണ് അങ്ങനെ റിപ്പോർട്ട് സമ്പുഷ്മാക്കുവാൻ താൽപര്യപ്പെടുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ സ്ക്കൂൾ കുട്ടികളുടെ വിദ്യാഭ്യാസം

പുലിയൂർ പഞ്ചായത്തിൽ തോനയ്ക്കാട് JBS ഇലഞ്ഞിമേൽ MSCLPS പുലിയൂർ GHS പേരിശ്ശേരി UPS എന്നീ സ്ക്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട 4 ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് പഠിക്കുന്നതിനുള്ള പഠനോപകരണങ്ങളും, യൂണിഫോം, കുട, എന്നിവ പഞ്ചായത്തിൽ നിന്നും വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കണം.

ഇപ്രകാരം ഒരു സഹായത്തിന് തയ്യാറായാൽ ഈ വിഭാഗത്തിൽപ്പെട്ട മുഴുവൻ കുട്ടികളുടേയും പ്രാധമിക വിദ്യാഭ്യാസം ഉറപ്പാക്കുവാൻ കഴിയും. ഇതിലേക്ക് സ്ക്കൂളുകളിൽ നിന്നും പൂർണ്ണമായ ഒരു സർവ്വേതന്നെ നടത്തി അർഹതയുള്ള ആളുകളെ കണ്ടു പിടിച്ച് പദ്ധതി വിഹിതത്തിൽ നിന്നോ ഗ്രാമ പഞ്ചായത്ത് ഫണ്ടുകളിൽ നിന്നോ തുക കണ്ടെത്തേണ്ടിയിരിക്കുന്നു.

### പട്ടകജാതി (ST)

പട്ടിക വർഗ്ഗത്തിൽപ്പെട്ട 28 പേർ നമ്മുടെ ഗ്രാമത്തിൽ താമസിക്കുന്നതായി രേഖകൾ സൂചിപ്പിക്കുന്നു. 9 ാം വാർഡിലും മറ്റും കേന്ദ്രീകരിച്ച ഈ വിഭാഗത്തിൽ ഉള്ള കുടുംബങ്ങൾ ഉണ്ടായിരുന്നു എന്നാൽ ഇപ്പോൾ അത്രയും ആളുകൾ ഉണ്ടോ എന്ന് പരിശോധിക്കണം.

എന്നാലും കുറെ കുടുംബങ്ങൾ ഉള്ളതായി വ്യക്തമാണ്. ഇവർക്ക് പദ്ധതി വിഹിതത്തിൽ തന്നെ പ്രത്യേക ഫണ്ട് മാറ്റി വയ്ക്കേണ്ടതാണ് അപ്പോൾ നമ്മുടെ പഞ്ചായത്തിലുള്ള പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ആദ്യവർഷം തന്നെ പാർപ്പിടം, വൈദ്യുതി, കുടിവെള്ളം, കക്കൂസ്, ഈ വക കാര്യങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്. അതിന് ഫണ്ട് പ്രത്യേകം വകകൊള്ളിച്ച് നടപടി സ്വീകരിക്കണം.

ഇലഞ്ഞിമേൽ കോട്ടാത്തറ കോളനി കേന്ദ്രീകരിച്ച് അംഗൻവാടി നിർമ്മിക്കുവാൻ നടപടി സ്വീകരിക്കണം ആയതിന് കെട്ടിടത്തിന് സ്ഥലം നൽകുവാൻ ഉപഭോക്താക്കൾ തയ്യാറാണ്.

കാടൻമാവ് കോളനിയിൽ ഉൾപ്പെട്ട പ്രദേശം കുളത്തിന് വടക്കുവശം താമസിക്കുന്ന പട്ടികജാതിക്കാരുടെ ഭൂമി സംരക്ഷണത്തിനായി പിച്ചിംഗ് കെട്ടികൊടുക്കുവാൻ നിർദ്ദേശമുണ്ട്.

## ഭൂമിസംരക്ഷണം

പുലിയൂർ 9 ാം വാർഡിൽ ചരിവു പ്രദേശമാകയാൽ പട്ടികജാതിയിൽപ്പെട്ട നൂറ്റവൻപാറ കോളനി നിവാസികളുടെ കൈവശമുള്ള ഭൂമി മഴക്കാലത്ത് മണ്ണ് ഒലിച്ചു പോയി ഭൂമി നഷ്ടമാകുന്നതു തടയുവാൻ കയ്യാല നിർമ്മിക്കുന്നതിന് ആവശ്യമായ ധന സഹായം നൽകുക. പട്ടികജാതിക്കാർ താമസിക്കുന്ന സ്ഥല വാസികളുടെ പട്ടയം വഭിച്ചിട്ടില്ലാത്തത് അടിയന്തിരമായി നടപടി സ്വീകരിച്ച് പതിച്ചു നൽകുവാൻ നിർദ്ദേശിക്കുന്നു.

## വ്യവസായം

പുലിയൂർ 9 ാം വാർഡിലുള്ള പട്ടികജാതി പട്ടികവർഗ്ഗത്തിലുള്ള യുവാക്കൾ ധാരാളം പേർ ഓട്ടോ ഡ്രൈവിംഗ് പഠിച്ച് തൊഴിൽ ഇല്ലാതെ നടക്കുന്നു. അവർക്ക് ലോൺ, ഗ്രാന്റെ ഇവ നൽകി ഓട്ടോറിക്ഷ വാങ്ങാൻ ബാങ്കുകൾ ധനസഹായം നൽകണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു.

പ്ലാസ്റ്റിക്കു കൂടുകൾ റെഡിമെയ്ഡ് തയ്യൽ യൂണിഫോമുകൾ വനിതകൾക്ക് ആരംഭിക്കുവാൻ ഉദ്ദേശമുണ്ട്. ആയതിന് ആവശ്യമായ നിർദ്ദേശങ്ങളും ധനസഹായവും നൽകി സഹായിക്കണം.

## പട്ടികജാതി കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | കോളനിയുടെപേര് | വൈദ്യുതി ലഭിച്ച കുടുംബങ്ങളുടെ(എണ്ണം) | സൗജന്യ വൈദ്യുതി ഉപ: എണ്ണം | പണംനൽകി വൈദ്യുതി കണക്ഷൻ ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണം | |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | |
| 1 | പൊറ്റമേൽ, IHDP | 12 | 2 | 1 | |
| 1 | ചാത്തമേൽ, HC | 19 | 1 | 18 | |
| 1 | മലയാറ്റ് | 8 | 2 | 6 | |
| 2 | കോട്ടാത്തറ HC | 8 | 1 | 7 | |
| 2 | കാടന്മാവ് HC | 18 | 2 | 16 | 2 വീടിന് 94- 95ൽ വയറിംഗ് നടത്തി |
| 3 | പോത്തലക്കാട്ട് HC | 9 | 1 | 8 | |
| 4 | തായംകുളങ്ങര HC | 10 | 1 | 9 | 2 വീടിന് 95 ൽ വയറിംഗ് നടത്തി |
| 4 | പുത്തേത്ത് HC | 5 | 1 | 4 | |
| 4 | ചെമ്പോലിമല HC | 7 | 2 | 5 | 2 വീടിന് 95 ൽ വയറിംഗ് നടത്തി |
| 4 | ഊരിത്തറ HC | 3 | 1 | 2 | |
| 4 | പറപ്പുറത്ത് | 3 | - | 3 | 1 വീടിന് 95 ൽ വയറിംഗ് നടത്തി |
| 5 | പടിഞ്ഞാറ്റുംതറ HC | 11 | 1 | 10 | 1 വീടിന് 95 ൽ വയറിംഗ് നടത്തി |
| 5 | പ്രിയദർശിനി HC | 15 | 2 | 13 | |
| 6 | കോയിത്തറ HC | 8 | 7 | 1 | 5 വീടിന് 95 ൽ വയറിംഗ് നടത്തി |
| 6 | ഇടയശ്ശേരി HC | 6 | - | 6 | |
| 7 | പേരിശ്ശേരി HC | 32 | 3 | 29 | 2 വീടിന് 95ൽ വയറിംഗ് നടത്തി |
| 7 | മങ്കുഴിച്ചാൽ HC | 2 | - | 2 | |
| 8 | വേലത്താപറമ്പ് HC | 8 | 2 | 6 | 1 വീടിന് 95 ൽ വയറിംഗ് നടത്തി |
| 8 | പൂവണ്ണ് നിൽക്കുന്നതിൽHC | 12 | 1 | 11 | 1 വീടിന് 95 ൽ വയറിംഗ് നടത്തി |
| 8 | പോങ്ങ് നിൽക്കുന്നതിൽHC | 8 | 2 | 6 | |
| 9 | നൂറ്റവൻ പാറ HC | 32 | - | 32 | 4 വീടിന് 95ൽ വയറിംഗ് നടത്തി |
| 9 | 9ാംവാർഡ്പുനരധിവാസം | NIL | NIL | NIL | |
| 9 | മൂലയൂഴം " | NIL | NIL | NIL | |
| 1 | ചേന്നാത്ത് ലക്ഷംവീട് കോളനി | NIL | NIL | NIL | 2 വീടിന് 95ൽ വയറിംഗ് നടത്തി |
| 4 | പാലച്ചുവട് ലക്ഷംവീട് കോളനി | 6 | - | 6 | |
| 5 | ആമ്പാടി കിഴക്ക് ലക്ഷംവീട് കോളനി | 8 | 6 | 2 | |
| 9 | മൂലയൂഴം ലക്ഷംവീട് കോളനി | 22 | 13 | 9 | |

# സാമൂഹ്യക്ഷേമം

നമ്മുടെ ഗ്രാമത്തിലെ ജനസംഖ്യയിൽ പകുതില ധികവും സ്ത്രീകളാണ് ഈ വിഭാഗത്തിന്റെ സാമൂഹ്യപരമായ വളർച്ച പുരുഷന്മാരോടൊപ്പം ഉയർന്നിട്ടില്ല എന്നുള്ളത് കാണാൻ കഴിയും. ബഹുഭൂരിപക്ഷം സ്ത്രീകളും ഓരോ കുടുംബ ത്തിന്റേയും ചുമതലയുള്ളവരാണ്. ഇതനുസരിച്ച് ജീവിത നിലവാരത്തിൽ മുന്നേറ്റം ഉണ്ടായിട്ടില്ല. സ്വന്തമായി തൊഴി ലും വരുമാനവും ഉള്ളവർ വളരെ കുറവ് എന്നു തന്നെ പറയാം.

കാർഷികമേഖലയിലും, നിർമ്മാണ പ്രവർത്തന ങ്ങളിലും ഏർപ്പെട്ടിരിക്കുന്നവരും ഗൃഹവൃത്തിയിലും സംര ക്ഷണത്തിലും മാത്രമായും ശ്രദ്ധിക്കുന്നവരും കുറവല്ല. വള രെകുറച്ച് സ്ത്രീകൾ തയ്യൽ തൊഴിലിലും, ഫീസിംഗ് സെന്റർ (അംഗൻവാടി) തൊഴിലിലും ഏർപ്പെട്ടിരിക്കുന്നവരും ഉണ്ട് വിവിധ രാഷ്ട്രീയ പാർട്ടികളുടെ മഹിളാ സംഘടനകളും പ്രവർത്തിക്കുന്നുണ്ട് അവയുടെ നേതൃത്വ നിരയിലേക്ക് അപൂർവ്വം വനിതകൾ മാത്രമേ എത്തിച്ചേരുന്നുള്ളു. സാമൂഹ്യ രാഷ്ട്രീയ സംസ്കാരിക രംഗങ്ങളിൽ പുരുഷന്മാരോടൊപ്പം ഉയർന്നു വരണം.

അന്ധവിശ്വാസത്തിന്റേയും ആചാരാനുഷ്ഠാനങ്ങ ളുടേയും, തുടർന്നുവന്നിട്ടുള്ള തെറ്റായനിയന്ത്രണങ്ങൾ മാറ്റപ്പെടണം എന്ന സത്യം മറച്ചു വെച്ചിട്ട് കാര്യമില്ല. ഇങ്ങനെയുള്ള ജനവിഭാഗങ്ങളുടെ, സാമൂഹ്യവളർച്ചയ്ക്ക് ഓരോ പ്രദേശങ്ങളും പ്രവർത്തിക്കുന്ന സാമൂഹ്യപ്രവർത്തകരുടേയും സന്നദ്ധസംഘടനകളുടേയും കടമയാണ്.

## സാമൂഹ്യക്ഷേമം

പെൻഷൻ പദ്ധതികൾ
കർഷകതൊഴിലാളി പെൻഷൻ
കർഷക പെൻഷൻ
വിധവാ പെൻഷൻ
വികലാംഗ പെൻഷൻ
വാർദ്ധക്യകാല പെൻഷൻ
മന്ദബുദ്ധികൾക്ക് പെൻഷൻ
സ്വാതന്ത്ര്യസമര സേനാ നികളുടെ പെൻഷൻ
ക്യാൻസർരോഗികൾക്കുള്ള പെൻഷൻ
ക്ഷയരോഗികൾക്കുള്ള പെൻഷൻ
വിധവാക്ഷേമപദ്ധതികൾ
തൊഴിലില്ലായ്മാ വേതനം
നിലത്തെഴുത്ത് ആശാന്മാർക്കുള്ള ഗ്രാന്റ്
അവശകലാകാരന്മാർക്കുള്ള പെൻഷൻ
ലംസംഗ്രാന്റ്
സ്കൂൾ കുട്ടികൾക്കുള്ള ഉച്ചക്കഞ്ഞി ഗ്രാന്റ്
തയ്യൽ തൊഴിലാളി ക്ഷേമനിധി
കൈവേലതൊഴിലാളി ക്ഷേമനിധി
മരംകയറ്റതൊഴിലാളി ക്ഷേമനിധി
മത്സ്യതൊഴിലാളി ക്ഷേമനിധി
ലോട്ടറികച്ചവടക്കാരുടെ ക്ഷേമനിധി
മദ്യവ്യവസായതൊഴിലാളി ക്ഷേമനിധി
ചെത്തു തൊഴിലാളി ക്ഷേമനിധി
കർഷകതൊഴിലാളി ക്ഷേമനിധി

വിവിധയിനം പെൻഷനുകൾ പഞ്ചായത്തിൽ അർഹരായ ആളുകൾക്ക് ലഭിക്കുവാനും പുതുതായി അപേക്ഷിക്കുവാനുമുണ്ട്.

മുകളിൽ സൂചിപ്പിച്ച പെൻഷൻ പദ്ധതികളിൽ അർഹരായി അംഗീകരിക്കപ്പെട്ടവർക്കുപോലും കൃത്യമായും നിശ്ചിത സമയത്തും ധനസഹായം ലഭിക്കുന്നില്ല എന്നുള്ള വ്യാപകമായ പരാധി നില നില്ക്കുന്നു. അവയിൽ ചിലത് ഇന്ന് ഗ്രാമ പഞ്ചായത്തിൽ കൂടെ വിതരണം ചെയ്യുന്നു. അവശേഷിക്കുന്ന പെൻഷൻ പദ്ധതികളും ജില്ലാ പഞ്ചായ ത്തിന്റെ നിയന്ത്രണത്തിൽ വഴി തുക ഗ്രാമ പഞ്ചായത്തിലെ ത്തിയാൽ യഥാർത്ഥ അവകാശികൾക്ക് നിശ്ചിത സമയ ത്തുതന്നെ വിതരണം ചെയ്യുവാൻ കഴിയണം. കർഷക തൊഴിലാളി പെൻഷനും അടിയന്തിരമായി ഗ്രാമ പഞ്ചാ യത്ത് വഴി വിതരണം നടത്തുവാനുള്ള നടപടി സ്വീകരിക്ക ണം.

നിലവിലുള്ള ക്ഷേമ പദ്ധതികൾ പലതും കാര്യ ക്ഷമമായി പ്രവർത്തിക്കുന്നില്ല. ഉദാഹരണത്തിന് കർഷക തൊഴിലാളിക്ഷേമനിധി നിശ്ചിത സമയത്ത് കർഷകന്റെ വിഹി തം തിരിക്കുന്നതിന് പ്രായധിക്യമാകുമ്പോൾ പെൻഷൻ കൊടു ക്കുന്നതിനോ കഴിയുന്നില്ല. ഇതിലേക്ക് ഓരോ താലൂക്കി

ലും ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

## രോഗികൾക്കുള്ള ധനസഹായം

മാരകമായ രോഗം പിടിപെട്ടിട്ടുള്ള ധനപരമായി വളരെ പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളിലെ രോഗികളെ അത്യാവശ്യഘട്ടങ്ങളിൽ സഹായിക്കുന്നതിനും ആശുപത്രിയിൽ എത്തിക്കുന്നതിനും മാർഗ്ഗമില്ലാതെ പല കുടുംബങ്ങളും ഇന്ന് ബുദ്ധിമുട്ടുന്നു. ഇക്കാര്യത്തിൽ ഗ്രാമ പഞ്ചായത്തുകൾ വഴി അടിയന്തിര സഹായം എത്തിക്കേണ്ടത് ഒരു സാമൂഹ്യക്ഷേമ പ്രവർത്തനമാണ്. ഇതിലേക്ക് ഓരോ ഗ്രാമ പഞ്ചായത്തിനും പ്രത്യേക ഫണ്ട് വകയിരുത്തേണ്ടതാണ്.

## ശ്മശാനം

പുലിയൂർ ഗ്രാമ പഞ്ചായത്തിന്റെ ഭൂപ്രകൃതിയും വിസ്തീർണ്ണവും ജനസാന്ദ്രതയും ഭാവിയിൽ ഉണ്ടാകാൻ പോകുന്ന കുടുംബങ്ങളുടെ വർദ്ധനവും കണക്കിലെടുക്കുമ്പോൾ മനുഷ്യൻ മരിച്ചാൽ കുഴിച്ചിടുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന സ്ഥിതിയാണ്. ഇപ്പോൾ തന്നെ പല കോളനികളിലും ആളുകളെ അടക്കം ചെയ്യുന്നത് വീടുമുറ്റത്തും മറ്റുമാണ്. ഈ സ്ഥിതിക്ക് ഒരു പരിഹാരമുണ്ടാവണമെങ്കിൽ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള രണ്ടു പൊതു ശ്മശാനമെങ്കിലും ഉണ്ടാകേണ്ടിയിരിക്കുന്നു. ആയതിലേക്ക് ഒരു ഏക്കർ സ്ഥലം വിലയ്ക്കു വാങ്ങി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കണം. പദ്ധതി കാലത്തു തന്നെ ഇത് പൂർത്തികരിക്കേണ്ട കടമയാണ്. സാമൂഹ്യ രംഗത്തും ആരോഗ്യപരിപാലന രംഗത്തും ഇത് അത്യന്താപേക്ഷിതമാണ്.

അംഗൻവാടി, മഹിളാ സമാജം: ഇന്ന് പുലിയൂർ ഗ്രാമപഞ്ചായത്തിൽ 9 മഹിളാ സമാജങ്ങൾക്കു കീഴിൽ പോഷകാഹാരവിതരണം കേന്ദ്രം എന്ന നിലയിൽ **Feeding Centre** കളായി പ്രവർത്തിക്കുന്നു. ഈ സെന്ററുകൾ പുതിയ പദ്ധതിയനുസരിച്ച് (I C D S) അംഗൻവാടികളായി മാറുകയാണ്. അവയിൽ സ്വന്തമായി കെട്ടിടവും സ്ഥലവുമുള്ളത് ഇലഞ്ഞിമേൽ അംഗനവാടിയും, പുലിയൂർ മഹിളാ സമാജവും ആകുന്നു. പുലിയൂർ ഗ്രാമ പഞ്ചായത്തിന്റെ വകയായുള്ള ശിശു മന്ദിരവും മാത്രമാണ്. പേരിശ്ശേരി ൬൦ം വാർഡിലുള്ള **B. S. S.** വനിതാ സമാജത്തിന്റെ പേരിൽ സ്ഥലവും കെട്ടിടവും നിലവിലുണ്ട്. കെട്ടിടം ജീർണ്ണാവസ്ഥയിലും സമാജം ഇപ്പോൾ പ്രവർത്തനരഹിതവുമാണ്. മറ്റുള്ള എല്ലാ അംഗനവാടികൾക്ക് സ്ഥലവും കെട്ടിടവും ഉണ്ടാകേണ്ടിയിരിക്കുന്നു. കൂടാതെ **I. C. D. S.** പ്രോഗ്രാം അനുസരിച്ച് ആകെ 13 അംഗൻവാടികൾ ഇപ്പോൾ പുലിയൂർ ഗ്രാമ പഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. ഇവയ്ക്കെല്ലാം കെട്ടിടം നിർമ്മിക്കേണ്ട ബാധ്യത ഗ്രാമ പഞ്ചായത്തിനും സ്ഥലം പ്രദേശപരമായി ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെ കണ്ടെത്തേണ്ടതുമാണ്.

1, 2, 3, 4, 5, 6, 7, 9 എന്നീ ഗ്രാമ സഭകളുടെ സാമൂഹ്യക്ഷേമം എന്ന വിഷയത്തിൻ മേലുള്ള ചർച്ചയിൽ ഇപ്പോൾ നിലവിലുള്ളതു കൂടാതെ പുതിയ അംഗനവാടികൾ സ്ഥാപിക്കണമെന്ന് നിർദ്ദേശമുണ്ടായിരിക്കുന്നു.

## വെയിറ്റിംഗ് ഷെഡ് കംഫർട്ട്ഷേൻ

പുലിയൂർ ഗ്രാമ പഞ്ചായത്തിൽ പല ജംഗ്ഷനിലും വെയിറ്റിംഗ് ഷെഡ് നിർമ്മിക്കേണ്ടതായിട്ടുണ്ട്. ആയതിലേക്ക് സ്ഥലം ലഭ്യമാക്കണം. പഞ്ചായത്തിന്റെ പ്രധാന ജംഗ്ഷനിൽ എങ്കിലും കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കേണ്ടതായിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളുടെ ആവശ്യം പലപ്പോഴും നാം മനസ്സിലാക്കാറില്ല. അതുകൊണ്ട് വഴി യാത്രക്കാരും മറ്റും ബുദ്ധിമുട്ടുന്നത് മനസിലാക്കാവുന്നതാണ്. 9 ാം പദ്ധതിയിൽ തുക വകയിരുത്തി ആയതിനുള്ള നടപടി ആരംഭിക്കണം.

## വൃദ്ധമന്ദിരങ്ങൾ

പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും, പ്രായാധിക്യമായി കഴിഞ്ഞാൽ ചില ആളുകൾ എങ്കിലും അലഞ്ഞു തിരിയുന്ന കാഴ്ച കാണുന്നുണ്ട്. ഇവയ്ക്ക് പരിഹാരം എന്ന നിലയിൽ ഏതെങ്കിലും പ്രദേശത്ത് ഇവരെ പാർപ്പിക്കുവാൻ നടപടി തുടങ്ങുന്നത് നല്ലതായിരിക്കും. അർഹരായവർക്ക് ധനസഹായം ലഭിക്കാതെ പോകുന്നത്.

ജനങ്ങളുടെ സാമൂഹ്യമായ കാഴ്ചപ്പാടിന്റെയും ബോധവല്ക്കരണക്കുറവും കാരണം അർഹതയുള്ള ആളുകൾക്ക് ധനസഹായം അടക്കം പലതും നഷ്ടപ്പെടുന്നുണ്ട്. ഉദാ: ബാങ്ക് വായ്പകൾ തന്നെ പല കാരണങ്ങൾ പറഞ്ഞ് തള്ളിക്കളയുന്ന രീതി ഇന്ന് നില നില്ക്കുന്നു. ഇവരെ ബോധവാന്മാർ ആക്കി അർഹതയുള്ളത് നേടി എടുക്കുവാൻ പരിശ്രമിക്കേണ്ടതായിട്ടുണ്ട്.

# രോഗികൾക്ക് രക്തം കൊടുത്ത് സഹായിക്കൽ

ഒരു സാമൂഹ്യ പ്രശ്നമായി മാറിക്കഴിഞ്ഞിരിക്കുന്ന കാര്യമാണ് രോഗികൾക്ക് ജീവൻ നിലനിർത്താൻ രക്തം നല്കുക എന്നുള്ളത്. പല ഘട്ടങ്ങളിലും ജനങ്ങൾ ബുദ്ധിമുട്ടുന്നുണ്ട്. അങ്ങനെയുള്ള രോഗികളെയും ജനങ്ങളെയും സഹായിക്കുന്ന കടമ സമൂഹത്തിനുണ്ട്. ഇത് മനസിലാക്കി പ്രദേശപരമായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ പ്രവർത്തിക്കണം. പഞ്ചായത്ത് പ്രദേശത്തെ 18 നും 40 നും ഇടയ്ക്ക് പ്രായമുള്ള എല്ലാ ആളുകളുടെയും രക്തം ഗ്രൂപ്പ് നിർണ്ണയിച്ച് അത്യാവശ്യഘട്ടങ്ങളിൽ ജീവൻ രക്ഷിക്കുവാൻ നാം തയ്യാറാകണം. ഈ നിലയിലുള്ള പ്രവർത്തനവും ഒരു സാമൂഹ്യ പ്രവർത്തനമാണ്.

പൊതു സ്ഥലങ്ങളിൽ മല മൂത്രവിസർജ്ജനം, ചപ്പുചവറുകൾ കൂട്ടി ഇടുക ഈ വകകാര്യങ്ങൾ ആരോഗ്യത്തിന് ഹാനികരമാണ്. ഇങ്ങനെയുള്ള പ്രവണതയ്ക്ക് എതിരെ ഒരു ബോധവല്ക്കരണമാണ് പ്രധാനമായി ആവശ്യം. ചപ്പു ചവറുകൾ കൂട്ടി ഇടുന്നതിന് സ്വയം ഭരണ സ്ഥാപനങ്ങൾ, വീപ്പകളോ, റിംഗ്കളോ സ്ഥാപിക്കാറുണ്ട്. എന്നിരുന്നാലും അതിൽ നിക്ഷേപിക്കാതെ അലസ്യമായി വലിച്ചെറിയുന്നു. ഇതനെതിരെയും സമൂഹത്തിലെ സന്നദ്ധ സംഘടനകളുടെയും സ്വയം ഭരണ സ്ഥാപനങ്ങളുടെയും ബോധവല്ക്കരണം ഉണ്ടാകേണ്ടിയിരിക്കുന്നു.

# ശുദ്ധജലത്തിലെ (കുടിവെള്ളം) മാലിന്യം മാറ്റാൻ

നമ്മുടെ പ്രദേശത്തെ ശുദ്ധജലം എന്നു പറയുന്നത് കിണറുകളിൽ നിന്ന് കുറച്ചു സ്ഥലത്തു മാത്രം ചില്ലറ പൈപ്പു ടാപ്പിൽ നിന്ന് ലഭിക്കുന്ന വെള്ളവുമാണ് കിണറുകളിൽ നിന്ന് ഉപയോഗിക്കുന്ന ജലത്തിൽ പലപ്പോഴും രോഗാണുക്കൾ കടന്നു കൂടുന്നു പല കാരണങ്ങളാൽ വെള്ളപ്പൊക്ക കാരണം, മഴ പെയ്തു വെള്ളം ഇറങ്ങി, അടുത്തുള്ള ഭാഗത്ത് അഴുക്ക് ജലം കെട്ടി കിടന്ന് ഊർന്ന് ഇറങ്ങി, അങ്ങനെയുള്ള കിണറ്റിൽ വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള ബ്ലീച്ചിംഗ് പൗഡർ മുതലായവ കലർത്തി ശുദ്ധമാക്കണം. ആരോഗ്യ രംഗത്തെ പ്രവർത്തനമാണെങ്കിലും പൊതു പ്രവർത്തകരും സ്വയം ഭരണ സ്ഥാപനങ്ങളും മുൻകൈ എടുത്താൽ ഫലപ്രദമായി നടത്താൻ കഴിയും.

# ലഹരി പദാർത്ഥങ്ങൾക്ക് എതിരെ ബോധവല്ക്കരണം

സമൂഹത്തിൽ പ്രത്യേകിച്ച് യുവജനങ്ങളിൽ കണ്ടു വരുന്ന ദുർവാസന ഇന്ന് മയക്കുമരുന്നിനും മദ്യത്തിനും പുകവലി, പുകയില എന്നീ കാര്യങ്ങളിൽ ജനങ്ങളുടെ ഉപയോഗം കൂടി വരുന്നതായി കാണുന്നു. കോളേജ് കാമ്പസുകളിൽ, സ്ക്കൂളുകളിൽ, പൊതുസ്ഥലങ്ങളിൽ എല്ലാം ഈ പ്രവണത കണ്ടു വരുന്നു. ഇതനെ ഫലപ്രദമായി തടയുന്നതിന് നിയമം കൊണ്ട് മാത്രം പോരാ സമൂഹത്തിന് ഇടയിൽ ശരിയായ ആശയപ്രചരണത്തിലൂടെയുള്ള ഒരു ബോധവല്ക്കരണ പ്രക്രിയ തന്നെ നടക്കണം. അതിന് അതാത് പ്രദേശങ്ങളും തയ്യാറാകേണ്ടിയിരിക്കുന്നു. ഈ നിലയിൽ നടത്തുന്ന ബോധവല്ക്കരണ പരിപാടി സാമൂഹ്യ പ്രവർത്തനമായും ക്ഷേമമായും കണക്കാക്കാവുന്നതാണ്.

# മാതൃ ശിശു സംരക്ഷണ കേന്ദ്രം

പുലിയൂർ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പദ്ധതി കാലത്ത് പ്രവർത്തനം ആരംഭിക്കണം. പണി എടുക്കുന്നവരും, ഉദ്യോഗസ്ഥകളുമായ നമ്മുടെ സമൂഹത്തിലെ സ്ത്രീകൾക്ക് തന്റെ തൊഴിലിൽ ഏർപ്പെടുമ്പോൾ കൊച്ചു കുട്ടികളെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ശിശു സംരക്ഷണ കേന്ദ്രത്തിൽ എല്പിച്ചു പരിചരിക്കുന്നതിനുള്ള ചുമതല ഏല്പിച്ചിട്ട് വിശ്വാസത്തോടു കൂടി പോകാം. സാധാരണയായി കൃഷിപ്പണിയിലും മറ്റും ഏർപ്പെടുന്ന സ്ത്രീകൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് തന്റെ ഏറ്റവും പ്രായം കുറഞ്ഞ ഇളയ കുഞ്ഞിനെ സംരക്ഷിക്കുവാൻ സ്ക്കൂളിൽ പഠിക്കുവാൻ പോയി

കൊണ്ടിരിക്കുന്ന കുട്ടിയെ ഏല്പിക്കേണ്ടതായി വരുന്നു. അപ്പോൾ ആ കുട്ടിക്ക് സ്ക്കൂളിൽ പോകുവാൻ കഴിയുന്നില്ല. അങ്ങനെ വിദ്യാഭ്യാസ രംഗത്ത് തൊഴിലെടുക്കുന്ന അമ്മമാരുടെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മോശമാകുന്നു. പഠിത്തം താഴെ തലപ്പിൽ തന്നെ കൊഴിഞ്ഞു പോകുന്നു. നിരക്ഷരർ കൂടുന്നതിനുള്ള പരിഹാരം സാമൂഹ്യക്ഷേമ പ്രവർത്തനമാണ്.

## മാലിന്യം നീക്കം ചെയ്യുക

പൊതു മാർക്കറ്റുകളിലെ മാലിന്യം നീക്കം ചെയ്യേണ്ടത് വളരെ ആവശ്യമാണ്. മത്സ്യ കച്ചവടത്തിന്റെയും, ഇറച്ചികച്ചവടം, ചപ്പുചവറുകൾ എന്നിവ കൂടി കിടന്ന് ധാരാളം മാലിന്യം ഉണ്ടാകാറുണ്ട്. അതു നിമിത്തം, മാരകമായ രോഗവും പടർന്നു പിടിക്കുവാൻ ഇടയാകുന്നു. മലമ്പനി, കോളറ, അതിസാരം മുതലായ രോഗങ്ങൾ ബാധിക്കുന്നത് ഈ നിലയിലുള്ള മാലിന്യങ്ങൾ കാരണമാണ്. പരിസര ശുചീകരണം എന്ന ആശയം വളരെ പഴക്കമുള്ളതാണെങ്കിലും ഇപ്പോഴും ഈ കാര്യത്തിൽ വേണ്ടത്ര ബോധവല്ക്കരണം ഉണ്ടായിട്ടില്ല. സ്വയം ഭരണ സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിൽ വ്യാപകമായ ബോധവല്ക്കരണവും കൂടിയേ തീരൂ. മാലിന്യങ്ങൾ ഉണ്ടാകുന്നത് അടിയന്തിരമായി മാറ്റാനും, രോഗപ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടത് ആരോഗ്യപരിപാലനത്തിന്റെ ചുമതലയാണെങ്കിലും മുകളിൽ സൂചിപ്പിച്ച നിലയിലുള്ള സാമൂഹ്യക്ഷേമ പ്രവർത്തനവും കൂടിയേ തീരൂ.

## മത സൗഹാർദ്ദം

നമ്മുടെ സമൂഹത്തിലെ വിവിധ മത വിശ്വാസത്തിന്റെയും, ആചാര മര്യാദകളുടെയും, വിശ്വാസികളുടെയും നാടാണ് കേരളം. എന്നിരുന്നാലും ചില സന്ദർഭങ്ങളിലെങ്കിലും വിവിധ മതങ്ങളും വിശ്വാസികളും തമ്മിൽ സംഘർഷത്തിൽ ഏർപ്പെടുകയും അങ്ങനെയുള്ള പ്രദേശങ്ങളിൽ ആളുകളുടെ സ്വൈര്യജീവിതവും, ക്രമസമാധാനവും തകരാറിലാക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ഒരു അനുഭവം നമ്മുടെ ഗ്രാമത്തിൽ ഇല്ലാ എങ്കിലും, വിവിധ മതത്തിലും വിശ്വാസത്തിലും കഴിയുന്ന ആളുകൾ അതിവസിക്കുന്ന ഗ്രാമമാണ്. ഇപ്രകാരമുള്ള ആളുകളുടെ മത സൗഹാർദ്ദവും, യോജിപ്പും, വളർത്തി എടുത്ത് നാടിന്റെ വിവിധ തരം വികസന പ്രക്രിയയിൽ എല്ലാ ആളുകളേയും കോർത്തിണക്കി കൊണ്ടു പോകുന്നത് ഏതൊരു സാമൂഹ്യ പ്രവർത്തകന്റെയും കടമയാണ്. സന്നദ്ധ സംഘടനകളും, സാമൂഹ്യ സംഘടനകളും ദീർഘവീക്ഷണത്തോടു കൂടിയുള്ള പ്രവർത്തനം തന്നെ നടത്തണം. അതിലേക്ക് അവരെ പ്രാപ്തരാക്കുവാനുള്ള ചുമതലയും സ്വയം ഭരണ സ്ഥാപനങ്ങളുടെ കടമയും ഉത്തരവാദിത്വമാണ്. ഈ സാമൂഹ്യ പ്രവർത്തനം നടത്തുവാൻ നാം തയ്യാറാകണം.

## പ്രീ മെട്രിക് വനിതാ ഹോസ്റ്റൽ

പുലിയൂർ പഞ്ചായത്തിൽ സ്ഥാപിതമായ പ്രാ മെട്രിക് വനിതാ ഹോസ്റ്റൽ പട്ടികജാതി/ പട്ടികവർഗ്ഗത്തിലുള്ള പെൺകുട്ടികളുടെ വിദ്യാഭ്യാസ സൗകര്യത്തെ മുൻ നിർത്തി പ്രവർത്തിക്കുന്നു. ഇവിടെ 35 കുട്ടികൾക്ക് താമസിച്ച് പഠിക്കുവാനുള്ള സൗകര്യത്തിന് വേണ്ടിയാണ് ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റൽ സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കണം. ഇന്ന് ഉള്ള പരിമിതമായ സൗകര്യത്തിന് ഉപരിയായി എല്ലാ സൗകര്യത്തോടും കൂടിയുള്ള ഹോസ്റ്റൽ ആയി ഉയർത്തണം.

കുട്ടികളുടെ ഭക്ഷണ ചെലവു വാഷിംഗ് അലവൻസ് വർദ്ധിപ്പിച്ച് നല്കേണ്ടതായിട്ടുണ്ട്.

പുലിയൂർ പഞ്ചായത്തിൽ ആറ്റവൻപാറ പ്രദേശത്തെ താമസക്കാർക്ക് സ്വന്തമായി വളരെ കുറച്ച് ഭൂമി മാത്രമുള്ളവരാണ് ആയതുകൊണ്ട് പൊതുവായി ഒരു കമ്മ്യൂണിറ്റി പണികഴിപ്പിക്കണം. ഇന്നുള്ള റ്റി. വി. സ്റ്റേഷൻ സ്ഥലപരിമിതി ഇന്ന് പൊതു യോഗങ്ങളും, സെമിനാറുകളും, വിവാഹങ്ങളും നടത്താൻ ഇത് ആവശ്യമാണ്.

ചരിത്ര പ്രസിദ്ധമായ ആറ്റവൻപാറ സംരക്ഷിക്കേണ്ടതായിട്ടുണ്ട്. പരിണാമ സിദ്ധാന്തവും ഐതീഹവുമായി ബന്ധപ്പെട്ടു കിടക്കുന്നു ഇവിടെ "പറച്ചി പെറ്റ" പന്തിരുകുലത്തിലെ പണ്ഡിത വരേണ്യക്കായ "നാറാണത്തു ഭ്രാന്തൻ" ഇവിടെ പാർത്തിരുന്നു എന്ന് ജനങ്ങൾ വിശ്വസിക്കുന്നു. ഈ പാറയുടെ സംര

ക്ഷണം പഞ്ചായത്ത് ഏറ്റെടുക്കണം

## നേത്രദാനം മഹാദാനം

മരണാനന്തരം മറ്റൊരു ജീവന് കാഴ്ച നല്കി രക്ഷിക്കുവാനുള്ള നേത്രദാനം ചെയ്യുന്ന ജീവ കാരുണ്യ പ്രവർത്തനത്തിന് ബോധവല്ക്കരണം നടത്തേണ്ടതാണ്.

### പ്രശ്നങ്ങൾ

I. R. D. P. അനുസരിച്ച് നല്കി വരുന്ന തൊഴിൽ സംരഭ സഹായം യഥാർത്ഥത്തിൽ തൊഴിൽ. ചെയ്തു ജീവിതം നയിക്കുവാൻ ഉദ്ദേശിക്കുന്ന കുടുംബത്തിന് സഹായം ലഭിക്കുന്നില്ല.

ആവശ്യമായിട്ടുള്ളതിനും, താല്പര്യമുള്ള തൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിക്കുന്നില്ല.

ഏതെങ്കിലും വായ്പ വാങ്ങി എടുക്കണമെങ്കിൽ ഇടത്തട്ടുകാരുടെ ചൂഷണം.

ബാങ്കുകൾ അർഹരായവർക്ക് ധനസഹായം നല്കുന്നതിനുള്ള വിമുഖത.

വിവിധ പദ്ധതികളെപ്പറ്റിയുള്ള പൊതു ജനങ്ങളുടെ (ഗുണഭോക്താവ്) ന്റെ അറിവ് കുറച്ചു.

ധനസഹായത്തിന് അപേക്ഷിച്ചാൽ അത് നേടി എടുക്കുന്നതിനുള്ള ബുദ്ധിമുട്ട്.

### സാദ്ധ്യതകൾ

I R D P ലിസ്റ്റിൽ പെടാത്ത അർഹരായവരെ ഉൾപ്പെടുത്തി ധനസഹായം നല്കുക.

ട്രൈസം പരിശീലനം ലഭിച്ചവർക്ക് അവൻ പഠിച്ച തൊഴിൽ തുടങ്ങുവാനുള്ള അവസരം ഉണ്ടാക്കി കൊടുക്കുക.

വനിതകൾക്ക് തൊഴിൽ അവസരം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി D W C R A യൂണിറ്റുകൾ സ്ഥാപിക്കുക.

ധനസഹായം ലഭിച്ച് തൊഴിൽ ചെയ്യുവാൻ ആഗ്രഹിക്കുന്നവരെ തെരെഞ്ഞെടുക്കുന്നതിനുള്ള ജനകീയ സമതികൾ.

മഹിളാ സമാജങ്ങൾ, അംഗനവാടികൾ കേന്ദ്രീകരിച്ച് പോഷകാഹാര പ്രതിരോധ ചികിത്സാ സംവിധാനങ്ങൾ.

### പ്രശ്നങ്ങൾ സാദ്ധ്യതകൾ

പഞ്ചായത്തിന്റെ തനതായ വരുമാനം കെട്ടിടനികുതിയും, തൊഴിൽ നികുതിയുമാണ്. പക്ഷേ ഈ വരുമാനങ്ങൾ വലിയ തോതിൽ വർദ്ധിക്കുന്നവയല്ല. എങ്കിലും തൊഴിൽ നികുതിയുടെ കാര്യത്തിൽ കുറെ കൂടി ശ്രദ്ധിച്ചാൽ വരുമാനം ചെറിയ തോതിലാണെങ്കിലും വർദ്ധിപ്പിക്കുവാൻ കഴിയും. 90 ദിവസമെങ്കിലും പഞ്ചായത്തിൽ താമസിച്ച് പണിയെടുക്കുന്നവരിൽ നിന്ന് നികുതി ഈടാക്കാവുന്നതാണ്.

എല്ലാ കച്ചവട സ്ഥാപനങ്ങളിൽ നിന്ന് കൃത്യമായും ലൈസൻസു ഫീസ് ഈടാക്കേണ്ടതും ഇത് കാലോചിതമായി പരിഷ്കരിക്കേണ്ടതുമാണ് നികുതി ചുമത്താവുന്ന മറ്റൊരു വസ്തുവാണ് കേബിൾ ടി. വി.

ഇറച്ചിക്കടകളുടെ ലൈസൻസു ഫീസ് ചുരുക്കി നിശ്ചയിക്കേണ്ടതും, സ്റ്റാളുകൾ ലേലം ചെയ്തു കൊടുക്കുകയും ചെയ്താൽ പ്രതിവർഷം ഒരു ലക്ഷം രൂപാ വീതം വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും.

തോനയ്ക്കാട് അച്ചൻകോവിൽ ആറ്റിൽ നിന്നുള്ള മണൽ വാരുന്നതിന് ഫലപ്രദമായ സംവിധാനം ഉണ്ടാക്കി കടവ് തെളിച്ചു സൗകര്യം വർദ്ധിപ്പിച്ച് മണൽ വാരുന്നതിനുള്ള അവകാശം ലേലം ചെയ്തു കൊടുത്താൽ ഇന്ന് ലഭിക്കുന്ന ലേല തുകയുടെ 25% കണ്ട് വർദ്ധിപ്പിക്കുവാൻ കഴിയും.

# വിഭവസമാഹരണം

ഏതൊരു പഞ്ചായത്തിന്റെയും പ്രവർത്തനങ്ങളെ വിലയിരുത്തുവാൻ സഹായിക്കുന്ന സുപ്രധാന മാനദണ്ഡങ്ങളിൽ ഒന്നാണ് പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ.

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നും അത് എങ്ങനെ ചെലവഴിക്കപ്പെടുന്നു എന്നു മനസ്സിലാക്കുന്നത് പ്രയോജനകരമാണ്. പുലിയൂർ ഗ്രാമപഞ്ചായത്ത് ഒരു ഫസ്റ്റ്ഗ്രേഡ് പഞ്ചായത്തിന് നമ്മുടെ പഞ്ചായത്തിന്റെ വരുമാന സ്രോതസ്സ് വളരെ പരിമിതമാണ്.

വസ്തു കൈമാറ്റ നികുതി സർക്കാർ വിവിധ ഗ്രാന്റുകൾ, അൺടൈയിഡ്, **JRY** ഫണ്ട് എന്നിവയും പഞ്ചായത്ത് വക കെട്ടിടനികുതി, തൊഴിൽ നികുതി, ലേല വരുമാനം, മേലാദായം, കമ്മ്യൂണിറ്റീഹാൾ വാടക, ഇറച്ചി സ്റ്റാളുകളിൽ നിന്നുള്ള വരുമാനങ്ങളും, ചെലവുമായി താരതമ്യം ചെയ്യുമ്പോൾ നിലവിലുള്ള വരുമാനത്തോത് വർദ്ധിപ്പിക്കുന്നതാണെന്ന് മനസ്സിലാകും.

### നടപ്പുസാമ്പത്തിക വർഷത്തെ വരവ് പട്ടിക

| ഇനങ്ങൾ | വരവ് | % |
|---|---|---|
| | 1995/ 96 | |
| കെട്ടിടനികുതി | 2,56,000/- | |
| സർവ്വീസ്ചാർജ്ജ് | 12800/- | |
| (ലൈബ്രറിസെസ്) | 55600/- | |
| തൊഴിൽനികുതി | 1,26,285/- | |
| വാഹനനികുതി | Nil | |
| വിനോദനികുതി | Nil | |
| അഡീഷണൽ വിനോദനികുതി | Nil | |
| പ്രദർശനനികുതി | Nil | |
| പ്രദർശനനികുതിചാർജ്ജ് | 1465/- | |
| വസ്തുകൈമാറ്റനികുതി 75% | 35221/- | |
| വസ്തുകൈമാറ്റനികുതി 25% | 11526.00 | |
| സർക്കാർഗ്രാന്റുകളും മറ്റും | Nil | |
| സംഭാവന | 13630 | |
| ഡെപ്പോസിറ്റ് | Nil | |
| മറ്റുള്ളവ | | |
| ആകെ | | |

## ധനകാര്യ സ്ഥാപനങ്ങൾ

പുലിയൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്

ഈ സ്ഥാപനത്തിൽ നിന്ന് വ്യക്തിഗതമായ വായ്പകളല്ലാതെ പ്രദേശത്തിന്റെ സാദ്ധ്യതയും, ആവശ്യവും, മനസ്സിലാക്കി പൊതു ആവശ്യങ്ങൾക്കായി നാളിതുവരെ വായ്പ എടുത്തിട്ടില്ല.

## S. B. T. പുലിയൂർ ശാഖ

പുലിയൂർ ഗ്രാമത്തിലെ ഏക ഷെഡ്യൂൾ ബാങ്ക് ആണ്. ചുരുക്കം ചില വായ്പകർ നല്കുന്നതല്ലാതെ **IRDP** അപേക്ഷകൾ പോലും നിരസിക്കപ്പെടുന്നു. നിക്ഷേപങ്ങൾക്കോ സേവന മേഖലയിലോ വായ്പകൾ ഇല്ലെന്നു തന്നെ പറയാം.

കാർഷിക വായ്പകൾ നല്കുന്നത് ഹ്രസ്വ കാലത്തേക്ക് ആകയാൽ ഋണ ഭയത്താൽ കർഷകർ അറച്ചു നില്ക്കുന്നു. മറ്റ് പൊതു മേഖലാ സ്ഥാപനങ്ങൾ സ്വർണ്ണപ്പണയത്തിൻമേൽ പോലും ഗ്രാമവാസികൾക്ക് ന്യായമായ പലിശയിൽ വായ്പാ സൗകര്യം ഉദാരമാക്കാത്തതിനാൽ പല ബ്ലേഡ് സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കീഴ്പ്പെടേണ്ടിവരുന്നു.

## കാർഷിക വികസന ബാങ്ക്

ഈ സ്ഥാപനത്തിന്റെ ബ്രാഞ്ച് ചെങ്ങന്നൂരിൽ പ്രവർത്തിക്കുന്നു. പുലിയൂർ പഞ്ചായത്തിലുള്ള പല ഗുണഭോക്താക്കൾക്കും കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക് പരിശോധിക്കുമ്പോൾ വായ്പ നല്കിയിട്ടുണ്ട് എന്ന് മനസ്സിലാകുന്നു. മാത്രവുമല്ല ഈ സ്ഥാപനത്തിൽ നിന്ന് വായ്പ ലഭ്യമാകുന്നതിന് ഭരണപരമായ പല രേഖകളും ആവശ്യപ്പെടുന്നതുകൊണ്ട് വ്യവസായ സംരംഭകർ അതിന് തയ്യാറാകുന്നില്ല.

ഈ സാഹചര്യത്തിൽ ഓരോ വാർഡുകളിൽനിന്നും ഉയർന്നു വന്നിട്ടുള്ള വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ഭീമമായ തുക സംസ്ഥാന ഗവൺമെന്റ് ത്രിതല പഞ്ചായത്തുകൾക്ക് കൈമാറുമ്പോൾ സഹായത്തിനായി വീണ്ടും സമീപിക്കുവാൻ സാദ്ധ്യമല്ല. ആയതുകൊണ്ട് ടി ധനകാര്യ സ്ഥാപനങ്ങൾ ഓരോ പ്രദേശത്തിന്റെയും വികസന സാദ്ധ്യതയും തൊഴിലവസരവും കൂടി കണക്കിലെടുത്തുകൊണ്ടുള്ള പദ്ധതികൾക്ക് വായ്പ നല്കുന്ന സമീപനം സ്വീകരിക്കണം.

## പ്രശ്നങ്ങൾ സാദ്ധ്യതകൾ

പഞ്ചായത്തിന്റെ തനതായ വരുമാനം കെട്ടിടനികുതിയും, തൊഴിൽ നികുതിയുമാണ്. പക്ഷേ ഈ വരുമാനങ്ങൾ വലിയ തോതിൽ വർദ്ധിക്കുന്നവയല്ല. എങ്കിലും തൊഴിൽ നികുതിയുടെ കാര്യത്തിൽ കുറെ കൂടി ശ്രദ്ധിച്ചാൽ വരുമാനം ചെറിയ തോതിലാണെങ്കിലും വർദ്ധിപ്പിക്കുവാൻ കഴിയും. 90 ദിവസമെങ്കിലും പഞ്ചായത്തിൽ താമസിച്ച് പണിയെടുക്കുന്നവരിൽ നിന്ന് നികുതി ഈടാക്കാവുന്നതാണ്.

എല്ലാ കച്ചവട സ്ഥാപനങ്ങളിൽ നിന്ന് കൃത്യമായും ലൈസൻസു ഫീസ് ഈടാക്കേണ്ടതും ഇത് കാലോചിതമായി പരിഷ്കരിക്കേണ്ടതുമാണ് നികുതി ചുമത്താവുന്ന മറ്റൊരു വസ്തുവാണ് കേബിൾ ടി. വി.

ഇറച്ചിക്കടകളുടെ ലൈസൻസു ഫീസ് ചുരുക്കി നിശ്ചയിക്കേണ്ടതും, സ്റ്റാളുകൾ ലേലം ചെയ്തു കൊടുക്കുകയും ചെയ്താൽ പ്രതിവർഷം ഒരു ലക്ഷം രൂപാ വീതം വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും.

തോനയ്ക്കാട് അച്ചൻകോവിൽ ആറ്റിൽ നിന്നുള്ള മണൽ വാരുന്നതിന് ഫലപ്രദമായ സംവിധാനം ഉണ്ടാക്കി കടവ് തെളിച്ചു സൗകര്യം വർദ്ധിപ്പിച്ച് മണൽ വാരുന്നതിനുള്ള അവകാശം ലേലം ചെയ്തു കൊടുത്താൽ ഇന്ന് ലഭിക്കുന്ന ലേല തുകയുടെ 25% കണ്ട് വർദ്ധിപ്പിക്കുവാൻ കഴിയും.

പരസ്യനികുതി ഫലപ്രദമായി ലഭിക്കുന്നതിലേക്ക് പഞ്ചായത്ത് പ്രദേശത്ത്പരസ്യത്തിന് ടെണ്ടർ ക്ഷണിച്ച് വരുമാനം കൂടുതൽ കണ്ടെത്തുവാൻ കഴിയും.

കമ്മ്യൂണിറ്റിഹാളിന്റെ സൗകര്യം വർദ്ധിപ്പിച്ച് വിവാഹത്തിനും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കാം.

### കാർഷികവായ്പയുടെ വിവരങ്ങൾ

| വർഷം | എത്രപേർക്ക് | ഏതിനംവായ്പ | നൽകിയതുക |
|---|---|---|---|
| | 1 | 2 | 3 |
| 1993 | 3 പേർക്ക് | വീടുവെയ്ക്കുന്ന വായ്പ | 1,11,000/- |
| 1994 | 4 പേർക്ക് | വീടുവെയ്ക്കുന്ന വായ്പ | 2,20,000/- |
| 1995 | ഒരാളിന് | വീടുപുതിക്കിപണിക്ക് | 30,000/- |
| 1995 | 11പേർക്ക് | വീടുവെയ്ക്കുന്ന | 10,45,000/- |
| 1996 | 4പേർക്ക് | വീടുവെയ്ക്കുന്നതിന് | 4,85,000/- |

പരസ്യനികുതി ഫലപ്രദമായി ലഭിക്കുന്നതിലേക്ക് പഞ്ചായത്ത് പ്രദേശത്ത് പരസ്യത്തിന് ടെണ്ടർ ക്ഷണിച്ച് വരുമാനം കൂടുതൽ കണ്ടെത്തുവാൻ കഴിയും.

കമ്മ്യൂണിറ്റിഹാളിന്റെ സൗകര്യം വർദ്ധിപ്പിച്ച് വിവാഹത്തിനും മറ്റ് ആവശ്യങ്ങൾക്കും വാടകയ്ക്ക് നൽകുമ്പോൾ ഇന്നുള്ളതിൽ നിന്നും വാടക വർദ്ധിപ്പിച്ച് വരുമാനം കണ്ടെത്തണം.

വളരെ വരുമാനസാദ്ധ്യതയുള്ളതും 10 വർഷങ്ങൾക്ക് മുൻപ് വരെ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുമായിരുന്ന നൂറ്റവൻ പാറ (പുറംമ്പോക്കു സ്ഥലം) ഏറ്റെടുത്ത് പാറപൊട്ടിച്ച് ഏടുക്കുന്നതിന് നികുതിയും, ലൈസൻസും ഏർപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിലെ കെട്ടിടനികുതിലുള്ള അശാസ്ത്രീയത ഒഴുവാക്കി അതിലൂടെ ഇന്നുള്ളതിന്റെ 5% അധികവരുമാനമുണ്ടാക്കുവാൻ കഴിയും.

പഞ്ചായത്ത് അതിർത്തിയിൽ നടക്കുന്ന സ്ഥലം വില്പനയിൽ സ്റ്റാമ്പു ഡ്യൂട്ടി വെട്ടിപ്പ് നടത്താതിരിക്കാനുള്ള നടപടി സ്വീകരിക്കുക.

പഞ്ചായത്ത് ഓഫീസിന് മുൻഭാഗത്തുള്ള സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ പണി കഴിപ്പിച്ചാൽ വിവിധ പ്രദേശങ്ങളിലായി പ്രവർത്തിക്കുന്ന ഗവൺമെന്റിന്റെ ഓഫീസുകൾ ഇവിടേക്ക് മാറ്റി സ്ഥാപിച്ചാൽ വാടക ഇനത്തിൽ അധിക വരുമാനം ഉണ്ടാക്കുവാൻ കഴിയും. കെട്ടിടം പണി കഴിപ്പിക്കുന്നതിലേക്ക് R. D. B. യിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനത്തിൽ നിന്നോ? വായ്പ സ്വീകരിക്കാവുന്നതാണ് വാടക ഇനത്തിൽ ലഭിക്കുന്നതു കൊണ്ട് വായ്പ തുക മടക്കി ക്കൊടുക്കുവാൻ കഴിയും.

പദ്ധതി കാലത്ത് വിവിധ ആവശ്യങ്ങൾക്കും സ്ഥാപനങ്ങൾക്കുമായി സൗജന്യമായി ലഭിക്കുന്ന ഭൂമി പദ്ധതിയുടെ വിഭവ സമാഹരണമാകുന്നു.

പഞ്ചായത്തിന്റെ കീഴിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളിൽ കരാറുകാരെ ഒഴിവാക്കുകയും സന്നദ്ധസംഘടനകളെ ഉൾപ്പെടുത്തി ഒരു സമിതിക്ക് നല്ക്കുകയും വേണം. ഇങ്ങനെ ചെയ്താൽ ദുർവ്യയം ഒഴിവാക്കുവാൻ കഴിയും.

അത്യാഡംബര പൂർണ്ണമായ വീടുകളുടെ നികുതി നിശ്ചയിക്കുമ്പോ ആഡംബര നികുതി എന്ന പേരിൽ അധിക നികുതി ഈടാക്കാവുന്നതാണ്.

കളിസ്ഥലത്തിന് സൗകര്യപ്രദമായ മന്ന് സ്ഥലം കണ്ടെത്തി വിലയ്ക്ക് വാങ്ങി കളിസ്ഥലമാക്കുകയും ഇപ്പോഴുള്ള സ്ഥലം പൊതു മാർക്കറ്റിന് ഉപയോഗിക്കാവുന്നതുമാണ്. മാർക്കറ്റ് നിർമ്മിക്കുന്നതോടെ പഞ്ചായത്തിന്റെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുവാൻ കഴിയും.

വസ്തു കൈമാറ്റ നികുതിയുടെ 25% സർക്കാർ സമയ കൃത്യത പാലിക്കാതെയാണ് നല്കുന്നത്. ഇത് ഒഴിവാക്കണം, കൃത്യമായും ഓരോ ക്വാർട്ടറിലും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പഞ്ചായത്ത് ഫണ്ടിന്റെ സിംഹഭാഗവും, പൊതുമരാമത്ത് പണികൾക്കു വേണ്ടിയാണ് ചെലവഴിക്കുന്നത്. വഴി വിളക്കിനായിട്ടുള്ള വൈദ്യുതി ചാർജ്ജും കുടിവെള്ളത്തിന് വരും വർഷങ്ങളിലും വർദ്ധിക്കാനാണ് സാദ്ധ്യത.

## മനുഷ്യ വിഭ്രവങ്ങൾ

വികസന പദ്ധതികൾക്ക് ആവശ്യമായ മാനവശേഷി പ്രാദേശികമായി സമാഹരിക്കാം ആയതിലേക്ക് ഗ്രാമവികസവ സമിതകളുടെ നേതൃത്വത്തിൽ സന്നദ്ധസംഘങ്ങളെ രൂപീകരിക്കേണ്ടിയിരിക്കുന്നു. സാങ്കേതിക വിദഗ്ധരിൽ നിന്നും സന്നദ്ധ സേവനം അഭ്യർത്ഥിക്കണം. ഇതിലേക്കുള്ള ഒരു ബോധവല്ക്കരണം ആവശ്യമാണ്.

## സംഭാവന

വിവിധ പദ്ധതികളുടെ സ്വഭാവമനുസരിച്ച് പ്രദേശപരമായി ലഭിക്കാവുന്ന വിഭവങ്ങൾ സാധനങ്ങളായോ? പണമായോ? ശ്രമദാനമായോ? സ്വരൂപിക്കുവാൻ കഴിയണം.

എല്ലാ' വാർഡുകളിലും പ്രവർത്തന ക്ഷമമായ സന്നദ്ധ സംഘടനയ്ക്ക് രൂപം നല്കണം ആവ

ശ്യമെന്നു കണ്ടാൽ മറ്റ് പ്രദേശങ്ങളിലേക്കും സഹായം വ്യാപിപ്പിക്കുവാൻ കഴിയണം.

നമ്മുടെ ഗ്രാമത്തിൽ സ്വകാര്യ മേഖലകളിലും പൊതു മേഖലയിലും ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് വിദേശ മലയാളികൾക്ക് ഓഹരി നല്കി കൊണ്ട് പണം മുടക്കുവാൻ അവസരം നല്കേണ്ടതാണ്.

വിവിധ പദ്ധതികളുടെ നടത്തിപ്പിലേക്ക് വ്യക്തികൾക്കും സംഘടനകളും സ്പോൺസർ ചെയ്യാവുന്നതാണ്.

ഓരോ വാർഡിലും നടക്കുന്ന പദ്ധതിക്ക് ധനപരമായ മുന്നോക്കം നല്കുന്ന വ്യക്തികളിൽ നിന്നോ? ഗ്രൂപ്പ് ആയോ? സംഭാവനകൾ സ്വരൂപിക്കേണ്ടതാണ്.

പുലിയൂർ പഞ്ചായത്തിലെ വിവിധ മാർസുകളുടെ സർവ്വീസ് ഏര്യാകളിൽ വരുന്ന നാഷണലൈസ് ബാങ്കുകളിൽ നിന്ന് ഉദാര വ്യവസ്ഥയിൽ വികസന പദ്ധതികൾക്ക് (വ്യക്തികൾക്ക്, ഗ്രൂപ്പ് ആയും) ആവശ്യം വേണ്ട വായ്പ ലഭിക്കുന്നതിന് സൗകര്യം ഉണ്ടാക്കി കൊടുക്കണം.

## പൊതു നിർദ്ദേശം

പഞ്ചായത്തിന്റെ ധന**ശേഷി വർദ്ധി**പ്പിക്കുന്നതിലേക്ക് ആക്റ്റിൽ നിർദ്ദേശി**ച്ചിരിക്കുന്ന, സ്വ**കാര്യ ആശുപത്രികൾ, മദ്യഷാപ്പുകൾ, **ട്യൂട്ടോറിയൽ** സ്ഥാപനങ്ങൾ മുതലായവയിൽ നിന്ന് **കൃത്യമായും,** ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണ്.



## ജില്ലാ റിസോഴ്സ് പേഴ്സൺ



ഫിലിപ്പ് ജോൺ
കൺവീനർ



ഡി. നാഗേഷ് കുമാർ



കെ. രാജപ്പൻ നായർ



തുളസീധരകുറുപ്പ്



അനിൽകുമാർ. വി.വി



സാം പരിയാരത്ത്



സി.പി. മനോഹരൻ



L. R. P കൺവീനേഴ്സ്

1. സി. വി. ദാമോദരൻ
2. കെ. കെ. ഗംഗാധരൻ
3. പ്രഭാകരൻനായർ
4. എൻ. എൻ. നമ്പൂതിരി
5. കുഞ്ഞുകൃഷ്ണപിള്ള
6. പി. വി. കൃഷ്ണൻകുട്ടി
7. ചന്ദ്രൻപിള്ള
8. തുളസീധരൻപിള്ള
9. വി. റ്റി. പൊടിയൻ

"എന്റെ ഭാവനയിലുള്ള ഗ്രാമത്തിൽ ഒന്നാമനും രണ്ടാമനും ഇല്ല. അവസാനക്കാരനുമില്ല. എല്ലാവരും സമന്മാർ. "

ഗാന്ധിജി

## നന്ദിയോടെ,

## ആദരവോടെ.....

വികസനത്തിന്റെ പൊൻ പുലരികളിൽ ഭൂതത്തിന്റെ ശിരോലിഖിതം മാറ്റിയെഴുതുന്ന ശിലാലിഖിതം പോലെ നിഷ്കളങ്ക ഗ്രാമ ഹൃദയങ്ങളിൽ നിന്ന് ആവശ്യങ്ങളും അഭിപ്രായങ്ങളും അടങ്ങിയ ഈ രേഖ സാക്ഷാത്കാരത്തിന്റെ സാഫല്യത്തിനായ് പൂർണ്ണതയ്ക്കായ് സമർപ്പിക്കുകയാണ്.

നാളെകളെ ഭാസുരമാക്കാൻ
സ്വപ്നങ്ങളെ സാക്ഷാത്കരിക്കാൻ നമ്മൾ.......
ഇതുവരെയുള്ള വ്യാജസങ്കൽപ്പങ്ങളെ മാറ്റി
നഷ്ടങ്ങളെയും ലാഭങ്ങളെയും കൂട്ടിക്കിഴിച്ച്
ഓരോന്നിന്റെയും കാലമായ ഭൂതഭാവി വർത്തമാനത്തിലൂടെ
ചരിത്രവും പരിണാമവുംദർശിച്ച്
നാളത്തെ നമ്മുടെ പുലിയൂരിന്റെ വികസനസ്വപ്നം
ഇവിടെ കുറിച്ചുവരികയാണ്.
ഇത് നമ്മുടെ പൂർണ്ണവികസന ചരിത്രമാണെന്ന്
ഞങ്ങൾ അവകാശപ്പെടുന്നില്ല.
അപൂർണ്ണതയുണ്ടെന്ന് കുറ്റസമ്മതവുമില്ല.
പക്ഷേ ഇന്നിന്റെ ചരിത്രം തേടിയെത്തുന്നവർക്ക്
ഇതൊരുതാങ്ങായിരിക്കും.
അനുപമമായൊരു കലാസൃഷ്ടിയോ ഭാവഗീതമായൊരു കാവ്യമോ
പോലെയല്ലാത്ത സ്വപ്നങ്ങളുടെയും പ്രതീക്ഷകളുടെയും ആശകളുടെയും
ഒരു ഉദയം മാത്രമാണിത്.
ഇതിന്റെ ആദ്യന്തം വാക്കിലും നോക്കിലും ആധികാരിതയും
ആത്മാർത്ഥയും പുലർത്താൻ പരമാവധി ശ്രമം നടന്നിട്ടുണ്ട്.
ഇതിന്റെ സാക്ഷാത്കാരത്തിനായി അഹോരാത്രം പണിപ്പെട്ടവർക്ക്
നാടിന്റെ ഗതകാലങ്ങൾ വെളിപ്പെടുത്തിയ മഹാവ്യക്തികൾക്ക്
ആവേശത്തോടെ പങ്കെടുത്ത നിഷ്കളങ്കരായ ഗ്രാമീണർക്ക്
ഓരോപദത്തിലും സർവ്വാത്മനാ പരിശോധനനടത്തിയ
പുലിയൂർ ഗ്രാമ പഞ്ചായത്ത് ജനകീയാസൂത്രണ സമിതി അംഗങ്ങൾക്ക്
സമയപരിധിക്കുള്ളിൽ ഡി. റ്റി. പി. എടുത്ത കമ്പ്യൂട്ടർ ട്യൂട്ടെ (മാന്നാർ),
കടലാസുകളിലേക്ക് വളരെ വേഗം ഈ വികസന പരിവേഷ്യം
പകർത്തിയ ലീലാ ഓഫ്സെറ്റ് പ്രസിലെ ജീവനക്കാർക്കും.

നന്ദി പറയുന്നവരുടെ പട്ടിക നീളുകയാണ്.
വിശ്രമരഹിതമായ അദ്ധ്വാനത്തിന്റെ രാപ്പകലുകൾക്കുശേഷം

കടന്നെത്തിയ സംതൃപ്തിയുടെ തിരുമുറ്റത്തുനിന്ന്
ആത്മാർത്ഥതയോടെ പറയട്ടെ.

നന്ദി .... ഒരായിരം നന്ദി ........

ഭാവിയുടെ വാഗ്ദാനങ്ങൾക്കായി നാളിതുവരെ പരീക്ഷിക്കപ്പെട്ടിട്ടുപോലുമില്ലാത്ത പുലിയൂരിന്റെ വികസന സ്വപ്നത്തിന്റെ സാഫല്യത്തിനായി വിജയപൂർത്തീകരണത്തിനായി ഇതൊരു ചൂണ്ടുപലകയായി തീരട്ടെ എന്നുമാത്രം നിങ്ങളുടെ അനുവാദത്തോടെ കുറിച്ചുകൊണ്ട്

സ്നേഹാദരങ്ങളോടെ,
വിനയപൂർവ്വം

**ഗണേഷ് പുലിയൂർ**
ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, പുലിയൂർ
ചീഫ് എഡിറ്റർ





# ഒമ്പതാം പദ്ധിതി ജനകീയ പദ്ധതി

## ബഹുജന സഹകരണം അനുവാര്യം

ലീല ഓഫ്സെറ്റ്, ചെങ്ങന്നൂർ, ഫോൺ : 0479 - 454376

Printed and Published by Shri. Ganesh Puliyoor, chief editor(President, Puliyoor Grama Panchyath) on behalf of Puliyoor Panchyath Janakeeyasoothrana Samithi